സ്നേഹ
# സംവാദം
മാസിക
പുസ്തകം എട്ട് / ലക്കം എട്ട് / 2012 ഫെബ്രുവരി / 1433 റബിഉൽ അവ്വൽ

വായനക്കാരുടെ സംവാദം 4

തിരുമൊഴി
– അബൂ അദീബ് 6

പത്രാധിപർക്ക് പറയാനുള്ളത് 7

ആന്റിസെമിറ്റിസം ചരിത്രത്തിൽ
– വി.എ.എം അശ്റഫ് 39

വിശുദ്ധ പാത
– അബൂഅമീൻ 48

## ഹിജ്റയുടെ ശാന്തിപാഠങ്ങൾ

■ എം.എം അക്ബർ ■



10
ഹിജ്റ
കാരണവും ദർശനവും



14
അബ്സീനിയ
ആദ്യ ഹിജ്റയുടെ പാഠങ്ങൾ



22
മദീനാ ഹിജ്റ
പാഠങ്ങളും പാഠഭേദങ്ങളും



Internet Edition: www.snehasamvadam.com
Email: editor@snehasamvadam.com
For Online Booking: www.islamicbookshelf.com

Printed Published and owned by M.Mohammed Akbar. Printed at Screen Offset printers, Cochin-18. Published at Cochin-18. Editor M.Mohammed Akbar, Niche of Truth, PB No:1981, Vyttila, Cochin-19, Tel: 0484 2301275, Fax: 0484 2301175

# വായനക്കാരുടെ സംവാദം



## മുഹമ്മദ് നബി ﷺ യുദ്ധനൈതികതയുടെ പതാകവാഹകൻ

ലോകത്ത് ഇന്നോളം നടന്ന യുദ്ധങ്ങളുടെ ചരിത്രം പഠനവിധേയമാക്കുമ്പോൾ മനുഷ്യത്വത്തിന്റെ നേർക്കുള്ള ഹീനമായ കടന്നാക്രമണങ്ങളുടെ വിവരങ്ങളാണ് നമുക്ക് ലഭ്യമാകുന്നത്. പൗരാണിക ഭാരത ചരിത്രത്തിലെ യുദ്ധങ്ങളിലും മഹത്തായ വിപ്ലവം എന്ന് വിഷേപിക്കപ്പെട്ട റഷ്യൻ വിപ്ലവത്തിലും ഫ്രഞ്ച് വിപ്ലവത്തിലും ക്രൈസ്തവ സഭയുടെ സർവ ഒത്താശകളോടും കൂടി നടന്ന കുരിശുയുദ്ധങ്ങളിലും മാത്രമല്ല വർത്തമാനകാലത്ത് അമേരിക്ക നേതൃത്വം വഹിക്കുന്ന സാമ്രാജ്യത്വ വിപുലീകരണ യുദ്ധങ്ങളിലുമെല്ലാം എണ്ണമറ്റ മനുഷ്യജീവനുകളാണ് പിടഞ്ഞു വീണത്. എന്നാൽ മുഹമ്മദ് നബി ﷺ നയിച്ച യുദ്ധങ്ങളും അദ്ദേഹത്തിന് ശേഷം മുസ്‌ലിം ഭരണാധികാരികൾ നടത്തിയ യുദ്ധങ്ങളും യുദ്ധചരിത്രത്തിലെ വേറിട്ട അധ്യായങ്ങളാണ്. ആദർശ പ്രബോധനത്തിന് തടസ്സങ്ങൾ സൃഷ്ടിച്ച സത്യത്തിന്റെ എതിരാളികൾക്ക് മുന്നിൽ സഹനസമരത്തിലൂന്നിയ പ്രബോധന പ്രവർത്തനങ്ങളുമായി മുന്നേറിയ മുഹമ്മദ് നബിﷺക്കും അനുയായികൾക്കും ജൻമനാട്ടിൽ ജീവിതം അസാധ്യമായ നിലയിലേക്ക് ശത്രുക്കൾ ആക്രമണങ്ങൾ അഴിച്ച് വിടുകയായിരുന്നു. പീഡനങ്ങളും ഉപരോധങ്ങളും വധശ്രമങ്ങളും നടത്തി തങ്ങളെ ഉൻമൂലനം ചെയ്യാൻ ശ്രമിച്ചവരിൽ നിന്നും രക്ഷപ്പെട്ട് പ്രവാചകനും വിശ്വാസികളും മദീനയിലേക്ക് യാത്രയായി. മുഹമ്മദ് നബിﷺ ശത്രുക്കൾ നടത്തിയ ഗൂഢപദ്ധതികളെ തുടർന്നാണ് പ്രവാചകന്റെ നേതൃത്വത്തിൽ ഒരു യുദ്ധത്തിന് സാഹചര്യമൊരുങ്ങിയത്.

ഇസ്‌ലാമികാദർശത്തിന്റെ സംരക്ഷണത്തിനും മുസ്‌ലിംസമൂഹത്തിന്റെ സുരക്ഷിതത്വത്തിനും വേണ്ടി യുദ്ധത്തിന് അനുവാദം നൽകപ്പെട്ടപ്പോഴും യുദ്ധരംഗത്ത് പുലർത്തേണ്ട കൃത്യമായ നിയമനിർദേശങ്ങളും വിധിവിലക്കുകയും ആവിഷ്കരിച്ച് രണാങ്കണത്തിൽ പോലും വിട്ടുവീഴ്ചയുടേയും കാരുണ്യത്തിന്റേയും ഗാഥകൾ രചിക്കുകയായിരുന്നു ഇസ്‌ലാം. “നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി നിങ്ങൾ യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ പരിധിവിട്ട് പ്രവർത്തിക്കരുത്. പരിധിലംഘിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.” (ക്വുർആൻ 2:190) എന്ന കൽപനയിലൂടെ യുദ്ധസന്ദർഭത്തിൽ പോലും യാതൊരു തരത്തിലുമുള്ള അനീതിയുടെയും അതിർലംഘനത്തിന്റേയും സാധ്യതകളെ ക്വുർആൻ നിരാകരിക്കുന്നു. ക്വുർആനിന്റെ ഈ നിർദേശത്തെ മുഹമ്മദ് നബിﷺ നയിച്ച യുദ്ധങ്ങളിൽ കർശനമായി പാലിക്കുന്നതായും ഉന്നതമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതായും കാണാൻ സാധിക്കും.

യുദ്ധത്തിൽ സ്ത്രീകളേയും കുട്ടികളേയും വൃദ്ധൻമാരേയും പ്രാർഥനാലയങ്ങളിൽ ആരാധന നടത്തുന്നവരേയും വധിക്കരുതെന്നും മരങ്ങൾ വെട്ടിനശിപ്പിക്കരുതെന്നും എല്ലാമുള്ള വ്യവസ്ഥകൾ നടപ്പിലാക്കിയ മുഹമ്മദ് നബിﷺ യുദ്ധരംഗത്തെ നൈതികതയുടെ പതാകവാഹകനാണ്. പ്രവാചകൻ നേതൃത്വം നൽകിയ യുദ്ധങ്ങളിൽ ഇരുപക്ഷങ്ങളിൽ നിന്നുമായി കൊല്ലപ്പെട്ടത് 1018 പേർ മാത്രമാണ്. രണ്ട് ലോകമഹായുദ്ധങ്ങളടക്കം ലോകത്ത് നടന്ന രക്തരൂഷിത വിപ്ലവങ്ങളിൽ വധിക്കപ്പെട്ട മനുഷ്യജീവനുകളുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ 1018 എന്ന സംഖ്യ വളരെ പരിമിതമാണ്. ‘മഹത്തായ’ റഷ്യൻ വിപ്ലവത്തിൽ വധിക്കപ്പെട്ടത് ഒരു കോടിയിലധികം പേരായിരുന്നുവെങ്കിൽ ഫ്രഞ്ച് വിപ്ലവത്തിൽ 66 ലക്ഷം പേരാണ് കൊല്ലപ്പെട്ടത്. കുരിശുയുദ്ധങ്ങളിൽ വധിക്കപ്പെട്ട ലക്ഷക്കണക്കിന് മനുഷ്യജീവനുകളുടെ എണ്ണം കൃത്യമായി കണക്കാക്കപ്പെട്ടിട്ടു പോലുമില്ല. ഇരു ലോക മഹായുദ്ധങ്ങളിൽ നിന്നുമായി വധിക്കപ്പെട്ടത് 13 കോടിയോളം ജനങ്ങളാണ്.

സ്വാർഥലക്ഷ്യങ്ങൾക്കും ദുർമോഹങ്ങളുടെ സാക്ഷാൽകാരത്തിനുമായി നടന്ന യുദ്ധങ്ങളിലെ കൊലപാതങ്ങളുടെ പൈശാചിക രൂപമാണ് ഇതെങ്കിൽ മുഹമ്മദ് നബിﷺ നയിച്ച യുദ്ധങ്ങൾ ആദർശത്തിന്റെ സംരക്ഷണത്തിനും പ്രബോധന സ്വാതന്ത്ര്യത്തിനും വേണ്ടി ഉള്ളതായിരുന്നു. യഥാർത്ഥത്തിൽ ലോകചരിത്രത്തിന് പരിചിതമല്ലാത്ത വ്യത്യസ്തവും മഹത്തരവുമായ ഒരു യുദ്ധനയമാണ് മുഹമ്മദ് നബിﷺ സ്വീകരിച്ചത്.

**– അബ്ദുൽ റഊഫ്,**
**ഈരാറ്റുപേട്ട**

## മുസ്‌ലിം പ്രസിദ്ധീകരണങ്ങൾ എന്താണിങ്ങനെ?

2012 ജനുവരി 21ന്റെ പ്രബോധനം വാരികയിൽ വന്ന ഒരു ചോദ്യോത്തരമാണ് ഈ കുറിപ്പിനാധാരം. തൃശൂർ ജില്ലയിലെ ചാവക്കാട് സ്നേഹസംവാദം മാസിക നബിവിമർശനങ്ങൾക്ക് മറുപടി പറയാൻ വേണ്ടി സംഘടിപ്പിച്ച പാനൽ ഡിബേറ്റിൽ ഇസ്‌ലാമിസ്റ്റ് എന്ന പദപ്രയോഗത്തെ സംബന്ധിച്ചു നടന്ന ചർച്ചയെ വിമർശിച്ചു കൊണ്ടാണ് പ്രബോധനം ചോദ്യവും ഉത്തരവും പ്രസിദ്ധീകരിച്ചിരിക്കുന്നത്. സ്നേഹസംവാദം മാസികയുടെ പ്രവർത്തകർ തെറ്റുപറയാത്തവരും വിമർശനാതീതരുമാണെന്ന് ഈ കുറിപ്പുകാരന് അഭിപ്രായമില്ല. നിലപാടുകളിൽ അബദ്ധങ്ങൾ സംഭവിക്കുക മനുഷ്യസഹജമാണ്. ആ അബദ്ധങ്ങൾ ചൂണ്ടിക്കാട്ടുവാനുള്ള അവകാശം തീർച്ചയായും പ്രബോധനമടക്കമുള്ള എല്ലാ മുസ്‌ലിം മാസികകൾക്കുമുണ്ട്. എന്നാൽ ഒരാൾ പറയാത്ത കാര്യങ്ങൾ അയാൾക്കുമേൽ ആരോപിച്ചു കൊണ്ട് അയാളെ 'അബദ്ധക്കാരനായി' ചിത്രീകരിച്ചുകൊണ്ട് ബുദ്ധിജീവി ചമയുന്നത് ഇസ്‌ലാമിക പ്രതിബദ്ധതയുള്ള ആർക്കും ഭൂഷണമല്ല. ചാവക്കാട് നടന്ന സ്നേഹസംവാദം പാനൽ ഡിബേറ്റിന് ആദ്യാവസാനം സാക്ഷിയായ ഒരാളാണ് ഞാൻ. അവിടെ 'ഇസ്‌ലാമിസ്റ്റു' പ്രശ്നത്തിൽ നൽകപ്പെട്ടിട്ടുള്ള വിശദീകരണം വളച്ചൊടിക്കുകയാണ് പ്രബോധനത്തിലെ ചോദ്യകർത്താവ് ചെയ്തിരിക്കുന്നത്. ഉത്തരകർത്താവാവട്ടെ ചോദ്യകർത്താവിനെ വിശ്വസിച്ച് സ്നേഹസംവാദം പ്രവർത്തകരെ കടന്നാക്രമിക്കുകയും ചെയ്തിരിക്കുന്നു.

ഇസ്‌ലാം അനുസരിച്ച് ജീവിക്കുന്ന വ്യക്തിക്ക് മുസ്‌ലിം എന്നാണ് പറയുക എന്നും 'ഇസ്‌ലാമിസ്റ്റ്' എന്ന പ്രയോഗം ഇസ്‌ലാം ഒരു ഇസമാണെന്ന അബദ്ധധാരണയെ ഉൽപാദിപ്പിക്കുന്നുവെന്നുമാണ് ഇതു സംബന്ധിച്ച് ചാവക്കാട് പ്രോഗ്രാമിൽ പ്രസ്താവിച്ചത്. ഇസ്‌ലാം എന്തുകൊണ്ടാണ് ഒരു ഇസമല്ലാത്തത് എന്ന് അവിടെ കൃത്യമായി വിശദീകരിക്കുകയും ചെയ്തിരുന്നു. ഇസങ്ങൾ അഥവാ പ്രത്യയശാസ്ത്രങ്ങൾ ജനനത്തിനും മരണത്തിനുമിടക്കുള്ള കാര്യങ്ങൾ മാത്രം ചർച്ച ചെയ്യുന്നതും വ്യവസ്ഥിതി കേന്ദ്രീകൃതവുമായ കേവല ഭൗതിക ജീവിതപദ്ധതികളാണെന്നും ഇസ്‌ലാം മനസ്ഥിതി മാറ്റത്തിൽ മൗലികമായി ഊന്നുകയും മരണാനന്തരജീവിതത്തെ മുഖ്യപ്രമേയമായി സ്വീകരിക്കുകയും ചെയ്ത ഒരു ധാർമിക പദ്ധതി / മൂല്യക്രമമാണെന്നും പ്രഭാഷകൻ വിശദീകരിച്ചു. പ്രത്യയശാസ്ത്രങ്ങൾ ഇഹലോകത്തെ മാത്രം പ്രതിനിധീകരിക്കുമ്പോൾ ഇസ്‌ലാം പരലോകത്തെയും ഇഹലോകത്തെയും ചർച്ചക്കെടുക്കുന്നുവെന്നതും അതിനാൽ തന്നെ ഇസ്‌ലാമിനെ പ്രത്യയശാസ്ത്രവൽകരിക്കുന്നവർ ഇസ്‌ലാമികാദർശത്തെ സമഗ്രമോ വിപുലമോ ആക്കുകയല്ല പ്രത്യുത പരിമിതപ്പെടുത്തുകയും സങ്കുചിതമാക്കുകയുമാണ് ചെയ്യുന്നതെന്നും അനുബന്ധമായി അദ്ദേഹം കൂട്ടിച്ചേർത്തു. 'ഇസ്‌ലാം പ്രത്യയശാസ്ത്രമല്ല' എന്ന കേവല പ്രസ്താവനയല്ല, യുക്തിസഹമായ സമർഥനമാണ് അവിടെ നടന്നതെന്നർഥം.സ്നേഹസംവാദം പ്രവർത്തകർക്ക് മറുപടി പറയാൻ ശ്രമിച്ച പ്രബോധനം വാരിക ഈ പ്രശ്നങ്ങൾക്കൊന്നും തൃപ്തികരമായ ഒരു മറുപടിയും നൽകിയിട്ടില്ല. മാത്രമല്ല, ഇസ്‌ലാം പരമോക്ഷത്തിനു മാത്രമുള്ളതാണെന്നും ഭൗതികപ്രശ്നങ്ങൾക്ക് അത് യാതൊരു പരിഹാരവും നൽകുന്നില്ലെന്നും സങ്കൽപ്പിക്കുന്നതാണ് സ്നേഹസംവാദത്തിന്റെ ആളുകൾ എന്ന് പരിഹാസം കലർത്തി ധ്വനിപ്പിക്കാനാണ് വാരിക സന്നദ്ധമായത്. ചാവക്കാട് പ്രോഗ്രാമിൽ പങ്കെടുത്ത ഒരു വ്യക്തി എന്ന നിലക്ക് എനിക്ക് പറയാൻ കഴിയും അത്തരമൊരു പ്രസ്താവന പ്രത്യക്ഷമായോ പരോക്ഷമായോ ആരും അവിടെ നടത്തിയിട്ടില്ലെന്ന്. ഒരു കൂട്ടർക്കില്ലാത്ത വാദങ്ങൾ അവരുടെ മേൽ അടിച്ചേൽപ്പിക്കാൻ പ്രബോധനം ശ്രമിക്കുന്നതെന്തിനാണ്?

ദീൻ എന്ന ക്വുർആനിക പ്രയോഗത്തിനെ 'മതം' എന്നു പരിഭാഷപ്പെടുത്തിയതിനെയും വാരിക വിമർശിച്ചിട്ടുണ്ട്. 'മതം' എന്ന വാക്കിന് ഭാഷയിലുള്ള അടിസ്ഥാന അർഥമെന്തായാലും ഇന്നത്തെ നമ്മുടെ വ്യവഹാരഭാഷയിൽ 'മതം' തന്നെയാണ് ദീനിനെ പ്രതിനിധീകരിക്കാൻ കഴിവുള്ള ഏറ്റവും അനുയോജ്യമായ പദം എന്നാണ് പാനൽ ഡിബേറ്റിൽ പറഞ്ഞിരുന്നത്. 'മതം' എന്ന വാക്ക് ജീവിതത്തെ അതിന്റെ സമഗ്രതയിൽ അഭിവീക്ഷിക്കുന്നില്ല എന്നും പ്രത്യയശാസ്ത്രം എന്ന വാക്കിനാണ് 'സമഗ്രത'യുള്ളത് എന്നുമുള്ള 'ഇസ്‌ലാമിസ്റ്റ്' ധാരണകളുടെ അടിസ്ഥാനരാഹിത്യത്തെയും അവിടെ തുറന്നുകാട്ടിയിരുന്നു. അതല്ലാതെ വാരിക ആരോപിക്കുന്നതുപോലെ ദീൻ ചില വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും മാത്രമാണെന്ന് ആരും അവിടെ പറഞ്ഞിട്ടില്ല. ഇതു സംബന്ധമായി അവിടെ നൽകപ്പെട്ട വിശദീകരണങ്ങളെ അഭിമുഖീകരിക്കുന്നതിനു പകരം. വ്യാഖ്യാസ്ഥൂതയുടെ സൗകര്യത്തിൽ അഭയം തേടുകയാണ് വാരിക ചെയ്തത്. ഇസ്‌ലാമിക പ്രബോധനത്തിനുവേണ്ടി പരിശ്രമിക്കുന്ന വ്യക്തികളെയും കൂട്ടായ്മകളെയും പ്രോൽസാഹിപ്പിക്കുകയും വഴിനടത്തുകയും ചെയ്യേണ്ടതിനു പകരം സങ്കുചിതമായ സംഘടനാപക്ഷപാതിത്വങ്ങളുടെ അടിസ്ഥാനത്തിൽ അവക്കെതിരെ വ്യാജാരോപണങ്ങൾ തൊടുത്തുവിട്ട് കൃതാർഥരാവുന്ന തലത്തിലേക്ക് മുസ്‌ലിം പ്രസിദ്ധീകരണങ്ങൾ അധഃപതിക്കുന്നതെന്തുകൊണ്ടാണ്? സത്യത്തെക്കാളും ദീനിനേക്കാളും വലുതായി സംഘടനയെ മനസ്സിൽ പ്രതിഷ്ഠിക്കുന്നതുകൊണ്ടാണ് ഇത്തരം ദുരന്തങ്ങൾ സംഭവിക്കുന്നതെന്നു തോന്നുന്നു.

**- അൻവർ ഷാ,**
**വാടാനപ്പള്ളി**

## ലേഖനങ്ങൾ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കണം

ഇസ്‌ലാമിന്റെ യുദ്ധദർശനം എന്ന പേരിൽ ഡിസംബർ ലക്കം സ്നേഹസംവാദത്തിൽ പ്രസിദ്ധീകരിച്ച ലേഖനം എന്തുകൊണ്ടും ശ്രദ്ധേയമായി. ഇസ്‌ലാമികാദർശത്തെ തത്ത്വദീക്ഷയില്ലാതെ വിമർശിക്കുകയും ക്വുർആൻവചനങ്ങളെ സന്ദർഭങ്ങളിൽ നിന്ന് അടർത്തിയെടുത്ത് വ്യാപകമായ കുപ്രചരണങ്ങൾ നടത്തുകയും ചെയ്യുന്ന പാശ്ചാത്യലോബികളും അവരുടെ മെഗാഫോണുകളായി മീഡിയകൾ തരംതാഴുകയും ചെയ്യുന്ന വർത്തമാനകാല പശ്ചാത്തലത്തിൽ പ്രസ്തുത ലേഖനം തികച്ചും പ്രസക്തമാണ്.

ഇത് പോലുള്ള ലേഖനങ്ങൾ മലയാളത്തിൽ മാത്രം ഒതുക്കിനിർത്താതെ അന്യഭാഷയിലേക്ക് കൂടി വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാൻ സ്നേഹസംവാദം മാസികയുടെ അണിയറയിലുള്ളവർ ശ്രമിക്കണമെന്ന് അപേക്ഷിക്കുന്നു.

**- അബ്ദുൽ അസീസ്,**
**ദോഹ**




അബൂ അദീബ്

# ഭീകരഭവനം

**നുഅ്മാൻ ﷺവിൽ നിന്നും നിവേദനം. നബി ﷺ  പറയുന്നതായി കേട്ടു. "പുനരുത്ഥാനനാളിൽ ഒരാൾക്ക് ലഭിക്കുന്ന നരകശിക്ഷയിൽ ഏറ്റവും ലഘുവായത് ഒരാളുടെ പാദത്തിന്റെ കീഴ് ഭാഗത്ത് വെക്കപ്പെടുന്ന തീക്കട്ടയായിരിക്കും. ആ തീക്കട്ടയുടെ കൊടുംചൂടിനാൽ അയാളുടെ തലച്ചോർ തിളക്കും." (ബുഖാരി, മുസ്‌ലിം).**

ഭയാനകതയുടെ ലോകമാണ് നരകം. ഭൗതികലോകത്ത് ധിക്കാരികളായി ജീവിച്ച്, പശ്ചാത്തപിച്ച് പാപമോചനാർഹനരാകാത്ത അവിശ്വാസികൾക്കും അക്രമികൾക്കും പാരാത്രികലോകത്ത് അല്ലാഹു ഒരുക്കിയിരിക്കുന്ന ശിക്ഷകളുടെ ഭവനമാണത്. മനുഷ്യബുദ്ധിയുടെ വർണ്ണനകൾക്കും ചിത്രീകരണങ്ങൾക്കും എത്രയോ അപ്പുറമാണ് നരകത്തിന്റെ ഭീകരതകൾ. തുളച്ച് കയറുന്ന ഉഷ്ണക്കാറ്റും ചുട്ടു തിളക്കുന്ന വെള്ളവും തണുപ്പുള്ളതോ സുഖദായകമോ അല്ലാത്ത കരിമ്പുകയുടെ തണലുമെല്ലാം നരകത്തിന്റെ ഭീകരാനുഭവങ്ങളായി ഖുർആൻ വിവരിക്കുന്ന (56:41-44) കാര്യങ്ങളിൽ ചിലതു മാത്രമാണ്.

അഗ്നി എന്നർഥം വരുന്ന അന്നാർ എന്ന അറബി പദമാണ് നകരത്തെ സൂചിപ്പിക്കാൻ ഖുർആനും ഹദീഥുകളും ധാരാളമായി ഉപയോഗിച്ചിരിക്കുന്നത്. ഇഹലോകത്തെ തീ നരകത്തിന്റെ എഴുപതിൽ ഒരു ഭാഗം മാത്രമാണെന്നും ഓരോ ഭാഗത്തിനും ഇഹലോകത്തെ തീയിന്റെയത്ര ചൂടായിരിക്കുമെന്നും ബുഖാരിയും മുസ്‌ലിമും ഉദ്ദരിച്ച ഒരു ഹദീഥിൽ കാണാം. ജ്വലിക്കുന്ന നരകാഗ്നി ആളിക്കത്തിക്കപ്പെടുമെന്നും (81:12) അത് അണഞ്ഞ് പോകുമ്പോഴെല്ലാം ജ്വാല വർധിപ്പിക്കപ്പെടുമെന്നും (17:97) മനുഷ്യരും കല്ലുകളും നരകാഗ്നിയിലെ ഇന്ധനങ്ങളാണെന്നും (66:6,2:24) വിശുദ്ധ ഖുർആൻ നമുക്ക് പറഞ്ഞുതരുന്നു.

നരകവാസികളുടെ തൊലികൾ വെന്തുരുകുകയും അവർക്ക് ശിക്ഷ ആസ്വദിക്കാനായി അല്ലാഹു വീണ്ടും തൊലികൾ നൽകുകയും ചെയ്യും (4:56). അവരുടെ തലയ്ക്കു മീതെ തിളക്കുന്ന വെള്ളം ചൊരിയുകയും അതു നിമിത്തം അവരുടെ വയറുകളിലുള്ളത് ഉരുകുകയും ചെയ്യും (22: 20). മുഖം നിലത്ത്  കുത്തിയ നിലയിൽ വലിച്ചിഴക്കപ്പെടും (54:47). അവരുടെ മുഖങ്ങൾ കറുപ്പിക്കുകയും കരിയുകയും ചെയ്യും (3:106, 23:104). തീ നാളങ്ങൾ അവരെ പൊതിയുകയും (18:29) കുടൽമാലകൾ പുറത്തുചാടുകയും (ബുഖാരി) ചെയ്യും. നോക്കൂ, നരകത്തിലെ ഏറ്റവും ചെറിയ ശിക്ഷ പാദത്തിനടിയിൽ വെക്കുന്ന തീക്കട്ടയാണെന്നും അതുമൂലം അയാളുടെ തലച്ചോർ വരെ തിളക്കുമെന്നുമുള്ള പ്രവാചക വചനം നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതില്ലേ?

ദൈവിക വിധിപ്രകാരമുള്ള ജീവിതമാണ് നരകമോചനത്തിനുള്ള മാർഗം. അബദ്ധങ്ങൾ വന്നേക്കാനിടയുള്ളവരാണ് മനുഷ്യർ എന്നതു കൊണ്ടു തന്നെ, തന്റെ കാരുണ്യം കൊണ്ട് അല്ലാഹു നമ്മുടെ പാപങ്ങൾ പൊറുത്തു തന്നേക്കാം. എന്നാൽ പശ്ചാത്തപിക്കാതെ മരണപ്പെടുന്ന പക്ഷം മാപ്പ് ലഭിക്കാത്ത മഹാപാപമാണ് അല്ലാഹുവിൽ പങ്കുചേർക്കുക എന്നത്. സർവലോക സ്രഷ്ടാവായ അല്ലാഹുവെ അവിശ്വസിക്കുകയോ മറ്റുള്ളവർക്ക് ആരാധനകളർപ്പിക്കുകയോ ചെയ്യുന്നവരാണ് ലോകത്ത് ബഹുഭൂരിപക്ഷവും. അങ്ങനെ മരണപ്പെടുന്നവർ നരകത്തിലെ നിത്യവാസികളായിരിക്കുമെന്നാണ് ഖുർആൻ പറയുന്നത്. "അവിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ച് തള്ളുകയും ചെയ്തവരാരോ അവരായിരിക്കും നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും (2:39). അത്തരക്കാർക്ക് പിന്നീടൊരു പ്രായശ്ചിത്ത അവസരമില്ലെന്നും നരകമോചനം സാധ്യമല്ലെന്നും അല്ലാഹു താക്കീത് ചെയ്യുന്നു. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിലെ ശിക്ഷ ഒഴിവായിക്കിട്ടുവാൻ വേണ്ടി പ്രായശ്ചിത്തം നൽകുന്നതിനായി സത്യനിഷേധികളുടെ കൈവശം ഭൂമിയിലുള്ളത് മുഴുക്കെയും, അത്രതന്നെ വെറെയും ഉണ്ടായിരുന്നാൽ പോലും അവരിൽ നിന്ന് അത് സ്വീകരിക്കപ്പെടുകയില്ല. അവർക്ക് വേദനയേറിയ ശിക്ഷയാണുള്ളത്. നരകത്തിൽ നിന്ന് പുറത്തുകടക്കാൻ അവർ ആഗ്രഹിക്കും. അതിൽ നിന്ന് പുറത്തു പോകാൻ അവർക്ക് സാധ്യമാവുകയേയില്ല. നിരന്തമായ ശിക്ഷയാണ് അവർക്കുള്ളത് (5:36,37).

തിളച്ച എണ്ണയൽപ്പം  കയ്യിൽ വീണാൽ, വാഹനത്തിന്റെ  സൈലൻസർ കാലിലൊന്ന് തട്ടിയാൽ അസഹനീയമായ വേദനയും ദുരിതവുമനുഭവിക്കാറുണ്ട് നമ്മൾ. ഇവിടുത്തേതിനേക്കാൾ അറുപത്തി ഒൻപതിരട്ടി ചൂടുള്ള നരകത്തീയിനെ സംബന്ധിച്ച് വ്യാകുലപ്പെടുന്നതിനപ്പുറം അതിൽ അകപ്പെടാതിരിക്കാനുള്ള മാർഗങ്ങൾ സ്വീകരിക്കുകയാണ് നാം വേണ്ടത്. യഥാർഥ മുസ്‌ലിമായി ജീവിക്കുക എന്നതു മാത്രമാണ് നരകമോചനത്തിന്റെ വഴി. ദൈവിക ശാപകോപതാപങ്ങളുടെ സംഗമസ്ഥാനമായ നരകത്തിൽ നിന്നും സുരക്ഷിതമായി, അവന്റെ അനുഗ്രഹങ്ങളുടെയും സമാധാനത്തിന്റെയും ഭവനമായ സ്വർഗത്തിൽ പ്രവേശിക്കുന്നതിന്ന് സൂമ്പൂർണമായി ദൈവികവിധി പ്രകാരമുള്ള ജീവിതത്തിന് നാം സന്നദ്ധമാവുക. ശരിയായ മുസ്‌ലിമാവുക.

**പത്രാധിപർക്ക് പറയാനുള്ളത്**



# പ്രണയ മതംമാറ്റം
## വിവാദം വിവേകത്തിന് വഴിമാറിയപ്പോൾ...

മൺകലത്തിൽ തല കുടുങ്ങിപ്പോയ ആട്ടിൻകുട്ടിയെ രക്ഷിക്കാൻ ഉപായം പറഞ്ഞുകൊടുത്ത നാട്ടുകാരണവരെ കുറിച്ച ഒരു മുത്തശ്ശിക്കഥയുണ്ട്. ആദ്യം തലയറുത്തും, എന്നിട്ടും തല വേർപെടുത്താനാവത്തപ്പോൾ മൺകലം തല്ലിയുടച്ചും പ്രശ്നം പരിഹരിച്ച പ്രസ്തുത കഥയാണ് പ്രണയ മതംമാറ്റവുമായി ബന്ധപ്പെട്ട പുതിയ പത്രവാർത്തകൾ കണ്ടപ്പോൾ ഓർമവന്നത്.

പ്രണയമതം മാറ്റമെന്ന രീതിയിൽ സമൂഹത്തിൽ പ്രചരിച്ചിരുന്ന മുഴുവൻ അപസർപ്പകകഥകളും വ്യാജമായിരുന്നെന്നും. അത് www.hindujagruti.org എന്ന വെബ്സൈറ്റിന്റെ ഉടമയായ മാർഗിഷ് കൃഷ്യുടെ ഭാവനകളായിരുന്നുവെന്നുമാണ് പുതുതായി വന്ന ഔദ്യോഗിക വിശദീകരണം. പ്രാതൽ ചായയോടോപ്പം കടിച്ചുവിഴുങ്ങിയ രണ്ടുകോളം വാർത്തക്കപ്പുറം കാര്യമായ ചർച്ചയോ കുറ്റസമ്മതമോ നടത്താതെ അവസാനിപ്പിച്ച ഈ 'തെമ്മാടിക്കുഴിവൃത്താന്തം' കഴിഞ്ഞ രണ്ടുവർഷത്തോളം കേരളത്തിന്റെ സാമൂഹിക പരിസരങ്ങളിൽ ഉണ്ടാക്കിയെടുത്ത പൊട്ടലും ചീറ്റലുകളും ചില്ലറയൊന്നുമല്ല. തെക്കൻ കേരളത്തിൽ നടന്ന സ്വാഭാവികമായ ഒരു മതംമാറ്റത്തിന്റെയും അവരുടെ വിവാഹത്തിന്റെയും ചുവടുപിടിച്ച് മുസ്‌ലിം സമുദായത്തിന്റെ തലയറുക്കാനും സാമുദായികസൗഹാർദം തല്ലിയുടക്കാനുമായിരുന്നു മുത്തശ്ശി പാരമ്പര്യമവകാശപ്പെടുന്ന ചില പത്രങ്ങൾ വരെ അന്ന് ധൃഷ്ടരായത്.

2009 സെപ്തംബറിലാണ് പ്രണയം നടിച്ച് മതംമാറ്റിയെന്നതിന് ഷെഹൻഷ, സിറാജുദ്ധീൻ എന്നിവർക്കെതിരെ ജസ്റ്റിസ് ശങ്കരന്റെ ബെഞ്ചിൽ ഒരു കേസ് വരുന്നത്. പ്രസ്തുത വിഷയത്തിൽ നടക്കുന്ന ചില സംഘടിത ശ്രമങ്ങളെ കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കാനായി ഡിജിപിക്കും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനും കോടതി മൂന്ന് ആഴ്ച സമയം നൽകി ഉത്തരവിടുകയും ഒക്ടോബർ 22ന് ഡിജിപി നൽകിയ റിപ്പോർട്ടിൽ പരാമൃഷ്ട അജണ്ടയുള്ള യാതൊരു സംഘടനയും കേരളത്തിൽ പ്രവർത്തിക്കുന്നില്ലെന്നും ഈ രംഗത്ത് ഒരു സംഘടിതമുന്നേറ്റവും നടക്കുന്നില്ലെന്നും വ്യക്തമാക്കുകയുണ്ടായി. എന്നാൽ പ്രസ്തുത റിപ്പോർട്ട് കോടതി, സംശയത്തിന്റെ ആനുകൂല്യം നൽകി വീണ്ടും പഠിക്കാനും റിപ്പോർട്ട് സമർപ്പിക്കാനും ആവശ്യപ്പെടുകയും, കോടതിയുടെ എട്ട് ചോദ്യങ്ങൾക്കടക്കം വിശദമായ മറുപടിസഹിതം നംവംബർ 9ന് രണ്ടാമതും ഡിജിപി നൽകുകയും ചെയ്തു.

ഇത് കൂടാതെ നേരത്തെ കോടതി ആവശ്യപ്പെട്ട പ്രകാരം ഡിസംബർ ഒന്നിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ റിപ്പോർട്ടും പുറത്തുവന്നു. കേരളത്തിലോ അന്യസംസ്ഥാനങ്ങളിലോ ഇത്തരത്തിലുള്ള ഒരൊറ്റ കേസും നിലനിൽക്കുന്നില്ല എന്നതായിരുന്നു കേന്ദ്രറിപ്പോർട്ടിന്റെയും സംക്ഷിപ്തം.

എന്നാൽ ഈ റിപ്പോർട്ടുകളെല്ലാം നിലനിൽക്കെതന്നെ 'ശങ്കരൻ പിന്നെയും തെങ്ങേൽ' എന്ന മട്ടിൽ ആർക്കും എങ്ങനെയും വ്യാഖ്യാനിക്കാമെന്ന തരത്തിൽ കേരളത്തിൽ നാലായിരം പേർ പ്രണയത്തിന്റെ പേരിൽ മതംമാറിയിട്ടുണ്ടെന്നും അതിൽ 2800 കേസുകളിൽ പെൺകുട്ടികളെയാണ് മതംമാറ്റിയതെന്നും കോടതി നിരീക്ഷിക്കുകയാണുണ്ടായത്. ഇതിൽ ഏതെങ്കിലും മതംമാറ്റം സംഘടനാ താൽപര്യത്താലോ സ്ഥാപിത താൽപര്യത്താലോ നടന്നതാണോയെന്ന് വ്യക്തമാക്കാൻ ജസ്റ്റിസ് ശങ്കരൻ തയ്യാറായതുമില്ല. ഇതിനിടയിൽ ഹരജിക്കാരന്റെ ജാമ്യാപേക്ഷ നിരസിച്ചതോടൊപ്പം കോടതിയലക്ഷ്യത്തിന് കേസെടുക്കാത്തത് കോടതിയുടെ ഔദാര്യമാണെന്ന മട്ടിൽ പ്രസ്താവന നടത്തുകയും കേസിൽ കക്ഷി ചേരാൻ സന്നദ്ധത പ്രകടിപ്പിച്ച അസോസിയേഷൻ ഓഫ് ഹ്യൂമൺ റൈറ്റ്സിന്റെ അപേക്ഷ തള്ളിക്കളഞ്ഞും, മതമാറ്റം നിരോധിക്കുന്നതിന്റെ സാധ്യതകൾ ആരാഞ്ഞും കോടതി വല്യേട്ടൻ ചമഞ്ഞത് വിമർശനങ്ങൾക്കിടയാക്കി.

ഒടുക്കം, ഹൈക്കോടതിയിലെ സീനിയർ അഡ്വക്കറ്റ് ശശിധരൻ നമ്പ്യാർ മുൻ കോടതിവിധി സ്റ്റേ ചെയ്യുകയും കേസിലെ തുടർനടപടികൾ അവസാനിപ്പിക്കുകയും ചെയ്തതോടുകൂടെയാണ് പ്രണയമതംമാറ്റവുമായി ബന്ധപ്പെട്ട് ജുഡീഷറിയുടെ ഭാഗത്തുനിന്നുള്ള ഇടപെടലുകൾക്ക് വിരാമമായത്.

നീതിന്യായ വകുപ്പിന്റെ ഭാഗത്തുനിന്നും ഇത്തരം നീക്കങ്ങൾ നടക്കുന്ന സമയത്തുതന്നെ മറുവശത്ത് ശക്തമായ കുപ്രചാരണങ്ങളുമായി മുന്നോട്ടുപോവുകയായിരുന്നു വർഗീയ ഫാസിസ്റ്റ് ശക്തികളും അവർക്കാവശ്യമായ 'തെളിവുകൾ' നൽകി ക്രിസ്തീയ മിഷനറിയും.

പ്രണയ മതംമാറ്റവുമായി ബന്ധപ്പെട്ട് കോടതിയിലെത്തി കൃത്യം ഒരു മാസത്തിനുള്ളിൽ തന്നെ കാത്തോലിക് ബിഷപ്പ് കൗൺസിലിന്റെ സോഷ്യൽ ഹാർമണി ആന്റ് വിജിലൻസ് കമ്മീഷൻ സെക്രട്ടറി ഫാദർ ജോണി കൊച്ചുപറമ്പിലിന്റേതായി "പ്രണയമത തീവ്രവാദം; മാതാപിതാക്കൾ ജാഗരൂഗരാകണം" എന്ന തലക്കെട്ടിൽ ഒരു നോട്ടീസ് പുറത്തിറങ്ങി. 2005 മുതൽ കേരളത്തിൽ നാലായിരത്തിലേറെ പെൺകുട്ടികൾ പ്രണയത്തിൽ കുടുങ്ങി മതം മാറിയിട്ടുണ്ടെന്നും, മംഗലാപുരത്തെ ഒരു നഴ്സിംഗ് വിദ്യാർഥിനിയിലൂടെയാണ് ഇതിന് തുടക്കം കുറിച്ചതെന്നും, ഇങ്ങനെ മതം മാറുന്നവർക്കായി ബൈക്കും മൊബൈൽഫോണും മുതൽ പരീക്ഷാഫീസ് വരെ ഇവർ നൽകുന്നുണ്ടെന്നും, വിനോദയാത്രയുടെ പേരു പറഞ്ഞ് റിസോർട്ടുകളിൽ കൊണ്ടുപോയി പീഡിപ്പിച്ച് അശ്ലീല സിഡിയാക്കി ബ്ലാക്ക്മെയിൽ ചെയ്യുന്നുണ്ടെന്നും, അവസാനം പെൺവാണിഭക്കാർക്ക് കൈമാറിയോ യതീംഖാനയിലെ വേലക്കാരിയാക്കിയോ കയ്യൊഴിയുന്നുവെന്നും തുടങ്ങി 'പാടാത്ത പൈങ്കിളി' നിലവാരത്തിലുള്ള കഥകളാണ് പ്രസ്തുത നോട്ടീസിലുള്ളത്. സംഘ്പരിവാർ ഒരു പടികൂടി കടന്ന് പ്രണയത്തിലൂടെ മതം മാറ്റിയ നാലായിരത്തോളം പേർ അതിർത്തികടന്ന് പാക്കിസ്ഥാനിലേക്ക് പോയെന്നും അവിടത്തെ തീവ്രവാദ ഗ്രൂപ്പുമായി ചേർന്ന് ഇന്ത്യക്കെതിരെ പ്രവർത്തിക്കാൻ തുടങ്ങിയിരിക്കുന്നുവെന്നും വരെ പറഞ്ഞുവെച്ചു. (അതിനു തെളിവായി ഉദ്ധരിച്ചിരുന്ന ഇശ്റത്ത് ജഹാന്റെ ഏറ്റുമുട്ടൽ കൊലപാതകവും പ്രണയ മതംമാറ്റം പോലെ ഹിമാലയൻ കളവായിരുന്നുവെന്ന് കാലം തെളിയിച്ചു.)

ഇസ്‌ലാമിന്റെ അഭൂതപൂർവമായ വളർച്ചയിൽ അരിശം പൂണ്ട വർഗീയശക്തികളുടെ ഗീർവാണങ്ങളായി മാത്രം ഒതുങ്ങിയിരുന്ന ഈ വിഷയം സമൂഹത്തിലെ മുഖ്യധാരാ മാധ്യമങ്ങൾക്കൂടി ഏറ്റുപിടിച്ചതിലൂടെയാണ് മുസ്‌ലിം സമുദായം പ്രതിരോധത്തിലായത്. സംഘ്പരിവാർ സഹശയനക്കാരായ മാധ്യമങ്ങൾ മാത്രമല്ല, മലയാള സുപ്രഭാതത്തിന്റെ മൊത്തംകുത്തകക്കാരും മലയാളപത്രത്തറവാട്ടിലെ മുത്തശ്ശിമാരും വരെ ഇല്ലാത്ത പ്രണയ മതംമാറ്റത്തിന് വല്ലാത്ത തെളിവുകളുമായി തുടർലേഖനങ്ങൾ എഴുതിത്തുടങ്ങിയതോടെ കേരളം സ്തോഭജനകമായ അന്തരീക്ഷത്തിലേക്ക് നീങ്ങിപ്പോകുന്നു എന്ന പ്രതീതി കൈവന്നു; രാജ്യത്ത് മുസ്‌ലിംകൾ സംശയത്തോടെ വീക്ഷിക്കപ്പെടുന്ന സാഹചര്യം സംജാതമായി; ഒരുമിച്ച് കലാലയങ്ങളിൽ പോയിരുന്നവർക്കിടയിൽ പോലും സംശയത്തിന്റെ കരിമ്പുക കനത്തു. ഇസ്‌ലാമിൽ അഭയം കണ്ടെത്തിയ ഇതര മതസ്ഥരുടെ വീടുകളിലും സ്ഥാപനങ്ങളിലും റെയ്ഡുകൾ നടന്നു. പലരെ കുറിച്ചും ആനു

**(ബാക്കി പേജ് 47ൽ)**

# ഹിജ്‌റയുടെ ശാന്തിപാഠങ്ങൾ

■ എം.എം അക്ബർ ■



## ഹിജ്‌റ

### കാരണവും ദർശനവും



## അബ്സീനിയ

### ആദ്യ ഹിജ്‌റയുടെ പാഠങ്ങൾ



## മദീനാ ഹിജ്‌റ

### പാഠങ്ങളും പാഠഭേദങ്ങളും







# ഹിജ്‌റ

## കാരണവും ദർശനവും

‘മോശയ്ക്കടുത്തേക്ക് അല്ലാഹു നിയോഗിച്ചയച്ച അതേ രഹസ്യസന്ദേശവാഹകനാണ് താങ്കൾക്കടുക്കൽ വന്നിരിക്കുന്നത്. താങ്കളുടെ മതപ്രബോധനകാലത്ത് ഞാനൊരു യുവാവായിരുന്നെങ്കിൽ! താങ്കളുടെ ജനത താങ്കളെ പുറത്താക്കുമ്പോൾ ഞാൻ ജീവിച്ചിരുന്നെങ്കിൽ!’

ഹിറാ ഗുഹയിൽവെച്ച് തനിയ്ക്ക് ആദ്യമായി ലഭിച്ച ദിവ്യവെളിപാടിനോടനുബന്ധിച്ചുണ്ടായ സംഭവങ്ങളെപ്പറ്റിയുള്ള മുഹമ്മദ് നബിﷺയുടെ വിശദീകരണം ശ്രദ്ധിച്ചുകേട്ടതിന് ശേഷമുള്ള വേദപണ്ഡിതനായ വറഖതുബ്നു നൗഫലിന്റെ പ്രതികരണം. തന്നെ തന്റെ ജനത പുറത്താക്കുമെന്ന വറഖഃയുടെ പ്രസ്താവന വിശ്വസിക്കുവാൻ നബിﷺക്കുപോലും കഴിഞ്ഞില്ല. അദ്ദേഹം സംശയിച്ചു: ‘എന്റെ ജനത എന്നെ പുറത്താക്കുമെന്നോ?’

സത്യസന്ധനും സദ്‌വൃത്തനുമെന്ന് പ്രശസ്തനാവുകയും സമൂഹത്തിലെ സകലരുടെയും ആദരവിന് പാത്രമാവുകയും ചെയ്ത തന്നെ, തന്റെ നാൽപത് വയസ്സുകാലത്തെ ജീവിതത്തെക്കുറിച്ച് കൃത്യമായി അറിയാവുന്ന തന്റെ ജനത ഒരിക്കലും കൈവിടുകയില്ലെന്ന നബിﷺയുടെ ധാരണ തിരുത്തിക്കൊണ്ട് പൂർവവേദങ്ങളെയും പ്രവാചകൻമാരെയും കുറിച്ച് അറിയാവുന്ന വറഖതുബ്നു നൗഫൽ പറഞ്ഞു: ‘അതെ! താങ്കൾ കൊണ്ടുവന്നതുപോലുള്ള സന്ദേശങ്ങളുമായി വന്നവരൊന്നുംതന്നെ സ്വന്തം ജനതയുടെ ശത്രുതയ്ക്ക് പാത്രമാവാതിരുന്നിട്ടില്ല. ആ നാളുകളിൽ ഞാനുണ്ടെങ്കിൽ ശക്തമായ പിന്തുണ നൽകി ഞാൻ താങ്കളെ സഹായിക്കുക തന്നെ ചെയ്യും.’[1]

ജനിച്ചുവളർന്ന സ്വന്തം നാട്ടിൽ ജീവിക്കുവാൻ പ്രവാചകൻമാരിൽ പലരെയും അവരുടെ ജനത അനുവദിച്ചിട്ടില്ലെന്നതാണ് ചരിത്രം. ദൈവിക ദർശനപ്രകാരം ജീവിക്കുവാനും അത് പ്രബോധനം ചെയ്യുന്നതിനും വേണ്ടി സ്വന്തം നാട്ടിൽനിന്ന് പലായനം ചെയ്യേണ്ടിവന്നവരാണ് പ്രവാചകൻമാരിൽ പലരുമെന്ന് മനസ്സിലാക്കിയ വേദപണ്ഡിതന്റെതാണ് മുകളിലെ വരികൾ. അബ്രഹാമിന്റെയും മോശയുടെയും പലായ

നത്തെപ്പറ്റി ബൈബിളും ഖുർആനും പരാമർശിക്കുന്നുണ്ട്. വിഗ്രഹാരാധകർ ഒരുക്കിയ തീകുണ്ഠത്തിൽനിന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത്ഭുതകരമായി രക്ഷപ്പെട്ടതിനുശേഷം ഇബ്റാഹിം ﷺ പറഞ്ഞതായി ഖുർആൻ ഉദ്ധരിക്കുന്നു:

"അപ്പോൾ ലൂത് അദ്ദേഹത്തിൽ വിശ്വസിച്ചു. അദ്ദേഹം (ഇബ്റാഹീം) പറഞ്ഞു: തീർച്ചയായും ഞാൻ സ്വദേശം വെടിഞ്ഞ് എന്റെ രക്ഷിതാവിങ്കലേക്ക് പോകുകയാണ്. തീർച്ചയായും അവനാകുന്നു പ്രതാപിയും യുക്തിമാനും." (29:26).

"അവർ (അന്യോന്യം) പറഞ്ഞു: നിങ്ങൾ അവന്ന് (ഇബ്റാഹീമിന്) വേണ്ടി ഒരു ചൂള പണിയുക. എന്നിട്ടവനെ ജ്വലിക്കുന്ന അഗ്നിയിൽ ഇട്ടേക്കുക. അങ്ങനെ അദ്ദേഹത്തിന്റെ കാര്യത്തിൽ അവർ ഒരു തന്ത്രം ഉദ്ദേശിച്ചു. എന്നാൽ നാം അവരെ ഏറ്റവും അധമൻമാരാക്കുകയാണ് ചെയ്തത്. അദ്ദേഹം പറഞ്ഞു: തീർച്ചയായും ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് പോകുകയാണ്. അവൻ എനിക്ക് വഴി കാണിക്കുന്നതാണ്. എന്റെ രക്ഷിതാവേ, സദ്വൃത്തരിൽ ഒരാളെ നീ എനിക്ക് (പുത്രനായി) പ്രദാനം ചെയ്യേണമേ." (37:97- 100).

ജന്മദേശമായ ഹാരാനിൽനിന്ന് ദൈവിക കൽപനപ്രകാരമാണ് അബ്രഹാം കാനായിലേക്ക് പലായനം ചെയ്തതെന്ന് ബൈബിളും വ്യക്തമാക്കുന്നു:

കർത്താവ് അബ്രാമിനോട് അരുളിച്ചെയ്തു: "നിൻെറ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട്, ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോവുക. ഞാൻ നിന്നെ വലിയൊരു ജനതയാക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നിൻെറ പേര് ഞാൻ മഹത്തമമാക്കും. അങ്ങനെ നീ ഒരനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗൃഹീതമാകും. കർത്താവു കൽപിച്ചതനുസരിച്ച് അബ്രാം പുറപ്പെട്ടു. ലോത്തും അവൻെറ കൂടെ തിരിച്ചു. ഹാരാൻ ദേശത്തോടു വിടപറഞ്ഞപ്പോൾ അബ്രാമിന് എഴുപത്തഞ്ചു വയസ്സു പ്രായമായിരുന്നു. അബ്രാം ഭാര്യ സാറായിയെയും സഹോദരപുത്രൻ ലോത്തിനെയും കൂടെക്കൊണ്ടു പോയി. ഹാരാനിൽ തങ്ങൾ നേടിയ സമ്പത്തും ആളുകളുമായി അവർ കാനാൻ ദേശത്തേക്കു പുറപ്പെട്ട്, അവിടെ എത്തിച്ചേർന്നു. അബ്രാം ആ ദേശത്തിലൂടെ സഞ്ചരിച്ച് ഷെക്കെമിൽ, മോറെയുടെ ഓക്കുമരം വരെ എത്തി. അക്കാലത്തു കാനാൻകാർ അവിടെ പാർത്തിരുന്നു. കർത്താവ് അബ്രാമിനു പ്രത്യക്ഷപ്പെട്ട് അരുളിച്ചെയ്തു: ഈ നാടു നിൻെറ സന്തതികൾക്കു ഞാൻ കൊടുക്കും. തനിക്കു പ്രത്യക്ഷപ്പെട്ട കർത്താവിന് അബ്രാം അവിടെ ഒരു ബലിപീഠം പണിതു.'' (ഉൽപത്തി 12:1-7).[(2)]

പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പും ശേഷവുമായി രണ്ട് തവണ സ്വദേശത്തുനിന്ന് മോശെയ്ക്ക് ﷺ പലായനം ചെയ്യേണ്ടിവന്നിട്ടുള്ളതായി ഖുർആനും ബൈബിളും വ്യക്തമാക്കുന്നുണ്ട്. ഇതിൽ ഒരെണ്ണം മാത്രമെ പലായനമായി പരിഗണിക്കപ്പെടാറുള്ളൂ. ഇസ്രായേൽക്കാരനുമായി ശണ്ഠയിലേർപ്പെട്ട ഈജിപ്തുകാരനെ താൻ അബദ്ധത്തിൽ വധിച്ചുപോയത് അറിഞ്ഞ ഫറോവയും കൊട്ടാരപ്രമുഖരും തന്നെ വധിക്കുവാൻ വേണ്ടി ആലോചിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയപ്പോൾ മോശ ﷺ നടത്തിയ ഒന്നാമത്തെ പലായനമാണത്. പ്രസ്തുത പലായനത്തെക്കുറിച്ച ഖുർആൻ വിവരണം നോക്കുക.

"പട്ടണത്തിന്റെ അങ്ങേ അറ്റത്തുനിന്ന് ഒരു പുരുഷൻ ഓടിവന്നു. അയാൾ പറഞ്ഞു: ഹേ; മൂസാ, താങ്കളെ കൊല്ലാൻ വേണ്ടി പ്രമുഖവ്യക്തികൾ ആലോചന നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അതിനാൽ താങ്കൾ (ഈജിപ്തിൽ നിന്ന്) പുറത്ത് പോയിക്കൊള്ളുക. തീർച്ചയായും ഞാൻ താങ്കളുടെ ഗുണകാംക്ഷികളുടെ കൂട്ടത്തിലാകുന്നു. അങ്ങനെ ഭയപ്പാടോടും കരുതലോടും കൂടി അദ്ദേഹം അവിടെ നിന്ന് പുറപ്പെട്ടു. അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, അക്രമികളായ ജനതയിൽ നിന്ന് എന്നെ നീ രക്ഷപ്പെടുത്തേണമേ. മദ്‌യന്റെ നേർക്ക് യാത്രതിരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവ് ശരിയായ മാർഗത്തിലേക്ക് എന്നെ നയിച്ചേക്കാം." (28: 20-22).

ഫിർഔനിന്റെ കൊട്ടാരത്തിൽവെച്ചുള്ള ചോദ്യം ചെയ്യലിനിടയിലും മൂസാ ﷺ തന്റെ പലായനത്തെക്കുറിച്ച് അനുസ്മരിക്കുന്നതായി ഖുർആൻ വ്യക്തമാക്കുന്നു:

"അവൻ (ഫിർഔൻ) പറഞ്ഞു: കുട്ടിയായിരുന്നപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ നിന്നെ ഞങ്ങൾ വളർത്തിയില്ലേ? നിന്റെ ആയുസ്സിൽ കുറെ കൊല്ലങ്ങൾ ഞങ്ങളുടെ ഇടയിൽ നീ കഴിച്ചുകൂട്ടിയിട്ടുമുണ്ട്. നീ ചെയ്ത നിന്റെ ആ (ദുഷ്)പ്രവൃത്തി നീ ചെയ്യുകയുമുണ്ടായി. നീ നന്ദികെട്ടവരുടെ കൂട്ടത്തിൽ തന്നെയാകുന്നു. അദ്ദേഹം (മൂസാ) പറഞ്ഞു: ഞാൻ അന്ന് അത് ചെയ്യുകയുണ്ടായി. എന്നാൽ ഞാൻ പിഴവ് പറ്റിയവരുടെ കൂട്ടത്തിലായിരുന്നു. അങ്ങനെ നിങ്ങളെപ്പറ്റി ഭയം തോന്നിയപ്പോൾ ഞാൻ നിങ്ങളിൽ നിന്ന് ഓടിപ്പോയി. അനന്തരം എന്റെ രക്ഷിതാവ് എനിക്ക് തത്ത്വജ്ഞാനം നൽകുകയും, അവൻ എന്നെ ദൂതൻമാരിൽ ഒരാളാക്കുകയും ചെയ്തു." (26: 18-21).

**ജനിച്ചുവളർന്ന സ്വന്തം നാട്ടിൽ ജീവിക്കുവാൻ പ്രവാചകൻമാരിൽ പലരെയും അവരുടെ ജനത അനുവദിച്ചിട്ടില്ലെന്നതാണ് ചരിത്രം. ദൈവിക ദർശനപ്രകാരം ജീവിക്കുവാനും അത് പ്രബോധനം ചെയ്യുന്നതിനും വേണ്ടി സ്വന്തം നാട്ടിൽനിന്ന് പലായനം ചെയ്യേണ്ടിവന്നവരാണ് പ്രവാചകൻമാരിൽ പലരും.**

ഈജിപ്തുകാരിൽ ഒരാളെ വധിച്ചതിനാൽ 'മോശ ഫറവോന്റെ അടുത്തുനിന്ന് ഓടിപ്പോയി മിദ്യാൻ ദേശത്ത് പോയി പാർത്തു'വെന്ന് ബൈബിളും പറയുന്നുണ്ട്.[(3)]

ഫറോവയുടെ അടിമത്തത്തിൽ കഴിഞ്ഞിരുന്ന ഇസ്രായേല്യരെ മോചിപ്പിച്ചുകൊണ്ട് ഈജിപ്തിൽനിന്ന് മോശയും ഇസ്രായേല്യരും നടത്തിയ രണ്ടാമത്തെ നാടുവിട്ടുള്ള യാത്ര വാഗ്ദത്തഭൂമിയിലേക്കുള്ള യാത്രയായതിനാൽ പലായനമായി പരിഗണിക്കാറില്ലെങ്കിലും പ്രസ്തുത യാത്രയോടനുബന്ധിച്ചാണ് ഫറോവയും പരിവാരങ്ങളും മുങ്ങിനശിച്ചത് എന്നതിനാൽ ആദർശ ജീവിതത്തിനുവേണ്ടിയുള്ള ത്യാഗപൂർണമായ യാത്രതന്നെയായിരുന്നു അതുമെന്നതാണ് വാസ്തവം.

"മൂസായ്ക്ക് നാം ബോധനം നൽകി: എന്റെ ദാസൻമാരെയും കൊണ്ട് രാത്രിയിൽ നീ പുറപ്പെട്ടുകൊള്ളുക. തീർച്ചയായും (ശത്രുക്കൾ) നിങ്ങളെ പിന്തുടരാൻ പോകുകയാണ്. അപ്പോൾ ഫിർഔൻ ആളുകളെ വിളിച്ചുകൂട്ടാൻ പട്ടണങ്ങളിലേ

ക്ക് ദൂതൻമാരെ അയച്ചു. തീർച്ചയായും ഇവർ കുറച്ച് പേർ മാത്രമുള്ള ഒരു സംഘമാകുന്നു. തീർച്ചയായും അവർ നമ്മെ അരിശം കൊള്ളിക്കുന്നവരാകുന്നു. തീർച്ചയായും നാം സംഘടിതരും ജാഗരൂകരുമാകുന്നു (എന്നിങ്ങനെ വിളിച്ചുപറയാനാണ് ഫിർഔൻ നിർദേശിച്ചത്). അങ്ങനെ തോട്ടങ്ങളിൽ നിന്നും നീരുറവകളിൽ നിന്നും നാം അവരെ പുറത്തിറക്കി. ഭണ്ഡാരങ്ങളിൽ നിന്നും മാന്യമായ വാസസ്ഥലങ്ങളിൽ നിന്നും. അപ്രകാരമത്രെ (നമ്മുടെ നടപടി.) അതൊക്കെ ഇസ്രാഈൽ സന്തതികൾക്ക് നാം അവകാശപ്പെടുത്തി കൊടുക്കുകയും ചെയ്തു. എന്നിട്ട് അവർ (ഫിർഔനും സംഘവും) ഉദയവേളയിൽ അവരുടെ (ഇസ്രാഈല്യരുടെ) പിന്നാലെ ചെന്നു. അങ്ങനെ രണ്ട് സംഘവും പരസ്പരം കണ്ടപ്പോൾ മൂസായുടെ അനുചരൻമാർ പറഞ്ഞു: തീർച്ചയായും നാം പിടിയിലകപ്പെടാൻ പോകുകയാണ്. അദ്ദേഹം (മൂസാ) പറഞ്ഞു: ഒരിക്കലുമില്ല, തീർച്ചയായും എന്നോടൊപ്പം എന്റെ രക്ഷിതാവുണ്ട്. അവൻ എനിക്ക് വഴി കാണിച്ചുതരും. അപ്പോൾ നാം മൂസായ്ക്ക് ബോധനം നൽകി; നീ നിന്റെ വടികൊണ്ട് കടലിൽ അടിക്കൂ എന്ന്. അങ്ങനെ അത് (കടൽ) പിളരുകയും എന്നിട്ട് (വെള്ളത്തിന്റെ) ഓരോ പൊളിയും വലിയ പർവതം പോലെ ആയിത്തീരുകയും ചെയ്തു. മറ്റവരെ (ഫിർഔന്റെ പക്ഷം)യും നാം അതിന്റെ അടുത്തെത്തിക്കുകയുണ്ടായി. മൂസായെയും അദ്ദേഹത്തോടൊപ്പമുള്ളവരെയും മുഴുവൻ നാം രക്ഷപ്പെടുത്തി. പിന്നെ മറ്റവരെ നാം മുക്കി നശിപ്പിച്ചു. തീർച്ചയായും അതിൽ (സത്യനിഷേധികൾക്ക്) ഒരു ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധികപേരും വിശ്വസിക്കുന്നവരായില്ല." (26:52-67).

"മൂസായ്ക്ക് നാം ഇപ്രകാരം ബോധനം നൽകുകയുണ്ടായി: എന്റെ ദാസൻമാരെയും കൊണ്ട് രാത്രിയിൽ നീ പോകുക. എന്നിട്ട് അവർക്ക് വേണ്ടി സമുദ്രത്തിലൂടെ ഒരു ഉണങ്ങിയ വഴി നീ ഏർപെടുത്തി കൊടുക്കുക. (ശത്രുക്കൾ) പിന്തുടർന്ന് എത്തുമെന്ന് നീ പേടിക്കേണ്ടതില്ല. (യാതൊന്നും) നീ ഭയപ്പെടേണ്ടതുമില്ല. അപ്പോൾ ഫിർഔൻ തന്റെ സൈന്യങ്ങളോട് കൂടി അവരുടെ പിന്നാലെ ചെന്നു.അപ്പോൾ കടലിൽ നിന്ന് അവരെ ബാധിച്ചതെല്ലാം അവരെ ബാധിച്ചു. ഫിർഔൻ തന്റെ ജനതയെ ദുർമാർഗത്തിലാക്കി. അവൻ നേർവഴിയിലേക്ക് നയിച്ചില്ല." (20:77-79)

ഫറോവയുടെയും ഈജിപ്തുകാരുടെയും ക്രൂരമായ അടിമത്തത്തിൽനിന്ന് രക്ഷിക്കുവാൻ ഇസ്രാഈല്യരെയും കൂട്ടി മോശ സ്വദേശത്തു നിന്ന് പലായനം ചെയ്യുകയും അവരെ പിന്തുടർന്ന് ഫറോവയും കൂട്ടരും മുങ്ങിമരിക്കുകയും ചെയ്ത കഥ ബൈബിൾ വിശദമായി വിവരിക്കുന്നുണ്ട്. [4]



ജനിച്ചുവളർന്ന നാട്ടിൽ സത്യമതമനുസരിച്ച് ജീവിക്കുവാനും അത് പ്രബോധനം ചെയ്യുന്നതിനുമുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെടുകയും സത്യവിശ്വാസികൾ ക്രൂരമായി പീഡിപ്പിക്കപ്പെടുകയും ചെയ്തപ്പോൾ മുഹമ്മദ് നബി ﷺയും തെരഞ്ഞെടുത്തത് പലായനമെന്ന ത്യാഗമാണ്; പിറന്ന നാടും പിച്ചവെച്ചു നടന്ന മണ്ണും വിട്ട് ആദർശ ജീവിതത്തിനുവേണ്ടി മാത്രമായുള്ള പലായനമെന്ന ത്യാഗം. പീഡനങ്ങളുടെ നെരിപ്പോടിൽ ജീവിക്കേണ്ടിവരുന്ന സാഹചര്യങ്ങളാണെങ്കിൽ പോലും ആദർശ ജീവിതത്തിൽ വിട്ടുവീഴ്ച പാടില്ലെന്നും അനിവാര്യമായ സാഹചര്യങ്ങളിൽ സ്വന്തം നാടുപേക്ഷിച്ച് പോകേണ്ടിവന്നാൽപോലും ഏകദൈവാരാധനയിൽ ഉറച്ചുനിൽക്കണമെന്നുമുള്ള പാഠങ്ങളാണ് ഹിജ്റ നൽകുന്നത്.

"മൂസായ്ക്ക് നാം ഇപ്രകാരം ബോധനം നൽകുകയുണ്ടായി: എന്റെ ദാസൻമാരെയും കൊണ്ട് രാത്രിയിൽ നീ പോകുക. എന്നിട്ട് അവർക്ക് വേണ്ടി സമുദ്രത്തിലൂടെ ഒരു ഉണങ്ങിയ വഴി നീ ഏർപെടുത്തികൊടുക്കുക. (ശത്രുക്കൾ) പിന്തുടർന്ന് എത്തുമെന്ന് നീ പേടിക്കേണ്ടതില്ല. (യാതൊന്നും) നീ ഭയപ്പെടേണ്ടതുമില്ല." (29:56) എന്ന് പഠിപ്പിക്കുന്ന ഖുർആൻ പ്രവിശാലമായ ഭൂമിയിലെവിടെയെങ്കിലുംവെച്ച് അല്ലാഹുവിനെ മാത്രം ആരാധിച്ചുകൊണ്ട് ജീവിതം നയിക്കുവാനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ടെങ്കിൽ അവിടേക്ക് പോയി വിശ്വാസികൾ തങ്ങളുടെ ആദർശ ജീവിതം വിട്ടുവീഴ്ചയില്ലാതെ തുടരണമെന്നാണ് നിഷ്കർഷിക്കുന്നത്. അവിശ്വാസികളുടെ പീഡനങ്ങൾ സഹിക്കവയ്യാത്തതിനാലാണ് തങ്ങൾ സത്യമതത്തിൽ ഉറച്ചു നിൽക്കാതിരുന്നതെന്നോ ക്രൂരമായ അക്രമങ്ങൾ ഭയപ്പെട്ടതുകൊണ്ടാണ് തങ്ങൾക്ക് സന്മാർഗത്തിലേക്ക് കടന്നുവരാൻ കഴിയാതിരുന്നത് എന്നോ ഒരാൾക്കും ന്യായീകരിക്കാനാവില്ലെന്നും അത്തരം അവസരങ്ങളുണ്ടെങ്കിൽ സ്വദേശം വെടിഞ്ഞ് മതസ്വാതന്ത്ര്യം നിലനിൽക്കുന്ന സ്ഥലങ്ങളിലേക്ക് പലായനം ചെയ്യണമെന്നും ഖുർആൻ പഠിപ്പിക്കുന്നു.

"(അവിശ്വാസികളുടെ ഇടയിൽ തന്നെ ജീവിച്ചുകൊണ്ട്) സ്വന്തത്തോട് അന്യായം ചെയ്തവരെ മരിപ്പിക്കുമ്പോൾ മലക്കുകൾ അവരോട് ചോദിക്കും: നിങ്ങളെന്തൊരു നിലപാടിലായിരുന്നു? അവർ പറയും: ഞങ്ങൾ നാട്ടിൽ അടിച്ചൊതുക്കപ്പെട്ടവരായിരുന്നു. അവർ (മലക്കുകൾ) ചോദിക്കും: അല്ലാഹുവിന്റെ ഭൂമി വിശാലമായിരുന്നില്ലേ? നിങ്ങൾക്ക് സ്വദേശം വിട്ട് അതിൽ എവിടെയെങ്കിലും പോകാമായിരുന്നല്ലോ. എന്നാൽ അത്തരക്കാരുടെ വാസസ്ഥലം നരകമത്രെ. അതെത്ര ചീത്ത സങ്കേതം!"

എന്നാൽ യാതൊരു ഉപായവും സ്വീകരിക്കാൻ കഴിവില്ലാതെ, ഒരു രക്ഷാമാർഗവും കണ്ടെത്താനാകാതെ അടിച്ചൊതുക്കപ്പെട്ടവരായിക്കഴിയുന്ന പുരുഷൻമാരും സ്ത്രീകളും കുട്ടികളും ഇതിൽ നിന്നൊഴിവാകുന്നു. അത്തരക്കാർക്ക് അല്ലാഹു മാപ്പുനൽകിയേക്കാം. അല്ലാഹു അത്യധികം മാപ്പ് നൽകുന്നവനും ഏറെ പൊറുക്കുന്നവനുമാകുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ വല്ലവനും സ്വദേശം വെടിഞ്ഞ് പോ

കുന്ന പക്ഷം ഭൂമിയിൽ ധാരാളം അഭയസ്ഥാനങ്ങളും ജീവിതവിശാലതയും അവൻ കണ്ടെത്തുന്നതാണ്. വല്ലവനും തന്റെ വീട്ടിൽ നിന്ന് -സ്വദേശം വെടിഞ്ഞ് കൊണ്ട്- അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും ഇറങ്ങി പുറപ്പെടുകയും, അനന്തരം (വഴി മദ്ധ്യേ) മരണമവനെ പിടികൂടുകയും ചെയ്യുന്ന പക്ഷം അവന്നുള്ള പ്രതിഫലം അല്ലാഹുവിങ്കൽ സ്ഥിരപ്പെട്ടു കഴിഞ്ഞു. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.” (4:97-100)

വിടവാങ്ങുക, ഉപേക്ഷിക്കുക, കയ്യൊഴിയുക, പരിത്യജിക്കുക, വേർപെടുക, നിരാകരിക്കുക, സ്ഥലം വിടുക തുടങ്ങിയ അർഥങ്ങളിൽ പ്രയോഗിക്കപ്പെടുന്ന ഹാ, ജീം, റാ എന്നീ അക്ഷരത്രയങ്ങളിൽനിന്ന് നിഷ്പന്നമായ ‘ഹിജ്റ’യെന്ന പദമാണ് പലായനം എന്ന് പരിഭാഷപ്പെടുത്തപ്പെടാറുള്ളത്. സ്വദേശം വെടിഞ്ഞുപോകുന്നതിനും തെറ്റുകൾ വെടിഞ്ഞ് വിശുദ്ധമാകുന്നതിനും പൈശാചിക പാതവെടിഞ്ഞ് സത്യമാർഗത്തിലെത്തിച്ചേരുന്നതിനുമെല്ലാം ‘ഹിജ്റ’യെന്ന് പറയാവുന്നതാണ്. ‘തെറ്റുകളും പാപങ്ങളും ഉപേക്ഷിക്കുന്നവനാണ് മുഹാജിർ’ (പലായനം ചെയ്യുന്നവൻ)[5] എന്ന് പ്രവാചകൻ ﷺ പറഞ്ഞത് ഈ അർഥങ്ങളെയെല്ലാം ദ്യോതിപ്പിച്ചുകൊണ്ടാണ്. പാപങ്ങൾ വെടിയുകയും നന്മകളിൽ വ്യാപൃതരാവുകയും ചെയ്യുകയെന്ന ഹിജ്റ ചെയ്യേണ്ടവനാണ് ഓരോ മുസ്‌ലിമും. പൈശാചികപാത വെടിഞ്ഞ് സത്യമാർഗത്തിലെത്തിച്ചേർന്ന ഒരാൾക്ക് തന്റെ സത്യമെന്ന് തിരിച്ചറിഞ്ഞ ആദർശപ്രകാരം ജീവിക്കാനാവാതിരിക്കുന്ന സാഹചര്യമുണ്ടാകുമ്പോഴാണ് അയാൾ സ്വന്തം നാട്ടിൽ നിന്ന് പലായനം ചെയ്യുന്നത്. മാനസികമായ ഹിജ്റയിൽനിന്നാണ് ശാരീരികമായ ഹിജ്റയുണ്ടാവുന്നത്. പൈശാചിക പ്രലോഭനങ്ങളിൽനിന്ന് രക്ഷപ്പെടുകയെന്ന മാനസികമായ ഹിജ്റ ചെയ്യാത്തവർ ശാരീരിക ഹിജ്റ ചെയ്യുന്നതുകൊണ്ട് കാര്യമൊന്നുമില്ലെന്ന് പ്രവാചകൻ ﷺ പഠിപ്പിച്ചിട്ടുണ്ട്.

ഉമറുബ്നുൽ ഖത്ത്വാബിൽ നിന്ന്: നബി പറയുന്നത് ഞാൻ കേട്ടു: പ്രവർത്തനങ്ങൾ ഉദ്ദേശ്യങ്ങൾക്കനുസരിച്ചാണ് (പ്രതിഫലാർഹമാവുക) ഓരോ മനുഷ്യനും അവനിദ്ദേശിച്ചത് ലഭിക്കും. ഭൗതിക നേട്ടത്തിനോ ഏതെങ്കിലും സ്ത്രീയെ വിവാഹം ചെയ്യാനോ ആണ് ആരുടെയെങ്കിലും ഹിജ്റയെങ്കിൽ അവനതാണ് ലഭിക്കുക.[6]

സത്യമതത്തിന്റെ നിർദേശങ്ങളനുസരിച്ച് ജീവിക്കുന്നതിനും പ്രബോധനം ചെയ്യുന്നതിനും വേണ്ടി സ്വദേശം വെടിഞ്ഞുപോകുന്നത് വളരെ വലിയ ത്യാഗമാണ്. ജനിച്ചുവളർന്ന നാടും പിച്ചവെച്ചുവളർന്ന മണ്ണും താലോലിച്ച് വളർത്തിയ ബന്ധുമിത്രാദികളെയും അധ്വാനിച്ചുണ്ടാക്കിയ സമ്പാദ്യവുമെല്ലാം വെടിഞ്ഞ് ആദർശജീവിതത്തിനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി മാത്രമായുള്ള പലായനമെന്ന അല്ലാഹുവിന്റെ മാർഗത്തിലുള്ള ത്യാഗത്തിന് ഉന്നതമായ പ്രതിഫലമുണ്ടെന്ന് ക്വുർആൻ വ്യക്തമാക്കുന്നുണ്ട്.

**പൈശാചികപാത വെടിഞ്ഞ് സത്യമാർഗത്തിലെത്തിച്ചേർന്ന ഒരാൾക്ക് തന്റെ സത്യമെന്ന് തിരിച്ചറിഞ്ഞ ആദർശപ്രകാരം ജീവിക്കാനാവാതിരിക്കുന്ന സാഹചര്യമുണ്ടാകുമ്പോഴാണ് അയാൾ സ്വന്തം നാട്ടിൽ നിന്ന് പലായനം ചെയ്യുന്നത്. മാനസികമായ ഹിജ്റയിൽനിന്നാണ് ശാരീരികമായ ഹിജ്റയുണ്ടാവുന്നത്. പൈശാചിക പ്രലോഭനങ്ങളിൽനിന്ന് രക്ഷപ്പെടുകയെന്ന മാനസികമായ ഹിജ്റ ചെയ്യാത്തവർ ശാരീരിക ഹിജ്റ ചെയ്യുന്നതുകൊണ്ട് കാര്യമൊന്നുമില്ലെന്ന് പ്രവാചകൻ ﷺ പഠിപ്പിച്ചിട്ടുണ്ട്.**

“വിശ്വസിക്കുകയും സ്വദേശം വെടിയുകയും തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്തവർ അല്ലാഹുവിങ്കൽ ഏറ്റവും മഹത്തായ പദവിയുള്ളവരാണ്. അവർ തന്നെയാണ് വിജയം പ്രാപിച്ചവർ. അവർക്ക് അവരുടെ രക്ഷിതാവ് അവന്റെ പക്കൽ നിന്നുള്ള കാരുണ്യത്തെയും പ്രീതിയെയും സ്വർഗത്തോപ്പുകളെയും പറ്റി സന്തോഷവാർത്ത അറിയിക്കുന്നു. അവർക്ക് അവിടെ ശാശ്വതമായ സുഖാനുഭവമാണുള്ളത്. അവരതിൽ നിത്യവാസികളായിരിക്കും. തീർച്ചയായും അല്ലാഹുവിന്റെ അടുക്കലാണ് മഹത്തായ പ്രതിഫലമുള്ളത്.” (9:20-22)

“അല്ലാഹുവിന്റെ മാർഗത്തിൽ വല്ലവനും സ്വദേശം വെടിഞ്ഞ് പോകുന്ന പക്ഷം ഭൂമിയിൽ ധാരാളം അഭയസ്ഥാനങ്ങളും ജീവിതവിശാലതയും അവൻ കണ്ടെത്തുന്നതാണ്. വല്ലവനും തന്റെ വീട്ടിൽ നിന്ന് - സ്വദേശം വെടിഞ്ഞ് കൊണ്ട് - അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും ഇറങ്ങി പുറപ്പെടുകയും, അനന്തരം (വഴി മദ്ധ്യേ) മരണമവനെ പിടികൂടുകയും ചെയ്യുന്ന പക്ഷം അവന്നുള്ള പ്രതിഫലം അല്ലാഹുവിങ്കൽ സ്ഥിരപ്പെട്ടു കഴിഞ്ഞു. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.” (4:100)

സ്വർഗപ്രാപ്തിയെന്ന ലക്ഷ്യവും ആദർശജീവിതം നയിക്കുവാൻ അവസരമുണ്ടാകണമെന്ന ആഗ്രഹവും മാത്രമാണ് മുസ്‌ലിമിന്റെ പലായനത്തിന് പിന്നിലുള്ളത്. സ്വാർഥമായ താൽപര്യങ്ങൾക്കോ ഭൗതികമായ ലക്ഷ്യങ്ങൾക്കോ വേണ്ടിയുള്ള പലായനം ചിലപ്പോൾ പ്രസ്തുത ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ പ്രയോജനീഭവിക്കാമെങ്കിലും അത് അല്ലാഹുവിന്റെ മാർഗത്തിലുള്ള ഹിജ്റയാവുകയില്ലെന്നും ആത്യന്തികമായി അത് നന്മയ്ക്ക് നിമിത്തമാകുകയില്ലെന്നുമാണ് പ്രവാചകൻ ﷺ പഠിപ്പിച്ചത്. ഭൗതികമായ ഒരു സാമ്രാജ്യ സ്ഥാപനമായിരുന്നു മുഹമ്മദ് നബി ﷺ യുടെ ഹിജ്റക്കുപിന്നിലുള്ള ലക്ഷ്യമെന്ന് വിമർശിക്കുന്നവർ നബി ദൗത്യത്തെക്കുറിച്ച് വിവരമില്ലാത്തവരാണ്. പ്രവാചകത്വം വാദിച്ചതുതന്നെ അറബികൾക്കുമേലുള്ള അധീശത്വത്തിന് വേണ്ടിയായിരുന്നുവെന്ന് വാദിക്കുന്നവരാണ് മുഹമ്മദ് നബി ﷺ യുടെ ഹിജ്റക്കുപിന്നിലും സാമ്രാജ്യസ്ഥാപനമെന്ന ലക്ഷ്യമുണ്ടായിരുന്നുവെന്ന് സമർഥിക്കാൻ ശ്രമിക്കുന്നത്. ദൈവികബോധനങ്ങൾ പ്രകാരമുള്ള ജീവിതത്തിനും അത് പ്രബോധനം ചെയ്യുന്നതിനുമുള്ള സ്വാതന്ത്ര്യമുണ്ടാവുകയെന്നതിൽ കവിഞ്ഞ ലക്ഷ്യങ്ങളെന്തെങ്കിലും ഹിജ്റക്ക് പിന്നിലുണ്ടായിരുന്നുവെന്ന് സ്ഥാപിക്കുവാൻ വിമർശകരുടെ പക്കൽ തെളിവുകളൊന്നും തന്നെയില്ല. ഹിജ്റക്ക് മുമ്പുള്ള സംഭവങ്ങളെ സൂക്ഷ്മമായി അപഗ്രഥിക്കുകയും തലനാരിഴ കീറി പരിശോധിക്കുകയും ചെയ്താൽപോലും നബി ﷺ യുടെ പലായനത്തിന് പിന്നിൽ സ്വാർഥമായ വല്ല ലക്ഷ്യവുമുണ്ടായിരുന്നുവെന്ന് സ്ഥാപിക്കുവാനാവശ്യമായ തെളിവുകളൊന്നും ലഭിക്കുകയില്ലെന്നുറപ്പാണ്.

# അബ്സീനിയ

## ആദ്യ ഹിജ്റയുടെ പാഠങ്ങൾ

നബിﷺയുടെ മക്കാ ജീവിതത്തിനിടയിൽ നടന്ന, അനുചരന്മാരുടെ രണ്ട് പലായനങ്ങളുടെ തുടർച്ചതന്നെയായിരുന്നു അദ്ദേഹത്തിന്റെയും സ്വഹാബിമാരുടെയും മദീനാ പലായനമെന്നുമുള്ളതാണ് വാസ്തവം. പ്രവാചകത്വത്തിന്റെ ആറാം വർഷത്തിലെ റജബ് മാസത്തിൽ പതിനൊന്ന് പുരുഷൻമാരും നാല് സ്ത്രീകളുമടങ്ങുന്ന മുസ്‌ലിംകളുടെ ആദ്യസംഘം അഭയാർഥികളായി അബ്സീനിയയിലേക്ക് പലായനം ചെയ്യുന്നത് മുതൽ ആരംഭിക്കുന്നു ഹിജ്റയുടെ ചരിത്രം.[7] മക്കയിലെ പീഡനങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനായാണ് അവർ അബ്സീനിയയിലേക്ക് പോയത്. ഏറെ ക്രൂരമായി പീഡിപ്പിക്കപ്പെട്ടിരുന്ന അടിമകൾക്ക് യജമാനൻമാരുടെ കണ്ണുവെട്ടിച്ച് ഓടിപ്പോവുക പ്രയാസകരമായതുകൊണ്ടാവാം ആദ്യത്തെ പലായന സംഘത്തിലുണ്ടായിരുന്നത് പ്രധാനമായും ഖുറൈശീ ഗോത്രത്തിൽനിന്ന് ഇസ്‌ലാം സ്വീകരിച്ചവരും അവരുടെ ഭാര്യമാരുമായിരുന്നു. തന്റെ മകളായ റുഖിയ്യ(റ)യെയും ഭർത്താവായിരുന്ന അവരടെ ഉഥ്മാനു ബ്നു അഫ്ഫാനെ(റ)യുമാണ് പ്രവാചകൻ ﷺ ആദ്യമായി പലായനത്തിന് പറഞ്ഞയച്ചത്. അവരെപ്പറ്റി പ്രവാചകൻﷺ ഇങ്ങനെ പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്: 'ലൂത് നബി(അ)ക്കുശേഷം സ്വന്തം കുടുംബത്തോടൊപ്പം ആദ്യമായി പലായനം ചെയ്തത് ഉഥ്മാനാണ്'.[8] ആദർശജീവിതത്തിലേക്ക്, സ്വന്തമായതെല്ലാം ഉപേക്ഷിച്ചുകൊണ്ട് പലായനം ചെയ്യാൻ പ്രവാചകൻﷺ മുന്നിൽ നടത്തിയത് സ്വന്തം പുത്രിയെയും പുത്രീഭർത്താവിനെയുമായിരുന്നു.

ഉഥ്മാനുബ്നു മദ്ഊനിന്റെ(റ) നേതൃത്വത്തിൽ[9] അബ്സീനിയയിലേക്ക് പലായനം ചെയ്ത ആദ്യസംഘം ഏറെ താമസിയാതെ ആ വർഷം ശവ്വാലിൽതന്നെ മക്കയിലേക്ക് തിരിച്ചുവന്നത് തങ്ങളുടെ നാട്ടിൽതന്നെ മുസ്‌ലിമായി ജീവിക്കുവാനുള്ള സാഹചര്യമുണ്ടായിട്ടുണ്ടെന്ന് തെറ്റായി മനസ്സിലാക്കിയതിനാലായിരുന്നു. ഉമറി(റ)ന്റെയും



ഹംസ(റ)യുടെയും ഇസ്‌ലാം ആശ്ലേഷണത്തെക്കുറിച്ചറിഞ്ഞ അവർ അതുവഴി മക്കയിൽ സ്വസ്ഥമായി ആദർശജീവിതം നയിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ടായിട്ടുണ്ടെന്ന് തെറ്റിദ്ധരിക്കുകയായിരുന്നു. ദൈവികബോധന പ്രകാരം ജീവിക്കുകയും അത് പ്രബോധിപ്പിക്കുകയും ചെയ്യാനുള്ള സ്വാതന്ത്ര്യം ജന്മനാട്ടിൽ ഒരുങ്ങിയിട്ടുണ്ടെന്ന് കരുതി മക്കയിൽ തിരിച്ചെത്തിയ അവരെ സ്വാഗതം ചെയ്തത് മുസ്‌ലിംകൾക്കെതിരെ ബഹുദൈവാരാധകർ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്ന ക്രൂരമായ പീഡനങ്ങളെക്കുറിച്ച വർധമാനമായ വാർത്തകളായിരുന്നു. തങ്ങൾ സത്യമെന്ന് മനസ്സിലാക്കിയ ആദർശമുൾക്കൊണ്ട് ജീവിക്കുവാൻ സ്വദേശത്ത് സാഹചര്യമൊരുങ്ങിയിട്ടുണ്ടെന്ന് മനസ്സിലാക്കിയ ഉടനെ സന്തോഷത്തോടെ ജന്മനാട്ടിലേക്ക് തിരിച്ച അബ്സീനിയർ മുഹാജിറുകളുടെ നടപടിയിൽനിന്ന് അവരുടെ പലായനത്തിന്റെ ലക്ഷ്യമെന്തായിരുന്നുവെന്ന് വ്യക്തമാവുന്നുണ്ട്. ആദർശ ജീവിതത്തിനുള്ള സ്വാതന്ത്ര്യം നേടിയെടുക്കുകയെന്നതിൽ കവിഞ്ഞ ലക്ഷ്യങ്ങളൊന്നും തന്നെ അവർക്കുണ്ടായിരുന്നില്ലെന്ന് സ്പഷ്ടം. ഇതുതന്നെയായിരുന്നു പിന്നീട് നടന്ന പലായനങ്ങളുടെയും ലക്ഷ്യം.

തങ്ങൾ കരുതിയത് പോലെ മക്കയിൽ മതസ്വാതന്ത്ര്യമുള്ള അവസ്ഥ സംജാതമായിട്ടില്ലെന്ന് മനസ്സിലാക്കിയപ്പോഴാണ് അബ്സീനിയയിൽനിന്ന് തിരിച്ചെത്തിയവർ വീണ്ടും അവിടേക്ക് തന്നെ പലായനം ചെയ്തത്. എൺപതിലധികം പുരുഷൻമാരും പത്തൊൻപത് സ്ത്രീകളുമടങ്ങുന്ന[10] താരതമ്യേന വലിയ രണ്ടാമത്തെ പലായനസംഘത്തെ ക്രൈസ്തവ ഭരണാധികാരിയായിരുന്ന നജ്ജാശിയുടെ നാട്ടിലേക്ക് നബി(സ) പറഞ്ഞയച്ചതും സ്രഷ്ടാവിനെ മാത്രം ആരാധിച്ച് ജീവിക്കുകയും അവന്റെ നിയമനിർദേശങ്ങൾ അനുസരിക്കുകയും ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടിയായിരുന്നു. അബ്സീനിയയിലേക്ക് പലായനം ചെയ്യാൻ പ്രചോദിപ്പിച്ചുകൊണ്ടുള്ള പ്രവാചക നിർദേശത്തിൽനിന്ന് ഇക്കാര്യം സുതരാം വ്യക്തമാകുന്നുണ്ട്. മക്കാ മുശ്‌രിക്കുകളുടെ അക്രമങ്ങളാൽ പൊറുതിമുട്ടിയിരുന്ന തന്റെ അനുചരൻമാരോട് പ്രവാചകൻ(സ) പറഞ്ഞതായി, അബ്സീനിയൻ പലായനത്തിൽ പങ്കെടുത്ത, പിന്നീട് പ്രവാചക പത്നിയായിത്തീർന്ന ഉമ്മുസൽമ(റ) നിവേദനം ചെയ്യുന്നു: 'ആരെയും അക്രമിക്കുകയോ അടിച്ചമർത്തുകയോ ചെയ്യാത്ത ഒരു രാജാവാണ് അബ്സീനിയൻ പ്രദേശങ്ങൾ ഭരിക്കുന്നത്. അതിനാൽ നിങ്ങൾ അങ്ങോട്ട് പോവുകയും അദ്ദേഹത്തിന്റെ പ്രദേശങ്ങളിൽ അഭയം തേടുകയും ചെയ്യുക; ഇപ്പോഴുള്ള അവസ്ഥയ്ക്ക് അല്ലാഹു ഒരു മാറ്റമുണ്ടാക്കുന്നതും നമുക്ക് മറ്റൊരു മാർഗമുണ്ടാവുന്നതുംവരെ'.[11]

മക്കയ്ക്ക് ചുറ്റും നിരവധി സ്ഥലങ്ങളുണ്ടായിട്ടും തന്റെ അനുചരൻമാരെ എന്തുകൊണ്ടാണ് പ്രവാചകൻ (സ) അവിടങ്ങളിലേക്കൊന്നും പറഞ്ഞയക്കാതെ അബ്സീനിയതന്നെ തെരഞ്ഞെടുത്തതെന്ന ചോദ്യത്തിനുള്ള ഉത്തരം ഉമ്മുസൽമ(റ) നിവേദനം ചെയ്ത ഹദീഥിലുണ്ട്. 'ആരെയും അക്രമിക്കുകയോ അടിച്ചമർത്തുകയോ ചെയ്യാത്ത ഒരു രാജാവാണ് അബ്സീനിയ ഭരിക്കുന്നത്'. നജ്ജാശിയുടെ നാടിനെക്കുറിച്ച് പ്രവാചകന് ചെറുപ്പത്തിലേ വിവരമുണ്ടായിരുന്നുവെന്ന് വേണം മനസ്സിലാക്കുവാൻ. ചെറുപ്പത്തിൽ അദ്ദേഹത്തെ പോറ്റിവളർത്തിയ നബി(സ)യുടെ പിതാവായ അബ്ദുല്ല അബ്സീനിയയിൽനിന്ന് കൊണ്ടുവന്ന അടിമസ്ത്രീയായ ഉമ്മു അയ്മനിൽ[12] (റ)നിന്ന് അവരുടെ നാടിനെക്കുറിച്ച വിവരങ്ങൾ നബി(സ) മനസ്സിലാക്കിയിരിക്കണം. അബ്സീനിയയിലേക്ക് കച്ചവടത്തിന് പോയ മക്കക്കാരിൽനിന്ന് അവിടുത്തെ രാജാവിന്റെ നീതിനിഷ്ഠയെയും മാന്യതയെയുംകുറിച്ച് മനസ്സിലാക്കിയതിൽ നിന്നാവണം അദ്ദേഹം മുസ്‌ലിംകളെ സ്വീകരിക്കുകയും അവരുടെ മതമനുസരിച്ച് ജീവിക്കാൻ അനുവദിക്കുകയും ചെയ്യുമെന്ന് പ്രവാചകൻ(സ) കരുതിയത്. അദ്ദേഹത്തിന്റെ നിഗമനം തെറ്റിയിട്ടില്ലെന്ന് അബ്സീനിയയിൽ മുസ്‌ലിംകൾക്ക് ലഭിച്ച സ്വീകരണം തെളിയിക്കുകയും ചെയ്തു. 'ഞങ്ങൾക്ക് അവിടെ ചെന്നപ്പോൾ നല്ല സ്വീകരണം ലഭിക്കുകയും നല്ല അയൽക്കാരെ കിട്ടുകയും ചെയ്തു. ഞങ്ങളുടെ മതത്തിന്റെ കാര്യത്തിൽ ശാന്തി അനുഭവിക്കുകയും പീഡനങ്ങളില്ലാത്ത സ്ഥിതി സംജാതമാവുകയും ചെയ്തു'വെന്ന ഉമ്മുസൽമ(റ)യുടെ വാക്കുകൾ[13] മുസ്‌ലിംകൾക്ക് അബ്സീനിയയിൽ ലഭിച്ച സ്വീകാര്യതയെ വെളിപ്പെടുത്തുന്നുണ്ട്.

**പിറന്ന നാടും പിച്ചവെച്ചു നടന്ന മണ്ണും ആദർശ ജീവിതത്തിനുവേണ്ടി ഉപേക്ഷിക്കുന്നതാണ് പലായനമെന്ന ത്യാഗം. പീഡനങ്ങളുടെ നെരിപ്പോടിൽ ജീവിക്കേണ്ടിവരുന്ന സാഹചര്യങ്ങളാണെങ്കിൽപോലും ആദർശ ജീവിതത്തിൽ വിട്ടുവീഴ്ച പാടില്ലെന്നും അനിവാര്യമായ സാഹചര്യങ്ങളിൽ സ്വന്തം നാടുപേക്ഷിച്ച് പോകേണ്ടിവന്നാൽപോലും ഏകദൈവാരാധനയിൽ ഉറച്ചുനിൽക്കണമെന്നുമുള്ള പാഠങ്ങളാണ് ഹിജ്റ നൽകുന്നത്.**

പീഡനങ്ങളും പ്രയാസങ്ങളും അധികരിച്ചപ്പോൾ അവയിൽനിന്ന് രക്ഷപ്പെടാൻ പ്രവാചകൻ(സ) നിർദേശിച്ചത് ജീവിക്കുന്ന നാട്ടിൽ കലാപങ്ങളും കുഴപ്പങ്ങളുമുണ്ടാക്കി, അവിടെയുള്ളവരെ ഭീഷണിപ്പെടുത്തിക്കൊണ്ട് തങ്ങളുദ്ദേശിക്കുന്ന കാര്യം നേടുകയെന്ന മാർഗമല്ല, പ്രത്യുത ആദർശമനുസരിച്ച് ജീവിക്കുവാനാകുന്ന ഏതെങ്കിലുമൊരു സ്ഥലമുണ്ടെങ്കിൽ അവിടെ പോയി ജീവിക്കുകയും ആശയപ്രബോധനം നടത്തുകയും ചെയ്യുകയാണെന്ന വസ്തുത വ്യക്തമാക്കുന്നതാണ് അബ്സീനിയയിലേക്ക് പലായനം ചെയ്യുവാനുള്ള നബിനിർദേശങ്ങൾ. എൺപതിലധികം പുരുഷൻമാരും അവർക്ക് നേതൃത്വം നൽകാനാവുന്ന ഉമറിനെയും(റ) ഹംസയെയും(റ) പോലെയുള്ള ശക്തരും ധൈര്യശാലികളുമായ പ്രമുഖരും ആദർശത്തിനായി എന്തുതരം ത്യാഗങ്ങളും സഹിക്കാനാകുമെന്ന് തെളിയിച്ച ബിലാലിനെ(റ) പോലെയുള്ള മഹത്തുക്കളും തനിക്ക് ചുറ്റുമുണ്ടായിരുന്നിട്ടും മക്കയിൽ തന്നെയും അനുയായികളെയും പീഡിപ്പിക്കുന്നവർക്കെതിരെ ശക്തമായ ഒരു കലാപമഴിച്ചുവിട്ട് പീഡനത്തിന്റെ ചങ്ങലയറുക്കുവാനല്ല, പ്രത്യുത പീഡനങ്ങളില്ലാത്ത അയൽ ദേശത്തേക്ക് കുടിയേറുവാനാണ് പ്രവാചകൻ(സ) നിർദേശിച്ചതെന്ന വസ്തുത കലാപകാരിയായിരുന്നു മുഹമ്മദെന്നും(സ) മക്കയിൽവെച്ച് അവസരമില്ലാത്തതുകൊണ്ടാണ് അദ്ദേഹം

കലാപങ്ങളുടെ കെട്ടഴിക്കാതിരുന്നതെന്നും വിമർശിക്കുന്നവർക്ക് മറുപടി നൽകുന്നതാണ്. കലാപമുണ്ടാക്കി കലുഷിതമായ സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കുകയും അതിൽനിന്ന് തന്റെ താൽപര്യങ്ങൾ സംരക്ഷിക്കുകയുമല്ല, പ്രത്യുത സമാധാനത്തോടെ ദൈവികമതമനുസരിച്ച് ജീവിക്കുകയും അത് പ്രബോധിക്കുകയും ചെയ്യാനാവശ്യമായ സാഹചര്യം സൃഷ്ടിക്കുകയുമായിരുന്നു പ്രവാചകന്റെ ലക്ഷ്യം. മക്കയിലെ നിലവിലുള്ള സാമൂഹ്യ സാഹചര്യത്തിൽ ഗോത്രങ്ങളുടെ സംരക്ഷണത്തിന്റെ തണലിൽ താനും അത് ലഭിച്ച സ്വഹാബികളും നിലയുറപ്പിക്കുകയും ആദർശജീവിതവും പ്രബോധനവും നിർവഹിച്ചുകൊണ്ട് മുന്നോട്ട് പോവുകയും ചെയ്തുകൊണ്ടിരുന്നപ്പോൾതന്നെ, പ്രസ്തുത സംരക്ഷണം ലഭിക്കാത്തവരെ മതപീഡനമില്ലാത്ത അയൽനാട്ടിലേക്ക് പോകാൻ പ്രചോദിപ്പിക്കുകയും അവിടേക്ക് പറഞ്ഞയക്കുകയും ചെയ്ത പ്രവാചകനിൽﷺ ശാന്തമായി വിശുദ്ധജീവിതം നയിക്കുകയും അത് പ്രബോധിപ്പിക്കുകയും ചെയ്യാൻ അഭിവാഞ്ചയുള്ള ഒരു സാമൂഹ്യ പരിഷ്കർത്താവിനെയാണ് ആർക്കും കാണാനാവുക.

മുസ്‌ലിം എവിടെയായിരുന്നാലും അവൻ പ്രബോധകനായിരിക്കുമെന്ന വസ്തുത വെളിപ്പെടുത്തുന്നതായിരുന്നു അബ്സീനിയയിലെ അവരുടെ ജീവിതം. തങ്ങൾക്ക് അഭയം നൽകിയ നജ്ജാശിയുടെ കൊട്ടാരത്തിൽവെച്ചുപോലും സത്യദീനിന്റെ സന്ദേശങ്ങൾ ഉറക്കെ പറയുകയും അതുവഴി രാജാവിന്റെ മനസ്സുമാറ്റുവാൻ കഴിയുകയും ചെയ്തു പലായനം ചെയ്തെത്തിയ മുസ്‌ലിംകൾക്ക്. നജ്ജാശിയുടെ മതംമാറ്റത്തിലേക്ക് നയിച്ച സംഭവങ്ങളെപ്പറ്റി വളരെ വിശദമായി ഉമ്മുസൽമؓ വിവരിക്കുന്നുണ്ട്. അതിന്റെ സംക്ഷിപ്തം ഇങ്ങനെയാണ്: 'അബ്സീനിയയിൽ സമാധാനത്തോടെ ജീവിച്ചിരുന്ന മുസ്‌ലിംകളെ അവിടെനിന്ന് പുറത്താക്കണമെന്ന് നജ്ജാശിയോട് അഭ്യർഥിക്കുവാനായി തങ്ങളിലെ മിടുക്കും പാടവവുമുള്ള അംറുബ്നുൽ ആസിനെയും അബ്ദുല്ലാഹിബ്നു അബീറബീഅഃയെയുമാണ് ഖുറൈശികൾ നിയോഗിച്ചത്. വിലയേറിയ സമ്മാനങ്ങളുമായെത്തിയ അവർ ആദ്യം മന്ത്രിമാരെയും പുരോഹിതൻമാരെയും സന്ദർശിക്കുകയും സമ്മാനങ്ങൾ നൽകി തങ്ങൾക്കനുകൂലമായി സംസാരിക്കണമെന്ന് വ്യവസ്ഥയുണ്ടാക്കുകയും ചെയ്തു. അതിനുശേഷം നജ്ജാശിക്കുമുന്നിൽ ആകർഷകങ്ങളായ സമ്മാനങ്ങൾ സമർപ്പിച്ചുകൊണ്ട് അവർ പറഞ്ഞു: 'രാജാവേ, ഞങ്ങൾക്കിടയിലുള്ള ചില അറിവില്ലാത്ത ചെറുപ്പക്കാർ നിങ്ങളുടെ നാട്ടിലേക്ക് പലായനം ചെയ്ത് എത്തിയിട്ടുണ്ട്. ഞങ്ങളുടെ മതം അവർ കയ്യൊഴിച്ചിരിക്കുന്നു; താങ്കളുടെ മതം അവർ സ്വീകരിച്ചിട്ടുമില്ല. നമുക്കൊന്നും പരിചയമില്ലാത്ത ഒരു പുതിയ മതവുമായി വന്ന അവരെ തിരിച്ചുകൊണ്ടുപോകുവാൻ ഞങ്ങളിലെ പ്രധാനികൾ ഞങ്ങളെ ഏൽപിച്ചിരിക്കുന്നു; ഇവരുടെ പിതാക്കളും പിതൃവ്യൻമാരുമായ അവർക്കാണല്ലോ ഇവരെപ്പറ്റി നന്നായറിയുക. അതിനാൽ അവരെ കൊണ്ടുപോകുവാൻ ഞങ്ങളെ അനുവദിച്ചാലും!' മന്ത്രിമാരും പുരോഹിതൻമാരും അവരുടെ ആവശ്യം അംഗീകരിച്ചുകൊണ്ട് സംസാരിക്കുകയും അഭയാർഥികളായി എത്തിയ മുസ്‌ലിംകളെ അവർക്ക് വിട്ടുകൊടുക്കണമെന്ന് നിർദേശിക്കുകയും ചെയ്തപ്പോൾ രാജാവ് കോപാകുലനാവുകയും തന്റെ നാട്ടിൽ അഭയാർഥികളായി എത്തിയവരെ പുറത്താക്കണമെങ്കിൽ അതിന് തക്കതായ കാരണങ്ങൾ വേണമെന്ന് നിഷ്കർഷിക്കുകയും മുസ്‌ലിംകളുമായി സംസാരിച്ച ശേഷം മാത്രമെ താനൊരു തീരുമാനമെടുക്കുകയുള്ളൂവെന്ന് വ്യക്തമാക്കുകയും ചെയ്തു. രാജാവിന്റെ ക്ഷണം സ്വീകരിച്ച് കൊട്ടാരത്തിലെത്തിയ മുസ്‌ലിംകളെ നയിച്ചത് ജഅ്ഫറുബ്നു അബീത്വാലിബായിരുന്നുؓ.

രാജാവ് ചോദിച്ചു: 'എന്റെയോ മറ്റ് സമൂഹങ്ങളുടെയോ മതങ്ങളിൽനിന്ന് വ്യത്യസ്തമായി നിങ്ങൾ സ്വീകരിച്ച മതമേതാണ്?'

ജഅ്ഫർؓ പറഞ്ഞു: 'രാജാവേ... ഞങ്ങൾ വിവരമില്ലാത്തവരായിരുന്നു; വിഗ്രഹങ്ങളെ പൂജിക്കുകയും ശവങ്ങൾ തിന്നുകയും നീചവൃത്തികൾ ചെയ്യുകയും ദുർവൃത്തികളിലേർപ്പെടുകയും കുടുംബബന്ധങ്ങൾ മുറിക്കുകയും അയൽക്കാരോട് മോശമായി പെരുമാറുകയും ചെയ്യുന്നവർ! ഞങ്ങളിലെ ശക്തൻ ദുർബലരെ ചൂഷണം ചെയ്തായിരുന്നു ജീവിച്ചിരുന്നത്. അങ്ങനെയിരിക്കെയാണ് അല്ലാഹു ഞങ്ങളിലേക്ക് ഒരു ദൂതനെ നിയോഗിച്ചത്. അദ്ദേഹത്തിന്റെ കുടുംബപാരമ്പര്യവും സത്യസന്ധതയും വിശ്വസ്തതയും വിശുദ്ധിയുമെല്ലാം ഞങ്ങൾക്ക് അറിയാവുന്നതാണ്. അദ്ദേഹം ഞങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിച്ചു. അവന്റെ ഏകത്വത്തിൽ വിശ്വസിക്കണമെന്നും അവനെ മാത്രം ആരാധിക്കണമെന്നും ഞങ്ങളെ പഠിപ്പിച്ചു. ഞങ്ങളും ഞങ്ങളുടെ പിതാക്കളും ആരാധിച്ചിരുന്ന പ്രതിമകളെയും കല്ലുകളെയും ഉപേക്ഷിക്കുവാൻ ഞങ്ങളോട് ആവശ്യപ്പെട്ടു. സത്യസന്ധരാകുവാനും വിശ്വസ്തത പാലിക്കുവാനും കുടുംബബന്ധം ചേർക്കുവാനും അയൽക്കാരോട് നന്മയോടെ വർത്തിക്കുവാനും നിഷിദ്ധ കർമങ്ങളിൽനിന്ന് അകന്നുനിൽക്കുവാനും രക്തം ചിന്തുന്നതിൽനിന്ന് വിട്ടുനിൽക്കുവാനും അദ്ദേഹം ഞങ്ങളോട് കൽപിച്ചു. നീചവൃത്തികളും വ്യാജവർത്തമാനങ്ങളും അനാഥയുടെ സ്വത്ത് അനർഹമായി തിന്നലും സദ്വൃത്തകളുടെ പേരിലുള്ള അപവാദപ്രചരണവുമെല്ലാം അദ്ദേഹം നിരോധിച്ചു. അല്ലാഹുവെ മാത്രം ആരാധിക്കണമെന്നും അവനോട് യാതൊന്നിനെയും പങ്കുചേർക്കരു



തെന്നും അദ്ദേഹം നിഷ്കർഷിച്ചു. നമസ്കാരം, നോമ്പ്, സകാത്ത് എന്നിവകൊണ്ടും അദ്ദേഹം കൽപിച്ചു.'

ഇസ്‌ലാമിക പാഠങ്ങൾ ഓരോന്നായി എണ്ണിപ്പറഞ്ഞുകൊടുത്തുകൊണ്ട് ജഅ്ഫർ ؓ തുടർന്നു: 'ഞങ്ങൾ അദ്ദേഹത്തെ സത്യപ്പെടുത്തുകയും വിശ്വസിക്കുകയും അദ്ദേഹം കൊണ്ടുവന്നത് പിൻതുടരുകയും ചെയ്തിരിക്കുന്നു. ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നു; അവനിൽ ആരെയും പങ്കുചേർക്കുന്നില്ല. അവൻ അനുവദിച്ചതെല്ലാം അനുവദിക്കുന്നു; വിലക്കിയതെല്ലാം വിലക്കുന്നു; അതോടെ ഞങ്ങളുടെ ജനത ഞങ്ങളെ എതിർക്കുവാനും പീഡിപ്പിക്കുവാനും തുടങ്ങി. മതത്തിന്റെ പേരിലായിരുന്നു പീഡനങ്ങൾ. ഞങ്ങളുടെ മതം ഉപേക്ഷിക്കുന്നതിനും അല്ലാഹുവിനെ ആരാധിക്കുന്നതിൽനിന്ന് വിഗ്രഹാരാധനയിലേക്ക് മടക്കുന്നതിനും മ്ലേഛതകൾ ചെയ്യിപ്പിക്കുന്നതിനും വേണ്ടി അവർ ഞങ്ങളെ മർദിക്കുകയും പീഡിപ്പിക്കുകയും ചെയ്തു. ഞങ്ങളുടെ മതപ്രകാരം ഞങ്ങളെ ജീവിക്കാനനുവദിക്കാതെ ജീവിതം ദുഃസ്സഹമായപ്പോഴാണ് ഞങ്ങൾ അങ്ങയുടെ നാട്ടിലേക്ക് പുറപ്പെട്ടത്. മറ്റുള്ളവരെക്കാൾ താങ്കളെ ഞങ്ങൾ തെരഞ്ഞെടുത്തിരിക്കുന്നു; താങ്കളോടൊപ്പം ജീവിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം; താങ്കളുടെയടുക്കൽ ഞങ്ങൾ അക്രമിക്കപ്പെടില്ലെന്നാണ് ഞങ്ങളുടെ പ്രത്യാശ.'

'അല്ലാഹുവിൽനിന്ന് അദ്ദേഹം കൊണ്ടുവന്ന വല്ലതും താങ്കളുടെ പക്കലുണ്ടോ?' നജ്ജാശി രാജാവ് ചോദിച്ചു.

'അതെ'യെന്ന് ജഅ്ഫർؓ മറുപടി പറഞ്ഞപ്പോൾ അത് പാരായണം ചെയ്യാൻ രാജാവ് ആവശ്യപ്പെട്ടു. ഖുർആനിലെ 19-ാം അധ്യായമായ സൂറത്തുൽ മർയമിലെ ആദ്യ വചനങ്ങൾ ജഅ്ഫർؓ പാരായണം ചെയ്തപ്പോൾ അതുകേട്ട് നജ്ജാശി രാജാവും പുരോഹിതന്മാരും കണ്ണുനീർ വാർക്കാൻ തുടങ്ങി. നജ്ജാശിയുടെ താടിരോമങ്ങൾ നനഞ്ഞു. പുരോഹിതന്മാർക്ക് മുമ്പിലുണ്ടായിരുന്ന ഏടുകളും കണ്ണുനീരിൽ കുതിർന്നു. നജ്ജാശി പറഞ്ഞു: 'അല്ലാഹുവാണ! ഈ വചനങ്ങളുടെയും മൂസ കൊണ്ടുവന്ന വചനങ്ങളുടെയും സ്രോതസ്സ് ഒന്നുതന്നെയാണ്. അല്ലാഹുവാണ! നിങ്ങൾക്ക് പോകാം. ഇവരെ ഞാൻ നിങ്ങൾക്ക് വിട്ടുതരില്ല. ഇവർ ഇനി പീഡിപ്പിക്കപ്പെടുകയോ മർദിക്കപ്പെടുകയോ ചെയ്യുകയില്ല.'

നജ്ജാശിയുടെ പ്രതികരണം തങ്ങൾക്ക് നിരാശാജനകമായിരുന്നുവെങ്കിലും ഖുറൈശീ പ്രതിനിധികൾ തങ്ങളുടെ ദൗത്യത്തിൽനിന്ന് പിൻമാറിയില്ല. പിറ്റേന്നും അംറുബ്നുൽ ആസ് രാജസദസ്സിലെത്തുകയും മർയമിന്റെ പുത്രൻ ഈശോയെക്കുറിച്ച് മുസ്‌ലിംകൾ കടുത്ത വാക്കുകളാണ് പറയുന്നതെന്ന് ആരോപിക്കുകയും അത് അവരെ വിളിച്ച് അന്വേഷിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. ജഅ്ഫറിؓനെ രാജസദസ്സിലേക്ക് വിളിച്ചുവരുത്തി ഇക്കാര്യത്തെക്കുറിച്ച് തിരക്കിയപ്പോൾ അദ്ദേഹം

**സത്യമതത്തിന്റെ നിർദേശങ്ങളനുസരിച്ച് ജീവിക്കുന്നതിനും പ്രബോധനം ചെയ്യുന്നതിനും വേണ്ടി സ്വദേശം വെടിഞ്ഞു പോകുന്നത് വളരെ വലിയ ത്യാഗമാണ്. ജനിച്ചുവളർന്ന നാടും പിച്ചവെച്ചുവളർന്ന മണ്ണും താലോലിച്ച് വളർത്തിയ ബന്ധുമിത്രാദികളെയും അധ്വാനിച്ചുണ്ടാക്കിയ സമ്പാദ്യവുമെല്ലാം വെടിഞ്ഞ് ആദർശജീവിതത്തിനുള്ള സ്വാതന്ത്ര്യത്തിനു വേണ്ടി മാത്രമായുള്ള പലായനമെന്ന അല്ലാഹുവിന്റെ മാർഗത്തിലുള്ള ത്യാഗത്തിന് ഉന്നതമായ പ്രതിഫലമുണ്ടെന്ന് ക്വുർആൻ വ്യക്തമാക്കുന്നുണ്ട്.**

പറഞ്ഞു: 'ഞങ്ങളുടെ പ്രവാചകൻ പറഞ്ഞുതന്നത് മാത്രമെ ഞങ്ങൾ ഈസായെപ്പറ്റി പറയുന്നുള്ളൂ. ഈശോ അല്ലാഹുവിന്റെ ദാസനും ദൂതനും അവൻ സൃഷ്ടിച്ച ഒരു ആത്മാവും കന്യകയും പതിവ്രതയുമായ മറിയമിലേക്ക് അല്ലാഹു നൽകിയ ഒരു വചനവുമാണ്.'

ഇത് ശ്രവിച്ച രാജാവ് നിലത്തുനിന്ന് ഒരു വടിയെടുത്തുകൊണ്ട് പറഞ്ഞു. 'നിങ്ങൾ പറഞ്ഞത് കൃത്യമാണ്. അതിൽനിന്ന് ഈശോ ഈ വടിയുടെയത്രപോലും തെറ്റിയിട്ടില്ല.'

ഇതുകേട്ടപ്പോൾ പുരോഹിതൻമാർ ബഹളമുണ്ടാക്കി. അവരോടായി രാജാവ് പറഞ്ഞു: 'നിങ്ങൾ എത്ര ബഹളമുണ്ടാക്കിയാലും സത്യമതാണ്.'

മുസ്‌ലിംകളോടായി രാജാവ് പറഞ്ഞു: 'നിങ്ങൾക്ക് പോകാം. എന്റെ നാട്ടിൽ നിങ്ങൾ സുരക്ഷിതരായിരിക്കും. നിങ്ങളെ ശകാരിക്കുന്നവർ ശിക്ഷിക്കപ്പെടും. നിങ്ങളെ ദ്രോഹിച്ചതുകൊണ്ട് എനിക്ക് സ്വർണത്തിന്റെ ഒരു മല തന്നെ ലഭിക്കുമെങ്കിലും ഞാൻ അത് ആഗ്രഹിക്കുന്നില്ല. അംറും അബ്ദുല്ലയും നൽകിയ പാരിതോഷികങ്ങൾ അവർക്കുതന്നെ തിരിച്ചുനൽകുക. അവ നമുക്കാവശ്യമില്ല. അല്ലാഹുവാണ, ഈ രാജഭരണം അല്ലാഹു എന്നെ ഏൽപിച്ചപ്പോൾ എന്നോട് കൈക്കൂലി വാങ്ങിയിട്ടില്ല. പിന്നെ ഞാനെങ്ങനെയാണ് കൈക്കൂലി വാങ്ങുക?'

അവർ രണ്ടുപേരും നിന്ദ്യരായി അവിടെനിന്ന് പോയി. അവർ നൽകിയ പാരിതോഷികങ്ങൾ അവർക്കുതന്നെ തിരിച്ചേൽപിക്കപ്പെട്ടു. ഞങ്ങൾ നജ്ജാശിയോടൊപ്പം അബ്സീനിയയിൽ ജീവിച്ചു. എത്ര നല്ല താമസസ്ഥലം! എത്രനല്ല അയൽക്കാർ!'[14]

നജ്ജാശി രാജാവ് ഇസ്‌ലാം സ്വീകരിച്ചുവെന്നും അദ്ദേഹം മരണപ്പെട്ടപ്പോൾ പ്രവാചകനും ﷺ അനുയായികളും മദീനയിൽവെച്ച് മയ്യിത്ത് നമസ്കരിച്ചുവെന്നും വ്യക്തമാക്കുന്ന ഹദീഥുകളുണ്ട്.

'അബൂഹുറയ്റയിൽ നിന്ന്: നജ്ജാശി മരണമടഞ്ഞ ദിവസം റസൂൽ ജനങ്ങളെ ആ വാർത്ത അറിയിച്ചു. പിന്നീട് അവരെയുംകൊണ്ട് നമസ്കാരസ്ഥലത്തേക്ക് പുറപ്പെടുകയും അവിടുന്ന് നാലു തക്ബീറുകൾ ചൊല്ലുകയും ചെയ്തു.'[15]

അബ്സീനിയയിലേക്ക് പലായനം ചെയ്ത മുസ്‌ലിംകൾ അവിടെ സമാധാനപൂർവം ജീവിക്കുകയും തങ്ങളിലേൽപിക്കപ്പെട്ട ഇസ്‌ലാമിക പ്രബോധനമെന്ന ദൗത്യം നിർവഹിച്ചുകൊണ്ടിരിക്കുകയും ചെയ്തുവെന്നാണ് ചരിത്രഗ്രന്ഥങ്ങളിലെ പരാമർശങ്ങളിൽനിന്ന് മനസ്സിലാകുന്നത്. അവരുടെ പ്രബോധനത്തിന്റെ ഫലമായിരുന്നുവല്ലോ രാഷ്ട്രനായകനായ നജ്ജാശിയുടെ ഇസ്‌ലാം സ്വീകരണം. ബഹുഭൂരിപക്ഷം ക്രൈസ്തവർ ജീവിക്കുന്ന അബ്സീനിയയെന്ന ക്രൈസ്തവരാജ്യത്ത് ജനങ്ങളുടെ കലാപവും പ്രതിഷേധവും ഭയന്ന് തന്റെ ഇസ്‌ലാം രഹസ്യമായിവെക്കുകയാണ് നജ്ജാശി ചെയ്തതെന്ന് ചരിത്രകാരൻമാർ പറയുന്നുണ്ടെങ്കിലും[16] അവി

ടെ നടന്ന ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങൾക്ക് അദ്ദേഹം സഹായകമായി വർത്തിച്ചുവെന്നുതന്നെയാണ് സംഭവവിവരണങ്ങളിൽനിന്ന് മനസ്സിലാകുന്നത്. മുസ്‌ലിംകളെ സഹായിക്കരുതെന്നും അവർക്ക് അഭയം നൽകരുതെന്നും നജ്ജാശിയോട് അഭ്യർഥിക്കുവാൻ ചെന്ന അംറുബ്നുൽ ആസ് ﷺ, പിൽക്കാലത്ത് ഇസ്‌ലാം സ്വീകരിച്ചത് നജ്ജാശിയിലൂടെയാണെന്ന് വ്യക്തമാക്കുന്ന ചരിത്രരേഖകളുണ്ട്. നജ്ജാശിയല്ല, ജഅ്ഫർ ബിൻ അബീത്വാലിബാണ് അദ്ദേഹത്തിന് സാക്ഷ്യവചനം ചൊല്ലിക്കൊടുത്തതെന്നും അഭിപ്രായമുണ്ട്.[17] ആദ്യത്തെ അഭിപ്രായമാണ് ശരിയെങ്കിൽ, സ്വഹാബിയല്ലാത്ത ഒരാളിലൂടെ ഇസ്‌ലാം സ്വീകരിച്ച ഒരേയൊരു സ്വഹാബിയെന്ന പദവിക്ക് അംറുബ്നുൽ ആസ്ﷺ അർഹനായിത്തീരും. അത് എന്തുതന്നെയായിരുന്നാലും, ജഅ്ഫറുബ്നു അബീത്വാലിബിന്റെ നേതൃത്വത്തിൽ മുഹമ്മദ് നബിﷺ അബ്സീനിയയിലേക്ക് പറഞ്ഞയച്ചവർ, അവിടെ സമാധാനത്തോടെ വസിക്കുക മാത്രമല്ല, ആദർശ പ്രബോധനത്തിലേർപെടുക കൂടി ചെയ്തിരുന്നുവെന്ന് ഈ സംഭവം വ്യക്തമാക്കുന്നുണ്ട്.

പീഡനങ്ങളാൽ പ്രയാസപ്പെടുന്ന അനുയായികളെ സ്വാതന്ത്ര്യമുള്ള മണ്ണിലേക്ക് പറഞ്ഞയച്ച് അടങ്ങിയിരിക്കുകയല്ല, പ്രത്യുത അവരുടെ ക്ഷേമ വിവരങ്ങൾ അന്വേഷിക്കുകയും അനിവാര്യമായ ഘട്ടങ്ങളിൽ ഇടപെടുകയും ചെയ്തുകൊണ്ട് നേതൃരംഗത്തിരിക്കുന്നവർക്ക് മാതൃകയായിത്തീരുകകൂടിയാണ് മുഹമ്മദ് നബിﷺ ചെയ്തതെന്ന് അബ്സീനിയയിൽ താമസിക്കുന്ന മുസ്‌ലിംകളുടെ പ്രശ്നങ്ങളിലുള്ള പ്രവാചക ഇടപെടലുകളിൽനിന്ന് മനസ്സിലാക്കാനാകും. അത്തരമൊരു ഇടപെടലിന്റെ ഫലമായിട്ടാണല്ലോ പ്രവാചക പത്നിമാരിൽ ഒരാളായ ഉമ്മു ഹബീബ ﷺ അദ്ദേഹത്തിന്റെ ജീവിത സഖിയായിത്തീർന്നത്. അബൂലഹബിനും അബൂജഹ്‌ലിനുമൊപ്പം മുഹമ്മദ് നബിﷺയെ പീഡിപ്പിക്കുകയും ഇസ്‌ലാമിനെ അവമതിക്കുകയും ചെയ്ത അബൂസുഫ്‌യാന്റെ മകളായിരുന്ന റംല ഭർത്താവായിരുന്ന ഉബൈദുല്ലാഹിബ്നുൽ ജഹ്ശിയോടൊപ്പം ഇസ്‌ലാം സ്വീകരിക്കുകയും ഒന്നിച്ച് അബ്സീനിയയിലേക്ക് ഹിജ്റ പോവുകയും ചെയ്ത മഹിളാരത്നങ്ങളിൽ ഒരാളായിരുന്നു. മകൾ ഹബീബയുടെ പേരിനോട് ചേർത്ത് ഉമ്മു ഹബീബﷺയെന്ന് അറിയപ്പെട്ട അവരുടെ ഭർത്താവ് അബ്സീനിയയിൽവെച്ച് ക്രിസ്ത്യാനികളുടെ സൗഹൃദ വലയത്തിൽപെടുകയും മുഴുസമയ മദ്യപാനിയായിത്തീർന്നതിന്റെ ഫലമായി ഇസ്‌ലാം ഉപേക്ഷിച്ച് ക്രിസ്തുമതത്തിൽ ചേരുകയും ചെയ്തതോടെ അവരുടെ ജീവിതം ദുസ്സഹമായിത്തീർന്നു. സ്വന്തം നാട്ടിലും പലായനം ചെയ്തെത്തിയ പ്രദേശത്തും തുണയായി ആരുമില്ലാതെ പ്രയാസപ്പെട്ട അവരെ സ്വന്തം ജീവിതസഖിയാക്കിത്തീർത്ത് തുണ നൽകുവാൻ തീരുമാനിക്കുകയായിരുന്നു അന്തിമ പ്രവാചകൻﷺ. തന്നോടൊപ്പം പലായനം ചെയ്തെത്തിയ ഭർത്താവ് ആദർശശത്രുവായിത്തീർന്ന് ബന്ധവിച്ഛേദം നടത്തുകയും സ്വന്തക്കാരിലേക്ക് മടങ്ങാമെന്ന് കരുതിയാൽ അവിടെ തന്നെ സ്വീകരിക്കുവാൻ കാത്തിരിക്കുന്നത് ആദർശ ശത്രുക്കളുടെ നേതാവായ പിതാവും പിതൃപാത പിന്തുടരുന്ന സഹോദരങ്ങളുമാണെന്ന അവസ്ഥ സംജാതമാവുകയും ചെയ്തപ്പോഴും അല്ലാഹുവിൽ കാര്യങ്ങൾ ഭരമേൽപിച്ച് സത്യമതത്തിന്റെ പാതയിൽ ഉറച്ചുനിന്ന ഉമ്മുഹബീബﷺയെ വിവാഹം ചെയ്ത പ്രവാചകന്റെﷺ നടപടി ശത്രുനേതാവായ അബൂസുഫ്‌യാന്റെ പോലും ആദരവിന് നിമിത്തമായി[18]. പിൽക്കാലത്ത് ഇസ്‌ലാം സ്വീകരിച്ച അബൂസുഫ്‌യാന്റെﷺ മനസ്സിൽ പ്രവാചകനോടുള്ള മമതക്ക് ബീജാവാപം നൽകിയത് ഈ വിവാഹമായിരുന്നുവെന്ന് പല ചരിത്രകാരൻമാരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്.[19] ഉമ്മു ഹബീബﷺയെ വിവാഹം ചെയ്യാൻ തനിക്ക് താൽപര്യമുണ്ടെന്ന് നജ്ജാശീ രാജാവിനെ പ്രവാചകൻﷺ അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അവരോട് സമ്മതം ചോദിക്കുവാൻ പറഞ്ഞയച്ച രാജാവിന്റെ വനിതാദൂതയായിരുന്ന അബ്റഹയോട് തനിക്ക് സമ്മതമാണെന്ന് പറയുകയും ചെയ്തതിനാൽ പ്രവാചകനുവേണ്ടി നജ്ജാശി നൽകിയ നാനൂറായിരം ദിർഹം മഹർ സ്വീകരിച്ചുകൊണ്ട് ഉമ്മുഹബീബ ﷺ നിശ്ചയിച്ച താൽക്കാലിക രക്ഷകർത്താവായ (വലിയ്യ്) ഖാലിദ്ബ്നു സഈദാണ്ﷺ അവരെ പ്രവാചകന്ﷺ വിവാഹം ചെയ്തുകൊടുത്തത്.[20] അബ്സീനിയയിലേക്ക് പലായനം ചെയ്തെത്തിയവരുടെ നേതാവായ ജഅ്ഫർ ബ്ൻ അബീത്വാലിബ് വിവാഹ സന്ദേശ പ്രഭാഷണം നടത്തിയ മുഹമ്മ് നബിﷺ-ഉമ്മുഹബീബ വിവാഹത്തിനോടനുബന്ധിച്ചുള്ള സദ്യ നജ്ജാശി രാജാവിന്റെ വകയായിരുന്നു.[21] ഈ വിവാഹവുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഖുർആൻ, സൂറത്തുൽ മുംതഹനയിലെ ഏഴാം വചനം അവതരിപ്പിക്കപ്പെട്ടതെന്ന് പ്രവാചക ശിഷ്യനായ ഇബ്നു അബ്ബാസ്ﷺ പറഞ്ഞതായി ഇമാം ഖുർത്വുബി രേഖപ്പെടുത്തുന്നുണ്ട്.[21 A] പ്രസ്തുത വചനത്തിന്റെ സാരമിതാണ്: "നിങ്ങൾക്കും അവരിൽ നിന്ന് നിങ്ങൾ ശത്രുത പുലർത്തിയവർക്കുമിടയിൽ അല്ലാഹു സ്നേഹബന്ധമുണ്ടാക്കിയേക്കാം. അല്ലാഹു കഴിവുള്ളവനാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു." (60:7)

**വഞ്ചിക്കുകയില്ലെന്നുറപ്പുള്ളവരെ, അവരുടെ മതം നോക്കാതെതന്നെ രഹസ്യങ്ങൾ വരെ ഏൽപ്പിക്കാമെന്ന് സ്വന്തം ജീവിതത്തിലൂടെ പഠിപ്പിച്ച പ്രവാചകനിൽ ﷺ വർഗീയവിദ്വേഷത്തിന്റെ കുഴലൂത്തുകാരനെ തിരയുന്നവർ ഹിമപാളികൾക്കിടയിൽ അഗ്നി അന്വേഷിക്കുന്നതുപോലെയുള്ള വൃഥാവ്യായാമമാണ് ചെയ്യുന്നത്.**

ആദർശ സംരക്ഷണത്തിനായി നാടുവിട്ടവർക്ക് അനാഥത്വത്തിന്റെ കയ്പുനീർ കുടിക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ അവരെ ഏറ്റെടുത്ത് സംരക്ഷിക്കുവാനാണ് പ്രാപ്തിയുള്ളവർ സന്നദ്ധരാകേണ്ടതെന്ന് സ്വന്തം മാതൃകയിലൂടെ സമൂഹത്തെ പഠിപ്പിക്കുകയാണ് ഈ വിവാഹത്തിലൂടെ മുഹമ്മദ് നബിﷺ ചെയ്തത്.

ആദർശമനുസരിച്ച് ജീവിക്കാനാവാത്ത സാഹചര്യമാണ് ജനിച്ചുവളർന്ന നാട്ടിൽ നിലനിൽക്കുന്നതെങ്കിൽ അതിന് സ്വാതന്ത്ര്യമുള്ള നാട്ടിലേക്ക്, അത് ആര് ഭരിക്കുന്നുവെന്നോ അവിടെ നിലനിൽക്കുന്ന വ്യവസ്ഥിതിയേതാണെന്നോ നോക്കാതെ പലായനം ചെയ്യുകയാണ് മുസ്‌ലിം ചെയ്യേണ്ടതെന്ന വളരെ പ്രധാനപ്പെട്ട ഒരു പാഠം നൽകുന്നുണ്ട്, അബ്സീനിയയിലേക്കുള്ള പ്രവാചകാനുചരൻമാരുടെ പലായനം. ഹിജ്റയുടെ പ്രധാനപ്പെട്ട പാഠങ്ങളിലൊന്നാണത്. അബ്സീനിയ ക്രൈസ്തവ രാജ്യമാണെന്നതോ അവിടുത്തെ രാജാവ് ക്രിസ്തുമതക്കാരനാണെന്നതോ

ഹിജ്റയിൽനിന്ന് അനുചരന്മാരെ പിന്തിരിപ്പിക്കുവാനുള്ള കാരണമായി പ്രവാചകൻﷺ കരുതിയില്ല. പിതാവും പുത്രനും പരിശുദ്ധാത്മാവും ചേർന്ന ത്രിത്വദൈവത്തിൽ വിശ്വസിക്കുകയും യേശുക്രിസ്തുവിനെ ദൈവപുത്രനായി പരിഗണിച്ച് ആരാധിക്കുകയും ചെയ്യുന്നവർ തന്നെയായിരുന്നു അബ്സീനിയയിലെ ക്രിസ്ത്യാനികൾ. വിശുദ്ധ ക്വുർആൻ ശക്തമായി വിമർശിക്കുകയും ശാസിക്കുകയും ചെയ്ത വിശ്വാസാചാരങ്ങൾ വെച്ചുപുലർത്തുന്നവരുടെ നാടാണെങ്കിലും സത്യമതമനുസരിച്ച് ജീവിക്കുവാനും അത് പ്രബോധനം ചെയ്യുന്നതിനുമുള്ള സ്വാതന്ത്ര്യം ലഭിക്കുകയാണെങ്കിൽ അവിടെ സമാധാനപൂർവം ജീവിക്കുകയാണ് മുസ്‌ലിംകൾ ചെയ്യേണ്ടതെന്ന പാഠവും അബ്സീനിയൻ ഹിജ്റ നൽകുന്നുണ്ട്. ജീവിക്കുന്ന നാട്ടിലെ വ്യവസ്ഥിതിയേതാണെങ്കിലും അത് ഇസ്‌ലാം വിരുദ്ധമോ മതവിരുദ്ധമോ ആണെങ്കിൽപോലും അവിടെ മതസ്വാതന്ത്ര്യമുണ്ടെങ്കിൽ പൂർണ മുസ്‌ലിംകളും നല്ല പൗരൻമാരുമായി ജീവിക്കുവാൻ സത്യവിശ്വാസികൾക്ക് കഴിയുമെന്ന പാഠം.

മക്കയിലെ പീഡനങ്ങളിൽനിന്ന് രക്ഷപ്പെട്ട്, സ്വസ്ഥതയോടെ മുസ്‌ലിംകളായി ജീവിക്കുവാനാഗ്രഹിച്ച് അബ്സീനിയയിലേക്ക് ഹിജ്റ പോയവരെ പ്രശംസിച്ചുകൊണ്ട് അവതരിപ്പിക്കപ്പെട്ട ക്വുർആൻ വചനങ്ങളും അവർക്ക് ഉയർന്ന പ്രതിഫലമുണ്ടെന്ന് അറിയിച്ചുകൊണ്ടുള്ള പ്രവാചകമൊഴികളും ആദർശ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഹിജ്റ, പോകുന്ന പ്രദേശത്തിലെ വ്യവസ്ഥിതി പരിഗണിക്കാതെ തന്നെ, മഹത്തരവും ഉജ്ജ്വലവുമാണെന്ന വസ്തുത വ്യക്തമാക്കുന്നവയാണ്. അബ്സീനിയയിലേക്ക് പലായനം ചെയ്തവരെക്കുറിച്ച് അവതരിപ്പിക്കപ്പെട്ടതാണെന്ന് വ്യാഖ്യാതാക്കളിൽ ചിലർ വ്യക്തമാക്കിയ ചില ക്വുർആൻ വചനങ്ങൾ നോക്കുക.

"അക്രമത്തിന് വിധേയരായതിന് ശേഷം അല്ലാഹുവിന്റെ മാർഗത്തിൽ സ്വദേശം വെടിഞ്ഞ് പോയവരാരോ അവർക്ക് ഇഹലോകത്ത് നാം നല്ല താമസസൗകര്യം ഏർപെടുത്തികൊടുക്കുകതന്നെ ചെയ്യും. എന്നാൽ, പരലോകത്തെ പ്രതിഫലം തന്നെയാകുന്നു ഏറ്റവും മഹത്തായത്. അവർ (അത്) അറിഞ്ഞിരുന്നുവെങ്കിൽ!" (16:41)[22]

"പറയുക: വിശ്വസിച്ചവരായ എന്റെ ദാസൻമാരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക. ഈ ഐഹികജീവിതത്തിൽ നൻമ പ്രവർത്തിച്ചവർക്കാണ് സൽഫലമുള്ളത്. അല്ലാഹുവിന്റെ ഭൂമിയാകട്ടെ വിശാലമാകുന്നു. ക്ഷമാശീലർക്കു തന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കുനോക്കാതെ നിറവേറ്റികൊടുക്കപ്പെടുന്നത്." (39:10)[23]

അബ്സീനിയയിലേക്ക് ഹിജ്റ പോവുകയും പിന്നീട് അവിടെനിന്ന് മദീനയിലെത്തി പ്രവാചകനോടൊപ്പം ചേരുകയും ചെയ്തവർക്ക് രണ്ട് ഹിജ്റയുടെ പ്രതിഫലമുണ്ടെന്നാണ് നബിﷺ വ്യക്തമാക്കിയിട്ടുള്ളത്. ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഒരു ദീർഘമായ ഹദീഥ് കാണുക.

അബൂമൂസﷺയിൽ നിന്ന്: ഞങ്ങൾ യമനിലായിരിക്കെ നബിയുടെ പലായന വിവരം അറിഞ്ഞു. അപ്പോൾ തിരുസന്നിധിയിലേക്ക് അഭയാർഥികളായി ഞാനും എന്റെ രണ്ട് സഹോദരന്മാരും പുറപ്പെട്ടു. കൂട്ടത്തിൽ ഇളയവൻ ഞാനായിരുന്നു. രണ്ടുപേരിൽ ഒരാൾ അബൂബുർദയും മറ്റേയാൾ അബൂറഹ്മുമാണ്. അമ്പതിൽപരം ആളുകളോടൊന്നിച്ചാണ് യാത്ര-അമ്പത്തിമൂന്ന് എന്നോ അമ്പത്തിരണ്ട് എന്നോ അബൂമൂസാ പറഞ്ഞതായി നിവേദകൻ സംശയിക്കുന്നു-ഞങ്ങൾ ഒരു കപ്പലിൽ കയറി. അബ്സീനിയയിലെ നജ്ജാശി രാജാവിന്റെ അടുക്കലാണ് കപ്പൽ ഞങ്ങളെ എത്തിച്ചത്. അവിടെ ജഅ്ഫറുബ്നു അബീത്വാലിബുമായി കണ്ടുമുട്ടി. ഞങ്ങൾ ഒരുമിച്ച് മദീനയിലേക്ക് വരുന്നത് വരെ അദ്ദേഹത്തോടൊപ്പം താമസിച്ചു. ഖൈബർ കീഴടക്കിയ വേളയിലാണ് ഞങ്ങൾ നബിയുടെ അടുക്കൽ എത്തിയത്. കപ്പൽയാത്രികരായ ഞങ്ങളോട് ജനങ്ങളിൽ ചിലർ പറയാറുണ്ടായിരുന്നു: "ഹിജ്റയിൽ നിങ്ങളെ മുൻകടന്നവരാണ് ഞങ്ങൾ. ആ ഇടക്ക് ഞങ്ങളോടൊപ്പം ഹിജ്റ ചെയ്തെത്തിയ അസ്മാഅ് ബിൻത് ഉമൈസ് നബി പത്നി ഹഫ്സ്വയെ സന്ദർശിച്ചു. അസ്മാഅ് മറ്റ് മുഹാജിറുകളോടൊപ്പം നജ്ജാശിയുടെ അടുത്തേക്കും പലായനം ചെയ്തിരുന്നു. അസ്മാഅ് ഹഫ്സ്വയുടെ അടുത്തായിരിക്കെ ഉമർ അവിടെയെത്തി. അസ്മയെ കണ്ടപ്പോൾ ഉമർ ചോദിച്ചു: "ഇവർ ആരാണ്?" അവർ പ്രതിവചിച്ചു: "ഉമൈസിന്റെ മകൾ അസ്മ." ഉമർ വീണ്ടും ചോദിച്ചു: "അബ്സീനിയക്കാരി? സമുദ്രസഞ്ചാരം നടത്തിയവൾ, അല്ലേ?" അസ്മ പറഞ്ഞു: "അതെ." തുടർന്ന് ഉമർ പറഞ്ഞു: "ഹിജ്റയിൽ ഞങ്ങൾ നിങ്ങളെ മുൻകടന്നു. അതിനാൽ അല്ലാഹുവിന്റെ ദൂതരുമായി നിങ്ങളെക്കാൾ കൂടുതൽ ബന്ധമുള്ളവരാണ് ഞങ്ങൾ. ഇതു കേട്ട് അസ്മ ക്ഷുഭിതയായി. അവർ പ്രതിവചിച്ചു: "ഒരിക്കലുമല്ല; അല്ലാഹുവാണ സത്യം, നിങ്ങൾ അല്ലാഹുവിന്റെ റസൂലിനോടൊപ്പമായിരുന്നു. നിങ്ങളിൽ വിശക്കുന്നവന്ന് നബി ആഹാരം നൽകും. വിവരമില്ലാത്തവന് ഉപദേശം നൽകും. ഞങ്ങളാവട്ടെ അബ്സീനിയയിൽ, ദീനിനോട് അകൽച്ചയും വെറുപ്പുമുള്ളവരുടെ നാട്ടിലായിരുന്നു. അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും മാർഗത്തിലായിരുന്നു അത്. അല്ലാഹുവാണ സത്യം, നിങ്ങൾ പറഞ്ഞ കാര്യം റസൂലിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടല്ലാതെ ഇനി ഞാൻ അന്നപാനീയങ്ങൾ കഴിക്കില്ല. ഞങ്ങൾ അവിടെവെച്ച് ഉപദ്രവിക്കപ്പെടുകയും പേടിപ്പിക്കപ്പെടുകയും ചെയ്തു. ഞാനിത് നബിയോട് പറയുകയും വിശദീകരണം തേടുകയും ചെയ്യും; തീർച്ച. അല്ലാഹുവാണ! ഞാൻ കളവ് പറയുക

**ആദർശമനുസരിച്ച് ജീവിക്കാനാവാത്ത സാഹചര്യമാണ് ജനിച്ചു വളർന്ന നാട്ടിൽ നിലനിൽക്കുന്നതെങ്കിൽ അതിന് സ്വാതന്ത്ര്യമുള്ള നാട്ടിലേക്ക്, അത് ആര് ഭരിക്കുന്നുവെന്നോ അവിടെ നിലനിൽക്കുന്ന വ്യവസ്ഥിതി എന്തെന്നോ നോക്കാതെ പലായനം ചെയ്യുകയാണ് മുസ്‌ലിം ചെയ്യേണ്ടതെന്ന വളരെ പ്രധാനപ്പെട്ട ഒരു പാഠം നൽകുന്നുണ്ട്, അബ്സീനിയയിലേക്കുള്ള പ്രവാചകാനുചരൻമാരുടെ പലായനം.**



യില്ല. സത്യത്തിൽ നിന്ന് മാറുകയോ കൂട്ടിച്ചേർക്കുകയോ ഇല്ല." അങ്ങനെ നബി വന്നപ്പോൾ അസ്മാഅ് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, ഉമർ ഇങ്ങനെയൊക്കെ പറഞ്ഞുവല്ലോ." നബി ചോദിച്ചു: എന്നിട്ട് നീ അദ്ദേഹത്തോട് എന്ത് പറഞ്ഞു? അപ്പോൾ അസ്മാഅ് പറഞ്ഞു: "ഞാനിന്നിന്ന രൂപത്തിൽ അദ്ദേഹത്തിന് മറുപടി നൽകി." അപ്പോൾ നബി പറഞ്ഞു: "അദ്ദേഹം നിങ്ങളെക്കാൾ എന്നോട് അടുത്തവനല്ല. അദ്ദേഹത്തിനും കൂട്ടുകാർക്കും ഒരു ഹിജ്റയേയുള്ളൂ. കപ്പൽയാത്രികരായ നിങ്ങൾക്കാകട്ടെ രണ്ട് ഹിജ്റയുണ്ട്."[24]

അബ്സീനിയയിലെത്തി സമാധാന ജീവിതം നയിച്ചുവന്ന മുസ്‌ലിംകളിൽ പലരും നബിﷺ മദീനയിലെത്തി അവിടെ ഇസ്‌ലാമികരാഷ്ട്രം സ്ഥാപിച്ചുകഴിഞ്ഞ ശേഷവും അവിടെതന്നെ തങ്ങളുടെ ജീവിതം തുടർന്നുവെന്നും മദീനയിലേക്ക് വന്ന് ഇസ്‌ലാമികരാഷ്ട്രത്തിന്റെ പ്രജയാകുവാൻ തിടുക്കം കാട്ടിയില്ലെന്നുമുള്ള വസ്തുതകൾ ശ്രദ്ധേയമാണ്. മദീനാരാഷ്ട്രത്തിലേക്ക് അവരിൽ ചിലർ മാത്രമാണ് രാഷ്ട്ര നിർമാണത്തിന്റെ ആദ്യഘട്ടത്തിൽ മടങ്ങിയെത്തിയത്. മക്കയിലേക്ക് മടങ്ങിയെത്തിയത് മുപ്പത്തിമൂന്ന് പുരുഷൻമാരും എട്ട് സ്ത്രീകളുമായിരുന്നുവെന്നും അതിൽ രണ്ടുപേർ മക്കയിൽവെച്ചുതന്നെ മരണപ്പെട്ടുവെന്നും ഏഴുപേരെ മക്കക്കാർ ബന്ധനസ്ഥരാക്കിയെന്നും ഇരുപത്തിനാലുപേർ ബദ്ർ യുദ്ധത്തിൽ പങ്കെടുത്തുവെന്നും ഇബ്നുസഅദ് രേഖപ്പെടുത്തുന്നുണ്ട്.[25] നേതാവായിരുന്ന ജഅ്ഫർ ബ്ൻ അബീത്വാലിബും ബാക്കിയുള്ളവരുമെല്ലാം മദീനയിലെത്തിയത് ഖൈബർ ജയിച്ചടക്കിയതിന് ശേഷമാണെന്ന് നടേ ഉദ്ധരിച്ച ഹദീഥ് വ്യക്തമാക്കുന്നുണ്ട്.[26] ഹിജ്റ ഏഴാം വർഷം നടന്ന ഖൈബർ വിജയ സന്ദർഭത്തിൽ ജഅ്ഫർ ബ്ൻ അബീത്വാലിബുംؓ പ്രവാചക പത്നിയായി കഴിഞ്ഞിരുന്ന ഉമ്മു ഹബീബؓയും മറ്റ് അബ്സീനിയൻ പലായനക്കാരും മദീനയിലെത്തി പ്രവാചകനുﷺമായി സന്ധിച്ചുവെന്നും അപ്പോൾ പ്രവാചകൻﷺ അവർക്കുകൂടി യുദ്ധമുതലുകൾ നൽകുവാൻ കൽപിച്ചുവെന്നും ഇബ്നു സഅദ് രേഖപ്പെടുത്തുന്നു.[27] അവർ മദീനയിലെത്തിയപ്പോൾ പ്രവാചകൻﷺ ഒട്ടകത്തിന്മേൽ നിന്ന് ചാടിയിറങ്ങുകയും അദ്ദേഹത്തിന്റെ പിതൃവ്യപുത്രനായ ജഅ്ഫർ ബിൻ അബീത്വാലിബിനെ ആശ്ലേഷിക്കുകയും ചെയ്തുകൊണ്ട് പറഞ്ഞതിങ്ങനെയാണ്: 'ഖൈബർ വിജയമാണോ ജഅ്ഫറിന്റെ തിരിച്ചുവരവാണോ എന്നെ കൂടുതൽ സന്തോഷിപ്പിച്ചതെന്ന് എനിക്കറിയില്ല'.[28]

മദീനാരാഷ്ട്രത്തിന്റെ നിർമാണം കഴിഞ്ഞ് നീണ്ട ഏഴുവർഷങ്ങൾക്ക് ശേഷമാണ് ജഅ്ഫർ ബ്ൻ അബീത്വാലിബിന്റെ നേതൃത്വത്തിലുള്ള മുസ്‌ലിം സംഘം അബ്സീനിയയിലേക്ക് മടങ്ങിയതെന്ന വസ്തുതയും അങ്ങനെ മടങ്ങിയെത്തിയപ്പോൾ പൂർണമനസ്സോടെ പ്രവാചകൻﷺ അവരെ സ്വീകരിക്കുകയും അവർക്ക് രണ്ട് ഹിജ്റയുടെ പ്രതിഫലമുണ്ടെന്ന സന്തോഷവാർത്ത അറിയിക്കുകയുമാണ് ചെയ്തതെന്ന യാഥാർഥ്യവും പഠിപ്പിക്കുന്നത് ഇസ്‌ലാമികേതര രാഷ്ട്രസംവിധാനത്തിലാണെങ്കിലും മുസ്‌ലിമായി ജീവിക്കുവാൻ സ്വാതന്ത്ര്യവും അവസരവുമുണ്ടെങ്കിൽ അവിടെ ജീവിക്കുന്നതിന് വിരോധമില്ലെന്നും അങ്ങനെ ജീവിക്കുന്നവരുടെ മതത്തെ പ്രസ്തുത ജീവിതം ഒരുതരത്തിലും പ്രതികൂലമായി ബാധിക്കുകയില്ലെന്നും തന്നെയാണ്. അബ്സീനിയയിൽ വെച്ച് മരണപ്പെട്ട നിരവധി മുസ്‌ലിംകളുടെ പട്ടിക ഇബ്നു ഇസ്ഹാഖ് ഉദ്ധരിക്കുന്നുണ്ട്.[29] ഇസ്‌ലാമിക രാഷ്ട്രമുണ്ടായിരിക്കെ തന്നെ ഒരു ഇസ്‌ലാമികേതര രാഷ്ട്രത്തിൽ ജീവിച്ച് മരണപ്പെട്ടതിനാൽ അവരുടെ മതത്തിന് എന്തെങ്കിലും ഗ്ലാനി സംഭവിച്ചുവെന്നോ അവരുടെ മതം അപൂർണമായിരുന്നുവെന്നോ പ്രവാചകൻﷺ സൂചിപ്പിച്ചതായി രേഖകളൊന്നുംതന്നെയില്ല. പ്രവാചകന്റെ ഹിജ്റയെക്കുറിച്ചറിഞ്ഞപ്പോൾ യമനിലായിരുന്ന അബൂമൂസൽ അശ്അരിയുംؓ അമ്പതിലധികം പേരുമടങ്ങുന്ന സംഘം മദീനയിലെത്തണമെന്ന ആഗ്രഹത്തോടെ യാത്രതിരിക്കുകയും വഴിമധ്യെ അവർ അബ്സീനിയയിലെത്തുകയും ജഅ്ഫർ ബ്ൻ അബീത്വാലിബിനെؓ കണ്ടുമുട്ടുകയും അദ്ദേഹത്തിന്റെ നിർദേശ പ്രകാരം അവർ അവിടെ ഏറെക്കാലം തങ്ങുകയും അവർ ഒന്നിച്ച് മദീനയിലേക്ക് യാത്രയാവുകയും ഖൈബർ വിജയ സന്ദർഭത്തിൽ പ്രവാചകനുമായി സന്ധിക്കുകയും ചെയ്തതായി വ്യക്തമാക്കുന്ന ഹദീഥാണ് സ്വഹീഹുൽ ബുഖാരിയിൽ നിന്ന് നടേ ഉദ്ധരിക്കുന്നത്. ഇസ്‌ലാമിക രാഷ്ട്രമായ മദീനയിലേക്ക് പോകാതെ ഇസ്‌ലാമികേതര രാഷ്ട്രമായ അബ്സീനിയയിൽ തങ്ങുവാനുള്ള കാരണമായി ജഅ്ഫർ ബിൻ അബീത്വാലിബ് പറഞ്ഞത് ഇങ്ങനെയാണ്: 'ഇവിടേക്ക് ഞങ്ങളെ പറഞ്ഞയച്ചതും ഇവിടെ താമസിക്കുവാൻ ആവശ്യപ്പെട്ടതും അല്ലാഹുവിന്റെ ദൂതനാണ്; അതിനാൽ നിങ്ങളും ഞങ്ങളോടൊപ്പം താമസിക്കുക'.[30] ഇസ്‌ലാമിക രാഷ്ട്രത്തിൽ മാത്രമെ മുസ്‌ലിമിന് പൂർണ മുസ്‌ലിമായി ജീവിക്കുവാനാകൂവെന്നതിനാൽ ലോകത്ത് എവിടെ ജീവിക്കുന്ന മുസ്‌ലിമും ആ പ്രദേശം ഇസ്‌ലാമിക രാഷ്ട്രമാക്കുവാനോ അതല്ലെങ്കിൽ നിലവിലുള്ള ഏതെങ്കിലും ഇസ്‌ലാമിക രാഷ്ട്രത്തിന് കീഴിലാക്കുകയോ ശ്രമിച്ചുകൊണ്ടിരിക്കുമെന്നും അതുകൊണ്ടാണ് മുസ്‌ലിംകൾ കലാപകാരികളായിത്തീരുന്നതെന്നും വിമർശിക്കുന്നവർ കാണാതെ പോകുന്ന ചരിത്ര സംഭവങ്ങളാണിവ. രാഷ്ട്രം ഇസ്‌ലാമികമാണോ അല്ലേയെന്നതല്ല, മുസ്‌ലിമായി ജീവിക്കുവാൻ അനുവദിക്കുന്നതാണോ അല്ലേയെന്നതാണ് ഒരു രാഷ്ട്ര സംവിധാനത്തോടുള്ള മുസ്‌ലിമിന്റെ സമീപനമെന്തായിരിക്കണമെന്ന് നിശ്ചയിക്കുന്ന സൂചികയെന്ന് ഈ സംഭവങ്ങൾ സുതരാം വ്യക്തമാക്കുന്നു.

മക്കയിലെ പീഡനങ്ങളിൽനിന്ന് രക്ഷപ്പെടാൻ അബ്സീനിയയിലേക്ക് പലായനം ചെയ്തെത്തിയവർക്ക് തങ്ങളുടെ മതമനുസരിച്ച് ജീവിക്കുവാനും അത് പ്രബോധനം ചെയ്യുവാനുമുള്ള സ്വാതന്ത്ര്യം ലഭിച്ചുവെന്ന് പറയുമ്പോൾ അവിടെ അവർക്ക്

**മക്കയിൽ തന്നെയും അനുയായികളെയും പീഡിപ്പിക്കുന്നവർക്കെതിരെ ശക്തമായ ഒരു കലാപമഴിച്ചുവിട്ട് പീഡനത്തിന്റെ ചങ്ങലയറുക്കുവാനല്ല, പ്രത്യുത പീഡനങ്ങളില്ലാത്ത അയൽദേശത്തേക്ക് കുടിയേറുവാനാണ് പ്രവാചകൻﷺ നിർദേശിച്ചതെന്ന വസ്തുത കലാപകാരിയായിരുന്നു മുഹമ്മദെന്നുംﷺ മക്കയിൽവെച്ച് അവസരമില്ലാത്തതുകൊണ്ടാണ് അദ്ദേഹം കലാപങ്ങളുടെ കെട്ടഴിക്കാതിരുന്നതെന്നും വിമർശിക്കുന്നവർക്ക് മറുപടി നൽകുന്നതാണ്.**

പ്രയാസങ്ങളൊന്നും ഉണ്ടായിരുന്നില്ലെന്ന് മനസ്സിലാക്കിക്കൂടാത്തതാണ്. അബ്സീനിയയിലെ തങ്ങളുടെ താമസത്തെ പ്രവാചകനോടൊപ്പമുണ്ടായിരുന്നവരുടെ ജീവിതവുമായി താരതമ്യം ചെയ്തുകൊണ്ട് അസ്മാബിൻത് ഉമൈസ് ﵂ പറഞ്ഞ വരികൾ അവർക്ക് അവിടെവെച്ച് നേരിടേണ്ടിവന്ന പ്രയാസങ്ങളെക്കുറിച്ച് പറഞ്ഞുതരുന്നുണ്ട്: 'നിങ്ങൾ അല്ലാഹുവിന്റെ ദൂതനോടൊപ്പമായിരുന്നു. നിങ്ങളിൽ വിശക്കുന്നവർക്ക് നബിﷺ ആഹാരം നൽകും. അറിവില്ലാത്തവർക്ക് അറിവ് പകർന്ന് നൽകും. ഞങ്ങളാകട്ടെ, അബ്സീനിയയിൽ, മതത്തോട് വെറുപ്പും വിദ്വേഷവുമുള്ളവരുടെ നാട്ടിലായിരുന്നു. അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും മാർഗത്തിലായിരുന്നു അത്... ഞങ്ങൾ അവിടെവെച്ച് ഉപദ്രവിക്കപ്പെടുകയും പേടിപ്പിക്കപ്പെടുകയും ചെയ്തു'. അബ്സീനിയയിലേക്ക് പോയവരെക്കാൾ ഉത്തമരാണ് പ്രവാചകനോടൊപ്പംﷺ ത്യാഗങ്ങൾ സഹിച്ച തങ്ങളെന്ന ഉമറിന്റെ﵁ പ്രസ്താവനയെ ഖണ്ഡിച്ചുകൊണ്ട് അസ്മാഅ്﵂ പറഞ്ഞ വരികൾ അംഗീകരിക്കുകയും 'അദ്ദേഹം നിങ്ങളെക്കാൾ എന്നോട് അടുത്തവനല്ല. അദ്ദേഹത്തിനും കൂട്ടുകാർക്കും ഒരു ഹിജ്റയേയുള്ളൂ. കപ്പൽയാത്രക്കാരായ നിങ്ങൾക്ക് രണ്ട് ഹിജ്റയുണ്ട്'[31] എന്ന് പറയുകയുമാണ് പ്രവാചകൻﷺ ചെയ്തതെന്ന കാര്യം ശ്രദ്ധേയമാണ്. തങ്ങൾക്ക് യാതൊരുവിധ പീഡനങ്ങളോ പ്രയാസങ്ങളോ നേരിടേണ്ടിവരാതിരുന്നതിനാലാണ് അബ്സീനിയയിലേക്ക് ഹിജ്റ പോയ മുസ്‌ലിംകൾ രാഷ്ട്രവുമായി കലാപത്തിൽ ഏർപെടാതിരുന്നതെന്ന് കരുതുന്നത് ശരിയല്ലെന്ന് ഇത് വ്യക്തമാക്കുന്നു.

> ഒരു രാജ്യം ഇസ്‌ലാമികമാണോ അല്ലേയെന്നതല്ല പ്രത്യുത മുസ്‌ലിമായി ജീവിക്കുവാൻ അനുവദിക്കുന്നതാണോ അല്ലേയെന്നതാണ് അവിടെ നിന്ന് മുസ്‌ലിംകൾ ഹിജ്റ പോകേണ്ടതുണ്ടോ ഇല്ലേയെന്ന് തീരുമാനിക്കുന്നത്.



മക്കയിൽ നിന്നെത്തിയ മുസ്‌ലിംകളെ മതം മാറ്റുവാനുള്ള കുൽസിതമായ പ്രവർത്തനങ്ങളും അബ്സീനിയയിൽ നടന്നിരുന്നുവെന്ന് ഉമ്മുഹബീബ﵂യുടെ ആദ്യ ഭർത്താവിന്റെ ഇസ്‌ലാം പരിത്യാഗവും ക്രിസ്തുമതാശ്ലേഷവും മനസ്സിലാക്കിത്തരുന്നുണ്ട്. ഇസ്‌ലാമിന്റെ സത്യത മനസ്സിലാക്കി അത് സ്വീകരിക്കുവാൻ ചങ്കൂറ്റം കാണിക്കുകയും അതുമൂലം മക്കയിൽ നേരിടേണ്ടിവന്ന മർദനങ്ങളിൽനിന്ന് രക്ഷപ്പെടാനായി അബ്സീനിയയിലേക്ക് പലായനം നടത്തുകയും ചെയ്ത ഉമ്മുഹബീബ﵂യോടൊപ്പം അബ്സീനിയയിലേക്ക് വന്ന ഉബൈദുല്ലാഹ്ബ്നു ജഹ്ശിനെ മദ്യപാനിയാക്കിത്തീർക്കുകയും തന്റെ പൂർവമതമെന്ന് അദ്ദേഹം തന്നെ വ്യക്തമാക്കിയ[32] ക്രിസ്തുമതത്തിലേക്ക് പരിവർത്തിപ്പിക്കുകയും ചെയ്യുന്നതരത്തിലുള്ള സാഹചര്യം അവിടെയുണ്ടായിരുന്നുവെന്നാണല്ലോ ഇത് വ്യക്തമാക്കുന്നത്. തങ്ങളെ മതംമാറ്റുന്നതിനുവേണ്ടിയുള്ള ബോധപൂർവമായ പരിശ്രമങ്ങൾ നടക്കുകയും ഉപദ്രവങ്ങൾ സഹിക്കുകയും ഭീതിപ്പെടുത്തലുകളുണ്ടാവുകയുമെല്ലാം ചെയ്തിട്ടും നജ്ജാശിയുടെ രാഷ്ട്രസംവിധാനം ഔദ്യോഗികമായി മതപീഡനം നയമായി സ്വീകരിക്കാതിരുന്നതിനാൽ നബിയുടെﷺ അനുയായികൾ രാഷ്ട്രവുമായി കലഹിക്കാതെ സ്വന്തം മതമനുസരിച്ച് ജീവിക്കുകയും കിട്ടുന്ന അവസരങ്ങളെല്ലാം മതപ്രബോധനത്തിന് അനുഗുണമായി ഉപയോഗിക്കുകയുമാണ് ചെയ്തതെന്ന് ഈ സംഭവങ്ങൾ പഠിപ്പിക്കുന്നു. തങ്ങളുടെ മതവിശ്വാസത്തിന്റെ കാര്യത്തിൽ നിഷേധാത്മകമായി ഇടപെടാതിരിക്കുകയും മതപ്രബോധന സ്വാതന്ത്ര്യത്തെ വിലക്കാതിരിക്കുകയും ചെയ്യുന്ന കാലത്തോളം ഒരു രാഷ്ട്ര സംവിധാനവുമായും കലഹിക്കുകയല്ല, സഹകരിക്കുകയാണ് മുസ്‌ലിംകൾ ചെയ്യുകയെന്ന പാഠവും അബ്സീനിയൻ ഹിജ്റ നൽകുന്നുണ്ട്.

പീഡനങ്ങൾ നേരിട്ടുകൊണ്ടിരുന്ന അനുയായികളെ അബ്സീനിയയിലേക്ക് പറഞ്ഞയച്ച പ്രവാചകൻﷺ എന്തുകൊണ്ടാണ് അങ്ങോട്ട് പോകാതിരുന്നതെന്ന പ്രശ്നം പല വിമർശകരുടെയും കുറെ സമയം അപഹരിച്ചെടുത്തിട്ടുണ്ട്. അബ്സീനിയയിലേക്ക് അനുയായികൾ ഹിജ്റ പോകുന്ന സമയത്ത് പ്രവാചകൻﷺ തന്റെ ബനൂഹാഷിം ഗോത്രത്തിന്റെയും ഗോത്ര നായകനായ അബൂത്വാലിബിന്റെയും സംരക്ഷണത്തിലായിരുന്നുവെന്നതിനാൽ കാര്യമായ പീഡനങ്ങളിൽനിന്ന് ഗോത്രം അദ്ദേഹത്തെ രക്ഷിച്ചിരുന്നതിനാലും അൽപമെല്ലാം പ്രയാസങ്ങൾ സഹിച്ചുകൊണ്ടാണെങ്കിലും ജന്മനാട്ടിൽ സത്യമത സന്ദേശ പ്രചരണം നടത്തുകയെന്നതിനാണ് പ്രവാചകൻﷺ പ്രഥമ പരിഗണന നൽകിയതെന്നതിനാലുമാണ് അദ്ദേഹം അബ്സീനിയയിലേക്ക് പോകാതിരുന്നതെന്നാണ് നമുക്ക് മനസ്സിലാക്കാവുന്നത്. ആരെങ്കിലും സംരക്ഷിക്കുമെന്ന് ഉറപ്പുള്ള ദേശത്തേക്കായിരിക്കണം തന്റെ പലായനമെന്ന് പ്രവാചകൻﷺ കരുതിയിരുന്നിരിക്കണം. ക്രൈസ്തവരുടെ നാട്ടിലേക്ക് പലായനം ചെയ്തെത്തിയാൽ അവരുടെ സംരക്ഷണം ലഭിക്കുമോയെന്ന് ഉറപ്പില്ലാത്തതുകൊണ്ടായിരിക്കാം അദ്ദേഹം അത്തരമൊരു പരീക്ഷണത്തിന് മുതിരാതിരുന്നത്. പ്രവാചകൻﷺ പലായനം ചെയ്തെത്തുന്ന സ്ഥലം സ്വാഭാവികമായും ഇസ്‌ലാമിക പ്രബോധനത്തിനുള്ള ആഗോള കേന്ദ്രമായിത്തീരുമെന്നതിനാൽ, അബ്സീനിയയുടെ ഭൂമിശാസ്ത്രപരമായ സവിശേഷതകളും അതിന് ഉപയുക്തമല്ലെന്ന് പ്രവാചകൻﷺ മനസ്സിലാക്കിയിരിക്കണം. നിറയെ ഈത്തപ്പനത്തോട്ടങ്ങളുള്ളതും കല്ലുകൾ നിറഞ്ഞതുമായ സ്ഥലത്തേക്കായിരിക്കും തന്റെ പലായനമെന്ന് പ്രവാചകന് സ്വപ്ന ദർശനമുണ്ടായതായി വ്യക്തമാക്കുന്ന ഹദീഥുകളിൽ[33] പരാമർശിക്കപ്പെട്ട തരത്തിലുള്ള സ്ഥലമല്ല അബ്സീനിയയെന്നതും അവിടേക്കുള്ള ഹിജ്റയിൽനിന്ന് അദ്ദേഹത്തെ തടഞ്ഞ കാരണങ്ങളിലൊന്നാവാം. ദൈവിക ബോധനപ്രകാരം മാത്രം പ്രവർത്തിക്കുവാൻ വിധിക്കപ്പെട്ട പ്രവാചകന്ﷺ അത്തരമൊരു നിർദേശം തന്റെ നാഥനിൽനിന്ന് ലഭിച്ചില്ലയെന്നതാണ് അബ്സീനിയയിലേക്ക് അദ്ദേഹം പോകാതിരിക്കുവാനുള്ള ആത്യന്തികമായ കാരണമെന്നാണ് വിശ്വാസികൾ മനസ്സിലാക്കുക.



# മദീനാ ഹിജ്റ
## പാഠങ്ങളും പാഠഭേദങ്ങളും

അധികാരം മുന്നിൽ കണ്ടുകൊണ്ട്, തന്റെ കീഴിലുള്ള ഒരു രാഷ്ട്രനിർമിതിക്കു വേണ്ടി മുഹമ്മദ് ﷺ നടത്തിയ ശ്രമത്തിന്റെ പ്രാരംഭമായി ഒരു തലസ്ഥാന നഗരി അന്വേഷിച്ചതിന്റെ ഫലമായാണ് അദ്ദേഹം മദീനയിലെത്തിയതെന്ന് വിമർശിക്കുന്നവർ മദീനാ ഹിജ്റയ്ക്കുമുമ്പ് നടന്ന സംഭവങ്ങളെല്ലാം കണ്ടില്ലെന്ന് നടിക്കുകയാണ് ചെയ്യുന്നത്. തനിക്ക് ഭരിക്കാൻ പറ്റുന്ന ഒരു പ്രദേശം തിരഞ്ഞ് കണ്ടെത്തുകയായിരുന്നില്ല, ഇസ്ലാമിക പ്രബോധനത്തിന് സ്വാതന്ത്ര്യമുള്ള ഒരിടത്ത് അഭയം ലഭിക്കുകയായായിരുന്നു നബിﷺയുടെ ഉദ്ദേശമെന്ന് ദുഃഖവർഷമെന്ന് വിളിക്കപ്പെട്ട, അബൂത്വാലിബിന്റെയും ഖദീജﷺയുടെയും മരണം നടന്ന വർഷത്തിന് ശേഷമുള്ള നബിവർത്തനങ്ങൾ പരിശോധിക്കുന്ന ആർക്കും മനസ്സിലാകും. 'അബൂത്വാലിബ് ജീവിച്ചിരുന്നെങ്കിൽ ഖുറൈശികൾ എന്നോട് ഇങ്ങനെയൊന്നും ചെയ്യുകയില്ലായിരുന്നു'[(34)] വെന്ന് നബിﷺയെക്കൊണ്ട് പറയിപ്പിക്കുന്ന രീതിയിലുള്ള ഖുറൈശീ ക്രൂരതകളാണ് മക്കയിൽ നിന്ന് പോവുകയെന്ന തീരുമാനത്തിലേക്ക് നബിﷺ എത്തുന്നതിനുള്ള കാരണം. തനിക്ക് സംരക്ഷണം തേടിക്കൊണ്ട് ഒന്നാമതായി നബിﷺ നടത്തിയ ത്വാഇഫിലേക്കുള്ള യാത്രയുടെ ലക്ഷ്യമെന്തായിരുന്നുവെന്ന് അവിടെ എത്തിയശേഷം അദ്ദേഹം എന്താണ് ആവശ്യപ്പെട്ടതെന്ന് പരിശോധിച്ചാൽ വ്യക്തമാകും. ഥഖീഫ് ഗോത്രത്തിലെ പ്രധാനികളായ, അംറുബ്നു ഉമൈറിന്റെ പുത്രൻമാരായ അബ്ദ് യഅ്ലിൽ, മസ്ഊദ്, ഹബീബ് എന്നിവരോട് ഇസ്ലാമിനെക്കുറിച്ച് പറഞ്ഞുകൊടുക്കുകയും അതിലേക്ക് ക്ഷണിക്കുകയും തന്നെ സംരക്ഷിക്കണമെന്ന് ആവശ്യപ്പെടുകയുമാണ് നബിﷺ ചെയ്തത്.[(35)] ത്വാഇഫിന്റെ അധികാരം ചോദിക്കുകയോ അധികാരത്തിൽ പങ്കുനൽകണമെന്ന് ആവശ്യപ്പെടുകയോ

ചെയ്തതുകൊണ്ടാണ് ഥഖീഫ് ഗോത്രക്കാർ നബിﷺയെ അവമതിക്കുകയും അപമാനിക്കുകയും ചെയ്തതെന്ന് നബിﷺയെക്കുറിച്ച് നബി വിരോധികൾ എഴുതിയ ചരിത്ര ഗ്രന്ഥങ്ങൾപോലും ആരോപിക്കുന്നില്ല. ത്വാഇഫിൽ നിന്ന് തുടങ്ങിയ സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള നബിﷺയുടെ യാത്രയാണ് യഥ്‌രിബിൽ ചെന്ന് അവസാനിക്കുകയും അത് മദീനത്തുർറസൂലായി മാറുന്നതിലേക്ക് നയിക്കുകയും ചെയ്തതെന്നുള്ളതാണ് യാഥാർഥ്യം.

ത്വാഇഫിൽനിന്ന് മുത്ഇം ബിൻ ഹാദിയുടെ സംരക്ഷണത്തിൽ മക്കയിലേക്ക് തിരിച്ചെത്തിയതുമുതൽ മുഹമ്മദ് നബിﷺയുടെ അന്വേഷണങ്ങൾ കേന്ദ്രീകരിച്ചിരുന്നത് തനിക്ക് അധികാരം ലഭിക്കുവാൻ എന്തെങ്കിലും മാർഗങ്ങളുണ്ടോയെന്നതിലായിരുന്നില്ലെന്നും പ്രത്യുത തനിക്കും ഇസ്‌ലാമിനും സംരക്ഷണം നൽകാൻ ആരെങ്കിലുമുണ്ടോയെന്നതിലായിരുന്നെന്നുമുള്ള വസ്തുത ഹിജ്‌റക്ക് പിന്നിൽ അധികാര സംസ്ഥാപനം ആരോപിക്കുന്നവരുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. മക്കക്ക് പുറത്തുനിന്ന് ഹജ്ജിനും ഉംറക്കും വരുന്നവരോട് തന്നെ സംരക്ഷിക്കുവാൻ സന്നദ്ധരായ ആരെങ്കിലുമുണ്ടോയെന്ന് അന്വേഷിച്ച് മുഹമ്മദ് നബിﷺ ചുറ്റി നടന്നിരുന്നുവെന്ന് സ്വഹീഹായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. 'എന്റെ നാഥന്റെ വചനങ്ങൾ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതിൽ നിന്ന് ഖുറൈശികൾ എന്നെ തടഞ്ഞിരിക്കുന്നു; തങ്ങളുടെ ജനതയിലേക്ക് എന്നെ കൊണ്ടുപോകുവാൻ ആരെങ്കിലും തയാറുണ്ടോ?'യെന്ന് ഹജ്ജിന് വരുന്നവരോടായി അറഫയിൽവെച്ച് നബി പറഞ്ഞുകൊണ്ടിരുന്നതായി ജാബിറുബ്നു അബ്ദില്ല (റ) നിവേദനം ചെയ്യുന്നുണ്ട്.[36] തന്നെക്കൊണ്ടാവുന്ന വിധത്തിൽ ഓരോരോ തീർഥാടകരെയും നേരിൽ കണ്ട് അവരുടെ പേര് വിളിച്ചുകൊണ്ട് പ്രവാചകൻ ﷺ ഇങ്ങനെ പറയുമായിരുന്നുവത്രെ: 'ഞാൻ നിങ്ങളിലേക്കുള്ള അല്ലാഹുവിന്റെ ദൂതനാണ്. അവനെ ആരാധിക്കണമെന്നും അവനിൽ ആരെയും പങ്കുചേർക്കരുതെന്നും അവൻ കൽപിച്ചിരിക്കുന്നു. അവനെയല്ലാതെ നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്നവയെയെല്ലാം നിങ്ങൾ കയ്യൊഴിക്കുക; എന്നിൽ വിശ്വസിക്കുകയും എന്നെ സംരക്ഷിക്കുകയും ചെയ്ത് എന്തിനാണോ ഞാൻ അയക്കപ്പെട്ടത് അത് ജനങ്ങൾക്ക് സമർപ്പിക്കുവാൻ എനിക്ക് അവസരം നൽകുക'[37] മുഹമ്മദ് നബിﷺ പോകുന്നവരുടെയെല്ലാം പിന്നിൽ തടഞ്ഞുകൊണ്ടുള്ള അബൂലഹബിന്റെ വർത്തമാനം ഇങ്ങനെയായിരുന്നു: 'ജനങ്ങളേ... നിങ്ങൾ നിങ്ങളുടെ പൂർവപിതാക്കളുടെ മതം കയ്യൊഴിക്കരുത്; ലാത്ത; ഉസ്സ തുടങ്ങിയ നമ്മുടെ ദൈവങ്ങളെ വെടിയരുത്; ബനൂമാലിക്ക് ബ്നു ഉഖൈശുമായുള്ള ബാന്ധവം മുറിക്കരുത്; ഈ മനുഷ്യൻ കൊണ്ടുവന്ന ഈ പുത്തൻ മതത്തിൽ വീണുപോകരുത്;[38] ഈ സംസാരങ്ങളിലൊന്നും തന്നെ അധികാര സംസ്ഥാപനത്തിന്റെയോ അതിനുള്ള ഒരുക്കത്തിന്റെയോ പ്രതീക്ഷയുടെയോ ലാഞ്ചനകളൊന്നും കാണാനാവുന്നില്ലെങ്കിൽ പിന്നെ ഹിജ്‌റയുടെ ലക്ഷ്യം രാഷ്ട്രസംസ്ഥാപനമായിരുന്നുവെന്ന് കരുതുന്നതിന് എന്ത് ന്യായീകരണമാണുള്ളത്.

**താൻ സഹായമഭ്യർഥിക്കുന്ന തീർഥാടകരുടെയെല്ലാം പിന്നിൽ നടന്ന് അബൂലഹബ് പിന്തിരിപ്പിക്കുകയും അപവാദ പ്രചരണം നടത്തുകയും ചെയ്യുന്ന അവസ്ഥ സംജാതമായപ്പോൾ രഹസ്യമായി ഗോത്രനേതാക്കളെ സന്ദർശിച്ച് സംരക്ഷണം അഭ്യർഥിക്കുന്ന പ്രവാചകനിലുംﷺ നാം കാണുന്നത് ഒരു അധികാര കേന്ദ്രമന്വേഷിക്കുന്ന രാഷ്ട്രീയ നേതാവിനെയല്ല, പ്രത്യുത ആദർശ പ്രചരണ സ്വാതന്ത്ര്യത്തിന് ദാഹിക്കുന്ന ദൈവദൂതനെയാണ്.**

താൻ സഹായമഭ്യർഥിക്കുന്ന തീർഥാടകരുടെയെല്ലാം പിന്നിൽ നടന്ന് അബൂലഹബ് പിന്തിരിപ്പിക്കുകയും അപവാദ പ്രചരണം നടത്തുകയും ചെയ്യുന്ന അവസ്ഥ സംജാതമായപ്പോൾ രഹസ്യമായി ഗോത്രനേതാക്കളെ സന്ദർശിച്ച് സംരക്ഷണം അഭ്യർഥിക്കുന്ന പ്രവാചകനിലുംﷺ നാം കാണുന്നത് ഒരു അധികാര കേന്ദ്രമന്വേഷിക്കുന്ന രാഷ്ട്രീയ നേതാവിനെയല്ല, പ്രത്യുത ആദർശ പ്രചരണ സ്വാതന്ത്ര്യത്തിന് ദാഹിക്കുന്ന ദൈവദൂതനെയാണ്. കിൻക, കൽബ്, ബനൂ ആമിർ, ബനൂ ഹനീഫ, മുഹാരിബ്, ഫുസാറ, ഗസ്സാൻ, മുർറ, ഹനീഫ, സുലൈം, അബ്സ്, ബനൂ നസ്ര്, ബനൂ അൽ ബക്കാഅ്, അൽ ഹാരിഥ്, ഉദ്റ, ഹദാറമ തുടങ്ങിയ ഗോത്രങ്ങൾക്കടുത്തെത്തി തന്നെയും തന്റെ ആദർശ പ്രചരണത്തെയും സംരക്ഷിക്കണമെന്ന് ആവശ്യപ്പെടുകയും അവരെല്ലാം പ്രവാചകനെﷺ നിരാകരിച്ചതുമായ കഥകൾ ഇബ്നു ഇസ്ഹാഖ് വിവരിക്കുന്നുണ്ട്.[39] അവിടെയൊന്നും തന്നെ അധികാര സ്ഥാപനത്തിന്റെ യാതൊരു പരാമർശവും കാണാൻ കഴിയില്ല. പ്രവാചകനോട്ﷺ വളരെ മോശമായി പെരുമാറിയ ഗോത്രങ്ങളിലൊന്ന് ബനൂ ആമിറുബ്നു സഅ്സാഅ് ആയിരുന്നു. തന്റെ സംരക്ഷണാഭ്യർഥനക്ക് മറുപടിയായി ബനൂ ആമിർ ഗോത്രത്തിലെ ബൈഹറാബ്നു ഫിറാസ് 'താങ്കളുമായി ഞങ്ങൾ ഉടമ്പടി ചെയ്യുകയും എന്നിട്ട് അറബികൾക്കുമേൽ അല്ലാഹു താങ്കളെ വിജയിപ്പിക്കുകയും ചെയ്താൽ താങ്കൾക്കുശേഷം ഞങ്ങൾക്ക് അധികാരം നൽകുമോ?'യെന്ന് ചോദിച്ചപ്പോൾ 'കാര്യം അല്ലാഹുവിന്റെ പക്കലാണ്; അവർ ഉദ്ദേശിക്കുന്നയിടത്താണ് അവനത് വെക്കുക'യെന്നാണ് പ്രവാചകൻﷺ മറുപടി പറഞ്ഞത്. 'നിനക്കുവേണ്ടി ഞങ്ങൾ ഞങ്ങളുടെ കഴുത്തുകൾ അറബികളുടെ വാളുകൾക്ക് മുന്നിൽ വെക്കുകയും അവസാനം വിജയിക്കുമ്പോൾ നേതൃത്വം മറ്റുള്ളവർക്കും അല്ലേ... നിന്റെ ഈ കാര്യം ഞങ്ങൾക്കാവശ്യമില്ല'യെന്ന് പറഞ്ഞാണ് അവർ അല്ലാഹുവിന്റെ ദൂതനെ തിരിച്ചയച്ചത്.[40]

ഹജ്ജിന് വരുന്നവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്ന സന്ദർഭത്തിൽ സത്യദീനിന്റെ സൗരഭ്യം മനസ്സിലാക്കി അത് സ്വീകരിക്കുവാൻ ഭാഗ്യം ലഭിച്ചവരിലൂടെയാണ് ഇസ്‌ലാം ആദ്യമായി യഥ്‌രിബിലെത്തുന്നതും നബിﷺയുടെ പലായനത്തിന്റെ വാതിൽ തുറന്നതും. കവിയും ബുദ്ധിജീവിയും ഉന്നതകുലജാതനും ധൈര്യശാലിയുമെല്ലാമായതിനാൽ സമ്പൂർണനെന്ന് (അൽ കാമിൽ) വിളിക്കപ്പെട്ടിരുന്ന സുബൈദ് ബ്നു സാമിതും ഖസ്‌റജുകാർക്കെതിരെ കക്ഷിചേരുവാൻ ഖുറൈശികളോട് അഭ്യർഥിക്കാൻ വന്ന സംഘത്തിലെ യുവാവായിരുന്ന ഇയാസ് ബ്നു മുആദുമെല്ലാം[41] പ്രവാചകന്റെﷺ പ്രബോധനത്തിൽ ആകൃഷ്ടരായി ഇസ്‌ലാം സ്വീകരിച്ച യഥ്‌രിബുകാരായിരുന്നു. വ്യക്തിപരമായ പ്രബോധന പ്രവർത്തനങ്ങളിലൂടെ മെല്ലെ

മെല്ലെ യഥ്‌രിബിലേക്ക് പ്രവേശിച്ചുകൊണ്ടിരുന്ന ഇസ്‌ലാമിന്റെ വെളിച്ചം പടർന്ന് പരന്ന് പ്രവാചകന്റെ പട്ടണമായിത്തീരുന്നതിന് കാരണമായിത്തീർന്ന ആദ്യ സംഭവം പ്രവാചക നിയോഗത്തിന്റെ പതിനൊന്നാം വർഷം നബിയും ﷺ ഖസ്‌റജ് ഗോത്രക്കാരും തമ്മിൽ നടന്ന ഒരു കൂടിക്കാഴ്ചയായിരുന്നു. മിനയിലെ അഖബയിൽവെച്ച് ഹജ്ജിനെത്തിയ എട്ട്[42] ഖസ്‌റജുകാരുമായി നബി ﷺ നടത്തിയ കൂടിക്കാഴ്ചയിൽ ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങളെക്കുറിച്ച് പറഞ്ഞുകൊടുക്കുകയും താൻ ദൈവദൂതനാണെന്ന വസ്തുത വ്യക്തമാക്കുകയും ചെയ്തപ്പോൾ അവരോടൊപ്പം യഥ്‌രിബിൽ വസിച്ചിരുന്ന ജൂതൻമാരിൽനിന്ന് അന്തിമപ്രവാചകന്റെ ആഗമനമുണ്ടാകുമെന്ന് മനസ്സിലാക്കിയിരുന്ന അവർക്ക് അദ്ദേഹത്തിൽ വിശ്വസിക്കാൻ പ്രയാസമുണ്ടായില്ല. അവരെല്ലാവരും മുസ്‌ലിംകളായിത്തീരുകയും അവരുടെ നാട്ടുകാർക്ക് ഇസ്‌ലാം എത്തിച്ചുകൊടുക്കാമെന്ന് സമ്മതിക്കുകയും ചെയ്തു. ആഭ്യന്തര യുദ്ധങ്ങളാൽ പരസ്പരം ശത്രുതയിൽ വർത്തിക്കുന്ന തങ്ങളുടെ ജനത ഇസ്‌ലാമിലൂടെ ഒറ്റക്കെട്ടായിത്തീർന്നാൽ പ്രവാചകനെക്കാൾ ﷺ പ്രതാപവാനായി ആരുമില്ലാത്ത അവസ്ഥാവിശേഷമുണ്ടാകുമെന്ന് പ്രത്യാശ പുറപ്പെടുവിച്ചുകൊണ്ടാണ് ആ ഖസ്‌റജുകാർ പിന്നീട് നബി ﷺ യുടെ പട്ടണമായി-മദീനത്തുൽ റസൂൽ- അറിയപ്പെട്ട യഥ്‌രിബിലേക്ക് യാത്രതിരിച്ചത്.

യഥ്‌രിബിലെ പ്രബല ഗോത്രങ്ങളായിരുന്ന ഔസും ഖസ്‌റജും തമ്മിൽ രണ്ടു വർഷങ്ങൾക്ക് മുമ്പ് നടന്ന ബുആഥ് യുദ്ധത്തിൽ[43] തങ്ങളുടെ വേണ്ടപ്പെട്ടവരിലും ഗോത്ര നേതാക്കളിലും പെട്ട പലരും മരണപ്പെട്ടതിലുള്ള ദുഃഖവും പ്രയാസവും തളംകെട്ടിനിൽക്കുന്ന മനസ്സുകളെ ഏകദൈവാരാധനയുടെ ചരടിൽകോർത്ത് ഐക്യത്തിന്റെയും സൗഹൃദത്തിന്റെയും ഏകമാനവതയുടെയും വക്താക്കളാക്കിത്തീർത്തുകൊണ്ടാണ് അവിടേക്ക് ഇസ്‌ലാം കടന്നുവന്നത്. യഥ്‌രിബുകാരുടെ ഗോത്ര നേതാക്കൾ മരണപ്പെടുകയും ആധിപത്യം ശിഥിലീകരിക്കപ്പെടുകയും ചെയ്ത ബുആഥ് യുദ്ധത്തിലൂടെ മനസ്സ് പാകപ്പെട്ടവരായതിനാലാണ് അവിടെ ഇസ്‌ലാം പെട്ടെന്ന് വളർന്നതെന്ന് പ്രവാചക പത്നി ആയിശ ؓ വ്യക്തമാക്കിയിട്ടുണ്ട്.

ആഇശയിൽ നിന്ന്: ബുആസ് യുദ്ധം

**യഥ്‌രിബിലെ പ്രബല ഗോത്രങ്ങളായിരുന്ന ഔസും ഖസ്‌റജും തമ്മിൽ രണ്ടു വർഷങ്ങൾക്ക് മുമ്പ് നടന്ന ബുആഥ് യുദ്ധത്തിൽ തങ്ങളുടെ വേണ്ടപ്പെട്ടവരിലും ഗോത്ര നേതാക്കളിലും പെട്ട പലരും മരണപ്പെട്ടതിലുള്ള ദുഃഖവും പ്രയാസവും തളംകെട്ടിനിൽക്കുന്ന മനസ്സുകളെ ഏകദൈവാരാധനയുടെ ചരടിൽകോർത്ത് ഐക്യത്തിന്റെയും സൗഹൃദത്തിന്റെയും ഏകമാനവതയുടെയും വക്താക്കളാക്കിത്തീർത്തുകൊണ്ടാണ് അവിടേക്ക് ഇസ്‌ലാം കടന്നുവന്നത്.**

നബിക്കുവേണ്ടി അല്ലാഹു നേരത്തെ ആസൂത്രണം ചെയ്ത സംഭവമായിരുന്നു. മദീനയിലെ പൗരമുഖ്യർ ഭിന്നതയിലകപ്പെടുകയും, നേതാക്കൾ കൊല്ലപ്പെടുകയോ പരിക്കേൽപിക്കപ്പെടുകയോ ചെയ്തിരിക്കെയുമാണ് നബി അവരിൽ ആഗതനായത്. അങ്ങനെ നബിക്കുവേണ്ടി മദീനക്കാരുടെ ഇസ്‌ലാമിലേക്കുള്ള ആഗമനം സുഗമമാക്കാൻ അല്ലാഹു ബുആസ് യുദ്ധത്തെ നിമിത്തമാക്കി.[44]

നബി ﷺ യുമായി അഖബയിൽ വെച്ച് സന്ധിച്ചവരിൽ നിന്ന് യഥ്‌രിബിലുള്ള വീടുകളിലെല്ലാം ഇസ്‌ലാമിന്റെ സത്യസന്ദേശമെത്തുകയും എല്ലായിടത്തും മുസ്‌ലിംകളുടെ സാന്നിധ്യമുള്ള അവസ്ഥയുണ്ടാവുകയും ചെയ്തതിന് ശേഷമാണ് ഉത്തരവാദപ്പെട്ടവരുടെ ഒരു സംഘം അടുത്ത വർഷത്തെ ഹജ്ജിന്റെ സന്ദർഭത്തിൽ നബി ﷺ യെ നേരിൽ കാണുകയും അദ്ദേഹവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തത്. യഥ്‌രിബുകാരായ പന്ത്രണ്ടു പേർ പങ്കെടുത്ത, മക്കയ്ക്കടുത്ത് മിനായിലെ അഖബയിൽ വെച്ച് നടന്ന, ഒന്നാം അഖബാ ഉടമ്പടിയെന്നറിയപ്പെടുന്ന കരാറിനെപ്പറ്റി പ്രമുഖ ഹദീഥ് ഗ്രന്ഥങ്ങളെല്ലാം പരാമർശിക്കുന്നുണ്ട്. അതിങ്ങിനെയാണ്:

ഉബാദതുബ്നുസ്സാമിതിൽ നിന്ന്: അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്. അഖബാ ഉടമ്പടിരാവിൽ പങ്കെടുത്തവരുടെ നേതാക്കളിൽ ഒരാളുമാണ്. അദ്ദേഹം പറയുന്നു: ഒരു സംഘം സ്വഹാബികളോടൊന്നിച്ചിരിക്കെ നബി പറഞ്ഞു: അല്ലാഹുവിലൊന്നിനെയും പങ്ക് ചേർക്കുകയില്ല, മോഷ്ടിക്കുകയില്ല, മറ്റുള്ളവരെക്കുറിച്ച് അപവാദം പ്രചരിപ്പിക്കുകയില്ല, നല്ല കാര്യത്തിൽ അനുസരണക്കേട് കാണിക്കുകയില്ല എന്നീ കാര്യങ്ങളിൽ നിങ്ങളെനിക്ക് ബൈഅത്ത് ചെയ്യുക. നബി തുടർന്നു: "ഇവ നിറവേറ്റിയവനുള്ള പ്രതിഫലം അല്ലാഹുവിന്റെ ബാധ്യതയാണ്. ഈ വിലക്കപ്പെട്ടവയിൽ ഏതെങ്കിലുമൊന്ന് പ്രവർത്തിക്കുകയും ഈ ലോകത്തു വച്ചുതന്നെ ദൈവശിക്ഷക്ക് വിധേയമാവുകയും ചെയ്താൽ അതവനുള്ള പ്രായശ്ചിത്തമാണ്. എന്നാൽ ആരെങ്കിലും ഇവയിലേതെങ്കിലുമൊന്ന് ചെയ്യുകയും എന്നിട്ട് അല്ലാഹു അത് മറച്ചുവെക്കുകയും ചെയ്താൽ പിന്നെ അതിന്റെ തീരുമാനം അല്ലാഹുവിന്റേതാണ്. അനുദ്ദേശിച്ചാൽ മാപ്പാക്കും; ഇല്ലെങ്കിൽ ശിക്ഷിക്കും. തുടർന്ന് ഞങ്ങൾ തദടിസ്ഥാനത്തിൽ നബിക്ക് ബൈഅത്ത് ചെയ്തു.[45]

യഥ്‌രിബിൽ നിന്ന് ഹജ്ജിന് വന്നവർ മടങ്ങിപ്പോകുമ്പോൾ അനുചരനായിരുന്ന മുസ്അബ് ബ്നു ഉമൈറിനെക്കൂടി ؓ അവരോടൊപ്പം പറഞ്ഞയക്കുകയും പുതുതായി ഇസ്‌ലാം സ്വീകരിച്ച അവിടെയുള്ളവർക്ക് മതകാര്യങ്ങൾ പഠിപ്പിച്ചുകൊടുക്കുകയും ഖുർആൻ പാരായണം മനസ്സിലാക്കിക്കൊടുത്ത് നമസ്കാരത്തിൽ നേതൃത്വം വഹിക്കുകയും ചെയ്യാൻ നിഷ്കർഷിക്കുകയും[46] ചെയ്ത പ്രവാചകൻ ﷺ ആദർശ പ്രചാരണത്തിന്റെ രീതിശാസ്ത്രമെന്താണെന്ന് തന്റെ അനുയായികളെ പഠിപ്പിക്കുകയായിരുന്നു. മുസ്അബ് ബ്നു ഉമൈർ ؓ യഥ്‌രിബിലെത്തിയതോടെ അവിടെ ഇസ്‌ലാമിക പ്രബോധനരംഗം സജീവമായി. അവിടുത്തുകാരനായിരുന്ന അസ്അദു ബ്നു സുറാറ ؓ യോടൊപ്പം താമസിക്കുകയും ഓരോ യഥ്‌രിബ് വാസികളെയും ചെന്നുകണ്ട് ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്ത മുസ്അബിന്റെ പ്രവർത്തനങ്ങൾ വഴി അൽപകാലത്തിനകം തന്നെ അവിടെ ഇസ്‌ലാം പടർന്നു പന്തലിച്ചു. പ്രമുഖ നേതാക്കളായിരുന്ന ഉസൈദ്ബ്നു ഹുദൈർ, സഅദ്ബ്നു മുആദ് എന്നിവരുടെ ഇസ്‌ലാം സ്വീകരണത്തോടെ പല ഗോത്രങ്ങളും കൂട്ടമായി വന്ന് ഇസ്‌ലാം ആശ്ലേഷിക്കുന്ന അവസ്ഥ

യുണ്ടായി. അവർ ഇസ്‌ലാം സ്വീകരിച്ച ദിവസം തന്നെ അവരുടെ ഗോത്രമായ ബനൂ അബ്ദുൽ അശ്‌വാൽ ഗോത്രത്തിലെ ഒരാളൊഴിച്ചുള്ള മുഴുവൻ സ്ത്രീ പുരുഷന്മാരും മുസ്‌ലിംകളായിത്തീർന്നതിനെപ്പറ്റി വിവരിക്കുന്ന ചരിത്രഗ്രന്ഥങ്ങളിലെ പരാമർശങ്ങളിൽ നിന്ന്(47) എത്ര വേഗത്തിലാണ് യഥ്‌രിബിൽ ഇസ്‌ലാമിന്റെ വെളിച്ചം വ്യാപിച്ചതെന്ന് വ്യക്തമാകുന്നുണ്ട്. അവരിൽ നിന്ന് ഇസ്‌ലാം സ്വീകരിക്കാതിരുന്ന അംറുബ്നു ഉഖൈശ് ഒരു പലിശക്കാരനായിരുന്നുവെന്നും അതിൽ നിന്ന് സ്വതന്ത്രനാവാതെ മുസ്‌ലിമാകുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ലെന്നും ഉഹ്ദ് യുദ്ധ ദിവസം അദ്ദേഹം മുസ്‌ലിമാവുകയും യുദ്ധത്തിൽ വെച്ച് രക്തസാക്ഷിയാവുകയും ചെയ്തുവെന്നും അങ്ങനെ ഒരൊറ്റ നേരം പോലും നമസ്കരിക്കാതെ അയാൾ സ്വർഗത്തിനർഹനായെന്നും അബൂഹുറൈറ ﵁ പറഞ്ഞതായി അബൂദാവൂദ് നിവേദനം ചെയ്തിട്ടുണ്ട്.(48)

പ്രവാചകത്വത്തിന്റെ പന്ത്രണ്ടാം വർഷത്തെ ഹജ്ജിന് മുമ്പ്, തന്നെ ഏൽപിച്ച ദൗത്യം താൻ നിർവഹിച്ചതായും യഥ്‌രിബ് നിവാസികളിൽ നല്ലൊരു പങ്കും ഇസ്‌ലാം സ്വീകരിച്ചതായുമുള്ള സന്തോഷവാർത്തയറിയിച്ചുകൊണ്ട് മുസ്അബ് ബ്നു ഉമൈർ ﵁ മക്കയിലേക്ക് മടങ്ങി വന്നതോടെ ഇസ്‌ലാമിക ചരിത്രത്തിലെ പുതിയ അധ്യായത്തിലേക്ക് ലോകം കാലെടുത്തുവെക്കുകയായിരുന്നു. ആ വർഷത്തെ ഹജ്ജിന് യഥ്‌രിബിൽ നിന്നു വന്നവരിൽ രണ്ടു സ്ത്രീകളടക്കമുള്ള എഴുപത്തിമൂന്നുപേർ മുസ്‌ലിംകളായിരുന്നു. 'അല്ലാഹുവിന്റെ ദൂതനെ എത്ര നാളാണ് മക്കയുടെ മലമടക്കുകൾക്കിടയിൽ ആട്ടിയോടിക്കപ്പെടുകയും ഭയപ്പെടുത്തപ്പെടുകയും ചെയ്യുവാനായി നാം വിട്ടുകൊടുക്കുക?'(49)യെന്ന് ചർച്ച ചെയ്തുകൊണ്ടുള്ള അവരുടെ ഹജ്ജ്‌യാത്ര ചരിത്രത്തിലെ പുതിയൊരു യുഗത്തിന്റെ നാന്ദി കുറിക്കുകയായിരുന്നു. ബറാഅ് ബ്നു മഅ്റൂറിന്റെ ﵁ നേതൃത്വത്തിലുള്ള(50) പ്രസ്തുത സംഘമാണ് അഖബായിൽ വെച്ച് നബി ﷺയെ സംരക്ഷിക്കാമെന്ന് കരാർ ചെയ്തുകൊണ്ട് ചരിത്രത്തിന്റെ ഗതി മാറ്റിയൊഴുക്കിയ പ്രവാചകപലായനത്തിന് വഴിയൊരുക്കിയത്. രണ്ടാം അഖബാ ഉടമ്പടിയെന്നറിയപ്പെട്ട പ്രസ്തുത ചരിത്രസംഭവത്തെക്കുറിച്ച് ഇബ്നു ഇസ്ഹാഖ് കഅ്ബ്ബ്നു മാലിക്കിൽ നിന്ന് ഉദ്ധരിക്കുന്നത് ഇങ്ങനെയാണ്.

ഞങ്ങൾ ഹജ്ജിന് വേണ്ടി പുറപ്പെട്ടു. തശ്‌രീഖ്ന്റെ മധ്യദിവസങ്ങളിൽ രാത്രിയിൽ റസൂൽ ﷺയുമായി അഖബയിൽ സന്ധിക്കാമെന്ന് ഞങ്ങൾ കരാറ് ചെയ്തു. ഹജ്ജ് കഴിഞ്ഞ ശേഷം അന്നു രാത്രി ഞങ്ങളുടെ ആളുകളോടൊപ്പം ഉറങ്ങി രാത്രി മൂന്നിലൊന്ന് പിന്നിട്ടപ്പോൾ വളരെ രഹസ്യമായും പതുങ്ങിയും അഖബയുടെ താഴ്‌വരയിൽ സമ്മേളിച്ചു. ഞങ്ങൾ എഴുപത്തിമൂന്ന് പുരുഷന്മാരും രണ്ടു സ്ത്രീകളുമുണ്ടായിരുന്നു. നജ്ജാർ ഗോത്രക്കാരി ഉമ്മുഅമ്മാറ എന്നറിയപ്പെടുന്ന കഅ്ബിന്റെ പുത്രി നസീബയും, ബനീസലമയിലെ ഉമ്മുമനീഅ് എന്നറിയപ്പെടുന്ന അംറിന്റെ പുത്രി അസ്മാഉം ആയിരുന്നു ആ രണ്ടുപേർ.

നബി ﷺയേയും പ്രതീക്ഷിച്ച് ആ താഴ്‌വരയിൽ ഞങ്ങളിരുന്നു. അല്പം കഴിഞ്ഞപ്പോൾ പിതൃവ്യൻ അബ്ബാസ് ബിൻ അബ്ദുൽ മുത്വലിബിന്റെ കൂടെ നബി ﷺ അങ്ങോട്ടു വന്നു. അബ്ബാസ് അന്നും അവിശ്വാസിയായിരുന്നു. പക്ഷെ തന്റെ സഹോദരപുത്രന്റെ കാര്യത്തിൽ കൂടുതൽ ഉറപ്പുകൾ ലഭിക്കാനായി അദ്ദേഹം പങ്കെടുക്കുകയാണുണ്ടായത്. ഈ വിഷയത്തിൽ ആദ്യം സംസാരിച്ചതും അദ്ദേഹം തന്നെയായിരുന്നു.

ഖസ്‌റജ് ഗോത്രക്കാരേ! (ഔസുകാരെയും ഖസ്‌റജുകാരെയും പൊതുവെ അറബികൾ ഖസ്‌റജുകാർ എന്നായിരുന്നു വിളിച്ചിരുന്നത്). ഞങ്ങൾക്കിടയിൽ മുഹമ്മദിന്റെ നില നിങ്ങൾക്കറിയാം, അവനെ കുറിച്ചു ഞങ്ങളുടെ അഭിപ്രായം തന്നെയുള്ള ജനതയിൽ നിന്ന് ഇത്രയും കാലം ഞങ്ങൾ അവനെ സംരക്ഷിച്ചു. ഇപ്പോഴവൻ സ്വന്തം ജനതക്കിടയിലും നാട്ടിലും തികച്ചും പ്രതാപവാനും സുരക്ഷിതനുമാണ്; നിങ്ങളോടൊന്നിച്ച് ചേരണമെന്നാണ് അവനിപ്പോൾ ശഠിക്കുന്നത്. അവനോട് വാക്കു പാലിക്കുവാനും അവന് സംരക്ഷണം നല്കുവാനും സാധ്യമാണെങ്കിൽ മാത്രം നിങ്ങൾക്ക് അവനെ ഏറ്റെടുക്കാം. അല്ല, നിങ്ങൾ അവനെ ഏറ്റെടുത്ത ശേഷം കയ്യൊഴിക്കുവാനാണ് ഭാവമെങ്കിൽ അത് ഇപ്പോൾ തന്നെ ആകാവുന്നതാണ്. കാരണമവൻ സ്വജനതക്കിടയിൽ പ്രതാപവാനും നിർഭയനുമാണ്

ഞങ്ങൾ മറുപടി പറഞ്ഞു: "താങ്കൾ പറഞ്ഞതു ഞങ്ങൾ കേട്ടു ദൈവദൂതരേ, ഇനി താങ്കൾ സംസാരിക്കുക. താങ്കൾക്കും താങ്കളുടെ നാഥനും ഇഷ്ടപ്പെട്ടത് താങ്കൾ തെരഞ്ഞെടുക്കുക!"

തുടർന്ന് റസൂൽ ﷺ സംസാരിക്കുകയും ക്വുർആൻ പാരായണം ചെയ്തു കേൾപ്പിക്കുകയും ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുകയും ഇസ്‌ലാമിലേക്ക് പ്രേരിപ്പിക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: "നിങ്ങളുടെ ഭാര്യമാരേയും കുട്ടികളെയും സംരക്ഷിക്കുന്നത് പോലെ എന്നെ സംരക്ഷിക്കുമെന്ന വ്യവസ്ഥയിൽ ഞാൻ നിങ്ങളുമായി ഉടമ്പടി ചെയ്യുന്നു." അപ്പോൾ ബറാഅ്ബിൻ മഅ്റൂർ റസൂൽ ﷺയുടെ കൈ പിടിച്ചു കൊണ്ട് പറഞ്ഞു. "അതെ, താങ്കളെ പ്രവാചകനായി നിയോഗിച്ച അല്ലാഹു തന്നെ സത്യം! ഞങ്ങളുടെ ഭാര്യമാരെ സംരക്ഷിക്കുന്നത് പോലെ താങ്കളെ ഞങ്ങൾ സംരക്ഷിക്കുക തന്നെ ചെയ്യും. അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ ഇതാ ഉടമ്പടി ചെയ്യുന്നു. ഞങ്ങൾ യുദ്ധത്തിന്റെയും അങ്കിയുടേയും മക്കളാണ്!! ഇത് തലമുറകളായി ഞങ്ങൾ അനന്തരമെടുത്തതാ

**യഥ്‌രിബിൽ നിന്ന് ഹജ്ജിന് വന്നവർ മടങ്ങിപ്പോകുമ്പോൾ അനുചരനായിരുന്ന മുസ്അബ് ബ്നു ഉമൈറിനെക്കൂടി ﵁ അവരോടൊപ്പം പറഞ്ഞയക്കുകയും പുതുതായി ഇസ്‌ലാം സ്വീകരിച്ച അവിടെയുള്ളവർക്ക് മതകാര്യങ്ങൾ പഠിപ്പിച്ചുകൊടുക്കുകയും ചെയ്ത പ്രവാചകൻ ﷺ ആദർശപ്രചാരണത്തിന്റെ രീതിശാസ്ത്രമെന്താണെന്ന് തന്റെ അനുയായികളെ പഠിപ്പിക്കുകയായിരുന്നു.**



ണ്.” ഇടക്ക് കയറി അബുൽ ഹൈഥം അത്തയ്യിഹാൻ പറഞ്ഞു. അല്ലാഹുവിന്റെ ദൂതരേ! ഞങ്ങൾ ജൂതരുമായി ചില കരാറുകളൊക്കെ ചെയ്തിരുന്നു. ഞങ്ങളിതാ അവയെല്ലാം ദുർബലപ്പെടുത്തുന്നു. ഇതെല്ലാം ഞങ്ങൾ ചെയ്തശേഷം അല്ലാഹു താങ്കൾക്ക് വിജയം നൽകിയാൽ ഞങ്ങളെ വിട്ട് സ്വന്തം ജനതയുടെ അടുത്തേക്ക് താങ്കൾ പോയിക്കളയുമോ?”

പുഞ്ചിരിച്ചുകൊണ്ട് അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: “ഇല്ല, ഒരിക്കലുമില്ല! നിങ്ങളുടെ രക്തം എന്റേതുകൂടിയാണ്. നിങ്ങളുടെ നാശം എന്റെ കൂടി നാശമാണ്. നിങ്ങൾ എന്റേതും ഞാൻ നിങ്ങളുടേതുമാണ്. നിങ്ങൾ യുദ്ധം ചെയ്യുന്നവരോട് ഞാനും യുദ്ധം ചെയ്യും സന്ധി ചെയ്യുന്നവരോട് ഞാനും സന്ധി ചെയ്യും.”[51]

ഉടമ്പടിയിലെ വ്യവസ്ഥകളെല്ലാം പൂർത്തിയായ ശേഷം കരാർ പ്രതിജ്ഞക്കുമുമ്പായി രണ്ടു വർഷങ്ങൾ മുമ്പ് മുസ്‌ലിംകളായ രണ്ടു പേർ - അബ്ബാസുബ്ൻ ഉബാദയും അസ്അദു ബ്ൻ സുറാറയും- എഴുന്നേറ്റ് നിന്ന് ഈ സന്ധിയുടെ ഗൗരവം സദസ്സിനെ ബോധ്യപ്പെടുത്തി.

അബ്ബാസ് ബിൻ ഉബാദ പറഞ്ഞു: “ഖസ്റജുകാരേ, നിങ്ങൾക്കറിയുമോ എന്തുതരം പ്രതിജ്ഞയാണ് നിങ്ങളീ മനുഷ്യരോട് ചെയ്യുന്നതെന്ന്? ചുവന്നവരും കറുത്തവരുമായ മുഴുവൻ മനുഷ്യരോടും യുദ്ധത്തിലേർപ്പെടുമെന്ന പ്രതിജ്ഞയാണ് നിങ്ങൾ ചെയ്യുന്നത്. നിങ്ങളുടെ സമ്പത്ത് നശിക്കുകയോ നേതാക്കൾ വധിക്കപ്പെടുകയോ ചെയ്യുമ്പോൾ ഇദ്ദേഹത്തെ കയ്യൊഴിക്കാമെന്നാണ് നിങ്ങൾ ധരിക്കുന്നതെങ്കിൽ അതിപ്പോൾ തന്നെ ആകാവുന്നതാണ്. അതുപക്ഷെ ഇഹത്തിലും പരത്തിലും നിന്ദ്യതയാണ്. സമ്പത്ത് നശിച്ചാലും നേതാക്കൾ വധിക്കപ്പെട്ടാലും അദ്ദേഹവുമായി ചെയ്ത കരാറ് പാലിക്കുമെന്ന് നിങ്ങൾക്ക് ബോധ്യമുണ്ടെങ്കിൽ മാത്രം നിങ്ങളദ്ദേഹത്തെ സ്വീകരിച്ചുകൊള്ളുക! അല്ലാഹുവാണ! ഇഹത്തിലും പരത്തിലും അതാണുത്തമം.” ഇതുകേട്ടപ്പോൾ ജനങ്ങൾ ഒന്നാകെ പറഞ്ഞു: സമ്പത്തിന്റെ നാശവും നേതാക്കളുടെ മരണവും ഞങ്ങൾക്ക് പ്രശ്നമേ അല്ല, ഞങ്ങളദ്ദേഹത്തെ സ്വീകരിക്കുക തന്നെ ചെയ്യും. ഈ പ്രതിജ്ഞ പാലിച്ചാൽ ഞങ്ങൾക്കെന്താണ് പ്രതിഫലം തിരുദൂതരേ? അവിടുന്ന് പ്രതിവചിച്ചു. “സ്വർഗം!” അവർ പറഞ്ഞു. “അങ്ങ് കൈ നീട്ടിയാലും.” പ്രവാചകൻ ﷺ കൈ നീട്ടി. അവർ അതിൽ ഉടമ്പടി ചെയ്തു.[52]

അവർ ഉടമ്പടിക്കായി ഒരുങ്ങിയപ്പോൾ അസ്അദ് ബിൻ സുറാറ നബിയുടെ ﷺ കൈപിടിച്ചു കൊണ്ട് പറഞ്ഞു: “യഥ്‌രിബുകാരേ! നിൽക്കൂ! നാം ഇദ്ദേഹത്തിന്റെ അടുത്തേക്ക് വാഹനം തെളിച്ചു വന്നത് ഇദ്ദേഹം ദൈവദൂതനാണ് എന്നറിഞ്ഞതുകൊണ്ട് മാത്രമാണ്. ഇദ്ദേഹത്തെയും കൊണ്ട്പോവുക എന്നതിന്റെ അർഥം മുഴുവൻ അറബികളോടും വേർപിരിയുകയും നിങ്ങളുടെ ഉത്തമരായ നേതാക്കളെ വധിക്കാൻ ഏല്പിക്കുകയും ചെയ്യുക എന്നതാണ്. ഇതിന് നിങ്ങൾ ക്ഷമിക്കാൻ തയ്യാറുണ്ടെങ്കിൽ അദ്ദേഹത്തെ സ്വീകരിക്കുക, നിങ്ങൾക്ക് അല്ലാഹു പ്രതിഫലം നൽകും. നിങ്ങൾക്ക് ഭയമാണെങ്കിൽ ഒഴിവാക്കിയേക്കുക. അത് നിങ്ങൾക്ക് അല്ലാഹുവിന്റെയടുക്കൽ ഒരു ഒഴിവുകഴിവുമാണ്. അവരൊന്നിച്ച് പറഞ്ഞു: അസ്അദ് കൈയെടുക്കുക. ഈ അവസരം ഞങ്ങൾ പാഴാക്കുകയില്ല; ഞങ്ങളൊരിക്കലും കരാർ പാലിക്കാതിരിക്കുകയില്ല.”[53]

> **പ്രവാചകത്വത്തിന്റെ പന്ത്രണ്ടാം വർഷത്തെ ഹജ്ജിന് മുമ്പ്, തന്നെ ഏൽപിച്ച ദൗത്യം താൻ നിർവഹിച്ചതായും യഥ്‌രിബ് നിവാസികളിൽ നല്ലൊരു പങ്കും ഇസ്‌ലാം സ്വീകരിച്ചതായുമുള്ള സന്തോഷവാർത്തയറിയിച്ചുകൊണ്ട് മുസ്അബ് ബ്നു ഉമൈർ മക്കയിലേക്ക് മടങ്ങി വന്നതോടെ ഇസ്‌ലാമിക ചരിത്രത്തിലെ പുതിയ അധ്യായത്തിലേക്ക് ലോകം കാലെടുത്തുവെക്കുകയായിരുന്നു.**

റസൂൽ ﷺ തനിക്ക് പറയാനുള്ളത് പറഞ്ഞു. തുടർന്ന് ബൈഅത്ത് നടന്നു. അൻസ്വാറുകൾ നബി ﷺ യോട് ഈ ഉടമ്പടിയുടെ വ്യവസ്ഥകളെ കുറിച്ചന്വേഷിച്ചു. അവിടുന്ന് പറഞ്ഞു: ഏതു സാഹചര്യത്തിലും പൂർണമായ അനുസരണം; കഷ്ടപാടിലും സൗകര്യത്തിലും ഒരു പോലെ വ്യയം ചെയ്യുക; നന്മ കല്പിക്കുക, തിന്മ വിരോധിക്കുക; അല്ലാഹുവിന്റെ മാർഗത്തിൽ ഉറച്ച് നില്ക്കുക, അതിൽ ആരുടെയും ആക്ഷേപം പരിഗണിക്കാതിരിക്കുക; എന്നെ നിങ്ങൾ സഹായിക്കുക, നിങ്ങളുടെ ഭാര്യമാരെയും മക്കളെയും സംരക്ഷിക്കുന്നത് പോലെ എന്നെ സംരക്ഷിക്കുക, ഇതിനുപകരമായി നിങ്ങൾക്ക് സ്വർഗം ലഭിക്കുന്നതാണ്.[54]

തങ്ങൾ മരിച്ചാലും പ്രവാചകനെ സംരക്ഷിക്കാമെന്നേറ്റ ഒരു വലിയ ജനക്കൂട്ടവും അവർക്ക് ഭൂരിപക്ഷമുള്ള നാട്ടിലും സന്ദർഭത്തിലും താൻ ജീവിക്കുന്ന നാട്ടിൽ കുഴപ്പങ്ങളും കലാപങ്ങളുമുണ്ടാക്കുവാനല്ല, പ്രസ്തുത തന്നെ സംരക്ഷിക്കാനൊരുക്കമുള്ളവരുടെ നാട്ടിലേക്ക് പലായനം ചെയ്യുവാനാണ് പ്രവാചകൻ ﷺ ശ്രമിച്ചതെന്ന വസ്തുത ഇസ്‌ലാം കലാപത്തിന്റെ മതമാണെന്ന് സ്ഥാപിക്കുവാനായി നബിചരിത്രത്തെ വികലമായി ഉപയോഗിക്കുവാൻ ശ്രമിക്കുന്നവർക്ക് ചുട്ട മറുപടി നൽകുന്നതാണ്.

അഖബയിൽ വെച്ച് നടന്ന ഉടമ്പടിയെപ്പറ്റി പിശാച് വിളിച്ചു പറയുകയും അക്കാര്യം ഖുറൈശികൾ അറിയാനിടവരികയും ചെയ്തുവെന്ന് മനസ്സിലായപ്പോൾ യഥ്‌രിബിൽ നിന്നു വന്ന അബ്ബാസ് ബ്നു ഉബാദ ﵁ പ്രവാചകനോട് ﷺ ചോദിച്ചു: “താങ്കൾ വിചാരിക്കുന്നുവെങ്കിൽ ഇവർക്കുമേൽ നാളെ രാവിലെത്തന്നെ ഞങ്ങൾ വാളുമായി വീഴുന്നതാണ്.” നീണ്ട പന്ത്രണ്ടു വർഷക്കാലം തന്നെ പീഡിപ്പിക്കുകയും പ്രയാസപ്പെടുത്തുകയും ചെയ്തവരോട് പ്രതികാരം ചെയ്യാൻ പറ്റിയ അവസരമായിരുന്നിട്ടും അത്തരമൊരു കലാപത്തിന് പ്രവാചകൻ ﷺ സമ്മതിച്ചില്ല. തനിക്കുവേണ്ടി മരിക്കാൻ തയ്യാറുള്ള സ്വദേശികളും വിദേശികളുമായ നല്ലൊരു സമൂഹം സന്നദ്ധരായി ചുറ്റുമുണ്ടായിരുന്നിട്ടും, കലാപത്തിൽ ജയിച്ചാലും തോറ്റാലും തന്നെ സ്വീകരിക്കുവാനൊരുങ്ങി നിൽക്കുന്ന യഥ്‌രിബ് പ്രദേശം ഏറെ ദൂരെയല്ലാതെയുണ്ടെന്നറിഞ്ഞിട്ടും ജീവിക്കുന്ന മണ്ണിൽ കലാപവും കുഴപ്പവുമുണ്ടാക്കുവാൻ ആഹ്വാനം ചെയ്യുകയല്ല, സമാധാനപൂർവം പോയി വിശ്രമിക്കുവാനാശ്യപ്പെടുകയാണ് സമാധാനത്തിന്റെ ദൂതൻ ചെയ്തത്. ‘നാം അതിന് ഇപ്പോൾ കൽപിക്കപ്പെട്ടിട്ടില്ല; നിങ്ങളിപ്പോൾ നിങ്ങളുടെ കൂടാരങ്ങളിലേക്ക് മടങ്ങുക’[55]യെന്ന് പറഞ്ഞ് തനിക്കുവേണ്ടി ആയുധമെടുക്കാനൊരുങ്ങിയ യഥ്‌രിബുകാരെ ഉറങ്ങാൻ പറഞ്ഞയക്കുന്ന പ്രവാചകനിൽ ﷺ ഒരു കലാപ

കാരിയെ കാണുവാൻ അന്ധമായ ഇസ്ലാം വിരോധത്തിന്റെ തിമിരം ബാധിച്ചവർക്കല്ലാതെ കഴിയുകയില്ല.

മുഹമ്മദ് നബി ﷺയെ സഹായിക്കുവാനും സംരക്ഷിക്കുവാനുമുള്ള സന്നദ്ധത പ്രകടിപ്പിക്കുന്നതിനും അദ്ദേഹവുമായി കരാറിലേർപ്പെടുവാനും യഥ്‌രിബുകാരിൽ ചിലർ ശ്രമിക്കുന്നുണ്ടെന്നറിഞ്ഞ മക്കാമുശ്‌രിക്കുകൾ അവരെ അതിൽ നിന്ന് പിന്തിരിപ്പിക്കുവാൻ ശ്രമിച്ചതു മുതൽക്കാണ് പ്രവാചകപലായനത്തിനെതിരെയുള്ള ബഹുദൈവാരാധകരുടെ കരുനീക്കങ്ങൾ ആരംഭിക്കുന്നത്. യഥ്‌രിബ് വാസികളുടെ കൂടാരത്തിനടുത്തെത്തി അവർ പറഞ്ഞു "ഖസ്‌റജുകാരേ, മുഹമ്മദിനെ ഞങ്ങളുടെ നാട്ടിൽ നിന്നു കൊണ്ടുപോകുവാനും ഞങ്ങളുമായി യുദ്ധം ചെയ്യുവാനും നിങ്ങൾ അവനുമായി കരാർ ചെയ്തതായി ഞങ്ങൾക്ക് വിവരം കിട്ടിയിട്ടുണ്ട്. അല്ലാഹുവാണ! നമുക്കിടയിൽ യുദ്ധമുണ്ടായാൽ നിങ്ങളേക്കാൾ ഞങ്ങൾക്ക് വെറുപ്പുള്ള മറ്റൊരു ജനതയുണ്ടാവുകയില്ല."[56] കരാറിനെക്കുറിച്ചറിയാത്ത, യഥ്‌രിബിൽ നിന്നെത്തിയ ബഹുദൈവാരാധകർ അങ്ങനെയൊരു കരാർ നടന്നിട്ടില്ലെന്ന് പറയുകയും അവരുടെ നേതാക്കൾ ആണയിടുകയും മുസ്‌ലിംകൾ മിണ്ടാതിരിക്കുകയും ചെയ്തപ്പോൾ അങ്ങനെയൊന്നും സംഭവിച്ചിട്ടില്ലെന്നു ഖുറൈശികൾ കരുതിയതിനാൽ അപ്പോൾ അനിഷ്ടസംഭവങ്ങളൊന്നുമുണ്ടായില്ല. എങ്കിലും പ്രവാചകനും ﷺ അനുയായികളും നാടുവിട്ടു പോകുമെന്നും അങ്ങനെയുണ്ടായാൽ അത് തങ്ങൾക്ക് ഭീഷണിയായിത്തീരുമെന്നും മനസ്സിലാക്കിക്കൊണ്ടുള്ള പലായനപ്രതിരോധത്തിന്റെ ആരംഭമായിരുന്നു അന്ന് മിനായിൽ മുഴങ്ങിക്കേട്ട ഖുറൈശികളുടെ ഭീഷണിപ്രഖ്യാപനം.

**തങ്ങൾ മരിച്ചാലും പ്രവാചകനെ സംരക്ഷിക്കാമെന്നേറ്റ ഒരു വലിയ ജനക്കൂട്ടവും അവർക്ക് ഭൂരിപക്ഷമുള്ള നാട്ടിലും സന്ദർഭത്തിലും താൻ ജീവിക്കുന്ന നാട്ടിൽ കുഴപ്പങ്ങളും കലാപങ്ങളുമുണ്ടാക്കുവാനല്ല, പ്രസ്തുത തന്നെ സംരക്ഷിക്കാനൊരുക്കമുള്ളവരുടെ നാട്ടിലേക്ക് പലായനം ചെയ്യുവാനാണ് പ്രവാചകൻ ﷺ ശ്രമിച്ചതെന്ന വസ്തുത ഇസ്‌ലാം കലാപത്തിന്റെ മതമാണെന്ന് സ്ഥാപിക്കുവാനായി നബിചരിത്രത്തെ വികലമായി ഉപയോഗിക്കുവാൻ ശ്രമിക്കുന്നവർക്ക് ചുട്ട മറുപടി നൽകുന്നതാണ്.**



വിശ്വാസികളെ സ്വീകരിക്കുവാനൊരുങ്ങി ഒരു നാടും നാട്ടുകാരും കാത്തിരിക്കുന്നുവെന്ന അവസ്ഥ സംജാതമാവുകയും അങ്ങോട്ട് പോകുവാൻ പ്രവാചകൻ ﷺ മുസ്‌ലിംകളെ പ്രേരിപ്പിക്കുകയും ചെയ്തപ്പോൾ ഒറ്റയ്ക്കും കൂട്ടായും വിശ്വാസികൾ യഥ്‌രിബിലേക്ക് കുടിയേറാനാരംഭിച്ചു. തങ്ങളുടെ പീഡനങ്ങളിൽ നിന്ന് രക്ഷപ്പെട്ട് മുസ്‌ലിംകൾ മറ്റൊരു നാട്ടിൽ ജീവിക്കുകയെന്നാൽ അത് തങ്ങളുടെ പ്രതാപത്തിനും പരമ്പരാഗതമായി കൈമാറിപ്പോരുന്ന ആദർശങ്ങൾക്കും വിനയായിത്തീരുമെന്ന് മനസ്സിലാക്കിയ മക്കാമുശ്‌രിക്കുകൾ മുസ്‌ലിംകളെ തടയുവാനും തടവിലാക്കുവാനും തുടങ്ങി. ദൈവികദർശനമനുസരിച്ച് സ്വന്തം നാട്ടിൽ ജീവിക്കുവാനനുവദിക്കുകയില്ല, അത് അനുവദിക്കുന്ന നാട്ടിലേക്ക് പോകാൻ സമ്മതിക്കുകയുമില്ലായെന്നതായിരുന്നു മക്കാമുശ്‌രിക്കുകളുടെ നിലപാട്. ത്യാഗസമ്പൂർണമായ പ്രയാണമായിരുന്നു ഹിജ്‌റയെന്ന് സ്വഹാബികൾക്ക് നേരിടേണ്ടിവന്ന ഹിജ്‌റാനുഭവങ്ങൾ വായിച്ചാൽ മനസ്സിലാവും.

രണ്ടാംഅഖബാ ഉടമ്പടിയുടെ ഒരുവർഷം മുമ്പു തന്നെ യഥ്‌രിബിലേക്ക് പലായനം ചെയ്തയാളാണ് അബൂസലമ ؓ. തന്റെ മരണശേഷം പ്രവാചകപത്നിയായിത്തീർന്ന ഉമ്മുസലമയായിരുന്നു ؓ അദ്ദേഹത്തിന്റെ ഭാര്യ. ഭാര്യയെയും പുത്രനെയും കൂട്ടി കുടുംബസമേതം നാടുവിടാനൊരുങ്ങിയപ്പോൾ ഭാര്യയുടെ ബന്ധുക്കൾ അദ്ദേഹത്തോടൊപ്പം വിടാനൊരുക്കമില്ലെന്ന് പറഞ്ഞ് അവരെ പിടിച്ചുവെച്ചു. അദ്ദേഹത്തിന്റെ കുടുംബം കുട്ടിയെ ഉമ്മുസലമയോടൊപ്പം വിട്ടുകൊടുക്കുകയില്ലെന്ന വാശിപിടിച്ചു. കുട്ടിക്ക് വേണ്ടി വാശിയോടെ ഇരുവിഭാഗവും പിടിവലി നടത്തി. പിടിവലിയിൽ പുത്രന്റെ കൈക്ക് പരിക്കു പറ്റി. തന്റെ ഭാര്യയേയും കുഞ്ഞിനെയും അല്ലാഹുവിലേൽപ്പിച്ച് ഏകനായി അബൂസലമ ؓ യാത്രയായി. ഉമ്മുസലമയിൽ നിന്ന് കുഞ്ഞിനേയും അവർ വേർപെടുത്തി. ഏകദേശം ഒരു വർഷത്തോളം ഭാര്യ ഉമ്മുസലമ കരഞ്ഞു കണ്ണീർവാർത്തു മക്കയിൽ കഴിച്ചുകൂട്ടി. അവരുടെ അടുത്ത ബന്ധുക്കളിൽ ഒരാൾ ശിപാർശ ചെയ്തതിനാലാണ് അവൾക്കും കുഞ്ഞിനും മദീനയിലേക്ക് പുറപ്പെടാൻ അനുമതി ലഭിച്ചത്. ഏറെ അകലെയുള്ള യഥ്‌രിബിലേക്ക് അവർ മകനേയും കൂട്ടി യാത്ര പുറപ്പെട്ടു. തൻഈമിലെത്തിയപ്പോൾ ഉസ്മാൻ ബിൻ ത്വൽഹയെ കണ്ടുമുട്ടുകയുംദ്ദേഹം അവരെ ഭർത്താവിന്റെയടുക്കൽ ഖുബാഅ വരെ എത്തിക്കുകയുംചെയ്തു.[55]

റോമക്കാരനായിരുന്ന സുഹൈബ് ؓ പലായനത്തിനൊരുങ്ങിയപ്പോൾ ഖുറൈശികൾ തടഞ്ഞുകൊണ്ട് പറഞ്ഞു. "ഞങ്ങളുടെയടുക്കൽ ദരിദ്രനും നിസ്സാരനുമായി വന്ന നീ ഈ കാണുന്ന ധനമെല്ലാം സമ്പാദിച്ചത് ഇവിടെ നിന്നാണ്. ഇപ്പോൾ ആ ധനവുമായി കടന്നുകളയാനാണോ നിന്റെ ഭാവം? അല്ലാഹുവാണ, അതിനൊരിക്കലും ഞങ്ങളനുവദിക്കില്ല." സുഹൈബ് ؓ ചോദിച്ചു. "എന്റെ സമ്പത്തെല്ലാം നിങ്ങൾക്ക് തന്നാൽ എന്നെ പോകാൻ അനുവദിക്കുമോ?" അവർ പറഞ്ഞു: "അതെ." അദ്ദേഹം സമ്പത്തെല്ലാം അവിടെ ഉപേക്ഷിച്ചു യഥ്‌രിബിലേക്ക് തിരിച്ചു. ഈ വിവരമറിഞ്ഞ മുഹമ്മദ് നബി ﷺ പ്രതികരിച്ചതിങ്ങനെയാണ്. "നല്ലൊരു കച്ചവടമാണ് സുഹൈബ് ചെയ്തത്!"[56]

ഉമറുബ്നുൽഖത്താബ്, അയ്യാശ് ബിൻ അബീറബിഅ, ഹിശാം ബിനുൽ ആസ് ؓ എന്നിവർ സഖീഫിന് മീതെ തനാദുബിൽ ഒരുമിച്ച് കൂടാനും രാവിലെ അവിടെ നിന്ന് യാത്ര പുറപ്പെടാനും തീരുമാനിച്ചു. ഉമറും അയ്യാശും ؓ സമയത്തു തന്നെ എത്തിയെങ്കിലും ഹിഷാം എത്തിയില്ല. അദ്ദേഹത്തെ ശത്രുക്കൾ പിടിച്ചു കെട്ടിയിട്ടതായിരുന്നു. രണ്ടുപേരും മദീനയിൽ എത്തി ഖുബാഉ

ൽ ഇറങ്ങി. അല്പം കഴിഞ്ഞ് അബൂജഹലും സഹോദരൻ ഹാരിഥും കൂടി അയ്യാശിനെ അന്വേഷിച്ച് അവിടെയെത്തി. ഇവർ മൂവരുടെയും മാതാവ് ഒന്നാണ്. അവർ അയ്യാശിനോട് പറഞ്ഞു: "നിന്റെ മാതാവ് നിന്നെ കാണാതെ മുടി ചീകുകയോ തണലേൽക്കുകയോ ചെയ്യില്ലെന്ന് ശപഥം ചെയ്തിരിക്കുന്നു. അതിനാൽ നീ അവരോട് കനിയുക." ഉമർ പറഞ്ഞു. "അയ്യാശ് നിന്റെ ആളുകൾ നിന്നെ കുഴപ്പത്തിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് സൂക്ഷിക്കുക! നിന്റെ മാതാവിന് പേനുപദ്രവിച്ചാൽ അവൾ മുടി ചീകിക്കൊള്ളും. ചൂട് കഠിനമായാൽ തണലേൽക്കുകയും ചെയ്തുകൊള്ളും." പക്ഷേ അയ്യാശ് മാതാവിന്റെ സത്യം പാലിക്കാൻ വേണ്ടി അവരുടെ കൂടെ പോകാൻ തന്നെ തീരുമാനിച്ചു. അപ്പോൾ ഉമർ പറഞ്ഞു. "നീ പോകാനാണ് തീരുമാനിക്കുന്നതെങ്കിൽ എന്റെ ഒട്ടകത്തെയെടുത്തോളൂ. അത് വേഗതയുള്ള ഒതുക്കമുള്ള ഒട്ടകമാണ്. വഴിയിൽവെച്ച് വല്ല സംശയവും തോന്നിയാൽ ഇതിന്റെ പുറത്ത് രക്ഷപ്പെടുക." അങ്ങനെ അവർ യാത്രയായി. അല്പം ദൂരം പിന്നിട്ടപ്പോൾ അബൂജഹൽ പറഞ്ഞു: "സഹോദരാ എന്റെ ഈ ഒട്ടകം വല്ലാതെ പരുക്കനായിരിക്കുന്നു. ഞാനും നിന്റെ ഒട്ടകപ്പുറത്തേറിയാലോ?" അയ്യാശ് പറഞ്ഞു. "വിരോധമില്ല." അതിലേക്ക് മാറാനായി ഒട്ടകത്തെ മുട്ടുകുത്തിച്ചു. ഈ സമയം നോക്കി അവർ അദ്ദേഹത്തെ പിടിച്ചു ബന്ധിക്കുകയും പകൽസമയത്ത് തന്നെ മക്കയിൽ മടങ്ങിയെത്തുകയും ചെയ്തു. എന്നിട്ട് രണ്ടുപേരും വിളിച്ചു പറഞ്ഞു: "മക്കക്കാരേ! നിങ്ങളെല്ലാവരും നിങ്ങളുടെ കൂട്ടത്തിലെ വിഡ്ഢികളെ ഇവ്വിധം കൈകാര്യം ചെയ്യുവിൻ."[57]

നാടും വീടുമുപേക്ഷിച്ച് ഹിജ്റ ചെയ്തവരെ പ്രകീർത്തിച്ചുകൊണ്ട് പടച്ചവൻ ഖുർആൻ വചനങ്ങളവതരിപ്പിച്ചു; പ്രവാചകൻ ﷺ അവർക്കായി പ്രാർഥിക്കുകയും അവർക്ക് ലഭിക്കാനിരിക്കുന്ന സ്വർഗീയസുഖങ്ങളെപ്പറ്റി സന്തോഷവാർത്തയറിയിക്കുകയും ചെയ്തു. സ്വത്ത് മുഴുവൻ ഉപേക്ഷിച്ച്, അല്ലാഹുവിനെയും റസൂലിനെയും സ്നേഹിച്ച്, ഇസ്‌ലാമികജീവിതത്തിന് സ്വാതന്ത്ര്യമുണ്ടാകണമെന്നാഗ്രഹിച്ച്, ഹിജ്റ പോയ സുഹൈബ് അർറൂമിയെക്കുറിച്ച് അവതരിക്കപ്പെട്ടതാണെന്ന് പ്രമുഖ ഖുർആൻ വ്യാഖ്യാതാക്കളെല്ലാം[58] അഭിപ്രായപ്പെട്ട വചനത്തിന്റെ സാരം ഇങ്ങനെയാണ്.

"വേറെ ചില ആളുകളുണ്ട്. അല്ലാഹുവിന്റെ പൊരുത്തം തേടിക്കൊണ്ട് സ്വന്തം ജീവിതം തന്നെ അവർ വിൽക്കുന്നു. അല്ലാഹു തന്റെ ദാസൻമാരോട് അത്യധികം ദയയുള്ളവനാകുന്നു." (2:207)

യഥ്‌രിബിൽ ഇസ്‌ലാം പ്രചരിക്കുന്നതും മക്കയിൽ നിന്ന് മുസ്‌ലിംകൾ ഒറ്റയ്ക്കും തെറ്റയായും പലായനം ചെയ്യുന്നതുമെല്ലാം നിരീക്ഷിച്ച മക്കായിലെ മുശ്‌രിക്കുകൾ കാര്യങ്ങൾ ഇങ്ങനെ വിട്ടാൽ അപകടകരമായിത്തീരുമെന്ന് കണക്കുകൂട്ടുകയും ശക്തമായ നടപടിയുണ്ടായില്ലെങ്കിൽ പ്രശ്നമാവുമെന്ന് കരുതുകയും ചെയ്തത് സ്വാഭാവികമായിരുന്നു. തന്ത്രപ്രധാനമായ യഥ്‌രിബിൽ ഇസ്‌ലാം വളരുന്നതും അവിടെയൊരു ഇസ്‌ലാമിക സമൂഹമുണ്ടാവുന്നതും തങ്ങളുടെ ഭാവി അപകടത്തിലാക്കുമെന്ന് കണക്കുകൂട്ടിയ അവർ മുഹമ്മദ് നബി ﷺയെപ്പറ്റി ഒരു അവസാന തീരുമാനമെടുക്കുന്നതിനായി ദാറുന്നദ്‌വയിൽ ഒരുമിച്ചുകൂടി. പ്രവാചകത്വത്തിന്റെ പതിമൂന്നാം വർഷം സഫർ 27ന്, അഖബാ ഉടമ്പടി കഴിഞ്ഞ് ഏകദേശം രണ്ടരമാസം കഴിഞ്ഞ്[59] നടന്ന പ്രസ്തുത യോഗത്തെക്കുറിച്ചാണ് അവതരിക്കപ്പെട്ടതെന്ന് വ്യഖ്യാതാക്കൾ വ്യക്തമാക്കിയ[60] ഖുർആൻ വചനത്തിന്റെ സാരം നോക്കുക.

"നിന്നെ ബന്ധനസ്ഥനാക്കുകയോ കൊല്ലുകയോ നാട്ടിൽ നിന്ന് പുറത്താക്കുകയോ ചെയ്യാൻ വേണ്ടി നിനക്കെതിരായി സത്യനിഷേധികൾ തന്ത്രം പ്രയോഗിച്ചിരുന്ന സന്ദർഭം (ഓർക്കുക) അവർ തന്ത്രം പ്രയോഗിക്കുന്നു. അല്ലാഹുവും തന്ത്രം പ്രയോഗിക്കുന്നു. എന്നാൽ അല്ലാഹുവാണ് തന്ത്രം പ്രയോഗിക്കുന്നവരിൽ മെച്ചപ്പെട്ടവൻ." (8:30)

**നീണ്ട പന്ത്രണ്ടു വർഷക്കാലം തന്നെ പീഡിപ്പിക്കുകയും പ്രയാസപ്പെടുത്തുകയും ചെയ്തവരോട് പ്രതികാരം ചെയ്യാനൊരുങ്ങിയ യഥ്‌രിബുകാരെ ഉറങ്ങാൻ പറഞ്ഞയക്കുന്ന പ്രവാചകനിൽ ﷺ ഒരു കലാപകാരിയെ കാണുവാൻ അന്ധമായ ഇസ്‌ലാം വിരോധത്തിന്റെ തിമിരം ബാധിച്ചവർക്കെല്ലാതെ കഴിയുകയില്ല.**

ദാറുന്നദ്‌വയിൽ വെച്ച് നടന്ന യോഗത്തിൽ വെച്ച് അബുൽ അസ്‌വക്, മുഹമ്മദിനെ ﷺ നാടുകടത്താമെന്നും അബുൽ ബഖ്തരി നമുക്കവനെ ചങ്ങലയാൽ ബന്ധിച്ച് ഒരു മുറിയിൽ അടച്ചിടാമെന്നും പറഞ്ഞുവെങ്കിലും അതൊന്നും അംഗീകരിക്കുവാൻ നജ്ദിൽ നിന്നെത്തിയ വയോവൃദ്ധന്റെ രൂപത്തിൽ യോഗത്തിൽ പങ്കെടുത്ത ഇബ്‌ലീസ് സന്നദ്ധനായില്ലെന്നും ഓരോ ഗോത്രത്തിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട ശക്തരും ധീരരുമായ ഓരോരുത്തരുടെ കയ്യിൽ ഓരോ വാളു നൽകുകയും അവരെല്ലാവരും ഒരുമിച്ച് മുഹമ്മദിനെ ﷺ കൊല്ലുകയും ചെയ്താൽ എല്ലാ ഗോത്രങ്ങളോടും കൂടി പ്രതികാരം ചെയ്യാൻ അബ്ദു മനാഫ് ഗോത്രത്തിന് കഴിയില്ലെന്ന അബൂജഹ്‌ലിന്റെ അഭിപ്രായമാണ് ഇബ്‌ലീസ് പിൻതാങ്ങുകയും യോഗത്തിലുള്ളവരെല്ലാം അംഗീകരിക്കുകയും ചെയ്ത അഭിപ്രായമെന്നും അതനുസരിച്ച് പ്രവർത്തിക്കുവാനുള്ള പദ്ധതിയുമായാണ് യോഗം പിരിഞ്ഞതെന്നും താരീഖുത്ത്വബ്‌രിയിൽ സ്വീകാര്യമായ പരമ്പരയോടെ നിവേദനം ചെയ്യുന്നുണ്ട്.[61] അബൂജഹ്‌ലിന്റെ നേതൃത്വത്തിലുള്ള പതിനൊന്ന് പേർ വാളുകളുമായി നബി ﷺയുടെ വീടു വളഞ്ഞത് ഈ പദ്ധതി പ്രകാരമായിരുന്നു. മുഹമ്മദ് നബി ﷺ പ്രഭാതത്തിൽ പുറത്തു വരുമ്പോൾ പതിനൊന്നുപേരും ഒരുമിച്ചു വെട്ടി അദ്ദേഹത്തിന്റെ കഥ കഴിക്കുകയെന്ന അവരുടെ പദ്ധതി പരാജപ്പെട്ടു. 'മുഹമ്മദിനെ പിൻതുടർന്നാൽ അറബികളുടെയും അനറബികളുടെയും ആധിപത്യം നിങ്ങൾക്ക് ലഭിക്കുമെന്നും പുനരുജ്ജീവിപ്പിച്ച് ജോർദാനിലെ തോട്ടങ്ങളെപ്പോലെയുള്ള തോട്ടങ്ങൾ നിങ്ങൾക്ക് നൽകുമെന്നും പിൻതുടരാത്തവരെ കൊല്ലുമെന്നും പുനരുത്ഥാനത്തിന് ശേഷം നരകത്തിലേക്ക് വലിച്ചെറിയുമെന്നുമാണ് ഇവർ പറയുന്നത്' എന്ന് പറഞ്ഞ് കളിയാക്കിച്ചിരിച്ചുകൊണ്ടിരുന്ന അബൂജഹ്‌ലിനെയും കൂട്ടരെയും ഇളിഭ്യരാക്കിക്കൊണ്ട് 'ഞാനങ്ങനെ പറയുന്നുണ്ട്; അതിലൊരാളാണ് നീ'യെന്നും മൊഴിഞ്ഞ് അത്ഭുതകരമായി വീട്ടിൽ നിന്ന് പുറത്തിറങ്ങി രക്ഷപ്പെടുകയായിരുന്നു മുഹമ്മദ് നബി ﷺ[62]. നബി ﷺ സാധാരണയായി ഉറങ്ങാറുണ്ടായിരുന്ന വിരിപ്പിൽ അലി ؓയെ കിടത്തുകയും തന്റെ പുതപ്പ് പുതച്ച് ഉറങ്ങുവാനാവശ്യപ്പെടുകയും ചെയ്ത്, തന്നെ കൊല്ലാൻ തക്കം പാർത്തിരിക്കുന്നവരുടെ തലയ്ക്കു

മുകളിലൂടെ അൽപം മണ്ണുവാരിയെറിയുകയും സൂറത്തുയാസീനിലെ ആദ്യത്തെ ഒമ്പത് വചനങ്ങൾ ഓതുകയും ചെയ്തുകൊണ്ട് വീട്ടിനു പുറത്തിറങ്ങി ശത്രുക്കൾക്കിടയിലൂടെ നടന്നുപോയെങ്കിലും, തികച്ചും അത്ഭുതകരമായി, നബി ﷺയെ കാണാൻ അവർക്കാർക്കും കഴിഞ്ഞില്ല.(63) താൻ പാരായണം ചെയ്ത വാക്യങ്ങളിൽ പറഞ്ഞതിനെ അന്വർഥമാക്കിക്കൊണ്ട്, സത്യനിഷേധികൾക്കൊന്നും കാണാൻ കഴിയാത്ത രീതിയിൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അവർക്കിടയിലൂടെത്തന്നെ നടന്ന് പോവുകയാണ് നബി ﷺ ചെയ്തത്. "അവരുടെ കഴുത്തുകളിൽ നാം ചങ്ങലകൾ വെച്ചിരിക്കുന്നു. അത് (അവരുടെ) താടിയെല്ലുകൾ വരെ എത്തുന്നു. തൻമൂലം അവർ തലകുത്തനെ പിടിച്ചവരായിരിക്കും. അവരുടെ മുമ്പിൽ ഒരു തടസ്സവും അവരുടെ പിന്നിൽ ഒരു തടസ്സവും നാം വെച്ചിരിക്കുന്നു. അങ്ങനെ നാം അവരെ മൂടിക്കളഞ്ഞു; അതിനാൽ അവർക്ക് കാണാൻ കഴിയില്ല." (36:8,9)

മുശ്‌രിക്കുകളുടെ കുതന്ത്രങ്ങൾ പരാജയപ്പെട്ടു; അല്ലാഹുവിന്റെ തന്ത്രം വിജയിക്കുകയും ചെയ്തു.

"നിന്നെ ബന്ധനസ്ഥനാക്കുകയോ കൊല്ലുകയോ നാട്ടിൽ നിന്ന് പുറത്താക്കുകയോ ചെയ്യാൻ വേണ്ടി നിനക്കെതിരായി സത്യനിഷേധികൾ തന്ത്രം പ്രയോഗിച്ചിരുന്ന സന്ദർഭം (ഓർക്കുക) അവർ തന്ത്രം പ്രയോഗിക്കുന്നു. അല്ലാഹുവും തന്ത്രം പ്രയോഗിക്കുന്നു. എന്നാൽ അല്ലാഹുവാണ് തന്ത്രം പ്രയോഗിക്കുന്നവരിൽ മെച്ചപ്പെട്ടവൻ." (8:30)

മുഹമ്മദ് നബി ﷺയുടെ ഹിജ്റയെപ്പറ്റി പ്രവാചകപത്നിയും ഹിജ്റാവസരത്തിൽ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന അനുചരന്റെ പുത്രിയുമായ ആയിശ ؓ വിവരിക്കുന്നത് കാണുക:

ആഇശയിൽ നിന്ന്: മക്കയിലായിരിക്കെ നബിﷺ മുസ്‌ലിംകളോട് പ്രഖ്യാപിച്ചു: "നിങ്ങൾക്ക് ഹിജ്റ പോകാനുള്ള സ്ഥലത്തെപ്പറ്റി എനിക്ക് സ്വപ്നദർശനമുണ്ടായിരിക്കുന്നു. ഇരു കൽപ്രദേശങ്ങൾക്കിടയ്ക്കുള്ള ഒരു ഈത്തപ്പന പ്രദേശമാണത്." പിന്നീട് ഹിജ്റ പോയവരെല്ലാം മദീനയുടെ ഭാഗത്തേക്കാണ് പോയത്. അബ്സീനിയയിലേക്ക് ഹിജ്റ പോയവരിൽ പലരും അവിടെനിന്ന് മദീനയിലേക്ക് മടങ്ങി. അബൂബക്റും മദീനയിലേക്ക് പോകാനുള്ള ഒരുക്കങ്ങൾ നടത്തി. നബി അബൂബക്റിനോട് പറഞ്ഞു: "പോകാൻ വരട്ടെ, ഞാനും അനുമതി പ്രതീക്ഷിച്ചിരിപ്പാണ്." ഇതു കേട്ട അബൂബക്ർ ചോദിച്ചു: "എന്റെ ഉപ്പ താങ്കൾക്ക് തെണ്ടം, താങ്കൾ അത് പ്രതീക്ഷിക്കുന്നുവോ?'' നബി പറഞ്ഞു: "അതെ." അങ്ങനെ അബൂബക്ർ നബിയോടൊപ്പം പോകുന്നതിനു വേണ്ടി തന്റെ യാത്ര നീട്ടി വെച്ചു. തന്റെ അടുക്കലുണ്ടായിരുന്ന രണ്ട് ഒട്ടകങ്ങൾക്ക് ഇലന്തമരത്തിന്റെ ഇല തീറ്റകൊടുത്ത് കൊണ്ട് അദ്ദേഹം നാലു മാസം പോറ്റി. ഒരു ദിവസം നട്ടുച്ചനേരത്ത് ഞങ്ങൾ അബൂബക്റിന്റെ വീട്ടിലിരിക്കുമ്പോൾ ഒരാൾ അബൂബക്റിനോട് പറഞ്ഞു: "ഇതാ; പ്രവാചകൻ തല മൂടിക്കൊണ്ട് വരുന്നു." സാധാരണയായി ഞങ്ങളുടെ അടുക്കൽ വരാത്ത സമയമായിരുന്നു അത്. അബൂബക്ർ പറഞ്ഞു: "എന്റെ ഉമ്മയും ഉപ്പയും അവിടത്തേക്ക് തെണ്ടം. അല്ലാഹുവിൽ സത്യം, എന്തോ വലിയ കാര്യമാണ് ഈ സമത്ത് നബിയെ ഇങ്ങോട്ട് വരുത്തിയിട്ടുള്ളത്!"

നബി വന്ന് പ്രവേശനാനുമതി തേടി. അനുവാദം ലഭിച്ചു വീട്ടിൽ കടന്ന നബി, അബൂബക്റിനോട് പറഞ്ഞു: "അടുത്തുള്ളവരോട് പുറത്തുപോകാൻ പറയൂ..." അപ്പോൾ അബൂബക്ർ പറഞ്ഞു: "ഇവിടെ താങ്കളുടെ വീട്ടുകാരി മാത്രമേയുള്ളൂ." നബി പറഞ്ഞു: "എനിക്ക് ഹിജ്റ പോവാൻ അനുവാദം കിട്ടിയിരിക്കുന്നു!" അബൂബക്ർ ചോദിച്ചു: "അനുഗമിക്കാൻ താങ്ങളെന്നെ അനുവദിച്ചാലും." നബി പറഞ്ഞു: "അതെ, അനുവാദമുണ്ട്." അബൂബക്ർ പറഞ്ഞു: "എന്റെ രണ്ടു വാഹനങ്ങളിൽ ഒന്ന് താങ്കളെടുത്താലും." നബി പറഞ്ഞു: "വില നിശ്ചയിച്ച് എടുത്തുകൊള്ളാം."

രണ്ടുപേരുടെയും യാത്രാസാമഗ്രികൾ ഞങ്ങൾ വളരെ വേഗം സജ്ജീകരിച്ചു. ആഹാരം തയ്യാറാക്കി ഒരു തോൽപാത്രത്തിൽ വെച്ചു. അസ്മാഅ് തന്റെ അരപ്പട്ടയുടെ ഒരു ഭാഗം മുറി ച്ചെടുത്ത് തോൽപാത്രത്തിന്റെ വായ കെട്ടി. 'രണ്ട് അരപ്പട്ടയുള്ളവൾ' (ദാതുന്നിത്വാഖൈനി) എന്ന പേര് അങ്ങനെയാണ് അവൾക്ക് ലഭിച്ചത്. പിന്നെ അല്ലാഹുവിന്റെ റസൂലും അബൂബക്റും ഥൗർ പർവതത്തിലെ ഒരു ഗുഹയിൽ എത്തിച്ചേർന്നു. മൂന്നു ദിവസം അവിടെ ഒളിച്ചിരുന്നു. രാത്രി അബൂബക്റിന്റെ മകൻ അബ്ദുല്ലയും അവരുടെ കൂടെ താമസിക്കുമായിരുന്നു. അബ്ദുല്ല കൂർമബുദ്ധിയും സാമർഥ്യവുമുള്ള യുവാവായിരുന്നു. പുലരും മുമ്പേ ഇരുളിന്റെ മറവിൽ അദ്ദേഹം അവിടെ നിന്ന് മടങ്ങുകയും ചെയ്യും. പ്രഭാതമാകുമ്പോൾ അദ്ദേഹം ഖുറൈശികൾക്കൊപ്പം രാപാർത്തവനെപ്പോലെ മക്കയിലെത്തിയിട്ടുണ്ടാവും. എന്നിട്ട് നബിക്കും അബൂബക്റിനുമെതിരിൽ നടത്തപ്പെടുന്ന ഗൂഢതന്ത്രങ്ങൾ കേട്ടു മനസ്സിലാക്കി, രാത്രി ഇരുട്ടുന്നതോടെ അവരിരുവർക്കും

**അല്ലാഹുവിന്റെ മാർഗത്തിൽ ഇറങ്ങിത്തിരിച്ചവരോടൊപ്പം അല്ലാഹുവുണ്ടാകുമെന്നതാണ് പ്രധാനമായും ഹിജ്റ നൽകുന്ന മറ്റൊരു പാഠം. ഥൗർ ഗുഹയിൽ വെച്ചും യാത്രയിലുടനീളം പ്രവാചകൻ ﷺ കാണിച്ച മനക്കരുത്തും ദൃഢനിശ്ചയവും ഉയിരെടുക്കുന്നത് അല്ലാഹുവിലാണ് താൻ കാര്യങ്ങൾ ഭരമേൽപ്പിച്ചിരിക്കുന്നത് എന്ന ബോധത്തിൽ നിന്നാണ്.**



ആ വിവരങ്ങൾ എത്തിച്ചുകൊടുക്കും. അബൂബക്റിന്റെ ദാസൻ ആമിറുബ്നു ഫുഹൈറ അവർക്കു വേണ്ടി കറവുള്ള ഒരാടിനെ മേയ്ച്ചിരുന്നു. സന്ധ്യമയങ്ങുന്നതോടെ അയാളതിനെ അവരുടെ അടുത്തെത്തിക്കും. ആ ആടിന്റെ പാൽ കഴിച്ചാണ് അവർ രാത്രി കഴിച്ചു കൂട്ടുന്നത്. അതായത് അവരുടെ കറവയാടിന്റെ, ചൂടുകല്ലിട്ട് തിളപ്പിച്ച പാൽ. വെളുപ്പാൻകാലത്തെ ഇരുട്ടിൽ ആടിനെയും തെളിച്ച് ആമിറുബ്നു ഫുഹൈറ മടങ്ങുകയും ചെയ്യും. ആ മൂന്ന് രാവുകളിൽ ഓരോ രാത്രിയും അദ്ദേഹം അങ്ങനെ ചെയ്തു. നബിയും അബൂബക്റും ദീൽ ഗോത്രക്കാരനായ ഒരാളെ വഴികാട്ടിയായി കൂലിക്ക് വിളിച്ചിരുന്നു. അയാൾ അബ്ദുബ്നു അദിയ്യിന്റെ സന്തതികളിൽ ഒരാളാണ്; വിദഗ്ധനായ വഴികാട്ടിയും. ആസ്വുബ്നു വാഇൽ കുടുംബവുമായി അയാൾ സഖ്യം ചെയ്തിരുന്നു. അയാള മതപരമായി മക്കാമുശ്രിക്കുകളോടൊപ്പമാണ്. നബിയും അബൂബക്റും അയാളിൽ വിശ്വാസമർപ്പിച്ചു. തങ്ങളിരുവരുടെയും വാഹനം അദ്ദേഹത്തെ ഏൽപിച്ചു. മൂന്നു ദിവസത്തിനു ശേഷം ഥൗർ ഗുഹയിലെത്തണമെന്ന് അയാളുമായി ഇരുവരും ഉടമ്പടിയുണ്ടാക്കി. മൂന്നാം ദിവസം പ്രഭാതവേളയിൽ ഇരുവരുടെയും യാത്രാവാഹനങ്ങളുമായി അയാൾ ഗുഹാമുഖത്തെത്തി. നബിﷺയും അബൂബക്റും യാത്ര തുടർന്നു. ആമിറുബ്നു ഫുഹൈറയും വഴികാട്ടിയും അവർക്കൊപ്പം സഞ്ചരിച്ചു. അവരെ സമുദ്രതീരത്തു കൂടിയാണ് അയാൾ കൊണ്ടുപോയത്.[64]

താൻ ഉറങ്ങുന്ന വിരിപ്പിൽ തന്റെ പുതപ്പു വിരിച്ച് ഉറങ്ങുവാൻ കൽപിക്കുകയും അലി ؓക്ക് യാതൊന്നും സംഭവിക്കുകയുമില്ലെന്ന് ഉറപ്പു നൽകുകയും ചെയ്തുകൊണ്ട് പലായനത്തിനൊരുങ്ങുന്നതിന് മുമ്പ് പ്രവാചകൻ ﷺ അലിയെ ؓ ഏൽപിച്ച ഉത്തരവാദിത്തമെന്താണെന്ന് മനസ്സിലാവുമ്പോൾ എത്രത്തോളം വിശുദ്ധമായിരുന്നു നബിവ്യക്തിത്വമെന്ന് നമുക്ക് ആവർത്തിച്ചു ബോധ്യപ്പെടും. മക്കയിലെ മുശിരിക്കുകളിൽ പലരും വിശ്വസിച്ചേൽപ്പിച്ച വസ്തുക്കൾ അലി ؓയെ ഏൽപിക്കുകയും താൻ പലായനം ചെയ്തുകഴിഞ്ഞാൽ അവ അവയുടെ അവകാശികൾക്ക് തിരിച്ചേൽപ്പിക്കുവാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തുകയും ചെയ്ത നബിനടപടി[65] സത്യസന്ധനെന്ന് തന്റെ സമൂഹം വിളിച്ചാദരിച്ച വ്യക്തിമുദ്രക്കു മേൽ ഒരു പൊൻതൂവൽ കൂടി ചാർത്തുന്നതാണ്. മുഹമ്മദ് നബി ﷺ കൊണ്ടുവന്ന ആദർശത്തെ വെറുക്കുകയും അത് തകർക്കുവാൻ പരമാവധി പരിശ്രമിക്കുകയും ചെയ്തവർ പോലും നബി ﷺയുടെ പക്കലായിരുന്നു തങ്ങളുടെ സമ്പാദ്യങ്ങൾ സൂക്ഷിക്കുവാനേൽപ്പിച്ചിരുന്നത് എന്ന വസ്തുത അദ്ദേഹത്തിന്റെ വ്യക്തിത്വം എത്രത്തോളം വിശുദ്ധവും സർവാംഗീകൃതവുമായിരുന്നുവെന്ന് വ്യക്തമാക്കുന്നുണ്ട്. തന്നെ കൊല്ലുവാനായി തക്കം പാർത്തിരിക്കുന്നവരുടെ ബന്ധുക്കളും സ്വന്തക്കാരുമെല്ലാം തന്നെ ഏൽപ്പിച്ച സമ്പത്തായിരുന്നിട്ടുപോലും അതവർക്ക് തിരിച്ചുകൊടുക്കണമെന്ന് തീരുമാനിച്ച പ്രവാചകചര്യയിൽ ശത്രുക്കളോടുപോലുമുള്ള കൊള്ളുകൊടുക്കലുകളിൽ ഏത് രൂപത്തിലാണ് വിശ്വാസി മാതൃകയാവേണ്ടതെന്ന പാഠവുമുണ്ട്. ശത്രുവിനോടാണെങ്കിൽ എന്ത് ക്രൂരതയും അനീതിയും അതിക്രമവും ചെയ്യാമെന്നല്ല, അവരോടുപോലും നീതിയിൽ വർത്തിക്കുകയും അതിക്രമം ചെയ്യാതിരിക്കുകയും വഞ്ചിക്കാതിരിക്കുകയുമാണ് വേണ്ടതെന്ന് സ്വന്തം ജീവിതത്തിലൂടെ പഠിപ്പിച്ച പ്രവാചകനിൽ ശത്രുക്കളോട് അതിക്രമം കാണിച്ച വ്യക്തിത്വം ആരോപിക്കുന്നത് എന്തുമാത്രം വലിയ ക്രൂരതയല്ല!

ജനിച്ചു വളർന്ന നാടിനെ വെറുത്തു

**തങ്ങളുടെ പലായന വിവരവും ഥൗർ ഗുഹയിലെ താമസവിവരവും മൂന്നുദിവസങ്ങൾക്കുശേഷമുള്ള യാത്രാവിവരവുമെല്ലാം മസ്ലിമല്ലാത്ത ഒരു വിശ്വസ്തനുമായി നേരത്തെതന്നെ പങ്കുവെക്കുന്നതിൽ പ്രവാചകൻ ﷺ യാതൊരുവിധ അനൗചിത്യവും ദർശിച്ചില്ല. അബ്ദുല്ലാഹിബ്നു ഉറൈഖത്ത് എന്ന ആ ജൂതനാകട്ടെ തന്നെ ഏൽപിച്ച ദൗത്യം ഭംഗിയായി നിർവഹിക്കുകയും ചെയ്തു.**

കൊണ്ടായിരുന്നില്ല പ്രവാചകൻ ﷺയുടെ പലായനം; പ്രത്യുത ആദർശമനുസരിച്ച് ജീവിക്കാൻ സ്വന്തം നാട്ടിൽ യാതൊരു വിധ നിർവാഹവുമില്ലാത്തതിനാലായിരുന്നു. അല്ലാഹുവിനെ മാത്രം ആരാധിക്കുവാനായി ഭൂമിയിൽ നിർമിക്കപ്പെട്ട ആദ്യ ഭവനം സ്ഥിതി ചെയ്യുകയും ഇബ്രാഹീം നബി (അ)യുടെയും ഇസ്മായിൽ നബി (അ)യുമെല്ലാം പ്രബോധന പ്രവർത്തനങ്ങൾ നടക്കുകയും ചെയ്ത, താൻ ജനിച്ചുവളർന്ന നാടിനോടുള്ള പ്രവാചകന്റെ ﷺ സ്നേഹം അപാരമായിരുന്നു. മക്കയിൽ നിന്ന് യാത്ര പുറപ്പെടുന്നതിനുമുമ്പ് സ്വന്തം നാടിനെ നോക്കി പ്രവാചകൻ പറഞ്ഞ വരികൾ ശ്രദ്ധേയമാണ്: 'അല്ലാഹുവാണ! നീയാണ് ഭൂമിയിലെ ഏറ്റവും നല്ലസ്ഥലം; നീയാണ് അല്ലാഹു ഏറ്റവും ഇഷ്ടപ്പെടുന്ന പ്രദേശം; ഞാൻ നിന്നിൽ നിന്ന് പുറത്താക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നിൽ നിന്ന് പോവുകയില്ലായിരുന്നു.'[66]

പ്രവാചകത്വത്തിന്റെ പതിമൂന്നാം വർഷം സഫർ മാസം 27ന് വ്യാഴാഴ്ച[67] തന്റെ വീട്ടിൽ നിന്ന് പുറത്തിറങ്ങിയതു മുതൽ ആരംഭിക്കുന്നു മുഹമ്മദ് നബി ﷺയുടെ പലായനത്തിന്റെ ചരിത്രം. തങ്ങളുടെ കണ്ണുവെട്ടിച്ച് മുഹമ്മദ് നബി ﷺ തന്റെ വീട്ടിൽ നിന്ന് കടന്നുകളഞ്ഞുവെന്നറിഞ്ഞ മക്കാമുശ്രിക്കുകൾ കോപാകുലരാവുകയും അദ്ദേഹത്തെയും കൂടെയുള്ളവരെയും തിരിച്ച്പിടിക്കുവാനുള്ള പരിശ്രമങ്ങളിലേർപ്പെടുകയും ചെയ്തുവെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുഹമ്മദ് നബി ﷺയും അനുചരപ്രമുഖനായ അബൂബക്കറും ؓ ആരാലും അക്രമിക്കപ്പെടാതെ യഥ്രിബിലെത്തി. മുഹമ്മദ് നബി ﷺയെയും അബൂബക്കറി ؓനെയും ജീവനോടെ പിടികൂടുകയോ കൊല്ലുകയോ ചെയ്യുന്നവർക്ക് നൂറുവീതം ഒട്ടകങ്ങൾ പാരിതോഷികമായി നൽകാമെന്ന മുശ്രിക്കുകളുടെ വാഗ്ദാനത്തിൽ[68] ആകൃഷ്ടരായി ഒരുപാടുപേർ അവരെ തിരയാൻ പുറപ്പെട്ടുവെങ്കിലും ആർക്കും അവരെ കണ്ടെത്താൻ കഴിഞ്ഞില്ല. അന്നു തന്നെ മക്കയിൽ നിന്ന് അഞ്ചുനാഴിക അകലെയുള്ള ഥൗർ ഗുഹയിൽ എത്തിച്ചേർന്ന അവർ മൂന്ന് രാത്രികൾ-വെള്ളി, ശനി, ഞായർ-അവിടെ കഴിച്ചുകൂട്ടിയതിനാൽ തിരഞ്ഞുനടന്നവർക്കെല്ലാം അവരെ കണ്ടെത്താനാവാതെ നിരാശരാകേണ്ടിവന്നു.[69] അവരിൽ ചിലർ ഥൗർ ഗുഹയ്ക്ക് മുന്നിലെത്തിയെങ്കിലും അല്ലാഹുവിന്റെ

അപാരമായ അനുഗ്രഹത്താൽ അവർക്കൊന്നും തന്നെ മുഹമ്മദ് നബി ﷺയും അബൂബക്കറും ؓ അതിനുള്ളിലുണ്ടെന്ന് മനസ്സിലായില്ല. തങ്ങൾ പിടിയ്ക്കപ്പെടുമെന്ന് തോന്നിയ സന്ദർഭത്തിൽ പോലും സമചിത്തത കൈവിടാതെ പ്രവാചകൻ ﷺ അല്ലാഹുവിൽ കാര്യങ്ങൾ ഭരമേൽപ്പിച്ചു സമാധാനമായി ഗുഹയിൽ തന്നെയിരുന്നു. അബൂബക്കർ ؓ വിവരിക്കുന്നത് കാണുക:

''ഞാൻ നബിയോടൊപ്പം (ഥൗർ) ഗുഹയിലായിരുന്നു. തലയുയർത്തി നോക്കിയപ്പോൾ ശത്രുജനത്തിന്റെ പാദഭാഗങ്ങൾ എനിക്ക് ദൃശ്യമായി. ഞാൻ നബിയോട് പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ, അവരിൽ വല്ലവരും താഴോട്ട് നോക്കിയാൽ നമ്മെ കണ്ടതു തന്നെ." അപ്പോൾ റസൂൽ പറഞ്ഞു: "മിണ്ടാതിരിക്കൂ അബൂബക്ർ! നമ്മൾ രണ്ടുപേരാണെങ്കിലും മൂന്നാമനായി അല്ലാഹുവുണ്ട്."[70]

ഈ സംഭവത്തെ സൂചിപ്പിച്ചുകൊണ്ട് അവതരിപ്പിക്കപ്പെട്ട[71] ഖുർആൻ വചനത്തിന്റെ സാരം ഇങ്ങിനെയാണ്:

"നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ; സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും, അദ്ദേഹം രണ്ടു പേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ അവർ രണ്ടുപേരും (നബിയും അബൂബക്കറും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട്, ദുഃഖിക്കേണ്ട. തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറയുന്ന സന്ദർഭം. അപ്പോൾ അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കികൊടുക്കുകയും, നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തിന് പിൻബലം നൽകുകയും, സത്യനിഷേധികളുടെ വാക്കിനെ അവൻ അങ്ങേയറ്റം താഴ്ത്തിക്കളയുകയും ചെയ്തു. അല്ലാഹുവിന്റെ വാക്കാണ് ഏറ്റവും ഉയർന്ന് നിൽക്കുന്നത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു." (9:40)

ഹിജ്റാ യാത്രയിലുടനീളം അനുഭവിക്കേണ്ടിവന്ന പ്രയാസങ്ങളിൽ നിന്ന് അല്ലാഹു നബി ﷺയെ രക്ഷപ്പെടുത്തി. ഒരു സംഭവം നോക്കുക:

മുദ്‌ലിജ് ഗോത്രജനായ സുറാഖത്തുബ്നു മാലികിബ്നി ജുഅ്ശും പറയുന്നു: ഖുറൈശി കുഫ്ഫാറുകളുടെ ദൂതന്മാർ ഞങ്ങളുടെ അടുത്തുവന്നു. നബിയെയും അബൂബക്റിനെയും വധിക്കുകയോ ബന്ദികളാക്കുകയോ ചെയ്യുന്നതിന് അവരിൽ ഓരോരുത്തന്റെയും ദിയ (രക്തമൂല്യം=നൂറ് ഒട്ടകം) സമ്മാനിക്കാമെന്ന് അവർ വിളംബരം ചെയ്തു. ഒരു ദിവസം ഞാൻ എന്റെ ഗോത്രമായ ബനൂ മുദ്‌ലിജിന്റെ ഒരു സദസ്സിലിരിക്കുമ്പോൾ അവരിലൊരാൾ കയറി വന്നു. ഞങ്ങളുടെ മുമ്പിൽ അയാൾ നിന്നു. (ഞങ്ങൾ ഇരിക്കുകയായിരുന്നു) അയാൾ പറഞ്ഞു: "സുറാഖാ! അൽപം മുമ്പ് കടൽത്തീരത്ത് ഞാൻ ചില ആൾരൂപങ്ങൾ കണ്ടു. അത് മുഹമ്മദും കൂട്ടരുമാണെന്ന് എനിക്ക് തോന്നുന്നു." സുറാഖ പറയുന്നു: അത് അവർ തന്നെയാണെന്ന് എനിക്കു മനസ്സിലായി. എങ്കിലും ഞാൻ ഇങ്ങനെ പ്രതികരിച്ചു: "നീ കണ്ടവർ മുഹമ്മദും കൂട്ടരുമല്ല. നമ്മുടെ കൺമുന്നിലൂടെ കടന്നുപോയ ഇന്നിന്ന ആളുകളാണ്." സ്വൽപനേരം ഞാൻ ആ സദസ്സിൽ തങ്ങി. അവിടെ നിന്നെഴുന്നേറ്റു. ഉടനെ വീട്ടിൽ ചെന്നു. എന്റെ കുതിരയെയും കൊണ്ട് ഒരു കുന്നിനു പിന്നിൽ കാത്തുനിൽക്കാൻ ഞാൻ എന്റെ ദാസിയോട് പറഞ്ഞു. പിന്നെ ഞാനെന്റെ വാരിക്കുന്തവുമെടുത്ത് വീടിന്റെ പിറകിലൂടെ പുറത്തിറങ്ങി. അതിന്റെ മുന നിലത്തേക്ക് ഇറക്കിവെച്ച് കൈപ്പിടി താഴ്ത്തിപ്പിടിച്ച് ഞാൻ എന്റെ കുതിരയുടെ അടുത്തുചെന്നു. അതിന്മേൽ കയറി യാത്രയായി. കുതിരയെ അതിവേഗം പായിച്ചു. അങ്ങനെ ഞാൻ അവരുടെ അടുത്തെത്താറായി. അപ്പോൾ കുതിര എന്നെയും കൊണ്ട് കാലിടറി ഭൂമിയിൽ വീണു. ഞാൻ ഉടനെ എഴുന്നേറ്റു. ആവനാഴിയിലെ അമ്പുകളെടുത്ത് പ്രശ്നം വെച്ചു നോക്കി. മറുപടി അനുകൂലമായിരുന്നില്ല. പക്ഷെ, അതു പരിഗണിക്കാതെ ഞാൻ കുതിരപ്പുറത്തേറി വീണ്ടും ധൃതിയിൽ ഓടിച്ചു. അവർക്കടുത്തെത്തിയപ്പോൾ റസൂലിന്റെ ഖുർആൻ പാരായണം ഞാൻ ശ്രവിച്ചു. റസൂൽ എങ്ങോട്ടും തിരിഞ്ഞു നോക്കുന്നേയില്ല. അബൂബക്റാകട്ടെ, അധികമായി തിരിഞ്ഞുനോക്കുന്നുമുണ്ട്. എന്റെ കുതിരയുടെ ഇരുകൈകളും മുട്ടോളം ഭൂമിയിലേക്കാണ്ടുപോയി. കുതിരപ്പുറത്തു നിന്ന് ഞാൻ തെറിച്ചു വീണു. ഞാൻ കുതിരയെ വിരട്ടിനോക്കി. കുതിര എഴുന്നേറ്റെങ്കിലും മുൻകാലുകൾ പുറത്തെടുക്കാൻ നന്നേ പ്രയാസപ്പെട്ടു. അങ്ങനെ അത് നേരെചൊവ്വെ നിന്നപ്പോൾ അതിന്റെ കാൽക്കീഴിൽ നിന്നുയർന്ന പൊടിപടലങ്ങൾ ആകാശത്ത് വ്യാപിച്ചു കിടക്കുന്ന പുകപോലെ ദൃശ്യമായി. ഞാൻ വീണ്ടും പ്രശ്നം വച്ചു. മറുപടി അനിഷ്ടകരമായിരുന്നു. ഞാൻ അവരെ വിളിച്ച് അഭയം ആവശ്യപ്പെട്ടു. അപ്പോൾ അവരെന്നെ കാത്തുനിന്നു. ഞാൻ കുതിരപ്പുറത്തേറി അവരുടെ അടുത്തെത്തി. അവരെ പിടികൂടാൻ കഴിയാതെ എനിക്കഭിമുഖീകരിക്കേണ്ടി വന്ന പ്രയാസങ്ങൾ, റസൂലിന്റെ പ്രസ്ഥാനം വിജയിക്കാൻ പോവുകയാണെന്ന തോന്നൽ എന്റെ മനസ്സിൽ ഉളവാക്കി. ഞാൻ അല്ലാഹുവിന്റെ ദൂതനോട് പറഞ്ഞു: "താങ്കളുടെ ജനത താങ്കളെ പിടിക്കുന്നവർക്ക് ദിയ (നൂറ് ഒട്ടകം) സമ്മാനമായി പ്രഖ്യാപിച്ചിട്ടുണ്ട്." തുടർന്ന് അവരുടെ കാര്യത്തിൽ മക്കക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നടപടിക്രമങ്ങൾ ഞാൻ റസൂലിനെ അറിയിച്ചു. ഞാൻ അവർക്കു നേരെ ആഹാരപദാർഥങ്ങളും മറ്റു ചില വിഭവങ്ങളും വച്ചു നീട്ടി. പക്ഷേ അവരത് സ്വീകരിച്ചില്ല. ''ഞങ്ങളെക്കുറിച്ചുള്ള വിവരം ഗോപ്യമാക്കി വെക്കുക" എന്നു പറഞ്ഞതല്ലാതെ അവരെന്നോട് ഒന്നും ആവശ്യപ്പെട്ടില്ല. ഞാൻ നബിയോട് ഒരു

**മുസ്‌ലിമായി ജീവിക്കുവാൻ സ്വാതന്ത്ര്യം നൽകുകയും അത് പ്രബോധനം ചെയ്യാൻ അനുവദിക്കുകയും ചെയ്യുന്ന രാഷ്ട്രമാണ് ദാറുൽ അംന്. അത്തരം രാജ്യങ്ങളോട് കലാപത്തിലേർപ്പെടുകയോ അവിടെ നിന്ന് പലായനം ചെയ്യുകയോ അല്ല; മാതൃകാ യോഗ്യരായി ജീവിക്കുകയും സഹജീവികൾക്ക് സത്യസന്ദേശമെത്തിക്കുകയുമാണ് മുസ്‌ലിമിന്റെ കടമ.**



അഭയപത്രം എഴുതിത്തരാൻ ആവശ്യപ്പെട്ടു. നബി നിർദേശിച്ചതു പ്രകാരം ആമിറുബ്നു ഫുഹൈറ തോൽക്കഷണത്തിൽ എനിക്കൊരഭയപത്രം എഴുതിത്തന്നു. പിന്നീട് നബി യാത്ര തുടർന്നു.(72)

അല്ലാഹുവിന്റെ മാർഗത്തിൽ ഇറങ്ങിത്തിരിച്ചവരോടൊപ്പം അല്ലാഹുവുണ്ടാകുമെന്നതാണ് ഹിജ്റ നൽകുന്ന പ്രധാനപ്പെട്ട പാഠങ്ങളിലൊന്ന്! ഥൗർ ഗുഹയിൽ വെച്ചും യാത്രയിലുടനീളവും പ്രവാചകൻ ﷺ കാണിച്ച മനക്കരുത്തും ദൃഢനിശ്ചയവും ഉയിരെടുക്കുന്നത് അല്ലാഹുവിലാണ് താൻ കാര്യങ്ങൾ ഭരമേൽപ്പിച്ചിരിക്കുന്നത് എന്ന ബോധത്തിൽ നിന്നാണ്. അഗ്നിയിൽ എറിയപ്പെടുമ്പോൾ ഇബ്രാഹീം നബി ﷺ അല്ലാഹുവിൽ ഭരമേൽപ്പിച്ചതുപോലെ ഹിജ്റാവസരത്തിലും അല്ലാത്തപ്പോഴുമെല്ലാം മുഹമ്മദ് നബി ﷺയും അല്ലാഹുവിൽ ഭരമേൽപ്പിച്ചുകൊണ്ട് അവസാനം വരെയുള്ള വിശ്വാസികൾക്ക് മാതൃകയായിത്തീർന്നു.

ഇബ്നു അബ്ബാസിൽ നിന്ന്: "ഞങ്ങൾക്ക് അല്ലാഹു മതി; അവൻ ഭരമേൽപിക്കാൻ എത്രയോ യോഗ്യൻ" എന്ന് അഗ്നിയിൽ എറിയപ്പെട്ടപ്പോൾ ഇബ്റാഹിം നബി പറഞ്ഞു. "ജനം നിങ്ങൾക്കെതിരിൽ സംഘടിച്ചിരിക്കുന്നു: അവരെ ഭയപ്പെടുവിൻ" എന്ന് ശത്രുക്കൾ പറഞ്ഞപ്പോൾ മുഹമ്മദ് നബിയും അങ്ങനെയാണ് പറഞ്ഞത്.(73)

മൂന്നുദിവസത്തെ ഗുഹാവാസത്തിനു ശേഷം, റബീഉൽ അവ്വൽ ഒന്നാം തിയ്യതി രാത്രിയാണ് യഥ്രിബ് ലക്ഷ്യമാക്കിയുള്ള നബിസംഘത്തിന്റെ യാത്രയാരംഭിച്ചത്. നബി ﷺയും അബൂബക്കറും ؓ അദ്ദേഹത്തിന്റെ ദാസനായ ആമിറുബ്നു ഫുഹൈറയും വഴികാട്ടിയായ അബ്ദുല്ലാഹിബ്നു ഉറൈഖെത്ത് അൽ ലൈഥി(71)യുമടങ്ങുന്ന നാലുപേരുടെ സംഘം എട്ടാം തിയ്യതി തിങ്കളാഴ്ച പകൽസമയത്ത്(72) യഥ്രിബിന്റെ കവാട നഗരിയായി ഖുബായിൽ എത്തുന്നതിനിടയിലെ സംഭവങ്ങളിലൂടെ നബി ﷺ നിരവധി പാഠങ്ങൾ ലോകത്തിന് നൽകുകയുണ്ടായി. നബിസംഘത്തിലെ വഴികാട്ടിയെപ്പറ്റി ബുഖാരിയിലെ നിവേദനത്തിൽ പറയുന്നത് 'സത്യനിഷേധികളായ ഖുറൈശികളുടെ മതത്തിലായിരുന്നു അയാൾ'(73) എന്നാണ്. ദീൽ ഗോത്രക്കാരനും അബ്ദുബ്നു അദിയ്യിന്റെ സന്തതികളിൽ പെട്ടയാളും വിദഗ്ധനായ വഴികാട്ടിയുമായിരുന്ന അദ്ദേഹമായിരുന്ന മക്കയിൽ നിന്ന് യഥ്രിബിലെത്തുവോളം പ്രവാചകന് ﷺ വഴികാട്ടിയായി കൂടെയുണ്ടായിരുന്നതെന്ന യാഥാർഥ്യം അമുസ്‌ലിമാണെങ്കിലും വിശ്വസ്തനാണെങ്കിൽ ഒരാളെ സുപ്രധാനമായ ദൗത്യങ്ങൾ ഏൽപിക്കുന്നതിൽ നിന്ന് പ്രവാചകൻ മുസ്‌ലിംകളെ വിലക്കിയിട്ടില്ലെന്ന് വ്യക്തമാക്കുന്നുണ്ട്. തങ്ങളുടെ പലായന വിവരവും ഥൗർ ഗുഹയിലെ താമസവിവരവും മൂന്നുദിവസങ്ങൾക്കുശേഷമുള്ള യാത്രാവിവരവുമെല്ലാം മുസ്‌ലിമല്ലാത്ത ഒരു വിശ്വസ്തനുമായി നേരത്തെതന്നെ പങ്കുവെക്കുന്നതിൽ പ്രവാചകൻ ﷺ യാതൊരുവിധ അനൗചിത്യവും ദർശിച്ചില്ല. അബ്ദുല്ലാഹിബ്നു ഉറൈഖത്താകട്ടെ തന്നെ ഏൽപിച്ച ദൗത്യം ഭംഗിയായി നിർവഹിക്കുകയും ചെയ്തു. യാത്രയിലോ യാത്രയ്ക്കു മുമ്പോ നബി ﷺയുടെ ശത്രുക്കളെ അറിയാതെ, ശത്രുക്കൾക്ക് പരിചയമില്ലാത്ത വഴികളിലൂടെ, തികച്ചും സുരക്ഷിതമായി മുഹമ്മദ് നബി ﷺ യെ അദ്ദേഹം യഥ്രിബിലെത്തിച്ചു. നബി ﷺയെ ഒറ്റിക്കൊടുക്കുകയോ അപായപ്പെടുത്തുകയോ ചെയ്യാൻ അദ്ദേഹം സന്നദ്ധമായില്ല; അങ്ങനെ ചെയ്താൽ അദ്ദേഹത്തിന് നൂറ് ഒട്ടകം ലഭിക്കുമായിരുന്നിട്ടും നബി ﷺയോടുള്ള വാഗ്ദത്തം പാലിച്ചുകൊണ്ട് മുശ്രിക്കുകളുടെ പാരിതോഷികം വേണ്ടെന്നുവെക്കുകയാണ് ഇബ്നു ഉറൈഖെത്ത് ചെയ്തത്. വിശ്വസ്തരാണെങ്കിൽ, അമുസ്‌ലിംകളെപ്പോലും സുപ്രധാനമായ ദൗത്യങ്ങൾ ഏൽപിക്കാമെന്ന് പഠിപ്പിക്കുന്ന അബ്ദുല്ലാഹിബ്നു ഉറൈഖെത്തിനെ ഹിജ്റയിലെ വഴികാട്ടിയായി നിശ്ചയിച്ച മുഹമ്മദ് നബി ﷺ യുടെ നടപടി പ്രവാചകൻ വർഗീയവാദിയായിരുന്നുവെന്ന വാദത്തിന്റെ നട്ടെല്ലൊടിക്കുന്നുണ്ട്. വഞ്ചിക്കുകയില്ലെന്നുറപ്പുള്ളവരെ, അവരുടെ മതം നോക്കാതെത്തന്നെ രഹസ്യങ്ങൾ വരെ ഏൽപ്പിക്കാമെന്ന് സ്വന്തം ജീവിതത്തിലൂടെ പഠിപ്പിച്ച പ്രവാചകനിൽ ﷺ വർഗീയവിദ്വേഷത്തിന്റെ കുഴലൂത്തുകാരനെ തിരയുന്നവർ ഹിമപാളികൾക്കിടയിൽ അഗ്നി അന്വേഷിക്കുന്നതുപോലുയുള്ള വൃഥാവ്യായാമമാണ് ചെയ്യുന്നത്.

**ജനിച്ചു വളർന്ന നാടിനെക്കാളും പോറ്റി വളർത്തിയ മാതാപിതാക്കളേക്കാളും അധ്വാനിച്ചുണ്ടാക്കിയ സമ്പാദ്യത്തേക്കാളുമെല്ലാം മുസ്‌ലിംകൾ വിലമതിക്കുന്നത് ദൈവിക മാർഗദർശനപ്രകാരമുള്ള ജീവിതവും അതെപ്പറ്റി സഹജീവികൾക്ക് പറഞ്ഞുകൊടുക്കുവാനുള്ള അവസരവുമാണെന്നതാണ് ഹിജ്റ നൽകുന്ന സന്ദേശം.**

മക്കയിൽ നിന്ന് നബി ﷺ പുറപ്പെട്ടുവെന്ന് അറിഞ്ഞതുമുതൽ യഥ്രിബ് വാസികൾ അദ്ദേഹത്തെ കാത്തിരിക്കുകയായിരുന്നു. പ്രവാചകന്റെ ﷺ ആഗമനം അവർക്ക് വലിയൊരു ആഘോഷമായിത്തീർന്നു; ലോകചരിത്രത്തിന്റെ ഗതിയെത്തന്നെ തിരിച്ചുവിട്ടത് പ്രസ്തുത ആഗമനമായിരുന്നുവല്ലോ. നബി ﷺയുടെ യഥ്രിബിലേക്കുള്ള ആഗമനത്തെക്കുറിച്ച് വിവരിക്കുന്ന സ്വഹീഹുൽ ബുഖാരിയിലുള്ള ഹദീഥുകൾ കാണുക:

ഇബ്നു ശിഹാബ് പറഞ്ഞു: ഉർവതുബ്നു സുബൈർ ഇപ്രകാരം എന്നെ അറിയിച്ചു: ശാമിൽനിന്ന് മടങ്ങിവരുന്ന ഒരു മുസ്‌ലിം കച്ചവടസംഘത്തോടൊപ്പം നബി സുബൈറിനെ കാണാനിടയായി. സുബൈർ നബിയെയും അബൂബക്റിനെയും ഓരോ വെള്ള വസ്ത്രം അണിയിച്ചു. അല്ലാഹുവിന്റെ റസൂൽ മക്കയിൽ നിന്ന് പുറപ്പെട്ട വിവരം ഇതിനകം മദീനയിലെ മുസ്‌ലിംകൾ കേട്ടുകഴിഞ്ഞിരുന്നു. അവർ ഓരോ ദിവസവും രാവിലെ ഹർറയിലേക്കു പോകുമായിരുന്നു. എന്നിട്ട്, നട്ടുച്ചനേരത്തെ ചൂട് അവരെ തിരിച്ചയക്കുന്നതുവരെ നബിﷺയെ കാത്തിരിക്കും.

ഒരു ദിവസം ദീർഘനേരം കാത്തിരുന്ന ശേഷം അവർ തിരിച്ചുപോയി വീടുകളിൽ പ്രവേശിച്ചതേയുള്ളൂ... ഒരു ജൂതൻ എന്തോ ആവശ്യത്തിന് അവരുടെ ഒരു കോട്ടക്ക് മുകളിൽ കയറി നോക്കിയപ്പോൾ റസൂലും സംഘവും വരുന്നത് കണ്ണിൽപെട്ടു. വെള്ള വസ്ത്രധാരികളായ അവരുടെ സാന്നിധ്യത്താൽ മരീചിക അകന്നുപോകുന്നുണ്ടായിരുന്നു. ജൂതന് സ്വയം നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അയാൾ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: "അറബി സമൂഹമേ! ഇതാ നിങ്ങൾ കാത്തിരിക്കുന്ന സൗഭാ

ഗ്യം!!" കേൾക്കേണ്ട താമസം, മുസ്‌ലിംക ൾ ഇളകിവശായി. അവർ ആയുധമണി ഞ്ഞു. ഹർറയിൽ വെച്ച് അവർ നബി ﷺയെ സ്വീകരിച്ചു. റസൂൽ അവരുടെ കൂടെ ഹർറയിൽ നിന്ന് വലത്തോട്ട് സഞ്ചരിച്ചു. അംറുബ്നു ഔഫ് വംശക്കാരുടെ താമസ സ്ഥലത്ത് ചെന്നിറങ്ങി. അന്ന് റബീഉൽ അവ്വലിലെ ഒരു തിങ്കളാഴ്ചയായിരുന്നു. അബൂബക്ർ എഴുന്നേറ്റുനിന്നു. നബി നിശ്ശബ്ദനായി ഇരുന്നു. മുമ്പ് അല്ലാഹു വിന്റെ ദൂതരെ കണ്ടിട്ടില്ലാത്ത അൻസ്വാറു കൾ അബൂബക്റിനെ അഭിവാദ്യം ചെയ് തുകൊണ്ടിരുന്നു. വെയിൽ ദൈവദൂതനു നേരെ എത്തിയപ്പോൾ അബൂബക്ർ വന്ന് തന്റെ തട്ടം കൊണ്ട് റസൂലിന് തണലേകി. അപ്പോഴാണ് ജനം നബിയെ മനസ്സിലാക്കി യത്. പത്തിൽപരം ദിനങ്ങൾ നബി അംറു ബ്നു ഔഫിന്റെ കുടുംബത്തോടൊപ്പം താമസിച്ചു. അവിടെ 'തഖ്‌വയുടെ അടി ത്തറയിൽ നിർമിക്കപ്പെട്ട പള്ളി' പണിതു. നബി അവിടെ നമസ്കാരം നിർവഹിച്ചു. പിന്നെ വാഹനത്തിലേറി യാത്ര തുടർന്നു. ജനം അദ്ദേഹത്തോടൊപ്പം നടന്നുനീങ്ങി. മദീനയിലെ റസൂലിന്റെ പള്ളിയുടെ സ്ഥാ നത്തെത്തിയപ്പോൾ ഒട്ടകം മുട്ടുകുത്തി. അന്നവിടെ ചില മുസ്‌ലിംകൾ നമസ്കരി ക്കാറുണ്ടായിരുന്നു. ഈത്തപ്പഴം ഉണ്ടാക്കാ നുള്ള ഒരു കളമായിരുന്നു അത്. അസ് അദുബ്നു സുറാറയുടെ സംരക്ഷണത്തി ലുള്ള സുഹൈൽ, സഹ്ൽ എന്നീ രണ്ട് അനാഥക്കുട്ടികൾക്ക് അവകാശപ്പെട്ടതായി രുന്നു ആ സ്ഥലം. ഒട്ടകം മുട്ടുകുത്തിയതി നെത്തുടർന്ന് നബി ഇങ്ങനെ പ്രഖ്യാപിച്ചു: "അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിൽ ഇതാ ണ് നമ്മുടെ താവളം." പിന്നെ റസൂൽ സുഹൈലിനെയും സഹ്‌ലിനെയും വിളി പ്പിച്ചു. പള്ളി പണിയാനായി അവിടുന്ന് പ്രസ്തുത കാരക്കാകളത്തിന് വിലപറ യാൻ അവരോടാവശ്യപ്പെട്ടു. സഹ്‌ലും സുഹൈലും പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ ഞങ്ങൾ വിലയൊന്നും പറയു ന്നില്ല. ഞങ്ങളത് അവിടുത്തേക്ക് ദാനമാ യി നൽകുകയാണ്. അവരിൽ നിന്ന് സൗജന്യമായി സ്വീകരിക്കാൻ തിരുദൂതൻ വിസമ്മതിക്കുകയും അത് വിലകൊടുത്തു വാങ്ങുകയും ചെയ്തു. പിന്നെ അവിടെ പള്ളി പണിതു. നിർമാണത്തിൽ സ്വഹാ ബിമാരുടെ കൂടെ നബിയും ഇഷ്ടികകൾ ചുമന്നു. ഇഷ്ടികകൾ ചുമക്കുന്നതിനിട യിൽ നബി ഇങ്ങനെ പറഞ്ഞുകൊണ്ടി രുന്നു: "ഈ ഭാരം ഖൈബറിലെ ഭാരം ചുമ ക്കുന്നത് പോലെയല്ല. ഞങ്ങളുടെ നാഥാ, പരിശുദ്ധവും പുണ്യം നിറഞ്ഞതുമായ പ്രവൃത്തിയാണിത്. അല്ലാഹുവേ യഥാർഥ പ്രതിഫലം പരലോകത്തെ പ്രതിഫലമാ ണല്ലോ. അതിനാൽ അൻസ്വാറുകളോടും മുഹാജിറുകളോടും നീ കരുണ കാട്ടേണ മേ."[74]

ബറാഇൽ നിന്ന്: ആദ്യമായി ഞങ്ങ ളുടെ അടുക്കൽ വന്നത് മുസ്അബുബ്നു ഉമൈറും ഇബ്നു ഉമ്മി മക്തൂമുമാണ്.

**യഥ്‌രിബുകാരുടെ ഗോത്ര നേതാക്കൾ മരണപ്പെടുകയും ആധിപത്യം ശിഥിലീകരിക്കപ്പെ ടുകയും ചെയ്ത ബുആഥ് യുദ്ധ ത്തിലൂടെ മനസ്സ് പാകപ്പെട്ടവരാ യതിനാലാണ് അവിടെ ഇസ്‌ലാം പെട്ടെന്ന് വളർന്ന തെന്ന് പ്രവാചക പത്നി ആയി ശ ﷺ വ്യക്തമാക്കിയിട്ടുണ്ട്.**



രണ്ടുപേരും ജനങ്ങളെ ക്വുർആൻ കേൾ പ്പിക്കുമായിരുന്നു. പിന്നെ ബിലാലും സഅ്ദും അമ്മാറുബ്നു യാസിറും എത്തി. പിന്നെ ദൈവദൂതന്റെ ഇരുപത് സ്വഹാ ബിമാർക്കൊപ്പം ഉമറുബ്നുൽ ഖത്ത്വാബും വന്നു. പിന്നീടാണ് നബി ﷺ എത്തിയത്. നബി വന്നപ്പോൾ സന്തോഷിച്ചതുപോലെ മദീനാവാസികൾ മറ്റൊരു കാര്യത്തിലും സന്തോഷിച്ചതായി ഞാൻ കണ്ടിട്ടില്ല. അടിമസ്ത്രീകൾ വരെ ഇങ്ങനെ പറയാൻ തുടങ്ങി: നബി വന്നു കഴിഞ്ഞു. നബി വരുമ്പോഴേക്കും സബ്ബിഹിസ്മ (സൂറ ത്തുൽ അഅ്ലാ)യും മഫസ്സ്വൽ വിഭാഗ ത്തിലെ മറ്റു ചില സൂറത്തുകളും ഞാൻ പഠിച്ചുകഴിഞ്ഞിരുന്നു.[75]

നാലുദിവസങ്ങൾ ഖുബയിൽ താമസി ച്ച ശേഷം, റബീഉൽ അവ്വൽ 12ന് വെള്ളി യാഴ്ച യഥ്‌രിബിലെത്തിയ പ്രവാചകനും ﷺ നൂറുപേരും കൂടി സാലിം ബിൻ ഔഫ് ഗോത്രക്കാരുടെ താഴ്‌വരയിൽ വെച്ച് ജുമുഅ നമസ്കാരം നിർവഹിച്ചതു[76] മു തലാണ് യഥ്‌രിബ് 'മദീനത്തുൽ റസൂൽ' എന്ന് അറിയപ്പെടാനാരംഭിച്ചത്.[77] പിന്നീട് ലോപിച്ച് മദീനയായിത്തീർന്നതും പ്രവാ ചകനഗരത്തിന്റെയും ഇസ്‌ലാമിക രാഷ്ട്ര ത്തിന്റെ തലസ്ഥാനത്തിന്റെയും നാമമായി ത്തീർന്നതുമെല്ലാം ഈ മദീനത്തുൽ റസൂ ലാണ് (ദൈവദൂതന്റെ നഗരം).

മുഹമ്മദ് നബി ﷺ മദീനയിലെത്തു കയും അവിടെ ഒരു ഇസ്‌ലാമികസമൂഹം രൂപപ്പെടുകയും ചെയ്തതോടെ മക്കയിലു ള്ള മുസ്‌ലിംകൾക്കെല്ലാം ഹിജ്റ നിർബ ന്ധബാധ്യതയായിത്തീർന്നു. പീഡനങ്ങൾ സഹിക്കേണ്ടിവരുമെന്ന് പേടിച്ച് ആദർശം പുറത്തുപറയാതെ ജീവിക്കേണ്ടുന്ന അവ സ്ഥ വെടിഞ്ഞ് ഹിജ്റ ചെയ്ത് മദീനയി ലെത്തുവാൻ വിശ്വാസികളെ ആഹ്വാനം ചെയ്യുന്ന ക്വുർആൻ വചനങ്ങൾ ഈ ബാധ്യതയെക്കുറിച്ച് വ്യക്തമാക്കുന്നവ യാണ്:

"തീർച്ചയായും വിശ്വസിക്കുകയും, സ്വ ദേശം വെടിഞ്ഞ് പോകുകയും തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട് അല്ലാ ഹുവിന്റെ മാർഗത്തിൽ സമരത്തിൽ ഏർ പെടുകയും ചെയ്തവരും, അവർക്ക് അഭ യം നൽകുകയും സഹായിക്കുകയും ചെയ്തവരും അന്യോന്യം ഉറ്റമിത്രങ്ങളാ കുന്നു. വിശ്വസിക്കുകയും എന്നാൽ സ്വദേശം വെടിഞ്ഞ് പോകാതിരിക്കുകയും ചെയ്തവരോട് അവർ സ്വദേശം വെടിഞ്ഞ്

പോരുന്നത് വരെ നിങ്ങൾക്ക് യാതൊരു സംരക്ഷണ ബാധ്യതയുമില്ല. ഇനി മതകാര്യത്തിൽ അവർ നിങ്ങളുടെ സഹായം തേടുകയാണെങ്കിൽ സഹായിക്കാൻ നിങ്ങൾക്ക് ബാധ്യതയുണ്ട്. എന്നാൽ നിങ്ങളുമായി കരാറിൽ ഏർപെട്ടുകഴിയുന്ന ജനതയ്ക്കെതിരെ (നിങ്ങളവരെ സഹായിക്കാൻ) പാടില്ല. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കണ്ടറിയുന്നവനാകുന്നു.” (8:72)

“വിശ്വസിക്കുകയും സ്വദേശം വെടിയുകയും തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്തവർ അല്ലാഹുവിങ്കൽ ഏറ്റവും മഹത്തായ പദവിയുള്ളവരാണ്. അവർ തന്നെയാണ് വിജയം പ്രാപിച്ചവർ. അവർക്ക് അവരുടെ രക്ഷിതാവ് അവന്റെ പക്കൽ നിന്നുള്ള കാരുണ്യത്തെയും പ്രീതിയെയും സ്വർഗത്തോപ്പുകളെയും പറ്റി സന്തോഷവാർത്ത അറിയിക്കുന്നു. അവർക്ക് അവിടെ ശാശ്വതമായ സുഖാനുഭവമാണുള്ളത്. അവരതിൽ നിത്യവാസികളായിരിക്കും. തീർച്ചയായും അല്ലാഹുവിന്റെ അടുക്കലാണ് മഹത്തായ പ്രതിഫലമുള്ളത്.” (9:20-22)

“(അവിശ്വാസികളുടെ ഇടയിൽ തന്നെ ജീവിച്ചുകൊണ്ട്) സ്വന്തത്തോട് അന്യായം ചെയ്തവരെ മരിപ്പിക്കുമ്പോൾ മലക്കുകൾ അവരോട് ചോദിക്കും: നിങ്ങളെന്തൊരു നിലപാടിലായിരുന്നു? അവർ പറയും: ഞങ്ങൾ നാട്ടിൽ അടിച്ചൊതുക്കപ്പെട്ടവരായിരുന്നു. അവർ (മലക്കുകൾ) ചോദിക്കും: അല്ലാഹുവിന്റെ ഭൂമി വിശാലമായിരുന്നില്ലേ? നിങ്ങൾക്ക് സ്വദേശം വിട്ട് അതിൽ എവിടെയെങ്കിലും പോകാമായിരുന്നല്ലോ. എന്നാൽ അത്തരക്കാരുടെ വാസസ്ഥലം നരകമത്രെ. അതെത്ര ചീത്ത സങ്കേതം! എന്നാൽ യാതൊരു ഉപായവും സ്വീകരിക്കാൻ കഴിവില്ലാതെ, ഒരു രക്ഷാമാർഗവും കണ്ടെത്താനാകാതെ അടിച്ചൊതുക്കപ്പെട്ടവരായിക്കഴിയുന്ന പുരുഷൻമാരും സ്ത്രീകളും കുട്ടികളും ഇതിൽ നിന്നൊഴിവാകുന്നു.” (4:97,98)

ഇസ്‌ലാമിക രാഷ്ട്രങ്ങളുണ്ടായതിനു ശേഷം പിന്നെ മക്കയിൽ ജീവിക്കുന്നവർ യഥാർഥത്തിൽ സ്വീകരിച്ചിരിക്കുന്നത് ആത്മഹത്യാപരമായ നിലപാടാണെന്നും അവരുടെ ആദർശം സ്വാഭാവികമായും ചോർന്നുപോകാൻ സാധ്യതയുണ്ടെന്നും നബി ﷺ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് ‘ബഹുദൈവാരാധകരോടൊപ്പം ജീവിക്കുന്ന മുസ്‌ലിംകളുടെ കാര്യത്തിൽ എനിക്കൊരു ഉത്തരവാദിത്തവുമില്ല; അവരുടെ തീയിൽ നിന്ന് നിങ്ങൾ വെളിച്ചമെടുക്കേണ്ടിവരരുത്’[78] എന്ന് പ്രവാചകൻ ﷺ പഠിപ്പിച്ചത്.

> **വഞ്ചിക്കുകയില്ലെന്നുറപ്പുള്ളവരെ, അവരുടെ മതം നോക്കാതെത്തന്നെ രഹസ്യങ്ങൾ വരെ ഏൽപ്പിക്കാമെന്ന് സ്വന്തം ജീവിതത്തിലൂടെ പഠിപ്പിച്ച പ്രവാചകനിൽ ﷺ വർഗീയവിദ്വേഷത്തിന്റെ കുഴലൂത്തുകാരനെ തിരയുന്നവർ ഹിമപാളികൾക്കിടയിൽ അഗ്നി അന്വേഷിക്കുന്നതുപോലെയുള്ള വൃഥാവ്യായാമമാണ് ചെയ്യുന്നത്.**

പ്രവാചകന്റെ നേതൃത്വത്തിൽ ഇസ്‌ലാമികരാഷ്ട്രമുണ്ടാവുകയും അവിടെ സ്വതന്ത്രമായി മതമനുഷ്ഠിച്ച് ജീവിക്കുവാൻ കഴിയുന്ന അവസ്ഥയുണ്ടാവുകയും ചെയ്തശേഷം മുശ്‌രിക്കുകളോടൊപ്പം ജീവിച്ച് അവരുടെ പീഡനങ്ങൾ സഹിക്കേണ്ടതില്ലെന്നും അങ്ങനെ ചെയ്യുന്നപക്ഷം അവരുടെ ആശയങ്ങളിൽ പലതും സ്വീകരിക്കേണ്ട അവസ്ഥയുണ്ടാകുമെന്നും അത്തരക്കാരുടെ കാര്യത്തിൽ തനിക്ക് ഉത്തരവാദിത്തമൊന്നുമുണ്ടാവുകയില്ലെന്നുമാണ് ഇവിടെ പ്രവാചകൻ ﷺ നിഷ്കർഷിക്കുന്നത്. ഇസ്‌ലാമികാദർശമനുസരിച്ച് ജീവിക്കുവാൻ സ്വാതന്ത്ര്യം നൽകപ്പെടുന്ന നാട്ടിൽ നിന്ന് ഹിജ്റ പോവേണ്ടതില്ലെന്ന വസ്തുത ഹിജ്റ ആറാം വർഷം വരെ അബ്സീനിയയിൽ കഴിയാൻ ജഅ്ഫറുബ്നു അബീത്വാലിബിനെയും رضي الله عنه കൂടെയുള്ളവരെയും അനുവദിച്ച പ്രവാചകനടപടിയിൽ നിന്ന് വ്യക്തമാവുന്നുണ്ട്. മദീനാരാഷ്ട്രത്തിന്റെ സൈനിക ശക്തി വർധിപ്പിക്കുവാനാണ് എല്ലാ മുസ്‌ലിംകളോടും ഹിജ്റ ചെയ്യാൻ മുഹമ്മദ് നബി ﷺ കൽപിച്ചതെന്ന് വിമർശിക്കുന്നവർ നബി ﷺക്ക് അത്തരമൊരു ഉദ്ദേശമുണ്ടായിരുന്നെങ്കിൽ തന്നെ അതിലെന്താണ് തെറ്റെന്ന് പറഞ്ഞുതരുവാൻ ബാധ്യസ്ഥരാണ്. മക്കയിലും മറ്റു സ്ഥലങ്ങളിലും പീഡനങ്ങളനുഭവിച്ചുകൊണ്ടിരിക്കുന്നവർ മദീനയിലെത്തുകയും അതുവഴി ഇസ്‌ലാമികരാഷ്ട്രത്തിന്റെ സൈനികശക്തി വർധിക്കുകയും ചെയ്യണമെന്ന് ഒരു രാഷ്ട്രനേതാവെന്ന നിലയിൽ മുഹമ്മദ് നബി ﷺ ആഗ്രഹിച്ചുവെങ്കിൽ, ഏതു തരം നൈതികയുടെ അടിസ്ഥാനത്തിലാണ് അതിൽ തെറ്റുകാണാൻ കഴിയുകയെന്നാണ് അവർ വ്യക്തമാക്കേണ്ടത്.

അസ്വാതന്ത്ര്യത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള പലായനമാണ് ഹിജ്റ. ഒരു രാജ്യം ഇസ്‌ലാമികമാണോ അല്ലേയെന്നതല്ല പ്രത്യുത മുസ്‌ലിമായി ജീവിക്കുവാൻ അനുവദിക്കുന്നതാണോ അല്ലേയെന്നതാണ് അവിടെ നിന്ന് മുസ്‌ലിംകൾ ഹിജ്റ പോകേണ്ടതുണ്ടോ ഇല്ലേയെന്ന് തീരുമാനിക്കുന്നത്. രാജ്യങ്ങളെ ദാറുൽ ഇസ്‌ലാം, ദാറുൽ ഹർബ്, ദാറുൽ അഹദ് എന്നിങ്ങനെ വർഗീകരിക്കുന്ന പിൽക്കാല രീതിയനുസരിച്ച് ദാറുൽ ഹർബിൽ നിന്ന്- (മുസ്‌ലിംകളുമായി യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന അമുസ്‌ലിം രാഷ്ട്രം) ദാറുൽ ഇസ്‌ലാമിലേക്കാണ് (ഇസ്‌ലാമികരാഷ്ട്രം) ഹിജ്റ നടക്കേണ്ടത്. ദാറുൽ അഹദ് ഇസ്‌ലാമികരാഷ്ട്രവുമായി സന്ധിയിലേർപ്പെട്ടിരിക്കുന്ന രാജ്യമാണ്; അവിടെ മുസ്‌ലിംകൾക്ക് സ്വാതന്ത്ര്യത്തോടെ മതമനുഷ്ഠിച്ച് ജീവിക്കുവാൻ സാധിക്കുന്നതിനാൽ അത്തരം രാജ്യങ്ങളിൽ നിന്ന് ഹിജ്റ ചെയ്യേണ്ടതില്ലെന്ന് വ്യക്തമാക്കുന്നതാണ് ഇസ്‌ലാമികരാഷ്ട്രമുണ്ടായി വർഷങ്ങൾ കഴിഞ്ഞിട്ടും അബ്സീനിയയിൽ ജീവിക്കുവാൻ മുസ്‌ലിംകളെ അനുവദിച്ച പ്രവാചകന്റെ ﷺ നടപടി. ജനാധിപത്യക്രമം നിലനിൽക്കുന്ന രാഷ്ട്രസംവിധാനങ്ങളിൽ മതസ്വാതന്ത്ര്യം അനുവദിക്കപ്പെടുന്നുവെങ്കിൽ അതിനെ വിളിക്കുവാൻ ഏറ്റവും അനുയോജ്യമായ പദം ദാറുൽ അംന് -സുരക്ഷിത നാട്- എന്നാണ്. മുസ്‌ലിമായി ജീവിക്കുവാൻ സ്വാതന്ത്ര്യം നൽകുകയും അത് പ്രബോധനം ചെയ്യാൻ അനുവദിക്കുകയും ചെയ്യുന്ന രാഷ്ട്രമാണ് ദാറുൽ അംന്. അത്തരം രാജ്യങ്ങളോട് കലാപത്തിലേർപ്പെടുകയോ അവിടെ നിന്ന് പലായനം ചെയ്യുകയോ അല്ല; മാതൃകായോഗ്യരായി ജീവിക്കുകയും സഹജീവികൾക്ക് സത്യസന്ദേശമെത്തിക്കുകയുമാണ് മുസ്‌ലിമിന്റെ കടമ.

‘ഇനി ഹിജ്റയില്ല’[79]യെന്ന് മക്കാ വിജയ ദിവസം പ്രവാചകൻ ﷺ പ്രഖ്യാപിച്ചതും നിന്ന് ‘മക്കാ വിജയത്തിനു ശേഷം ഹിജ്റയില്ല’[80]യെന്ന് അദ്ദേഹം വ്യക്തമാ

ക്കിയതും സമാധാനത്തോടെ ജീവിക്കുവാൻ കഴിയുന്ന സാഹചര്യങ്ങൾ സംജാതമായിക്കഴിഞ്ഞാൽ പിന്നെ പലായനം വേണ്ടതില്ലെന്ന് മനസ്സിലാവുക്കിത്തരുന്നതിന് വേണ്ടിയാണ്. മക്കയിൽ മുസ്‌ലിമായി ജീവിക്കുവാനുള്ള സാഹചര്യങ്ങൾ ഒരുങ്ങിക്കഴിഞ്ഞ സ്ഥിതിക്ക് ഇനി മക്കയിൽ നിന്ന് മദീനയിലേക്കുള്ള ഹിജ്‌റയുടെ ആവശ്യമില്ലെന്നാണ് ഇതു പഠിപ്പിക്കുന്നത്. എന്നാൽ, മതത്തിന്റെ പേരിലുള്ള പീഡനങ്ങൾ നിലനിൽക്കുന്നിടത്തോളം ഹിജ്‌റ അനിവാര്യമായിത്തീരുമെന്നും പ്രവാചകൻ ﷺ പഠിപ്പിച്ചിട്ടുണ്ട്. 'പശ്ചാത്താപം നിലയ്ക്കുന്നതുവരെ ഹിജ്‌റ അവസാനിക്കുകയില്ല. സൂര്യൻ പടിഞ്ഞാറ് നിന്ന് ഉദിച്ചുയരുന്നതുവരെ പശ്ചാത്താപം അവസാനിക്കുകയില്ല'(81) എന്ന പ്രവാചകവചനം വ്യക്തമാക്കുന്നത് ഇക്കാര്യമാണ്. മതത്തിന്റെ പേരിലുള്ള പീഡനങ്ങൾ നിലനിൽക്കുന്നിടത്തോളം, അവസാന നാളു വരെ ഹിജ്‌റ പ്രസക്തമായിരിക്കുമെന്ന് സാരം.

ജനിച്ചു വളർന്ന നാടിനെക്കാളും പോറ്റി വളർത്തിയ മാതാപിതാക്കളേക്കാളും അധ്വാനിച്ചുണ്ടാക്കിയ സമ്പാദ്യത്തേക്കാളുമെല്ലാം മുസ്‌ലിംകൾ വിലമതിക്കുന്നത് ദൈവിക മാർഗദർശനപ്രകാരമുള്ള ജീവിതവും അതെപ്പറ്റി സഹജീവികൾക്ക് പറഞ്ഞുകൊടുക്കുവാനുള്ള അവസരവുമാണെന്നതാണ് ഹിജ്‌റ നൽകുന്ന സന്ദേശം. കലാപവും കുഴപ്പവുമുണ്ടാക്കി ജീവിക്കുന്ന നാട്ടിൽ അരാജകത്വം സൃഷ്ടിക്കുന്നതിനല്ല ആദർശജീവിതത്തിന് പറ്റുന്നിടത്തേക്ക് പലായനം ചെയ്യുവാനാണ് ഇസ്‌ലാം അനുശാസിക്കുന്നത്. അങ്ങനെ പലായനം ചെയ്യുന്നവർക്കാണ് അല്ലാഹുവിന്റെയടുക്കൽ ഉന്നതമായ പദവിയും സ്വർഗീയ സുഖസൗകര്യങ്ങളുമുണ്ടെന്ന് ക്വുർആൻ സന്തോഷവാർത്തയറിയിക്കുന്നത്.

"വിശ്വസിക്കുകയും സ്വദേശം വെടിയുകയും തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്തവർ അല്ലാഹുവിങ്കൽ ഏറ്റവും മഹത്തായ പദവിയുള്ളവരാണ്. അവർ തന്നെയാണ് വിജയം പ്രാപിച്ചവർ. അവർക്ക് അവരുടെ രക്ഷിതാവ് അവന്റെ പക്കൽ നിന്നുള്ള കാരുണ്യത്തെയും പ്രീതിയെയും സ്വർഗത്തോപ്പുകളെയും പറ്റി സന്തോഷവാർത്ത അറിയിക്കുന്നു. അവർക്ക് അവിടെ ശാശ്വതമായ സുഖാനുഭവമാണുള്ളത്. അവരതിൽ നിത്യവാസികളായിരിക്കും. തീർച്ചയായും അല്ലാഹുവിന്റെ അടുക്കലാണ് മഹത്തായ പ്രതിഫലമുള്ളത്." (9:20–22)

**കുറിപ്പുകൾ:**

1. സ്വഹീഹുൽ ബുഖാരി, കിതാബു ബദഉൽ വഹ്‌യ്; സ്വഹീഹുമുസ്‌ലിം, കിതാബുൽ ഈമാൻ
2. ഉൽപത്തി 12:1–7
3. പുറപ്പാട് 2:15
4. പുറപ്പാട് 12:31–14:31
5. ഇമാമുമാർ അഹ്മദ്, ഹാക്കിം, ത്വബ്‌റാനി എന്നിവർ നിവേദനം ചെയ്ത ഈ ഹദീഥ് സ്വഹീഹാണെന്ന് ഇമാം അൽബാനി വ്യക്തമാക്കിയിട്ടുണ്ട്: (സിൽസിലത്തുൽ അഹാദീഥു സ്സ്വഹീഹ, വാല്യം 2, ഹദീഥ് 5491 http://www.alalbany.net/books_view.php?id=549 &search=%C7%E1%E3%CC%C7%E5%CF& book=sahih
6. സ്വഹീഹുൽ ബുഖാരി, കിതാബുബദഉൽ വഹ്‌യ്; സ്വഹീഹുമുസ്‌ലിം, കിതാബുൽ ഇമാറ
7. അബ്സീനിയയിലേക്ക് പലായനം ചെയ്ത ആദ്യസംഘത്തിലെ പുരുഷന്മാരുടെ എണ്ണം പത്തായിരുന്നുവെന്നും പതിനൊന്നായിരുന്നുവെന്നും പന്ത്രണ്ടായിരുന്നുവെന്നും അഭിപ്രായങ്ങളുണ്ട്. സ്ത്രീകളുടെ എണ്ണം നാലോ അഞ്ചോ എന്നും അഭിപ്രായവ്യത്യാസങ്ങളുണ്ട്. ഇവ്വിഷയകമായ ഒരഭിപ്രായവും സ്വഹീഹായി വന്നിട്ടില്ല. (Dr. Mahdi Rizqullah Ahmad: A Biography of the Prophet of Islam, Riyadh, 2005, Page 216-217)
8. ഇമാം ഇബ്നു കഥീറിന്റെ അൽ ബിദായ വ ന്നിഹായയിൽ യഅ്ക്കൂബ് ബ്നു സുഫ്‌യാനിൽ ﵀ നിന്ന് നിവേദനം ചെയ്തത്. (വാല്യം 3, പുറം67).ഇബ്നു ആസിമിന്റെ 'അസ്സുന്ന'യിലും (പുറം 592) ഇത് ഉദ്ധരിച്ചിട്ടുണ്ട്. (Dr. Ali Muhammad As Sallaabee: The Noble life of the Prophet, Riyadh, 2005, Vol 1, Page 494)
9. ഇബ്നു ഹിഷാമിൽ(1/399) നിന്ന് ഡോ: റിസ്ഖുല്ലാ അഹ്മദ് ഉദ്ധരിച്ചത്. Dr. Mahdi Rizqullah Ahmad, Opt. Cit. Page 217
10. എൺപതിലധികം പുരുഷന്മാരാണ് രണ്ടാമത്തെ അബ്സീനിയൻ പലായന സംഘത്തിലുണ്ടായിരുന്നതെന്ന് ഇമാം അഹ്മദ് തന്റെ മുസ്നദിൽ (6/185,ഹദീഥ് 4400), ഇബ്നു മസ്ഊദിൽനിന്ന് നിവേദനം ചെയ്ത ഹദീഥ് സ്വീകാര്യമായ പരമ്പരയോടു കൂടിയുള്ളതാണെന്ന് ഇമാം ഇബ്നുകഥീർ രേഖപ്പെടുത്തുന്നുണ്ട്. (അൽ ബിദായ വ ന്നിഹായ വാല്യം 3, പുറം77) എൺപത്തി മൂന്ന് പുരുഷന്മാരും പതിനെട്ട് സ്ത്രീകളുമാണുണ്ടായിരുന്നതെന്ന് ഇബ്നു സഅ്ദ് തന്റെ ത്വബക്കാത്തിലും(1/207) ഇബ്നു ഹിഷാമിന്റെ സീറയിലും(1/408) ഇബ്നുൽ ഖയ്യിം സാദുൽ മആദിലും(3/26) പറയുന്നുണ്ടെങ്കിലും പ്രസ്തുത നിവേദനങ്ങളൊന്നും സ്വീകാര്യയോഗ്യമായ പരമ്പരയോടു കൂടിയുള്ളവയല്ല. (Dr. Mahdi Rizqullah Ahmad, Opt. Cit. Page 229)
11. ഇബ്നു ഹിഷാമിൽ(1/413) നിന്ന് സ്വീകാര്യമായ പരമ്പരയോടു (ഹസൻ) കൂടി ഡോ: റിസ്ഖുല്ലാ അഹ്മദ് ഉദ്ധരിച്ചത്. (Dr. Mahdi Rizqullah Ahmad, Opt. Cit. Page 217)
12. സ്വഹീഹുമുസ്‌ലിം, കിതാബുൽ ജിഹാദ് വ സ്സൈർ
13. Alfred Guillaume: The Life of Muhammad. A translation of IbnIshaq's Sirat Rasul Allah, Pakistan, 2007, Page 208 ഇതിന്റെ പരമ്പര സ്വീകാര്യമാണെന്ന് (ഹസൻ) ഡോ: റിസ്ഖുല്ലാ അഹ്മദ് പറയുന്നുണ്ട്. (Dr. Mahdi Rizqullah Ahmad, Opt. Cit. Page 217)
14. മുസ്നദ് ഇമാം അഹ്മദിൽനിന്ന് (1/202, 203) സ്വീകാര്യമായ പരമ്പരയോടുകൂടി

**മദീനാരാഷ്ട്രത്തിന്റെ സൈനിക ശക്തി വർധിപ്പിക്കുവാനാണ് എല്ലാ മുസ്‌ലിംകളോടും ഹിജ്‌റ ചെയ്യാൻ മുഹമ്മദ് നബി ﷺ കൽപിച്ചതെന്ന് വിമർശിക്കുന്നവർ നബി ﷺക്ക് അത്തരമൊരു ഉദ്ദേശമുണ്ടായിരുന്നെങ്കിൽ തന്നെ അതിലെന്താണ് തെറ്റെന്ന് പറഞ്ഞുതരുവാൻ ബാധ്യസ്ഥരാണ്.**



ഡോക്ടർ അലി മുഹമ്മദ് അസ്സല്ലാബി ഉദ്ധരിച്ചത്. (Dr. Ali Muhammad As Sallaabee: The Noble life of the Prophet, Riyadh, 2005, Page 502-505)

15. സ്വഹീഹുൽ ബുഖാരി, കിതാബുൽ ജനാഇസ്; സ്വഹീഹു മുസ്‌ലിം, കിതാബുൽ ജനാഇസ്
16. Alfred Guillaume: Opt. Cit, Page 154-155
17. ഇമാം നവവിയുടെ ശറഹുൽമുഹദ്ദബിൽ (1/271) നിന്ന് ഡോക്ടർ അലി മുഹമ്മദ് അസ്സല്ലാബി ഉദ്ധരിച്ചത്. Dr. Ali Muhammad As Sallaabee: Opt. Cit., Page 515
18. ഇബ്നുഅബ്ദുൽ ബർറിൽ നിന്ന് 'അൽ ഇസ്വാബ' യിൽ(4/299) ഉദ്ധരിക്കപ്പെട്ടത്, Muhammad Ali Qutb: Women around the Messenger, Riyadh, 2008, Page 121
19. Dr. Ali Muhammad As Sallaabee: Opt. Cit., Page 516
20. അൽ ഹാക്കിമിൽ (4/22) നിന്ന് സഅദ് യൂസുഫ് അബൂഅസീസ് ഉദ്ധരിച്ചത്, Sa'd Yusuf Abu Aziz; (Trans: Suleman Fulani): Men & Women Around The Messenger, Riyadh, 2009, Page 552
21. ഇമാം ഇബ്നു കഥീർ: അൽ ബിദായ വന്നിഹായ, വാല്യw 3, ]pdw 274, 275

21a. തഫ്സീർ ഖുർത്വുബി http://www.altafsir.com/Tafasir.asp?tMadhNo=1&tTafsirNo=5-&tSoraNo=60&-tAyahNo=7&tDisplay=yes&UserProfile=0&LanguageId=1

22. മക്കയിൽ നിന്ന് അബ്സീനിയയിലേക്ക് ഹിജ്റ പോയവരെ കുറിച്ചാണ് ഈ വചനം അവതരിക്കപ്പെട്ടതെന്ന് ഖതാദ ؓ പറഞ്ഞതായി ഇമാം ഖുർതുബി തന്റെ തഫ്സീറിൽ രേഖപ്പെടുത്തുന്നു. http://www.altafsir.com/Tafasir.asp? tMadhNo=1& tTafsirNo=5&tSo raNo=16&tAyahNo=41&tDisplay=yes&UserProfile=0&LanguageId=1
23. ജഅ്ഫർ ബിൻ അബീതാലിബിനെയും ؓ അബ്സീനിയയിലേക്ക് ഹിജ്റ പോയവരെയും കുറിച്ചാണ് ഈ വചനം അവതരിക്കപ്പെട്ടതെന്ന് ഇബ്നുഅബ്ബാസ് ؓ പറഞ്ഞതായി ഇമാം ഖുർതുബി തന്റെ തഫ്സീറിൽ രേഖപ്പെടുത്തുന്നു. . http://www.altafsir.com/Tafasir.asp?tMadhNo=1&tTafsirNo=5&t SoraNo=39&tAyahNo=10&tDisplay=yes& UserProfile=0&LanguageId=1
24. സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി; സ്വഹീഹുമുസ്‌ലിം, കിതാബു ഫദാഇലു സ്സ്വഹാബ
25. S. HYPERLINK http://en.wikipedia.org/w/index.php?title=S._Moninul_Haq&action=edit&redlink= MoninulHaq: IbnSa'd sKitab Al-Tabaqat Al-Kabir, New Delhi, 2009, Vol 1, Page 239, 240
26. സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി; സ്വഹീഹുമുസ്‌ലിം, കിതാബു ഫദാഇലു സ്സ്വഹാബ
27. S. HYPERLINK http://en.wikipedia.org/w/index.php?title=S._Moninul_Haq&action=edit&redlink=1,MoninulHYPERLINK: Opt. Cit., Page 240
28. ഇമാം ഇബ്നുൽ ഖയ്യിം അൽ ജൗസിയ്യയുടെ സാദുൽമആദിൽ നിന്ന് ഫരീദ മസ്ഊദ് ദെബാസ് ഉദ്ധരിച്ചത്, Faridah Masood Debas: The Wives of the Prophet Muhammad, Riyadh, 2009, Page 143
29. Alfred Guillaume: Opt. Cit., Page 527-530
30. സ്വഹീഹുൽ ബുഖാരി, കിതാബുൽമഗാസി
31. സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി; സ്വഹീഹു മുസ്‌ലിം, കിതാബു ഫദാഇലു സ്സ്വഹാബ
32. Mahmood Ahmed Ghadanfar: Great Women of Islam, Riyadh, 2001, Page 128, 129
33. സ്വഹീഹുൽ ബുഖാരി, കിതാബു മനാഖിബുൽ അൻസാർ
34. ഇബ്നുഹിഷാം (2/67) മുർസലും ഹസനുമായ നിവേദക പരമ്പരയോടെ ഉദ്ധരിച്ചത് Dr. Mahdi Rizqullah Ahmad, Opt. Cit. Page 252
35. ഇബ്നുഹിഷാം (2/69) നിവേദക പരമ്പര പരാമർശിക്കാതെ ഉദ്ധരിച്ചിരിക്കുന്ന ഈ സംഭവങ്ങളുടെ സത്യത വ്യക്തമാകുന്നതാണ് ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ത്വായിഫ് അനുഭവത്തെ കുറിച്ചു വിവരിക്കുന്ന ആയിശ ؓ നിവേദനം ചെയ്ത ഹദീഥ്.
36. സുനനുഅബൂദാവൂദ്, കിതാബുസ്സുന്ന; ജാമിഉ ത്തിർമിദി, കിതാബു ഫദാഇലിൽ ഖുർആൻ; സുനനു ഇബ്നുമാജ, കിതാബുസ്സുന്ന; ഇതിന്റെ നിവേദകപരമ്പര സ്വഹീഹാണെന്ന് ഇമാം തിർമിദി വ്യക്തമാക്കിയിട്ടുണ്ട്. Nasirudheen Al Khattab: English Translation of Sunan Aboo Dawood, Riyadh, 2008, Vol 5, Page 231
37. മുസ്നദ് ഇമാം അഹ്മദ് (3/4920, 4/341), ഇതിന്റെ നിവേദകപരമ്പര പ്രബലമാണെന്ന് ഇമാം ഇബ്നുൽ ഖയ്യിം അൽ ജൗസിയ്യയും ഇമാം ഹാക്കിമും വ്യക്തമാക്കിയിട്ടുണ്ട്. സാദുൽ മആദ്, വാല്യം 3, പുറം 44; അൽ മുസ്തദ്റക് വാല്യം 2, പുറം 164, Dr. Mahdi Rizqullah Ahmad, Opt. Cit. Page 273
38. മുസ്നദ് ഇമാം അഹ്മദ് (3/4920, 4/341), Ibid, Page 273
39. Alfred Guillaume: Opt. Cit., Page 194-195; ഈ സംഭവവിവരണങ്ങളൊന്നും തന്നെ സ്വീകാര്യമായ പരമ്പരയോടെ നിവേദനം ചെയ്യപ്പെട്ടവയല്ലെങ്കിലും സ്വഹീഹായി നിവേദനം ചെയ്യപ്പെട്ട സംഭവവിവരണങ്ങൾ ഇവയെ സത്യപ്പെടുത്തുന്നുണ്ട്.
40. Ibid Page 195; ഇമാംസുഹ്‌രിയിൽ നിന്ന് മുർസലായി ഇബ്നുഇസ്ഹാഖ് നിവേദനം ചെയ്തതാണ് ഈ സംഭവം.
41. Ibid Page 197; ഇബ്നുഹാഷിം (2/80-81) ഹസൻ ആയ പരമ്പരയോടെ നിവേദനം ചെയതതാണ് ഈ സംഭവം. Dr. Mahdi



സ്നേഹ സംവാദം മാസിക

സൗജന്യം

സൗജന്യം

സൗജന്യം

## മുസ്‌ലിംകളല്ലാത്ത ഏതാനും പേർക്ക് മാത്രം

**ആദ്യം അപേക്ഷിക്കുന്ന ഏതാനും അമുസ്‌ലിംകൾക്ക് ഒരു വർഷത്തേക്ക് ജുബൈൽ ഇന്ത്യൻ ഇസ്‌ലാഹീ സെന്റർ സ്നേഹസംവാദം മാസിക സൗജന്യമായി അയച്ചുകൊടുക്കുന്നു. ഉടൻ ബന്ധപ്പെടുക:**

**jubail@nicheoftruth.org**

**അല്ലെങ്കിൽ**

**SnehaSamvadam Monthly**

P.B. No:1981, Vyttila, Kochi-682019, Tel: 0484 2301275

Rizqullah Ahmad, Opt. Cit. Page 275

42. അഖബയിൽ വെച്ച് നബിﷺയെ ആദ്യമായി സന്ധിച്ചത് ആറു യഥ്‌രിബുകാരായിരുന്നുവെന്നാണ് ഇബ്നുഇസ്ഹാഖ് പറയുന്നത്. (AHYPERLINK http://en.wikipedia.org/wiki/Alfred_Guillaume lfred Guillaume: Opt. Cit., Page 198) എന്നാൽ അത് എട്ടു പേരായിരുന്നുവെന്ന് ഉർവതു ബിനുസുബൈറിൽ നിന്നും ഇമാം സുഹ്‌രിയിൽ നിന്നുമുള്ള നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഇമാം ഇബ്നുകഥീർ വ്യക്തമാകുന്നുണ്ട്. (അൽ ബിദായ വ ന്നിഹായവാല്യം 3, പുറം164)

43. പ്രവാചകന്റെ ﷺ ഹിജ്റക്ക് അഞ്ചു വർഷങ്ങൾക്ക് മുമ്പ്, ക്രിസ്താബ്ദം 617ലാണ് ബുആഥ് യുദ്ധം നടന്നത് (Bosworth, C.E. Bu'ath Encyclopaedia of Islam Online; http://www.brill.nl/publications/online-resources/encyclopaedia-islam-online)

44. സ്വഹീഹുൽ ബുഖാരി, കിതാബുഫദാഇലിൽ അൻസാർ

45. സ്വഹീഹുൽ ബുഖാരി, കിതാബുൽ ഈമാൻ

46. Alfred Guillaume: Opt. Cit., Page 199; നിവേദക പരമ്പര വ്യക്തമാക്കാതെയാണ് ഇബ്നു ഇസ്ഹാഖ് ഇതു നിവേദനം ചെയ്തിട്ടുള്ളതെങ്കിലും സ്വഹീഹുൽ ബുഖാരിയിൽ (കിതാബു ഫദാഇലുസ്വഹാബ) ബറാഅ് ﷺ നിവേദനം ചെയ്യുന്ന ഹദീഥ് ഇതുശരിവെക്കുന്നുണ്ട്.

47. Alfred Guillaume: Opt. Cit., Page 199; ഇബ്നുഇസ്ഹാഖ് ഹസനും മുർസലുമായ പരമ്പരയോടെ നിവേദനം ചെയ്തത്. Dr. Mahdi Rizqullah Ahmad, Opt. Cit. Page 280

48. സുനനു അബൂദാവൂദ്, കിതാബുൽജിഹാദ്; ഇതിന്റെ നിവേദകപരമ്പര ഹസനാണെന്ന് ഇമാംബൈഹഖിയും (3/238) ഇമാം ഹാക്കിമും (2/113) പറഞ്ഞിട്ടുണ്ട്. Nasirudheen Al Khattab: English Translation of Sunan Aboo Dawood, Riyadh, 2008, Vol 3, Page 226

49. ഇമാം അഹ്മദിൽ നിന്ന് 'ഫത്ഹുർറബ്ബാനി'യിൽ (20/270) ഉദ്ധരിച്ചിരിക്കുന്ന, ജാബിറു ബ്നുഅബ്ദില്ല ﷺ നിവേദനം ചെയ്ത ഈ സംഭവത്തിന്റെ നിവേദക പരമ്പര സ്വഹീഹാണെന്ന് ഇമാം ബൈഹഖിതന്റെ 'ദലാഇലി'ൽ (2/1442) വ്യക്തമാക്കിയിട്ടുണ്ട്. Dr. Mahdi Rizqullah Ahmad, Opt. Cit. Page 281

50. Alfred Guillaume: Opt. Cit., Page 199; ഇബ്നു ഇസ്ഹാഖ് ഹസനായ പരമ്പരയോടെ നിവേദനം ചെയ്തത്. Dr. Mahdi Rizqullah Ahmad, Opt. Cit. Page 281

51. Alfred Guillaume: Ibid, Page 203-204: ഇബ്നു ഇസ്ഹാഖ് ഹസനായ പരമ്പരയോടെയാണ് ഇത് നിവേദനം ചെയ്തിരിക്കുന്നത്. ഈ നിവേദനം സ്വഹീഹായ പരമ്പരയോടു കൂടിയുള്ളതാണെന്ന് ഇമാം അൽബാനി (മുഹമ്മദുൽ ഗസ്സാലിയുടെ ഫിഖ്ഹുസ്സീറക്ക് അൽബാനി എഴുതിയ അടിക്കുറിപ്പുകൾ, പുറം159) വ്യക്തമാക്കിയിട്ടുണ്ട്. (http://www.alalbany.net/albany_doc_books.php)

52. Alfred Guillaume: Ibid, Page 204-205: ഇബ്നു ഇസ്ഹാഖ്, ആസിമു ബ്നുഉമറിൽ ﷺ അവസാനിക്കുന്ന തരത്തിൽ മുർസലായാണ് ഇത് നിവേദനം ചെയ്തിരിക്കുന്നത്.

53. ഇമാം അഹ്മദ്, ജാബിറിൽﷺ നിന്ന് നിവേദനം ചെയ്തതായി 'ഫത്ഹുർറബ്ബാനി'യിൽ (20/271-275)രേഖപ്പെടുത്തിയ ഈ സംഭവത്തിന്റെ നിവേദകപരമ്പര സ്വഹീഹാണെന്ന് ഹയ്തമി, ത്വബ്റാനി, ബൈഹഖി, ഇബ്നു ഹിബ്ബാൻ, ഹാക്കിം എന്നിവർ വ്യക്തമാക്കിയിട്ടുണ്ട്. Dr. Mahdi Rizqullah Ahmad, Opt. Cit. Page 284

54. ഇമാം അഹ്മദിൽ നിന്ന് 'അൽ ഫത്ഹുർറബ്ബാനി'യിലും (20/270) ഇമാം ഹാക്കിം 'അൽ മുസ്തദ്റകി'ലും (2/624-625) ഇമാം ഇബ്നുകഥീർ 'അൽ ബിദായ വന്നിഹായ'യിലും (3/18) ഇമാംബൈഹഖി 'ദലായിലി'ലും (2/443) ഉദ്ധരിക്കുകയും സ്വീകാര്യമായ പരമ്പരയോടു കൂടിയതാണെന്ന് വ്യക്തമാക്കുകയും ചെയ്തതാണ് ഈ സംഭവം. Dr. Mahdi Rizqullah Ahmad, Opt. Cit. Page 286

55. Alfred Guillaume: Opt. Cit., Page 214; ഇബ്നുഇസ്ഹാഖ് ഹസനായ പരമ്പരയോടെ നിവേദനം ചെയ്തത്. Dr. Mahdi Rizqullah Ahmad, Opt. Cit. Page 295

56. ഇബ്നു ഇസ്ഹാഖിന്റെ ഈ നിവേദനം സ്വഹീഹായ പരമ്പരയോടു കൂടിയുള്ളതാണെന്ന് ഇമാം അൽബാനി (മുഹമ്മദുൽ ഗസ്സാലിയുടെ ഫിഖ്ഹുസ്സീറക്ക് അൽബാനി എഴുതിയ അടിക്കുറിപ്പുകൾ, പുറം166) വ്യക്തമാക്കിയിട്ടുണ്ട്. (http://www.alalbany.netalbany_doc_books.php)

57. ഇബ്നു ഇസ്ഹാഖിന്റെ ഈ നിവേദനം സ്വഹീഹായ പരമ്പരയോടു കൂടിയുള്ളതാണെന്ന് ഇബ്നു ഹജർ 'അൽ ഇസ്വാബ'യിൽ (3/604)വ്യക്തമാക്കിയിട്ടുണ്ട്. Dr. Mahdi Rizqullah Ahmad, Opt. Cit. Page 296

58. Muhammad Anis Gad Khalill: Tafsir Jalalyn English Translation, Egypt, 2010, Vol 1, Page 116 ഇബ്നു അബ്ബാസും അനസും സഈദു ബിനു മുസയ്യിബും അബൂ ഉസ്മാൻ അന്നഹ്ദിയും ഇക്രിമയുമെല്ലാം ﷺ ഈ അഭിപ്രായമാണ് പറഞ്ഞിട്ടുള്ളതെന്ന് ഇബ്നുകഥീർ തന്റെ തഫ്സീറിൽ വ്യക്തമാകുന്നുണ്ട്. http://www.altafsir.com/Tafasir.asp?tMadhNo=1&tTafsirNo=7&tSoraNo=2&tAyahNo=207&tDisplay=yes&Page=3&Size=1&LanguageId=1

59. Qazi Sulaiman Mansoorpuri: Mercy for Mankind (Rahmathul lil Aalameen), New Delhi, 2005, Page 91, ദാറുന്നദ്‌വയിലെ യോഗം നടന്നത് ക്രിസ്താബ്ദം 622 സെപ്റ്റംബർ 12നായിരുന്നുവെന്നാണ് മൻസൂർപുരി ഗണിച്ച് പറയുന്നത്.

60. തഫ്സീർ ഇബ്നുകഥീർ, http://www.altafsir.com/Tafasir.asp?tMadhNo=1&tTafsirNo=7&tSoraNo=8 &tAyahNo=30&tDis play=yes&UserProfile=0&LanguageId=1

61. William Montgomery Watt, Michael V. McDonald: History of Al- Tabari, Volume VI, Muhammad at Mecca, Newyork, 1985, Page 141-142; ഈ നിവേദനത്തിന് ഹസനിന്റെ പദവിയുണ്ട് (Dr. Mahdi Rizqullah Ahmad, Opt. Cit. Page 299)

62. Alfred Guillaume: Opt. Cit., Page 222; ഇബ്നുഇസ്ഹാഖ് ഹസനായ പരമ്പരയോടെ മുഹമ്മദ് ബിൻ കഅബ് ഖുറാസിയിൽ അവസാനിക്കുന്ന തരത്തിൽ മുർസലായി നിവേദനം ചെയ്തത്. Dr. Mahdi Rizqullah Ahmad, Opt. Cit. Page 308

63. Alfred Guillaume: Opt. Cit., Page 222; നിവേദകപരമ്പര വ്യക്തമാക്കാതെയാണ് ഇബ്നു ഇസ്ഹാഖ് ഇതു നിവേദനം ചെയ്തിട്ടുള്ളതെങ്കിലും സൂറത്തുൽ അൻഫാലിലെ 30ാം വചനത്തെ വ്യാഖ്യാനിച്ചു കൊണ്ട് പല വ്യാഖ്യാതാക്കളും ഈ സംഭവം ശരിവെക്കുന്നുണ്ട്. Muhammad Anis Gad Khalill: Tafsir Jalalyn English Translation, Egypt, 2010, Vol 1, Page 536

64. സ്വഹീഹുൽ ബുഖാരി, കിതാബുഫദാഇലിൽ അൻസാർ

65. William Montgomery Watt, Michael V. McDonald: Opt. Cit. Page 151; ഈ നിവേദനത്തിന് ഹസനിന്റെ പദവിയുണ്ട്. (Dr. Mahdi Rizqullah Ahmad, Opt. Cit. Page 306)

66. ജാമിഉത്തിർമിദി, കിതാബുൽ മനാഖിബ്, അബ്ദുല്ലാഹി ബ്നു അദിയ്യി ബ്നു ഹംറാഇൽ നിന്ന് നിവേദനം ചെയ്ത ഈ ഹദീഥ് ഹസൻ ഗരീബ് സ്വഹീഹ് ആണെന്ന് ഇമാം തിർമിദി രേഖപ്പെടുത്തിയിട്ടുണ്ട്. Abu Khaliyl: English Translation of Jami At-Thirmidhi, Riyadh, 2007, Vol 6, Page 520-521, ഇമാം അൽബാനിയും ഈ ഹദീഥ് സ്വഹീഹാണെന്നാണ് പറഞ്ഞിരിക്കുന്നത്, സ്വഹീഹു സുനൻ അത്തിർമിദി, ഹദീഥ് 3083 http://

www.alalbany.net/books_view.php?id=41696&search=%E1%CE%ED%D1&book=termdy

67. Qazi Sulaiman Mansoor puri: Mercy for Mankind (Rahmathul lil Aalameen), New Delhi, 2005, Page 91; ഇത് ക്രിസ്താബ്ദം 622 സെപ്റ്റംബർ 12നാണെന്ന് മൻസൂർ പുരി പറയുന്നുണ്ട്.

68. സ്വഹീഹുൽ ബുഖാരി, കിതാബുഫദാഇലിൽ അൻസാർ http://www.altafsir.com/Tafasir.asp?tMadhNo=1&tTafsirNo=7&tSoraNo=2&tAyahNo=207&tDisplay=yes&Page=3&Size=1&LanguageId=1

69. ഫത്ഹുൽബാരിയിൽ(7/336) നിന്ന് ശൈഖ് സ്വഫിയ്യുർ റഹ്മാൻ മുബാറക് പുരി ഉദ്ധരിച്ചത്, Safi ur Rahman Al Mubarakpuri: Opt.cit, Page 206

70. സ്വഹീഹുൽ ബുഖാരി, കിതാബുഫദാഇലിസ് സ്വഹാബ; സ്വഹീഹുമുസ്‌ലിം, കിതാബുഫദാഇലസ് സ്വഹാബ

71. തഫ്സീറുത് ത്വബ്‌രി, http://www.altafsir.com/Tafasir.asp?tMadhNo=1&tTafsirNo= 1&tSoraNo=9&tAyahNo=40&tDisplay=yes&UserProfile=0&LanguageId=1

68. സ്വഹീഹുൽ ബുഖാരി, കിതാബുഫദാഇലിൽ അൻസാർ

69. സ്വഹീഹുൽ ബുഖാരി, കിതാബുത്തഫ്സീർ

70. (ക്രിസ്താബ്ദം 622 സെപ്റ്റംബർ 16) Qazi Sulaiman Mansoorpuri: Opt. Cit, Page 93

71. ഈ സംഭവം ബുഖാരി ഉദ്ധരിച്ചതാണെങ്കിലും പ്രസ്തുത നിവേദനത്തിൽ വഴികാട്ടിയുടെ പേരു പറയുന്നില്ല. ഡോക്ടർ അബ്ദുർ റഹ്മാനിന്റെ അൽ ഹിജ്റതു ന്നബവിയ്യതുൽ മുബാറക എന്ന ഗ്രന്ഥത്തിൽ നിന്ന് ഡോക്ടർ അലി മുഹമ്മദ് അസ്സല്ലാബി ഉദ്ധരിച്ചതാണ് ഈ പേര്: Dr. Ali Muhammad As Sallaabee: The Noble life of the Prophet, Riyadh, 2005,Vol 2, Page 662

72. (ക്രിസ്താബ്ദം 622 സെപ്റ്റംബർ 23) Qazi Sulaiman Mansoorpuri: Opt. Cit, Page 98

73. സ്വഹീഹുൽ ബുഖാരി, കിതാബുഫദാഇലിൽ അൻസാർ

74. സ്വഹീഹുൽ ബുഖാരി, കിതാബുഫദാഇലിൽ അൻസാർ

75. സ്വഹീഹുൽ ബുഖാരി, കിതാബുഫദാഇലിൽ അൻസാർ

76. S.HYPERLINK http://en.wikipedia.org/w/index.php?title=S._Moninul_Haq&action =edit &redlink=1 MoninulHaq: Opt. Cit., Page 275; ഇബ്നു സഅദിന്റെ ഈ നിവേദനം സ്വീകാര്യമായ പരമ്പരയോടെയുള്ളതാണ്. Dr. Mahdi Rizqu llah Ahmad, Opt. Cit. Page 329

77. Safi ur Rahman Al Mubarakpuri: Opt.cit, Page 215

78. സുനനു അബൂദാവൂദ്, കിതാബുൽ ജിഹാദ്, ജരീറു ബ്നു അബ്ദുല്ല‌ﷺയിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട ഈ ഹദീഥിന്റെ നിവേദക പരമ്പര സ്വഹീഹാണെന്ന് ഇമാം അൽബാനി വ്യക്തമാക്കിയിട്ടുണ്ട്. സ്വഹീഹു അബൂദാവൂദ്, ഹദീഥ്: 2644 http://www.alalbany.net/books_view.php?id=44371& search=%C8%D1%ED%C-1&book=abudawd

79. സ്വഹീഹുൽ ബുഖാരി, കിതാബു ജസാഉസ്സൈ്വദ്, അബ്ദുല്ലാഹി ബ്നു അബ്ബാസ്ﷺ നിവേദനം ചെയ്തത്.

80. സ്വഹീഹുമുസ്‌ലിം, കിതാബുൽജിഹാദ് വസ്സൈർ, ആയിശ ﷺ നിവേദനം ചെയ്തത്.

81. സുനനു അബൂദാവൂദ്, കിതാബുൽ ജിഹാദ്, മുആവിയയിൽﷺ നിന്ന് നിവേദനം ചെയ്യപ്പെട്ട ഈ ഹദീഥിന്റെ നിവേദക പരമ്പര ഹസനാണെന്നാണ് ഇമാം അബൂദാവൂദ് പറഞ്ഞിരിക്കുന്നത്.Nasiru-dheen Al Khattab: Opt. Cit, Page 192 ഇമാം അഹ്മദും (4/99) ഇമാം നസാഇയും. (8711) നിവേദനം ചെയ്തിട്ടുള്ള ഈ ഹദീഥ് സ്വഹീഹാണെന്നാണ് ഇമാം അൽബാനി പറഞ്ഞിരിക്കുന്നത്. സ്വഹീഹു അബൂദാവൂദ്, ഹദീഥ്: 2478 **2478** http://www.alalbany.net/books_view.php?id=44205&search=%CA%E4%DE%D8%DA&book =abudawd





ഇസ്ലാഹ്
സംവാദം
മാസിക

| | | |
|---|---|---|
| **ഒറ്റ പ്രതി** | **-** | **10** |
| **ഒരു വർഷത്തേക്ക്** | **-** | **120** |
| **രണ്ടു വർഷത്തേക്ക്** | **-** | **240** |

P.B. No:1981, Vyttila, Cochin-682019, Tel: 0484 2301275, 04842301576, Fax: 04842301175



# ആന്റിസെമിറ്റിസം ചരിത്രത്തിൽ

വി. എ. എം അശ്റഫ്

യേശുവും പരീശന്മാരും തമ്മിൽ നിലവിലുണ്ടായിരുന്ന ശക്തമായ പോരാട്ടത്തെപ്പറ്റിയുള്ള വിവരങ്ങൾ പുതിയ നിയമത്തിൽ ഉടനീളം പ്രതിധ്വനിക്കുന്നുണ്ട്.[1] ഈ പോരാട്ടത്തിന്റെ മുഖ്യനിദാനം വാക്രൂപേണയുള്ള വെളിപാടിന്റെ ആധികാരികതയായിരുന്നു. യേശുവിന്റെ കാലത്ത് തൽമൂദിനെ "മുതിർന്നവരുടെ പാരമ്പര്യം" എന്നാണ് വിളിച്ചിരുന്നത്.[2]

യേശുവിന്റെ മിശാഹാപദവി അംഗീകരിക്കാതിരുന്നതും ഉൾക്കാമ്പു തകർത്തുകൊണ്ടുള്ള ജൂതമുഖ്യധാരാ മതഭാവത്തെക്കുറിച്ച് യേശു ഉന്നയിച്ച ആരോപണവും ഇരുജനവിഭാഗങ്ങളെയും തമ്മിൽ അകറ്റി. അദ്ദേഹത്തെ കുരിശിലേറ്റാൻ ജൂതമതനേതൃത്വം മുൻകയ്യെടുത്തു. പിൽക്കാലത്ത് പരമപഥത്തിലെത്തിക്കുംവിധം ദൈവത്വപദവിയുള്ളവനായി യേശുവിനെ പരിഗണിക്കുന്ന ദൈവശാസ്ത്രം ക്രൈസ്തവതയിൽ ക്രമേണ രൂപപ്പെട്ടതോടെ ജൂത-ക്രൈസ്തവ വൈരുധ്യങ്ങൾ മൂർഛിച്ചു.

ഒന്നാം നൂറ്റാണ്ടിന് ശേഷം ജൂതമതവും ക്രിസ്തുമതവും തമ്മിലുള്ള ശാത്രവം മുറുകുകയും ക്രിസ്തുമതം ജൂതവിരുദ്ധതയെ പ്രചോദിപ്പിക്കുകയും ചെയ്തു. ക്രൈസ്തവ രാഷ്ട്രങ്ങളിൽ ജൂതർക്ക് സ്ഥാനമില്ലാതായി.[3]

അതേസമയം ജൂതർക്കെതിരായ വിരോധം കൂടുതൽ രൂക്ഷമാകുന്നവിധം സുവിശേഷങ്ങളും 'വിശുദ്ധ പൗലോസി'

**കുരിശുയുദ്ധവേളയിൽ ജർമനിയിലും ഉത്തരഫ്രാൻസിലുമുണ്ടായിരുന്ന ജൂത ജനതയുടെ മൂന്നിലൊന്നും കൊലചെയ്യപ്പെട്ടു. ജറുസലേമിൽ കുരിശുപോരാളികളെ പേടിച്ചോടിയ ജൂതർ പ്രധാന സെനഗോഗിൽ കയറി വാതിൽ കൊട്ടിയടച്ചു. അവിടെ തമ്പടിച്ച 9696 ജൂതരെയും തീവെച്ചു കൊന്നു. പുറത്ത് കുരിശുയോദ്ധാക്കൾ യേശുവിന്റെ കൊലക്ക് പ്രതികാരം വീട്ടുകയാണെന്നു പറഞ്ഞുകൊണ്ടുള്ള പാട്ട് പാടുകയായിരുന്നു.**

ന്റെ കത്തുകളും വ്യാഖ്യാനിക്കപ്പെട്ടു. ജൂതരെ ചിതറിക്കാൻ ദൈവം ഇച്ഛിച്ചുവെന്ന് മത്തായിയുടെ സുവിശേഷം രേഖപ്പെടുത്തി.[4]

പിന്നീട് ജൂതരും റോമൻ അധീശത്വവും തമ്മിലുള്ള പ്രശ്നങ്ങൾ കൂടുതൽ മോശമായി. റോമൻ സേനയുടെ ജൂതനരമേധം തികച്ചും ഭീതിജനകമായിരുന്നു. ജൊസീഫസ് (37-100) എന്ന വിഖ്യാത ചരിത്രകാരന്റെ കണക്കനുസരിച്ച് ഏതാണ്ട് 11 ലക്ഷം ജൂതർ കൂട്ടക്കുരുതിക്കിരയായി; ആയിരക്കണക്കിന് പേർ അടിമകളാക്കപ്പെട്ടു. ഈ നരമേധം ജൂതരുടെ എല്ലാ ഗോത്രപാരമ്പര്യത്തെയും വിഛേദിച്ചുകളഞ്ഞു.[5]

**ക്രൈസ്തവർ ജൂതർക്കെതിരെ**

ഇസ്രയേലിനെ ദൈവികപദ്ധതിയിൽനിന്ന് പുറത്താക്കപ്പെട്ടതായി ആദിമകാല ചർച്ച് വ്യാഖ്യാനിച്ചു.[6]

അന്ത്യോക്യായിലെ ഇഗ്നേഷ്യസിന്റെ (70-107) ഒരു കത്തിൽ ആദ്യകാല ചർച്ച് പുതിയ ഇസ്രയേലായി മാറിയെന്ന വാദം ഉയർന്നിരുന്നു.[7]

ജറുസലേമിലെ സോളമന്റെ നിർമിതിയിലുള്ള ജൂതദേവാലയം ക്രിസ്താബ്ദം 70-ൽ തകർക്കപ്പെട്ടു. പിന്നീട് ക്രിസ്താബ്ദം 132-135 കാലഘട്ടത്തിൽ നടന്ന ബാർകോക്ബാ കലാപത്തെ തുടർന്ന് ജൂത ജനത സമഗ്രനാശത്തിന്റെ വക്കിലെത്തി.

യേശുവിന്റെ വധം എന്ന ക്രിമിനൽ കുറ്റത്തിന് ജൂതരാണുത്തരവാദികൾ എന്ന വാദമാണ് ക്രൈസ്തവ ചരിത്രത്തിലുടനീളം ഏറ്റവും ശക്തമായി ഉയർത്തപ്പെട്ട ജൂതരുടെ കുറ്റം.[8]

"ഈ ദുരന്തം നിങ്ങൾക്ക് ന്യായപൂർവം വിധിക്കപ്പെട്ടതാണ്. ഏറ്റവും നീതിമാനായ ഒരുവനെ നിങ്ങൾ വധിച്ചതാണ് നിങ്ങളുടെ കുറ്റം"- വിശുദ്ധ ജസ്റ്റിൻ മേയർ (103-165) കുറിച്ചു.[9]

യാഥാസ്ഥിതിക ക്രിസ്തുമതം 'വിശുദ്ധ അഗസ്റ്റി'ന്റെ (354-430) കാലം മുതലെങ്കിലും ക്രൈസ്തവ സഭയാണ് പുതിയ ഇസ്രയേൽ എന്ന വാദത്തിലായിരുന്നു. ഈ ചിന്താഗതിയാണ് യേശുവിന്റെ പേരിൽ ആന്റിസെമിറ്റിസത്തിലേക്കും കുരിശുയുദ്ധത്തിന്റെ ഭീകരതയിലേക്കും ഇൻക്വിസിഷനിലേക്കും നയിച്ചതെന്ന് ക്രൈസ്തവ സയണിസ്റ്റ് ഹാൾ ലാന്റ്സേ വാദിക്കുന്നു.[10] 'വിശുദ്ധ അഗസ്റ്റിൻ' ജൂതരെ സോദരനെ കൊന്ന കായേനോട് ഉപമിച്ചു. അദ്ദേഹത്തിന്റെ 'ദൈവത്തിന്റെ നഗരം' എന്ന രചനക്ക് ശേഷമാണ് ക്രൈസ്തവ മുഖ്യധാരയുടെ ഭാഗമായി സഹസ്രാബ്ദത്തോളം വാണരുളിയ 'പകരമാക്കപ്പെട്ട ദൈവശാസ്ത്രം' (റീപ്ലേസ്മെന്റ് തിയോളജി) ശക്തിപ്പെട്ടത്. മാർട്ടിൻ ലൂതർ (1483-1546) അടക്കമുള്ള 16-ാം നൂറ്റാണ്ടിലെ ക്രൈസ്തവ മതനവോത്ഥാന നായകർ ഈ വിശ്വാസത്തിൽ അടിയുറച്ചവരായിരുന്നു. ക്രിസ്താബ്ദം 70-ൽ റോമൻ അധികാരികളിൽനിന്ന് ജൂതർ നേരിട്ട അതിക്രമങ്ങൾ യേശുവിനെ നിഷേധിച്ചതിന്റെ ഫലമായി അവർക്ക് അനുഭവിക്കേണ്ടി വന്നതാണെന്ന് (ലൂക്ക് 21:20-24) പൊതുവെ ക്രൈസ്തവലോകം കരുതുന്നു.

മൂന്നാം നൂറ്റാണ്ടിലെ സഭാപിതാക്കളായിരുന്ന ഹിപ്പോലിറ്റസും (170-235), ഓറിഗനും (185-253) ജൂതരുടെ കുറ്റവാളിത്തത്തെ സംബന്ധിച്ച സിദ്ധാന്തം കൂടുതൽ വിപുലപ്പെടുത്തി. 4-ാം നൂറ്റാണ്ടോടെ ക്രൈസ്തവ ചിന്തയിൽ ജൂതവിരുദ്ധത ആധിപത്യം പുലർത്തി.[11]

'വിശുദ്ധ ക്രിസോസ്റ്റം' (ക്രി. 344-407) ജൂതരെ ഏറ്റവും ശക്തമായ ഭാഷയിൽ തന്നെയാണ് തള്ളിപ്പറഞ്ഞത്: 'ലോകത്തിലെ തന്നെ നാശകാരികളായ കീടങ്ങളാണവർ. തങ്ങളുടെ ദുഷ്ചെയ്തികൾ കാരണമായി വന്യമൃഗങ്ങളെക്കാൾ ഭയപ്പെടേണ്ടവരായി അവർ മാറിയിരിക്കുന്നു. സ്വന്തം കുഞ്ഞുങ്ങളെത്തന്നെ അവർ കൊന്നുകളയുന്നു.'[12]

ദൈവധ്വംസനമാണ് ജൂതരുടെവിധി ഇത്രമേൽ മോശപ്പെട്ടതാക്കിയതെന്ന് വിശുദ്ധ ക്രിസോസ്റ്റം കൂട്ടിച്ചേർക്കുന്നു. 'ഈ കുറ്റത്തിന് അവർക്ക് പ്രായശ്ചിത്തമില്ല; ക്രിസ്തുവിന്റെ വധമാണ് അവരുടെ വ്യഥകളുടെയും മൂലകാരണം.'[13]

പിൽക്കാലത്ത് നൂറ്റാണ്ടുകളോളം പ്രചാരത്തിലിരുന്ന ജൂത വെറുപ്പിന്റെ വേരുകൾ വിശുദ്ധ ക്രിസോസ്റ്റത്തിൽ നമുക്ക് ദർശിക്കാം. അദ്ദേഹം ജൂതരോട് മൊഴിഞ്ഞു: 'ദൈവം നിങ്ങളെ വെറുക്കുന്നു.'

മറ്റൊരു ചരിത്രകാരന്റെ വാക്കുകളിൽ 'സാമാന്യജനങ്ങൾ നിലവിലുള്ള ക്രൈസ്തവ സങ്കല്പത്തിൽ ആരൊക്കെ ജൂതവേട്ട നടത്തിയോ അവരിലൂടെ ദൈവക്രോധം പ്രകടമാക്കപ്പെടുകയായിരുന്നു.'[14]

വിശുദ്ധ ക്രിസോസ്റ്റത്തിന്റെ സമകാലികനായിരുന്ന വിശുദ്ധ അഗസ്റ്റിൻ, ജൂതർ ലോകത്തിന് സാക്ഷികളാണെന്ന മറ്റൊരു വീക്ഷണം മുന്നോട്ട് വെച്ചു. 'തിന്മയും ക്രൈസ്തവ സത്യവും ജൂതരെയും ക്രൈസ്തവരെയും വേർതിരിച്ചുകാണിക്കുമെന്നതിനാൽ കായേനെപ്പോലെ ജൂതർ ലോകത്തിന് തിന്മയുടെ മാതൃക സമർപ്പിക്കുന്നു; അതുകൊണ്ട്തന്നെ അവരെ വധിക്കേണ്ടതില്ല.'[15]

വിശുദ്ധ അഗസ്റ്റിൻ പക്ഷേ, ഇതുകൂടി കൂട്ടിച്ചേർക്കുന്നുണ്ട്: 'നമുക്കിടയിൽ അവർ ജീവിച്ചോട്ടെ; പക്ഷേ, കഷ്ടപ്പാടനുഭവിച്ചുകൊണ്ടും നിരന്തരമായി നാണംകെടുത്തപ്പെട്ടും മാത്രമാകണം അത്.' ഈ വീക്ഷണം ജൂതപീഡനത്തിന് ആക്കംകൂട്ടുമെന്ന് പ്രത്യേകം പറയേണ്ടതില്ല.

ഈ ദൈവശാസ്ത്രവീക്ഷണം നിയമത്തിന്റെ തലത്തിലേക്ക് കയറുക എന്നത് തികച്ചും സ്വാഭാവികവുമാണ്. 4-ാം നൂറ്റാണ്ടിൽ ക്രിസ്തുമതം റോമ സാമ്രാജ്യത്വത്തിന്റെ ഔദ്യോഗിക മതമാക്കപ്പെട്ടതോടെ ജൂത സിനഗോഗുകൾ കനത്ത ആഘാതത്തിലായി.[16]



**1215ൽ 4ാം ലാറ്ററാൻ കൗൺസിലിൽവെച്ച് പോപ്പ് ഇന്നസെന്റ് മൂന്നാമൻ, ബൈബിൾ സംഖ്യാപുസ്തകപ്രകാരം ജൂതരും മുസ്‌ലികളും വേശ്യകളും കുഷ്ഠരോഗികളും ലജ്ജയുടെ ബാഡ്ജ് ധരിക്കണമെന്ന് ഉത്തരവിട്ടു. ഈ ബാഡ്ജ് ധരിപ്പിക്കപ്പെട്ട ജൂതർ നിരന്തരമായ സാമൂഹിക ബഹിഷ്കരണങ്ങൾക്കും ശാരീരികവും മാനസികവുമായ പീഡനങ്ങൾക്കും വിധേയരായി.**

ജസ്റ്റീനിയൻ ചക്രവർത്തി ഒന്നാമന് (483-565) കീഴിൽ ജൂതമത പരിരക്ഷ എടുത്തുമാറ്റപ്പെടുകയും ജൂതർക്കുമേൽ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കപ്പെടുകയും ചെയ്തു.[17]

പിന്നീട് ഏഴാം നൂറ്റാണ്ടിൽ ഹെരാക്ലിയസ് ചക്രവർത്തി (574-641) രാഷ്ട്രീയ കാരണങ്ങളാൽ, രാജ്യത്ത് ഐക്യം നിലനിർത്താനെന്ന ന്യായം പറഞ്ഞ്, ജൂതരുടെ മേൽ ജ്ഞാനസ്നാനം അടിച്ചേൽപ്പിച്ചു.[18] ഇത് പലയിടത്തും ആവർത്തിച്ചതിന്റെ ഫലമായി വമ്പിച്ച പ്രത്യാഘാതങ്ങളുണ്ടായി.[19]

**കുരിശുയുദ്ധം**

'മുസ്‌ലിം അവിശ്വാസികളുടെ കരങ്ങളിൽ നിന്ന് വിശുദ്ധഭൂമിയെ മോചിപ്പിക്കാൻ' ലക്ഷ്യമിട്ട് നടത്തിയ കുരിശുയുദ്ധത്തെപ്പറ്റി പരാമർശിക്കവേ, ചരിത്രകാരൻ ഗീബെർട്ട് (1053-1124), കുരിശുപോരാളികളുടെ ലക്ഷ്യങ്ങളെ ഇങ്ങനെ രേഖപ്പെടുത്തി:

'ഞങ്ങൾ കിഴക്കൻ നാടുകളിലെ ദൈവത്തിന്റെ ശത്രുക്കൾക്കെതിരെ പൊരുതാൻ ഉറച്ചവരാണ്. മറ്റാരേക്കാളും ദൈവത്തോട് ശത്രുത പുലർത്തുന്ന ജൂതരാണ് ഞങ്ങളുടെ പ്രധാന ശത്രു.'[20]

'ആദ്യ കുരിശുയുദ്ധവേളയിൽത്തന്നെ ജർമനിയിലും ഉത്തരഫ്രാൻസിലുമുണ്ടായിരുന്ന ജൂത ജനതയുടെ മൂന്നിലൊന്നും കൊലചെയ്യപ്പെട്ടു.'[21]

'ജറുസലേമിൽ കുരിശുപോരാളികളെ പേടിച്ചോടിയ ജൂതർ പ്രധാന സെനഗോഗിൽ കയറി വാതിൽ കൊട്ടിയടച്ചു. പിന്നീട് അവിടെ തമ്പടിച്ച 9696 പേരെയും അവർ തീവെച്ചു കൊന്നു. പുറത്ത് കുരിശുയോദ്ധാക്കൾ യേശുവിന്റെ കൊലക്ക് പ്രതികാരം വീട്ടുകയാണെന്നു പറഞ്ഞുകൊണ്ടുള്ള പാട്ട് പാടുകയായിരുന്നു.'[22]

'ആദ്യത്തെ രണ്ട് കുരിശുയുദ്ധവേളകളിൽ ജർമൻ ജൂതർ ഭരണാധികാരികളോട് സഹായാഭ്യർഥന നടത്തി. പകരമായി കൊട്ടാരത്തിന്റെ ദാസ്യവൃത്തിയേൽക്കാൻ ആവശ്യപ്പെടുകയായിരുന്നു. മാത്രമല്ല, കൊട്ടാരത്തിലേക്ക് വലിയൊരു തുക സ്വരൂപിച്ചു നൽകാനും നിർദേശിക്കപ്പെട്ടു.'[23]

സ്വന്തം പൗരന്മാരുടെ സംരക്ഷണത്തിനാണ് ഈ പ്രത്യേക കൈക്കൂലി ഭരണകൂടം ആവശ്യപ്പെട്ടത് എന്നോർക്കുക. ഈ പ്രവണത പിന്നീട് പല നാടുകളിലേക്കും വ്യാപിക്കുകയുണ്ടായി. ഇതിനെ ദൈവശാസ്ത്രപരമായി സഭ ന്യായീകരിച്ചത് യേശുവിനെ കുരിശിൽ തറച്ചതിനാൽ എന്നേക്കുമുള്ള അടിമത്തത്തിന് ജൂതർ വിധിക്കപ്പെട്ടു എന്ന ന്യായീകരണവുമായാണ്.[24]

യൂറോപ്പിൽ 'കറുത്ത മരണം' (1347-1350) എന്ന പേരിൽ പടർന്നു പിടിച്ച പ്ലേഗിൽ ലക്ഷക്കണക്കിന് യൂറോപ്യർ മരണപ്പെട്ടു. ഇതിന് പിന്നിൽ ജൂതന്മാർ കിണറുകളിൽ വിഷം കലക്കിയതാണെന്ന പ്രചരണം വ്യാപകമായി നടന്നു. ദക്ഷിണ ഫ്രാൻസ്, ഉത്തര സ്പെയിൻ, സ്വിറ്റ്സർലന്റ്, ബവേറിയ, കിഴക്കൻ ജർമനി, പോളണ്ട്, ബൽജിയം, ആസ്ട്രിയ എന്നിവിടങ്ങളിലെ ജനങ്ങൾ അത് വിശ്വസിക്കുകയും 200 ജൂത സമുദായങ്ങളെ നശിപ്പിക്കുകയും ചെയ്തു. പോളണ്ടിൽ മാത്രം 10,000 പേർ കൊല്ലപ്പെട്ടു എന്നതിൽനിന്ന് മനുഷ്യനാശത്തിന്റെ തീവ്രത അളക്കാവുന്നതാണ്. 3 ജർമൻ നഗരങ്ങളിൽനിന്ന് മാത്രം 10000 ലേറെ പേർ കൊല്ലപ്പെട്ടു.[25]

ആചാരപരമായി കൊലനടത്തുന്ന വിഭാഗമായി ജൂതരെ ചിത്രീകരിക്കുന്ന പ്രവണത ക്രൈസ്തവരിൽ 12-ാം നൂറ്റാണ്ട് മുതൽതന്നെ (ഇംഗ്ലണ്ടിൽ) ആരംഭിച്ചിരുന്നു. ഈസ്റ്ററിന് മുമ്പ് ക്രൈസ്തവ ശിശുക്കളെ മതാചാരപരമായിത്തന്നെ ജൂതർ വധിക്കുമെന്നായിരുന്ന പ്രചാരണം. ഈ ദുരാരോപണത്തെത്തുടർന്ന് പതിനായിരക്കണത്തിന് ജൂതരാണ് യൂറോപ്പിലുടനീളം കൊല്ലപ്പെട്ടത്.[26]

1880-നും 1945-നുമിടക്ക് മധ്യ-കിഴക്കൻ ജർമനിയിലെ റോമൻ കത്തോലിക്കർക്കിടയിലും ഓർത്തഡോക്സ് സഭയിലും ഈ ധാരണ പടർന്നു പിടിച്ചിരുന്നു.[27] ജർമൻ കുട്ടികളുടെ രക്തം ജൂത റബ്ബിമാർ ഊറ്റിക്കുടിക്കുന്നതായി നാസിപത്രങ്ങൾ നിരന്തരം ആരോപിക്കുമായിരുന്നു.[28]

വിശുദ്ധ കുർബ്ബാന അലങ്കോലപ്പെടുത്തി യേശുവിനെ വീണ്ടും ക്രൂശീകരിക്കാൻ ജൂതർക്ക് താല്പര്യമുണ്ടെന്ന ആരോപണവും അവർക്കെതിരെ നിരന്തരം ഉയർത്തിവിട്ടു.[29] ഇക്കാരണം പറഞ്ഞ് 1298-ൽ ജർമനിയിലെ റോട്ടിൻജെൻ നഗരത്തിലെ മുഴുവൻ ജൂതരെയും തീയിലിട്ട് കൊന്നു. അക്രമകാരികൾ ജർമനിയിലും ആസ്ട്രിയയിലുള്ള മുഴുവൻ ജൂതരെയും കൊന്നുതള്ളാൻ ഉഴറിനടന്നു. ഒരു ലക്ഷം ജൂതർ ഇതേ തുടർന്ന് വധിക്കപ്പെട്ടു.[30]

**ലജ്ജയുടെ ബാഡ്ജ്**

1215-ൽ 4-ാം ലാറ്ററാൻ കൗൺസിലിൽവെച്ച് പോപ്പ് ഇന്നസെന്റ് മൂന്നാമൻ, ബൈബിൾ സംഖ്യാപുസ്തകപ്രകാരം (15:37-41) ജൂതരും മുസ്‌ലികളും വേശ്യകളും കുഷ്ഠരോഗികളും ലജ്ജയുടെ ബാഡ്ജ് ധരിക്കണമെന്ന് ഉത്തരവിട്ടു. ഈ ബാഡ്ജ് ധരിക്കപ്പെട്ട ജൂതർ നിരന്തരമായ സാമൂഹിക ബഹിഷ്കരണങ്ങൾക്കും ശാരീരികവും മാനസികവുമായ പീഡനങ്ങൾക്കും വിധേയരായി.[31]

**ഹിറ്റ്ലറും നാസികളും ജൂതവിരുദ്ധ മധ്യകാല കത്തോലിക്കാ നിയമങ്ങളെ അനുകരിച്ചുകൊണ്ടും മാർട്ടിൻ ലൂതറുടെ അധ്യാപനങ്ങളെ നടപ്പാക്കിയുംകൊണ്ടാണ് പ്രവർത്തിച്ചത്. കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും ഏതാണ്ട് തുല്യമായിട്ടുള്ള നാട്ടിൽ തന്നെയാണ് ഏറ്റവും വലിയ ജൂതഹത്യ (ഹോളകോസ്റ്റ്) അരങ്ങേറിയത്. രണ്ട് പാരമ്പര്യങ്ങളും ജൂതവിരുദ്ധതയിൽ നിർധരമാണ്.**

മരണമോ നിർബന്ധ പലായനമോ, ബദലായി ജ്ഞാനസ്നാനമോ ഏറ്റുവാങ്ങാൻ മധ്യകാല സ്പെയിനിൽ ജൂതർ നിർബന്ധിതരായി. 1391-ൽ സെർവില്ലെയിലെ ആർച്ച് ഡീക്കൻ ഫെർഡിനാൻഡ് മാർട്ടിനസിന്റെ പ്രേരണയിൽ പൊട്ടിപ്പുറപ്പെട്ട കലാപത്തിൽ 50000 ജൂതർ വധിക്കപ്പെടുകയും റബ്ബിമാരടക്കം അനേകായിരം ജൂതന്മാർ നിർബന്ധിത ജ്ഞാനസ്നാനത്തിനു വിധേയരാവുകയും ചെയ്തു.[32]

ഇങ്ങനെ മതം മാറിയവർ രണ്ടാംതരം പൗരന്മാരായി മാത്രമെ പരിഗണിക്കപ്പെട്ടിരുന്നുള്ളൂ. നാസി ജർമനിയിൽ നടപ്പാക്കപ്പെട്ട ന്യൂറംബർഗ് നിയമങ്ങളനുസരിച്ചും ജൂതന്മാർ പൊതുമണ്ഡലങ്ങളിൽ നിന്ന് മാറ്റിനിർത്തപ്പെട്ടിരുന്നു.

1480-ൽ ഫെർഡിനാൻഡ് രാജാവും ഇസബെല്ല രാജ്ഞിയും ജൂതമതം വിട്ട് തന്ത്രപൂർവം ക്രിസ്തുമതത്തിലെത്തിയവരെ പുറത്തുചാടിക്കാനുള്ള ട്രൈബ്യൂണൽ രൂപീകരിച്ചു. ഇതേതുടർന്ന് നിരവധി അറസ്റ്റുകൾ നടന്നു. 1481ൽ ആദ്യത്തെ 'കുറ്റവാളി'യെ തീയിലിട്ട് കൊന്നു.[33]

തുടർന്ന് കുറച്ചു വർഷങ്ങൾക്കുള്ളിൽ ഏതാണ്ട് 30000 പേർ ഈവിധം തീയിലിട്ട് കൊല്ലപ്പെട്ടതായി കണക്കാക്കപ്പെടുന്നു. സ്പാനിഷ് ഇൻക്വിസിഷൻ 15-ാം നൂറ്റാണ്ടു മുതൽ 19-ാം നൂറ്റാണ്ടുവരെ തുടർന്നു. സ്പെയിനിൽ മാത്രം അത് ഒതുങ്ങി നിന്നില്ല; ലാറ്റിനമേരിക്കവരെ അതിന്റെ പരിധി നീണ്ടുചെന്നു.

1290ൽ ഇംഗ്ലണ്ടിൽ നിന്നും ജൂതർ പുറത്താക്കപ്പെട്ടു.[34] 1492-ൽ ഫെർഡിനാൻഡും ഇസബെല്ലയും ചേർന്ന് സ്പെയിനിന്ന് 3 ലക്ഷം ജൂതരെ പുറത്താക്കി. അവരിലധികവും പോർട്ടുഗലിലെത്തി. അവിടെയവർക്ക് ഏതാനും മാസങ്ങൾ താമസിക്കാൻ ഇടം നല്കപ്പെട്ടുവെങ്കിലും ജോൺ രാജാവ് രണ്ടാമൻ (1481-1495) അവരെ അടിമകളാക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമി അവരെ ബലം പ്രയോഗിച്ച് ജ്ഞാനസ്നാനം ചെയ്യിച്ചു.[35]

**നവോത്ഥാനകാലം**

മാർട്ടിൻലൂതർ (1483-1546) തുറന്ന ജൂതവിരുദ്ധസമീപനമാണെടുത്തത്. അദ്ദേഹം പ്രഖ്യാപിച്ചു: "1400 വർഷങ്ങളായി കീടങ്ങളായി ശല്യപ്പെടുത്തിക്കൊണ്ടവർ വിലസുന്നു. അവർ വെറും പിശാചുക്കളെല്ലാതെ മറ്റൊന്നുമല്ല."[36]

1542-ൽ പ്രസിദ്ധീകരിച്ച 'ജൂതരും അവരുടെ നുണകളും' എന്ന ജർമൻ കൃതിയിൽ ജൂതസിനഗോഗുകൾ ചുട്ടെരിക്കാനും ജൂതവീടുകൾ തകർക്കാനും പ്രാർഥനാപുസ്തകങ്ങളും തൽമൂദും നശിപ്പിക്കാനും റബ്ബികളെ മതം പഠിപ്പിക്കുന്നതിൽനിന്ന് വിലക്കാനും യാത്രാനുമതികൾ നിഷേധിക്കാനും പലിശക്കച്ചവടം നിരോധിക്കാനും ആഹ്വാനം ചെയ്തു. പിന്നീട് ഇവ അക്ഷരംപ്രതി നടപ്പാക്കപ്പെടുന്നത് ഹിറ്റ്ലറുടെ നാസിഭരണ കാലത്താണ് (1933-1945).

16-ാം നൂറ്റാണ്ടിന്റെ രണ്ടാം പാതത്തിൽ ജൂത ഗെറ്റോകൾ ആദ്യം ഇറ്റലിയിലും പിന്നീട് ആസ്ട്രിയയിലും സ്ഥാപിക്കപ്പെട്ടു. ജൂതരെ ഇടുങ്ങിയ പരിതസ്ഥിതികളിൽ ജീവിക്കാൻ ഇത് നിർബന്ധിതരാക്കി.

1648-ൽ ഉക്രൈയിനിൽ നിന്നുള്ള കിഴക്കൻ ഓർത്തഡോക്സ് കൊസാക്ക് ക്രിസ്ത്യാനികൾ പോളണ്ടാക്രമിച്ചുകൊണ്ട് ജൂതരെ മാത്രം പ്രത്യേക ക്രൂരതകൾക്കിരയാക്കി[37]

1648-1658 കാലയളവിൽ പോളണ്ടിൽ 1 ലക്ഷം മുതൽ 5 ലക്ഷംവരെ ജൂതർ കൊലചെയ്യപ്പെട്ടതായി കണക്കാക്കപ്പെടുന്നു.[38]

റഷ്യയിൽ നിക്കോളാസ് 1-ാമന് കീഴിൽ (1825-1855), ജൂതർ കൊടിയ മർദനങ്ങൾക്കും നിർബന്ധിത മതപരിവർത്തനങ്ങൾക്കും വിധേയരായി.[39]

റുമേനിയയും ജൂതവേട്ടയിൽ പിന്നിലായില്ല. റുമേനിയയിലെ 2 ലക്ഷം ജൂതർ മധ്യകാലയുഗത്തെ അനുസ്മരിപ്പിക്കുന്ന മോശമായ സ്ഥിതിയിലായിരുന്നു.

അലക്സാണ്ടർ 3-ാമൻ സർ ചക്രവർത്തിയുടെ കാലത്ത് 1881-ൽ ജൂത വിരുദ്ധ കലാപത്തിന്റെ പരമ്പരകളായിരുന്നു. സർ ചക്രവർത്തിയുടെ ആന്റിസെമിറ്റിക് ഉപദേശകർ 'ജൂതപ്രശ്നം' പരിഹരിക്കാൻ നല്കിയ നിർദേശമിതാണ്: 'മൂന്നിലൊന്നിനെ നാട് വിടാൻ നിർബന്ധിക്കുക, മൂന്നിലൊന്നിനെ വധിക്കുക, മൂന്നിലൊന്നിനെ മതപരിവർത്തനം ചെയ്യിക്കുക.'[40]

നിക്കോളാസ് രണ്ടാമൻ (1894-1917) എന്ന സർ ചക്രവർത്തിയുടെ കാലത്തും ജൂതരെ യേശുവിന്റെ ഘാതകർ എന്ന മുദ്രകുത്തി കൊലചെയ്തുകൊണ്ടേയിരുന്നു.[41]

നാസിസം ക്രൈസ്തവവിരുദ്ധമായിരുന്നുവെങ്കിലും ക്രിസ്ത്യൻ ആന്റിസെമിറ്റിസത്തിന് ജൂത കൂട്ടക്കുരുതിയിലുള്ള പങ്കിനെ നിക്ഷേധിക്കാനാവില്ല: 'ഹിറ്റ്ലറും നാസികളും ജൂതവിരുദ്ധ മധ്യകാല കത്തോലിക്കാ നിയമങ്ങളെ അനുകരിച്ചുകൊണ്ടും മാർട്ടിൻ ലൂതറുടെ അധ്യാപനങ്ങളെ നടപ്പാക്കിയുംകൊണ്ടാണ് പ്രവർത്തിച്ചത്. കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും ഏതാണ്ട് തുല്യമായിട്ടുള്ള നാട്ടിൽ തന്നെയാണ് ഏറ്റവും വലിയ ജൂതഹത്യ (ഹോളകോസ്റ്റ്) അരങ്ങേറിയത്. രണ്ട് പാരമ്പര്യങ്ങളും ജൂതവിരുദ്ധതയിൽ നിർധരമാണ്.' [42]

മാർട്ടിൻ ലൂതറുടെ ജന്മദിനത്തിന്റെ നാളിൽ (1938 നവമ്പറിൽ) ജർമനിയിലെ ഒരു ജൂതദേവാലയം അഗ്നിക്കിരയാക്കി. തന്റെ 19 ഇന ജൂതവിരുദ്ധപദ്ധതികളും കത്തോലിക്കാസഭയുടെ പ്രവർത്തനരീതിയായി ഹിറ്റ്ലർ വ്യാഖ്യാനിച്ചു.[43]

1958ൽ യുദ്ധക്കുറ്റ വിചാരണവേളയിൽ ലിത്വാനിയായിലെ ഒരു മുൻമന്ത്രിയോട് തനിക്ക് ചുറ്റും നടക്കുന്ന ഭീതിതമായ വെടിവെയ്പുകളെപ്പറ്റി നിശബ്ദത പാലിച്ചതെന്തുകൊണ്ട് എന്ന ചോദ്യത്തിന് അദ്ദേഹത്തിന്റെ മറുപടി, വേദവാക്യങ്ങൾ ജൂതരിൽ നിവർത്തിയായെന്ന് താൻ വിശ്വസിച്ചുവെന്നാണ്: 'അവന്റെ രക്തം ഞങ്ങളുടെയും ഞങ്ങളുടെ സന്തതികളുടെയും മേൽ പതിക്കട്ടെ' (മത്തായി: 27:24-25) എന്ന് ജൂതർ ആക്രോശിച്ചിരുന്നുവല്ലോ?



സ്ലോവാക്യയിൽനിന്ന് ആഷ്‌വിറ്റ്സി ലേക്ക് നിരവധി ജൂത കുഞ്ഞുങ്ങളെ കയറ്റിയയച്ചതിനെ തടയുന്നതിനെപ്പറ്റി പറഞ്ഞപ്പോൾ പോപ്പിന്റെ അംബാസിഡറുടെ മറുപടിയിതായിരുന്നു: 'നിരപരാധികളായ ജൂത കുഞ്ഞുങ്ങൾ എന്നൊന്നില്ല. എല്ലാ ജൂതരും കുറ്റവാളികളാണ്. അവർ മരിക്കേണ്ടവരാണ്. ക്രൂശീകരണം എന്ന കുറ്റം നിമിത്തം ഈ ശിക്ഷ അവരെ കാത്തിരിക്കുകയായിരുന്നു!'[44]

**ജൂതരും മുസ്‌ലിംകളും**

ജൂതവിരുദ്ധത അറബ്-ഇസ്‌ലാം ചരിത്രത്തിന്റെ ആദ്യ 13 നൂറ്റാണ്ടുകളിൽ (7-ാം നൂറ്റാണ്ടു മുതൽ 20-ാം നൂറ്റാണ്ടുവരെ) കണ്ടെത്താനാവില്ല എന്നും അത് അറബികൾക്കിടയിൽ അങ്കുരിപ്പിച്ചത് രാഷ്ട്രീയ സയണിസമാണെന്നും ഗ്രഹാംകീത്ത് എന്ന, ആന്റിസെമിറ്റിസത്തിന്റെ ചരിത്രകാരൻ നിരീക്ഷിക്കുന്നു.[45]

മുസ്‌ലിംകൾക്കിടയിൽ ഇസ്രയേലീകഥകളുടെയും സങ്കല്പനങ്ങളുടെയും വ്യാപനം തന്നെ പാരമ്പര്യാ ധിഷ്ഠിതമായ ഇസ്‌ലാമിക-ജൂത സാംസ്കാരിക ബന്ധങ്ങളുടെ സൂചകങ്ങളാണ്.[46]

'പ്രോട്ടോക്കോൾസ് ഓഫ് ദി എൽഡേഴ്സ് ഓഫ് സയൺ' പോലുള്ള ആന്റിസെമിറ്റിക് എന്ന പേരിലറിയപ്പെടുന്ന രചനകൾ അവർ വിതരണം ചെയ്യുന്നതിന് കാരണം മുസ്‌ലിംകൾക്കിടയിൽ ജൂതവിരുദ്ധമിത്തുകൾ നിലവിലില്ലാത്തതാണെന്ന് വിഖ്യാത മതചിന്തക കരൺആംസ്ട്രോംഗ് ചൂണ്ടിക്കാട്ടുന്നു.[47]

ജൂത-ക്രൈസ്തവ വിഭാഗക്കാരെ മുസ്‌ലിംകളുടെ സ്നേഹിതന്മാരാക്കരുത് എന്ന സന്ദേശം ഖുർആനിലുണ്ടെന്നും[48] ഇതാണ് മതസൗഹാർദതക്ക് വിലങ്ങുതടിയായി നില്ക്കുന്നതെന്നും ഇസ്‌ലാമോഫോബുകൾ ആരോപിക്കാറുണ്ട്.

**5 വർഷങ്ങൾക്ക് മുമ്പ് നടത്തപ്പെട്ട ഒരു സർവേയനുസരിച്ചു യൂറോപ്യരിൽ 59% പേരും ലോകസമാധാനത്തിന്റെ മുഖ്യ ഭീഷണിയായി ഇസ്രായേലിനെ കൃത്യമായി തിരിച്ചറിയുന്നുണ്ട്. ആഗോള മീഡിയക്കു ള്ള കനത്ത സ്വാധീനത്തെ അതിലംഘിച്ചുകൊണ്ടാണ് ഈ ബഹുജനാഭിപ്രായം രൂപപ്പെട്ടിരിക്കുന്നത് എന്നോർക്കണം.**

മൊത്തത്തിൽ വേദക്കാരോടുള്ള സമീപനത്തെക്കുറിച്ചല്ല പ്രസ്തുത നിരോധങ്ങൾ. വേദക്കാരടക്കമുള്ള അമുസ്‌ലിം വിഭാഗങ്ങളോടുള്ള പൊതു സമീപന രീതി ഖുർആൻ വിശദമാക്കുന്നതിങ്ങനെയാണ്:

'മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യുകയും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കുകയും നിങ്ങളെ പുറത്താക്കുന്നതിൽ പരസ്പരം സഹകരിക്കുകയും ചെയ്തവരെ സംബന്ധിച്ച് മാത്രമാണ് മൈത്രി കാണിക്കുന്നത് ദൈവം വിലക്കുന്നത്' (60:9).

'മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളുവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതികാണിക്കുന്നതും ദൈവം നിരോധിക്കുന്നില്ല. തീർച്ചയായും ദൈവം നീതിപാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു' (60:8).

ആരാണ് വലിയ്യ്? ഖുർആൻ പറയുന്നു: 'ദൈവം പവിത്രത നൽകിയ ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിക്കരുത്. അക്രമത്തിന് വിധേയനായി വല്ലവരും കൊല്ലപ്പെട്ടാൽ അവന്റെ 'വലിയ്യിന്' (അവകാശിക്ക്) നാം പ്രതികാരം ചെയ്യാൻ അധികാരം കൊടുത്തിട്ടുണ്ട്' (17:33).

ഏറ്റവും അടുത്ത ബന്ധുത്വവുമായി 'വലിയ്യ്' നിലകൊള്ളുന്നു. ദൈവത്തോടുള്ള അർപ്പണം കഴിഞ്ഞാൽ മാതാപിതാക്കളോടാണ് ഒരു മനുഷ്യന് കടപ്പാടുള്ളതായി ഖുർആൻ പറയുന്നത് (17:23). എന്നാൽ മാതാപിതാക്കൾ നിഷേധികളെങ്കിൽ അവരെയും 'വലിയ്യു'കളാക്കരുത് എന്ന് ഖുർആൻ പറയുന്നു (9:23). ഇതിനർഥം അവരുമായി ബന്ധം വിടർത്തണമെന്നല്ല.

സയണിസ്റ്റുകളായ ജൂത-ക്രൈസ്തവ വിഭാഗങ്ങൾ 'ഇസ്‌ലാമോഫോബിയ' സൃഷ്ടിക്കുന്നവരും വൈരാഗ്യബുദ്ധിയോടുകൂടി മുസ്‌ലിംകളുടെ മനുഷ്യാവകാശങ്ങൾ നിഷേധിക്കാൻ ഒട്ടും മടിയില്ലാത്തവരുമാണ്. യുദ്ധഭ്രാന്തിളക്കിവിട്ടു പരമതനിന്ദ നടത്തിയും അതിക്രമങ്ങൾ വേദവാക്യങ്ങളുരുവിട്ട് ന്യായീകരിച്ചും നിലകൊള്ളുന്ന വിഭാഗങ്ങളുമായുള്ള 'ആത്മബന്ധത്തെ' മാത്രമാണ് ഖുർആൻ നിഷേധിക്കുന്നത്.

ബഹുദൈവാരാധകരുമായുള്ള വൈവാഹികബന്ധം നിഷേധിച്ച ഖുർആൻ (2:221) തന്നെ, വേദക്കാരുമായുള്ള വിവാഹബന്ധത്തിന് അനുമതി നല്കിയെന്നോർക്കുക (5:5). ബാന്ധവം സയണിസ്റ്റുകളടക്കമുള്ള ശത്രുക്കളോട് ഉണ്ടാവരുതെന്നേ ഖുർആൻ പറയുന്നുള്ളൂ.

**സയണിസത്തിന്റെ വേര് ആന്റിസെമിറ്റിസത്തിൽ**

ഇസ്രയേൽ രാഷ്ട്രത്തിനനുകൂലമായ പാശ്ചാത്യൻ ക്രൈസ്തവ പിന്തുണയുടെ മുഖ്യകാരണമായി പറയുന്നത് യൂറോപ്പിൽ നടന്ന ആന്റി സെമിറ്റിസവും അതിന്റെ പാരമ്യതയിൽ നാസികൾ നടത്തിയ ജൂത വംശഹത്യയും അതേത്തുടർന്നുള്ള കുറ്റബോധവുമാണ്.

എന്നാൽ ആന്റിസെമിറ്റിസത്തെ പരാജയപ്പെടുത്താനോ മാറ്റിയെടുക്കാനോ പോലും സയണിസ്റ്റ് ആചാര്യന് താല്പര്യമില്ലായിരുന്നു എന്നതാണ് ചരിത്ര വസ്തുത. 1885 ജൂണിൽ തന്റെ ഡയറിയിൽ തിയഡോർ ഹെർസൽ ഈ വിധം രേഖപ്പെടുത്തി: 'ആന്റിസെമിറ്റസത്തെ നേരിടുക എന്നത് വ്യർഥമാണ് എന്ന് ഞാൻ തിരിച്ചറിഞ്ഞു.'

ഹെർസലിന്റെ 1896ൽ പ്രസിദ്ധീകരിച്ച 'ജൂതരാഷ്ട്രം' എന്ന കൃതിയുടെ മുഖവുര

യിൽ അമേരിക്കൻഎമർജൻസി കൗൺസിൽ ഇങ്ങനെ രേഖപ്പെടുത്തി:

'മനുഷ്യ മനസ്സിൽ ആഴത്തിൽ വേരൂന്നിയ പ്രതിഭാസമാണ് ആന്റി സെമിറ്റിസം എന്നതിനാൽ അതിനെ അളക്കാവുന്ന കാലയളവിൽ പിഴുതെറിയുക എന്നത് അസാധ്യമാണ്.'[49]

തന്റെ കൃതിയിൽ 'ആന്റിസെമിറ്റിസം' നൈസർഗികമായ പ്രതിഭാസമെന്ന വിധം ഹെർസൽ അവതരിപ്പിക്കുന്നു: 'ദിനംതോറും, മണിക്കൂറുകൾതോറും ആന്റിസെമിറ്റിസം രാഷ്ട്രങ്ങളിൽ വർധിതമായിക്കൊണ്ടിരിക്കും. തീർച്ചയായും അതിന്റെ വളർച്ച കുടിക്കൊണ്ടിരിക്കും; ഇത് മാറ്റാനാവില്ല.'[50]

ജൂതേതരെ ഒന്നടങ്കം ആന്റിസെമിറ്റിക്കുകളായി ഹെർസൽ കണക്കാക്കി എന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കുക. വംശീയവും വർഗീയവുമായ കനത്ത മുൻവിധികൾ തീർത്ത മനസ്സിൽ നിന്ന് മാത്രമെ ഇത്തരം അന്തഃസ്സാരശൂന്യമായ പ്രസ്താവങ്ങൾ പുറത്തു വരികയുള്ളൂ.

ഒരു മതവിഭാഗക്കാർക്ക് മാത്രമായി ഒരു രാഷ്ട്രം ഉണ്ടായെങ്കിലേ അവർക്ക് സുരക്ഷിതമായി ജീവിക്കാനാവുകയുള്ളു എന്ന പിടിവാശി ബുദ്ധിപരവും ചരിത്രപരവുമായ വങ്കത്തമാണ്.

ഹോളോകോസ്റ്റ് (60 ലക്ഷം ജൂതരെ ഹിറ്റ്ലർ കശാപ്പ് ചെയ്തു എന്ന സങ്കല്പം) മുഴുവനും സത്യമാണെങ്കിൽ തന്നെ ജൂതേതരർ മുഴുക്കെ ആന്റി സെമിറ്റിക്കുകളാണെന്ന് അത് തെളിയിക്കുന്നില്ല. എല്ലാ വെള്ളക്കാരും കറുത്തവർക്കെതിരായ വംശീയവെറി പേറുന്നവരാണെന്ന ആരോപണംപോലെ അടിസ്ഥാനരഹിതമാണിത്.

ആന്റിസെമിറ്റിസം, ആന്റിസെമിറ്റിക് വിരുദ്ധത എന്നിവയെ ജൂത രാഷ്ട്രനിർമിതിക്ക് വേണ്ടി ഉപയോഗിക്കുകയായിരുന്നു സയണിസ്റ്റ് പദ്ധതി. ഹോളോകോസ്റ്റ് സയണിസ്റ്റ് ആശയത്തിന്റെ മുഖ്യ ആയുധമാകുന്നത് ഇങ്ങനെയാണ്.[51]

ജൂതർക്കും വിജാതിയർക്കും ഏറ്റവും സമ്യക്കായ 'ജൂതപ്രശ്ന' പരിഹാരം പലസ്തീനിൽ സ്ഥാപിതമാകുന്ന ജൂതരാഷ്ട്രമാണെന്ന് ബവേറിയയിലെ ഒരുയർന്ന നാസിരാഷ്ട്രനേതാവ് തന്നെ പ്രഖ്യാപിച്ചത് ഓർക്കുക.[52] നാസികൾക്കും സയണിസ്റ്റുകൾക്കും ഇക്കാര്യത്തിൽ യോജിപ്പാണെന്ന് ചുരുക്കം.

**അറബികൾ കൊലയാളികൾ, അധാർമികർ, ഭീകരത-അറബി പോളിസി, അറബികൾക്ക് മരണം, അറബികളെ വിശ്വസിക്കരുത്, 'നല്ല അറബി മരിച്ച അറബിമാത്രം' എന്നിങ്ങനെ വംശീയോദ്ദീപകമായി വെറുപ്പ് സൃഷ്ടിക്കുന്ന സയണിസ്റ്റുകളാണ് ഇന്നത്തെ ഏറ്റവും ശക്തരായ ആന്റിസെമിറ്റിക്കുകൾ!**

### ഹിറ്റ്ലറുടെ ആന്റിസെമിറ്റിസം

ഹിറ്റ്ലർ 1935ൽ പാസ്സാക്കിയ ന്യൂറംബർഗ് നിയമങ്ങൾ വംശശുദ്ധിയുടെ തത്ത്വത്തിന്റെ സംരക്ഷണമായിരുന്നു: ആര്യന്മാരെക്കാൾ താഴെവരുന്ന ജൂതരടക്കമുള്ള വിഭാഗങ്ങളെ ഒഴിവാക്കിനിർത്താൻ ഹിറ്റ്ലർ ലക്ഷ്യമിട്ടു. മധ്യകാലത്ത് കത്തോലിക്കാ-പ്രൊട്ടസ്റ്റന്റ് ചർച്ചുകളുടെ കാനോനിക നിയമങ്ങൾ തന്നെയാണ് നാസികൾ തങ്ങളുടെ നിയമങ്ങളിൽ ഉൾപ്പെടുത്തിയിരുന്നത് എന്ന കാര്യം ചരിത്രകാരനായ പ്രോയ്ഡ്മാൻ ചൂണ്ടിക്കാട്ടുന്നു.[53]

യാക്കോബ് തന്റെ സോദരന്റെ ജന്മാവകാശം ചതിവിൽ തട്ടിയെടുക്കുന്ന ബൈബിൾ കഥനവും യേശുവിനെ ദുരാരോപണമുയർത്തി ചതിവിൽ കൊലചെയ്യാൻ നിഗൂഢ നീക്കം നടത്തിയതും ജൂത വഞ്ചനയുടെ തെളിവുകളാണെന്ന് നാസികൾ ആരോപിച്ചിരുന്നു.[54]

ഉല്പത്തി 27:11-ൽ രേഖപ്പെടുത്തിയ എശാവുവിന്റെ കഥയും സങ്കീർത്തനങ്ങൾ 137:9-ൽ പറയുന്ന എഡോമൈറ്റുകളെക്കുറിച്ച പരാമർശവും ജൂതർ മനുഷ്യക്കുരങ്ങുകളാണെന്ന പ്രതീതിയുളവാക്കുന്നുവെന്നും, ഉയർന്നതരം ജർമാനിക് വംശജനായ ആര്യന്മാരും മൃഗങ്ങളും തമ്മിലുള്ള പോരാട്ടം നിദാന്തമാണെന്നും നാസികൾ വാദിച്ചു.[55]

ഹിറ്റ്ലറുടെ ആത്മകഥയിൽത്തന്നെ കാണാം: 'ഇന്നു മുതൽ ദൈവേച്ഛയനുസരിച്ചാണ് ഞാൻ പ്രവർത്തിക്കുക. ജൂതർക്കെതിരെ പ്രവർത്തിക്കുമ്പോൾ ദൈവത്തിന് വേണ്ടി ഞാൻ പോരാടുകയാണ്.'[56]

'വംശം ഭാഷയിലല്ല, രക്തത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇക്കാര്യം ജൂതനെക്കാൾ നന്നായി മറ്റാർക്കുമറിയില്ല. സ്വന്തം രക്തം ശുദ്ധീകരിച്ചു നിർത്തുന്നതിന്റെ കാര്യത്തിൽ മറ്റാരെക്കാളും അവർ ദത്തശ്രദ്ധരാണ്.'[57]

ലേവ്യർ 17:11-14ലെ വിശ്വാസത്തിൽ ഊന്നിനിന്നുകൊണ്ട് രക്തത്തിലാണ് മനുഷ്യന്റെ ശക്തിയും ദൗർബല്യവുമെന്ന് ഹിറ്റ്ലർ പറയുന്നു.[58]

ആവർത്തനം 23:3-6ൽ കാണുന്ന വിധം വംശാന്തര വിവാഹത്തിനെതിരായ നിയമം ഹിറ്റ്ലർ തന്റെ ന്യൂറംബർഗ് നിയമങ്ങളിൽ ഉൾപ്പെടുത്തിയതും ജർമൻ-ആര്യൻ വംശത്തെ ശുദ്ധീകരിച്ചു നിർത്താൻ ലക്ഷ്യമിട്ടതന്നെയായിരുന്നു.

### ഇസ്രയേൽ: വംശീയവെറിയുടെ ഉദാത്ത മാതൃക

രാഷ്ട്രീയമായി തങ്ങൾ കടന്നുകയറ്റക്കാരും അറബികൾ പ്രതിരോധക്കാരുമാണെന്ന് സയണിസ്റ്റ് ആചാര്യൻ ഡേവിഡ് ബെൻഗൂരിയൻതന്നെ തുറന്നുപറഞ്ഞിരുന്നു.[59]

ആധുനിക ഫിലിസ്റ്റെൻകാരെയും കാനാനൈറ്റുകാരെയും പോലെതന്നെ ഫലസ്തീൻകാരെയും കണക്കാക്കുന്നവരാണ് ജൂത കുടിയേറ്റക്കാരിലധികപേരും.[60]

സാധാരണഗതിയിൽ സുരക്ഷയെച്ചൊല്ലി പലായനം ചെയ്തവരെ ഏത് ഭരണകൂടവും തിരിച്ചുവരാൻ അനുവദിക്കാറുണ്ട്. ഉദാഹരണത്തിന് 1991-ൽ ഇസ്രയേലിലെ ടെൽ അവീവ് നഗരത്തിൽ കഴിഞ്ഞിരുന്ന 50% ജൂതർ, ഇറാഖിസ്കഡ് മിസൈലുകളെ ഭയന്ന് നഗരംവിട്ടിരുന്നു; തിരികെ വന്നപ്പോൾ അവരുടെ സ്വത്തുവഹകൾ സർക്കാർ കണ്ടുകെട്ടിയില്ല. എന്നാൽ 1947-49 കാലത്ത് ഈ വിധം ജീവൻ രക്ഷിക്കാനായി അഭയാർഥികളായിപ്പോയ ഫലസ്തീൻ അറബികളെ (ഇന്നവരുടെ സംഖ്യ 40 ലക്ഷം) തിരികെ വരാൻ ഇസ്രയേൽ അനുവദിക്കുന്നില്ല.

1950-ൽ പാസ്സാക്കിയ 'ലോ ഓഫ് റിട്ടേൺസ്' (തിരിച്ചുവരവിന്റെ നിയമം) അനുസ

**ഇസ്രയേലിൽ എല്ലായിടത്തും കടുത്ത വിവേചനങ്ങൾ നിലനിൽക്കുന്നു. അറബികൾക്ക് വീട് വാടകക്ക് കിട്ടാൻ നന്നേ വിഷമമാണ്. ഇസ്രയേലിലെ 67% ഭൂമിയും അറബികൾക്ക് നിയമപരമായി വിൽക്കാൻ അവകാശമില്ലാത്തതാണ്. അധിനിവിഷ്ട പ്രദേശങ്ങളിലെ ഫലസ്തീനിയൻ വീടുകൾ നിരന്തരമായി പൊളിക്കപ്പെട്ടുകൊണ്ടിരിക്കുന്നു; ഇതൊക്കെ ജൂത സെറ്റിൽമെന്റുകൾക്ക് സൗകര്യം നൽകാനായാണ്.**




രിച്ച് ഏതൊരു ജൂതനും ഇസ്രയേലിലേക്ക് വരാൻ അവകാശമുണ്ട്. എന്നാൽ ജൂതേതരർക്ക് ഇത് ബാധകമല്ല!

ഇസ്രയേലിൽ എല്ലായിടത്തും ഇത്തരം കടുത്ത വിവേചനങ്ങൾ നിലനില്ക്കുന്നു. വിദ്യാഭ്യാസം, കച്ചവടം, വിനോദസ്ഥലങ്ങൾ, രാഷ്ട്രീയപ്രസ്ഥാനം, ഗൃഹനിർമിതി തുടങ്ങിയ സകല ജീവിതമേഖലകളിലും മാറ്റിനിർത്തലും വിവേചനവും വ്യവസ്ഥാപിതമായി നിലനിർത്തിയിരിക്കുന്നു.

അറബികൾക്ക് വീട് വാടകക്ക് കിട്ടാൻതന്നെ നന്നേ വിഷമമാണ്. ഇസ്രയേലിലെ 67% ഭൂമിയും അറബികൾക്ക് നിയമപരമായി വില്ക്കാൻ അവകാശമില്ലാത്തതാണ്.

കിഴക്കൻ ജറുസലേമിലെ ഫലസ്തീനികൾ മൊത്തം നഗരനികുതിയുടെ 40% നൽകുന്നുവെങ്കിലും 8% മാത്രമാണ് മുൻസിപ്പൽ ചെലവായി തിരികെ ലഭ്യമാകുന്നത്.

അധിനിവിഷ്ട പ്രദേശങ്ങളിലെ ഫലസ്തീനിയൻ വീടുകൾ നിരന്തരമായി പൊളിക്കപ്പെട്ടുകൊണ്ടിരിക്കുന്നു; ഇതൊക്കെ ജൂത സെറ്റിൽമെന്റുകൾക്ക് സൗകര്യം നല്കാനായാണ്. 1967നും 2003നുമിടക്ക് അധിനിവിഷ്ടഭൂമിയിൽ 90000 വീടുകൾ നിർമിച്ചു; ഒന്നുപോലും ഫലസ്തീനികൾക്ക് ലഭിച്ചില്ല!

**സയണിസം: ലോകസമാധാനത്തിന്റെ ശത്രു**

5 വർഷങ്ങൾക്ക് മുമ്പ് നടത്തപ്പെട്ട ഒരു സർവേയനുസരിച്ചു യൂറോപ്യരിൽ 59% പേരും ലോകസമാധാനത്തിന്റെ മുഖ്യ ഭീഷണിയായി ഇസ്രായേലിനെ കൃത്യമായി തിരിച്ചറിയുന്നുണ്ട്.

ആഗോള മീഡിയക്കു വേണ്ടിയുള്ള കനത്ത സ്വാധീനത്തെ അതിലംഘിച്ചുകൊണ്ടാണ് ഈ ബഹുജനാഭിപ്രായം രൂപപ്പെട്ടിരിക്കുന്നത് എന്നോർക്കണം.

അര ബില്യൺ ജനങ്ങൾ പ്രേക്ഷകരായുള്ള ചാനലാണ് ഗോഡ് ടി.വി. അമേരിക്കയിൽമാത്രം 20 മില്യണും ബ്രിട്ടനിൽ 14 മില്യണും ഗോഡ് ടി.വി. കാണുന്നവരാണ്. ഈ ടെലിവിഷൻ ശൃംഖല ക്രൈസ്തവ സയണിസ്റ്റ് അനുകൂല പ്രചാരണത്തിന് സദാ മുൻപന്തിയിലാണ്. ജോയ്സ് മെയർ, ബെന്നി ഹിൻ, ജോൺ ഹാഗി തുടങ്ങിയ ക്രൈസ്തവ സയണിസ്റ്റ് ചിന്തകരുടെ മുഖ്യ രംഗവേദിയാണിത്.

സയണിസ്റ്റ് മുന്നണിയായ ജ്യൂവിഷ് നാഷണൽ ഫണ്ടിന്റെ പിന്തുണയോടെ ഗോഡ് ടി.വി. 5 ലക്ഷം വൃക്ഷത്തൈകളാണ് ഇസ്രയേലിൽ വെച്ചുപിടിപ്പിച്ചിരിക്കുന്നത്. തദ്ദേശവാസികളായ ഫലസ്തീൻകാർക്ക് തങ്ങളുടെ പൂർവികഗേഹത്തിലേക്കുള്ള വഴി അദൃശ്യമാക്കി നിലനിർത്തുകയാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം. ഈ പ്രൊജക്ടിന് വേണ്ടി പ്രേക്ഷകരിൽനിന്ന് 5 ലക്ഷം ഡോളർ, ഗോഡ് ടി.വി. പിരിച്ചെടുത്തു. ജൂതർ മാത്രമുള്ള ഏരിയകളിലാണ് ഇവ നട്ടത്. ഗോഡ് ടി.വി. യുടെ ഏറ്റവുമടുത്ത ബന്ധുക്കളാൽ 2006ൽ രൂപീകൃതമായ സംഘടനയാണ് 'ക്രിസ്ത്യൻ യുണൈറ്റഡ് ഫോർ ഇസ്രയേൽ'. യേശുവിന്റെ സമാധാന സന്ദേശത്തിന്റെ മറവിൽ ആഗോള ഭീകരതയുടെ പ്രഭവകേന്ദ്രത്തിന് രാഷ്ട്രീയ പിന്തുണ വർധിപ്പിക്കാൻ വേണ്ടി പ്രവർത്തിക്കുന്ന ഇത്തരക്കാർ വേണ്ടവിധം തിരിച്ചറിയാനാവാതെ പോകുന്നു എന്നത് ഖേദകരമാണ്.

വംശീയതയിൽ നിലനില്ക്കുന്ന ഇസ്രയേലിൽ വംശീയാധിപത്യം അറബികളുടെ മേൽ മാത്രമല്ല പ്രയോഗിക്കപ്പെടുന്നത്. യൂറോപ്യൻ ജൂതർക്ക് (അഷ്കെനാഡി) സമഗ്രമായ ആധിപത്യമാണവിടെ. അതേസമയം പൗരസ്ത്യജൂതരുടെ (മിസ്റാഫി എന്നും സെഫാർഡി എന്നും അവർ അറിയപ്പെടുന്നു) ശബ്ദം നിശബ്ദമാക്കപ്പെട്ടിരിക്കുന്നു.[61]

ഇസ്രയേലിൽ ജൂത-ജൂതേതര വിവാഹങ്ങൾക്ക് അംഗീകാരം ലഭിക്കുന്നില്ല. 1953-ൽ ഇറങ്ങിയ നിയമ പ്രകാരം വിവാഹബന്ധം പോലും ജനങ്ങളെ വർഗീയമായി വിഭജിക്കാനുള്ള തീവ്ര അഭിനിവേശത്താൽ ജൂത-വിജാതീയ വിവാഹങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തപ്പെട്ടിരിക്കുന്നു.

ജൂതർ ഒരു വിഭാഗമെന്ന നിലയിൽ മറ്റുള്ളവരോട് വെറുപ്പ് വെച്ചു പുലർത്തുന്നവരായി വിഖ്യാത ധനതത്ത്വശാസ്ത്രജ്ഞൻ വെർനെർസോം ബാർട്ട് വാദിച്ചിട്ടുണ്ട്.[62] തത്ത്വജ്ഞാനിയായ ഇമ്മാനുവൽ കാന്റ് (1724-1804), പലിശക്കാരുടെ ജനത, എവിടെ അഭയം നല്കപ്പെട്ടാലും അപകടം മേൽക്കൈ നേടിയെടുക്കുന്ന

വർ' എന്നിങ്ങനെ ജൂതമതക്കാരെ വിശേഷിപ്പിക്കുന്നു.(63)

യഥാർഥത്തിൽ ജൂത വിഭാഗത്തിൽ വ്യാപകമായി നിലനിൽക്കുന്ന വംശീയ ബോധത്തിന്റെ അടിസ്ഥാനം, തങ്ങൾ എങ്ങനെ പെരുമാറിയാലും ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനതയായി തങ്ങൾ നിലകൊള്ളും എന്ന വാദമാണെന്ന് നമുക്ക് തിരിച്ചറിയാനാവും.(64) ഇത്തരം ആശയങ്ങളുടെ പൊള്ളത്തരം ഖുർആൻ തുറന്നുകാട്ടിയിട്ടുണ്ട്:

"നിങ്ങൾ പിന്തിരിഞ്ഞുകളയുകയാണെങ്കിൽ നിങ്ങളല്ലാത്ത ഒരു ജനതയെ അവൻ പകരംകൊണ്ടുവരുന്നതാണ്." (47:38)

ജൂതമതം അടിസ്ഥാന മാനസിക മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്നുണ്ട്. സയണിസത്തിന്റെ അടിസ്ഥാന ധാരണകളെ ജൂതമതം തിരസ്കരിക്കുന്നു.

2001-ൽ ദക്ഷിണാഫ്രിക്കയിലെ ഡർബനിൽ ഐക്യരാഷ്ട്രസഭ സംഘടിപ്പിച്ച വംശീയവിരുദ്ധ സമ്മേളനത്തിൽ ന്യൂയോർക്ക് കേന്ദ്രമായി പ്രവർത്തിക്കുന്ന 'യുണൈറ്റഡ് ജ്യൂവ്സ് എഗൻസ്റ്റ് സയണിസം' എന്ന സംഘടനയുടെ ഡയറക്ടർ ഇസ്രയീൽ ഡേവിഡ്വെയ്സ് അധിനിവിഷ്ട ഫലസ്തീൻ മേഖലയിൽ നിരപരാധികൾക്ക് മേൽ സയണിസം നടത്തുന്ന കുറ്റകൃത്യങ്ങൾ അക്കമിട്ട് നിരത്തുകയും അവക്ക് ജൂതമതവുമായി ഒരു ബന്ധവുമില്ല എന്ന് വ്യക്തമാക്കുകയും ചെയ്തു.

ജൂത ജനതയ്ക്കെതിരെ നൂറ്റാണ്ടുകൾ നീണ്ട പീഡനമഴിച്ചുവിടുന്നവർ തന്നെയാണ് മറ്റുള്ളവർക്കെതിരെ ആന്റിസെമിറ്റിസം ആരോപിച്ച് സയണിസ്റ്റ് അതിക്രമങ്ങൾക്കെതിരെ നടത്തുന്ന പ്രചാരണങ്ങളെ ചെറുക്കുന്നത്. കൂട്ടനശീകരണായുധങ്ങളുടെ പേരിൽ നുണകെട്ടിയുണ്ടാക്കി ഇറാഖിനെ യുദ്ധം ചെയ്ത് നരകമാക്കി മാറ്റിയ സയണിസ്റ്റുകൾ തന്നെയാണ് മറ്റുള്ളവർക്ക് നേരെ ഭീകരതയാരോപിക്കുന്നത്.

ജൂതരെ ഭയന്ന് ഒന്നും പറയാത്ത അവസ്ഥയെപ്പറ്റി ബൈബിൾ പരാമർശിക്കുന്നു: "യഹൂദരെ ഭയന്ന് ആരും അവനെപ്പറ്റി പരസ്യമായി ഒന്നും സംസാരിച്ചില്ല" (യോഹന്നാൻ 7:13).

ഇത്തരമൊരവസ്ഥതന്നെയാണ് 'ആന്റിസെമിറ്റിസ'ത്തിന്റെ പേരിൽ ആഗോളതലത്തിൽ പാശ്ചാത്യ സ്വാധീനത്താൽ ഇന്നുയർന്നുവന്നിരിക്കുന്നത്.

ഇസ്രയേലിന്റെ പോളിസികളെ വിമർശിക്കുന്നവരെയൊക്കെ ആന്റിസെമിറ്റിസം ആരോപിച്ച് അടക്കി നിർത്താനുള്ള പ്രവണത അവസാനിപ്പിക്കപ്പെടണം.

സെമിറ്റിക്കുകൾക്കെതിരായ വിദ്വേഷത്തിന്റെ വിവിധ രൂപങ്ങളായി ആന്റിസെമിറ്റിസത്തെ ഹിബ്രുഎൻസൈക്ലോപ്പീഡിയ നിർവചിക്കുന്നു. ഈ പരിധിയിൽ അറബികളും വരുന്നുണ്ട് എന്ന് വിസ്മരിക്കരുത്. ജൂതരിൽ അധികവും ഈ കാറ്റഗറിയിൽ വരുന്നുമില്ല.

അറബികളെ കൊലയാളികൾ, അധാർമികർ, ഭീകരത-അറബിപോളിസി, അറബികൾക്ക് മരണം, അറബികളെ വിശ്വസിക്കരുത്, 'നല്ല അറബി മരിച്ച അറബിമാത്രം' എന്നിങ്ങനെ വംശീയോദ്ദീപകമായി വെറുപ്പ് സൃഷ്ടിക്കുന്ന സയണിസ്റ്റുകളാണ് ഇന്നത്തെ ഏറ്റവും ശക്തരായ ആന്റിസെമിറ്റിക്കുകൾ!

**കുറിപ്പുകൾ:**


1). ലൂക്കോസ് 11:39, മാർക്കോസ് 8:15, മത്തായി 3:7, 5:20, 23:13-15, 23:23-29 നോക്കുക.

2). മത്തായി 15:1-9

3). Bertand Russell, Histing of Western Philosophy, Routledge: London, 1946, p.324

4). മത്തായി 21:44, 22:7, 24:1-34

5). John Mc Clintock, James Strong, Cyclopaedia of Biblical, Theroerical and Ecclesiastical Literature, Vol:3, Baker: Michigan, p.771

6). M. Basiler Schlink, Israel, My Chosen People, Kanaan Publications: Darmstadt, 1995, p.28

7). Edward H. Flannery, The Anguish of the Jews: Twenty-Three Centuries of Anti-Semitism, Paulist Press: NewYork, 1985, p.34-35

8). ഖുർആൻ ഇതിനെ നിഷേധിച്ചുകൊണ്ട് ജൂതരെ ഈ ക്രിമിനൽ കുറ്റത്തിൽനിന്ന് വിമുക്തമാക്കുന്നു. (4:157-158 കാണുക). മത്തായി 20:18-19, അപ്പോസ്തല പ്രവൃത്തി 4:26-28 എന്നിവ ഇതിലേക്ക് വെളിച്ചം വീശുന്നു.

9). Edward H.Flannery, Op. Cit, p.40

10). Hal Lindsay, The Everlasting Hatred, Oracle House: Murreta, CA, 2002, p.6

11). Edward H. Flannery, Op. Cit, p.46

12). Edward H. Flannery, Op. Cit, p.50-51

13). Edward H. Flannery, Op. Cit, p.51

14). Molcolm Hay, The Roots of Anti-Semitism, Liberty Press: NewYork, 1981, p.27

15). Edward H. Flannery, Op. Cit, p.52-53

16). Edward H. Flannery, Op. Cit, p.47-48

17). Edward H. Flannery, Op. Cit, p.68-69

18). Edward H. Flannery, Op. Cit, p.70

19). Eerdman's Handbook to the History of Christianity, Eerdman's: Grand Rapids, 1977, p.24-25

20). Edward H. Flannery, Op. Cit, p.91-92

21). Edward H. Flannery, Op. Cit, p.93

22). David Rausch, A Legacy of Hatred, Baker: Grand Rapids, 1990, p.27

23). Edward H. Flannery, Op. Cit, p.97

24). Michael L. Brown, Our Hands Are Stained with Blood, Destiny Image Publishers: Pasadena, 1992, p.13

25). Edward H. Flannery, Op. Cit, p.109, 111

26). William James Broadway, Has the Church Fallen Under a Curse? Broadway Ministries: Alberta, 1996, p.30

27). Dennis Prager and Joseph Telushkin, Why the Jews? The Reasons for Antisemitism, Simon & Schuster: NewYork, 1983, p.100

28). Ibid, p.100-101

29). Ibid, p.103

30). Edward H. Flannery, Op. Cit, p.107

31). Edward H. Flannery, Op. Cit, p.103-104

32). Edward H. Flannery, Op. Cit, p.132

33). Edward H. Flannery, Op. Cit, p.137

34). Edward H. Flannery, Op. Cit, p.120

35). Edward H. Flannery, Op. Cit, p.139-140

36). Quoted in John Hagee, Should Christians Support Israel? Dominion Publishers: San Antonio, 1987, p.167

37). Edward H. Flannery, Op. Cit, p.157

38). Edward H. Flannery, Op. Cit, p.158

39). Edward H. Flannery, Op. Cit, p.172

40). Edward H. Flannery, Op. Cit, p.189-190

41). Edward H. Flannery, Op. Cit, p.191

42). Michael Brown, Our Hands Are Stained with Blood, Destiny Image Publishers: Pasadena, 1992, p.7

43) John Hagee, Op. Cit, p.19

44) Eliezer Berkovits, Faith after the Holocaust, Ktav: New York, 1973, p.19

45) Graham Keith Carliesle, Hated Without a Cause? A Survey of Anti-Semitism, Paternoster Press: Cumbria, 1997, p.25

46) Ronald L.Nettler, Early Islam, Modern Islam and Judaism: The Israeliyyat in Modern

Islamic Thought, In R.L. Nettler, Suha Taji-Farouki (Eds), Muslim Jewish Encounters: Intellectual Traditions and Modern Politics, Harwood Academic Publishers: Amsterdam, 1998, p.3

47) Karen Armstrong, Islam, The Modern Library: New York, 2000, p.20-22

48) ക്വുർആൻ 4:144, 5:51, 3:28, 5:57

49) Theodore Herzl, The Jewish State, Dover Publication, Inc: New York, 1988, p.34

50) Ibid, p.90-91

51) Lenni Brenner, Zionism in the Age of Dictators, Laurence Hill: Westport, CI, 1983, p.1

52) Zygmunt Bauman, Modernity and the Holocaust, Polity Press: Cambridge, 1989, p.15-16

53) Littian C. Freudmann, Antisemitism in the New Testament, University Press of America : Lenham, Maryland, 1994, p.338

54) Doris L. Bergmen, The Old Tertament, New Hundrads : The Hebren Bible and Anti semitism in Nazi Germany, in Sacred Text, Semlar Times: The Hebrew Bible in the Modern World (Eds: Leonard J. Greenspoon, Bryan F. LeBreau), Creighton University Press : Omaha, Nebraska, 2000, p.45

55) Hector Avalos, Fighting Words: The Origin of Religious Violence, Prometheus Books: New York, 2005, p.310

56) Ibid, p.60

57) Ibid, p.312

58) Ibid, p.338

59) Simha Flapan, Zionism and the Palestinians, Croom Helm : London, 1979, p.141

60) Donald Herman Akenson, God's People, Cornell University Press: Ithaca, New York, 1992, p.243

61) Ella Shohat, Sephasim in Israel, in Adam Shatz (ed), Proghets outcost, Nation Books: New York, 2004, p.278

62) Werner Sombart, Jews and Modern Capitalism (Tr: M. Epstein), Transaction Books: NJ, (1913), 1982, p.240

63) P.L. Rose, Wagner : Race and Revolutions, Viale University Press : New Haven, 1992, p.7

64) ആവർത്തനം 7:6-8, ഹോശിയ 4:12 എന്നിവ നോക്കുക.

**(പ്രണയ മതംമാറ്റം...... പേജ് 8ൽ നിന്ന് തുടർച്ച)**

കാലികങ്ങൾ കഥകൾ നെയ്തു. സത്യസന്ധമായി കാര്യങ്ങളെ സമീപിച്ച മാസികകൾ അന്വേഷണോദ്യോഗസ്ഥരുടെ സംശയത്തിന്റെ കരിനിഴലിലായി. അന്നത്തെ മുഖ്യമന്ത്രി വരെ പ്രണയമതംമാറ്റ സംഘടിതശക്തികളുടെ വാർത്തകളെ ശരിവെച്ച് സംസാരിച്ചത് മുസ്‌ലിം സമുദായത്തെ ആകമാനം അരക്ഷിതാവസ്ഥയിലാക്കി. കോഴിക്കോട്ടെ തർബിയത്തുൽ ഇസ്‌ലാം സഭയിലേക്കും പൊന്നാനിയിലെ മഊനത്തുൽ ഉലൂമിലേക്കും ഹിന്ദുത്വരുടെ മാർച്ചുകൾ സംഘടിക്കപ്പെട്ടു.

വർഷങ്ങൾക്കുശേഷം സത്യാവസ്ഥ ഒരോന്നായി പുറുത്തുവരുമ്പോൾ സന്തോഷത്തിലേറെ സഹതാപമാണ് തോന്നുന്നത്. വൈകിയെത്തുന്ന നീതി അനീതി എന്നതിനാലല്ല, മുസ്‌ലിംകളുടെ അഭിമാനത്തിനുമേൽ പൂരക്കളി കളിച്ച ഒറ്റ സംഘടനയോ മാധ്യമങ്ങളോ തങ്ങളുടെ അവിവേകത്തിന് മാപ്പു പറയാത്തതിൽ. സമൂഹത്തിൽ ചികിൽസിച്ചാൽ ഭേദമാവാത്ത വ്രണവടുക്കൾ തീർത്ത സാഹചര്യം സൃഷ്ടിച്ചതിൽ കുറ്റബോധം തോന്നാത്തതിൽ.

പ്രണയമതംമാറ്റത്തെ കുറിച്ച പുതിയ വാർത്തയിൽപോലും ഹിന്ദു ജാഗൃതി ബ്സൈറ്റും എഡിറ്റർ മാർഗിഷ് കൃഷ്ണയും മാത്രമാണ് പ്രതികൾ. യഥാർഥത്തിൽ ഇത് ഏറ്റവും കൂടുതൽ പ്രചരിപ്പിച്ചത് കേരളാ കാത്തലിക് ബിഷപ്പ് കൗൺസിൽ സംഘടനാ സാരഥികളും അതിന്റെ പ്രവർത്തകരുമാണ്. കോടതിയുടെ അനവസരത്തിലുള്ള ഇടപെടലുകളും മാധ്യമങ്ങളുടെ ദീർഘവീക്ഷണമില്ലാത്ത 'സെൻസേഷനുകളും' ഈ പ്രശ്നം ഊതിക്കത്തിച്ചു.

കാലങ്ങൾക്കുശേഷം സത്യം പകൽപോലെ വ്യക്തമായിരിക്കെ മത്സരിച്ച് വാർത്ത തയ്യാറാക്കുകയും സാമൂഹ്യചരിദ്രത വളർത്തുകയും ചെയ്ത മാധ്യമങ്ങളും സംഘടനാസാരഥികളും പരസ്യമായി മാപ്പ് പറയാൻ തയ്യാറാവുകയാണ് വേണ്ടത്. മാർഗിഷ് കൃഷ്ണയെ മാത്രം നിയമത്തിന്റെ വരുതിയിൽ കൊണ്ടുവന്നാൽ പോര, മറിച്ച് ഇക്കാര്യം ഇടവും വലവും നോക്കാതെ സമൂഹത്തിൽ പ്രചരിപ്പിച്ച മാധ്യമങ്ങളെയും അതിന് സഹായകമാവുന്ന തരത്തിൽ പ്രസ്താവനകൾ നടത്തിയ ജഡ്ജിമാരെയും അതു മുതലെടുത്ത് സാമുദായിക സ്പർദകൾ സൃഷ്ടിക്കാൻ ശ്രമിച്ച സംഘടനകളെയും പൊതുജന സമൂഹമധ്യത്തിൽ കൊണ്ടുവരണം. അതോടൊപ്പം ഒരോ ജാഗൃതി സൈറ്റുകൾക്കെതിരെയും ജാഗ്രതാ നോട്ടീസുകൾക്കെതിരെയും ജാഗരൂഗരായി നിലക്കൊള്ളാൻ മലയാളിസമൂഹം ആർജവം കാണിക്കുകയും വേണം. പാതിരിമാരുടെ കൈയനക്കത്തിനനുസരിച്ച് നൃത്തമാടുന്ന മരപ്പാവകളായി ഹിന്ദുസമൂഹനേതൃത്വം മാറുമ്പോഴാണ് അവർ മുസ്‌ലിം വിരോധികളായിത്തീർന്നിട്ടുള്ളത് എന്ന ചരിത്രപാഠത്തിന്റെ ആനുകാലികാവർത്തനമായിരുന്നു ഈ നാടകങ്ങളെല്ലാമെന്ന വസ്തുത നാം മറക്കാതിരിക്കുകയും ചെയ്യുക.




അബൂഅമീൻ

# ഹൃദയം രോഗാതുരമാവുമ്പോൾ...

**"തീർച്ചയായും അതിനെ (അസ്തിത്വത്തെ) പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു." (91:9,10)**

ആരോഗ്യകാര്യത്തിൽ ഏറെ ശ്രദ്ധിക്കുന്നവരാണ് നാം. ശരീരത്തിന് വല്ല വേദനയോ ക്ഷീണമോ അസ്വസ്ഥതകളോ ഉണ്ടായാൽ ഉടനെ വിദഗ്ദരായ ഡോക്ടർമാരെ സമീപിക്കുകയും വിദഗ്ധ ചികിത്സകൾ തേടുകയും ചെയ്യാറുണ്ട്. കോളസ്ട്രോളും ഷുഗറും അൽപമൊന്ന് കൂടിയിട്ടുണ്ട് എന്നറിയുമ്പോഴേക്കും മകരമാസത്തിലെ തണുപ്പ് പോലും വകവെക്കാതെ പ്രഭാതസവാരിയും ഡയറ്റ് കൺട്രോളിങ്ങുമെല്ലാം നാം സ്വീകരിക്കാറുണ്ട്.

എന്നാൽ അതിനേക്കാൾ സുപ്രധാനമായ മനസ്സിന്റെയും ആത്മാവിന്റെയും കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയും ജാഗ്രതയുമില്ലായെന്നതാണ് വാസ്തവം. ശരിയായ ആരോഗ്യത്തിന് ശരീരം മാത്രമല്ല മനസ്സും രോഗമുക്തമാവേണ്ടതുണ്ട്. നബി ﷺ പറയുന്നു: "അറിയുക! മനുഷ്യശരീരത്തിൽ ഒരു മാംസപിണ്ഡമുണ്ട്. അത് ദുഷിച്ചാൽ ശരീരം മുഴുവൻ ദുഷിച്ചു. അതത്രെ ഹൃദയം." (ബുഖാരി, മുസ്‌ലിം)

'മറദ്' അഥവാ രോഗം എന്ന പദം ക്വുർആനിൽ പന്ത്രണ്ട് സ്ഥലങ്ങളിൽ പ്രയോഗിച്ചിട്ടുണ്ട്. അവയൊക്കെയും ഹൃദയവുമായി ബന്ധപ്പെടുത്തിയാണ് പരാമർശിച്ചിട്ടുള്ളത് എന്നത് ശ്രദ്ധേയമാണ്.

അതിനാൽ ശരിയായ ആരോഗ്യത്തിന് ശരീരത്തേക്കാൾ മനസ്സ് രോഗമുക്തമായിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഹൃദയം രോഗാതുരമായാൽ അത് ഒട്ടേറെ ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാക്കും.

ഹൃദയത്തെ ബാധിക്കുന്ന രോഗങ്ങളിൽ ഏറ്റവും ഗുരുതരമായ ഒന്നാണ് അഹങ്കാരം. താൻ മതിയായവനാണെന്ന തോന്നൽ. അത് മറ്റ് പല രോഗങ്ങളുമുണ്ടാക്കി മനസ്സിനെയും ശരീരത്തെയും ആസകലം ദുഷിപ്പിക്കും. സത്യനിഷേധവും അസൂയയും പകയും വിദ്വേഷവുമെല്ലാം അതിലൂടെയുണ്ടാകുന്നു. അതിൽ നിന്നും ശത്രുതയും അടിപിടിയും കൊലപാതകങ്ങൾ വരേയുമുണ്ടായേക്കും. അതുകൊണ്ടായിരിക്കണം ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ(റ) അഹന്ത ബഹുദൈവവിശ്വാസത്തെക്കാൾ നീചമാണെന്ന് അഭിപ്രായപ്പെട്ടത്.

നരകം അത്തരക്കാരുടെ വാസസ്ഥാനമാണെന്ന് ക്വുർആൻ ആവർത്തിച്ച് ഉണർത്തുന്നു. "അതിനാൽ നരകത്തിന്റെ കവാടങ്ങളിലൂടെ നിങ്ങൾ കടന്ന് കൊള്ളുക. (നിങ്ങൾ) അതിൽ നിത്യവാസികളായിരിക്കും. അപ്പോൾ അഹങ്കാരികളുടെ വാസസ്ഥലം മോശം തന്നെ!" (16:29)

39:72, 40:76, 39:60 മുതലായവ നോക്കുക:

അഹങ്കാരമെന്ന ഈ മാരകരോഗത്തിന്റെ പ്രകടമായ രണ്ട് ലക്ഷണങ്ങൾ നബി ﷺ ഉണർത്തുന്നത് കാണുക. അവിടുന്ന് പറഞ്ഞു: ഹൃദയത്തിൽ അണുവെങ്കിലും അഹങ്കാരമുള്ള യാതൊരാളും സ്വർഗത്തിൽ പ്രവേശിക്കുകയില്ല. അപ്പോൾ ഒരാൾ ചോദിച്ചു. പ്രവാചകരേ, ഒരാൾ തന്റെ വസ്ത്രവും ചെരുപ്പും നന്നാകണമെന്ന് ആഗ്രഹിക്കുന്നു. (അത് അഹങ്കാരത്തിൽ പെടുമോ?) നബിﷺ പറഞ്ഞു: നിശ്ചയം, അല്ലാഹു ഭംഗിയുള്ളവനാണ് അവൻ ഭംഗി ഇഷ്ടപ്പെടുന്നു. അഹങ്കാരമെന്നത് സത്യത്തെ അവമതിക്കലും ജനങ്ങളെ ചെറുതായിക്കാണലുമാണ്." (മുസ്‌ലിം)

തെളിവുകൾ വ്യക്തമായിട്ടും സത്യം സ്വീകരിക്കാതിരിക്കലും 'ഈഗോ'യുടെ പേരിൽ സത്യത്തിന് നേരെ കണ്ണടക്കലും മറ്റുള്ളവരുടെ അസ്തിത്വവും വ്യക്തിത്വവുമൊന്നും പരിഗണിക്കാതെ താനല്ലാത്ത ഏതൊരാളും ന്യൂനതകളുള്ളവനും താൻ മാത്രം അന്യൂനനെന്നെ തോന്നലുമാണ് ഏറ്റവും അപകടം.

അത്തരം മനസ്സിന്റെ ഉടമകൾക്ക് വിശ്വാസികളുടെ ഉൽകൃഷ്ടഗുണങ്ങളായി ക്വുർആൻ പഠിപ്പിച്ച വിനയവും സമസൃഷ്ടി സ്നേഹവും സഹാനുഭൂതിയും കാരുണ്യവും തുടങ്ങി സകല നന്മകളും കയ്യൊഴിച്ചവനായിട്ടായിരിക്കും പരലോകത്ത് എത്തിപ്പെടുക. നിന്ദ്യതയായിരിക്കും അവർക്കവിടെയുണ്ടാവുകയെന്ന് നബിﷺ താക്കീത് ചെയ്തിട്ടുണ്ട്. രോഗമുക്തമായ മനസ്സും ശരീരവും സർവ്വശക്തൻ നമുക്ക് പ്രദാനം ചെയ്യുമാറാകട്ടെ!

ഇവിടെ മുറിക്കുക

"അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും 'തീർച്ച യായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു' എന്ന് പറയുകയും ചെയ്ത വനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?" –ക്വുർആൻ 41:33

"നീ മുഖേന അല്ലാഹു ഒരാളെ സന്മാർഗത്തിലാക്കുക എന്നത് ഈ ലോകവും അതിലുള്ളതും നിനക്ക് ലഭിക്കുന്നതിനേക്കാൾ ഉത്തമമാണ്" –മുഹമ്മദ് നബി ﷺ

## നിങ്ങൾക്കും പരിശീലനം സിദ്ധിച്ച പ്രബോധകനാകാം!

# നിച്ച് ഓഫ് ട്രൂത്ത് ദഅ്‌വാ വർക്ക്ഷോപ്പ് 2012

- പത്തുദിവസം നീണ്ടുനിൽക്കുന്നതാവും വർക്ക്ഷോപ്പ്.
- ആദ്യാവസാനം പൂർണമായി പങ്കെടുക്കുവാൻ കഴിയുന്നവർ മാത്രം അപേക്ഷിക്കുക.
- 2012 ഏപ്രിൽ-മെയ് മാസത്തിലാവും വർക്ക്ഷോപ്പ് നടക്കുക. തീയതിയും സ്ഥലവും തെരഞ്ഞെടുക്കപ്പെട്ടവരെ അറിയിക്കും.
- പുരുഷന്മാർക്കും സ്ത്രീകൾക്കും അപേക്ഷിക്കാം.
- പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെ തീയതികളിലാണ് വർക്ക്ഷോപ്പ് നടക്കുക.
- സാധാരണക്കാർ, മതപണ്ഡിതന്മാർ, ആർട്സ് കോളജ് വിദ്യാർഥികൾ, പ്രൊഫഷണൽ വിദ്യാർഥികൾ, അറബിക് കോളജ് വിദ്യാർഥികൾ എന്നിവർക്ക് പ്രത്യേകം പ്രത്യേകം വർക്ക്ഷോപ്പുകളാണ് സംഘടിപ്പിക്കുന്നത്. ഓരോ വിഭാഗത്തിന്റെയും സൗകര്യം പരിഗ ണിച്ചാണ് തീയതി, സ്ഥലം എന്നിവ നിശ്ചയിക്കുക.
- അപേക്ഷകരിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടവർക്ക് മാത്രമെ പ്രവേശനം നൽകൂ.
- അപേക്ഷകൾ തപാലിൽ അയക്കുകയോ നേരിട്ട് എറണാകുളം നിച്ച് ഓഫ് ട്രൂത്ത് സെന്ററിൽ ഏൽപിക്കുകയോ മാത്രം ചെയ്യുക.
- അപേക്ഷയുടെ രൂപം അടുത്ത പേജിൽ.<br>(അപേക്ഷയുടെ ഫോട്ടോസ്റ്റാറ്റ് കോപ്പിയും ഉപയോഗിക്കാവുന്നതാണ്)
- **അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 10.03.2012**
- അയക്കേണ്ട വിലാസം:

**DAWA WORKSHOP**
**Niche of Truth, P.B. No: 1981**
**Vyttila, Cochin-19**
**Tel: 0484 2301275, 2301576, 2301175**
**Email: islam@nicheoftruth.org**

## നിച്ച് ഓഫ് ട്രൂത്ത് ദഅ്‌വ വർക്ക്ഷോപ്പ് 2012

### രജിസ്ട്രേഷൻ ഫോം

പേര്:

വിലാസം:

ജില്ല:  പിൻ:

ഫോൺ:

മൊബൈൽ:

ഇ-മെയിൽ:

ജനനത്തീയതി:  വയസ്സ്:

വിദ്യാഭ്യാസ യോഗ്യത:

ജോലി:

പഠിക്കുന്ന/ ജോലിചെയ്യുന്ന സ്ഥാപനം:

ഏതെങ്കിലും ഇസ്‌ലാമിക സംഘടനകളിലോ മറ്റ് സ്ഥാപനങ്ങളിലോ പ്രവർത്തിക്കുന്നുവെങ്കിൽ അതിനെക്കുറിച്ചുള്ള പൂർണവിവരം:

സ്ഥലം:

തീയതി:  ഒപ്പ്

ഇവിടെ മുറിക്കുക